# മലങ്കര സുറിയാനി ക്നാനായ സമുദായ ഭരണഘടന ഭേദഗതി നിർദ്ദേശങ്ങൾ – 2009

**നിർദ്ദിഷ്ട ഭേദഗതികൾ നിലവിലുള്ള ഭരണഘടന വകുപ്പുകൾക്ക് അനുസൃതമായി ചെയ്തിട്ടുള്ളതും എന്നാൽ ഈ ഭേദഗതികൾ ക്നാനായ അസോസിയേഷൻ അംഗീകരിക്കുന്ന മുറയ്ക്ക് അദ്ധ്യായങ്ങളും, വകുപ്പുകളും, ഉപവകുപ്പുകളും പുനർക്രമീകരിക്കപ്പെടേണ്ടതുമാണ്.**

| നിലവിലുള്ളത് | നിർദ്ദിഷ്ട ഭേദഗതികൾ |
|---|---|
| **അദ്ധ്യായം 1**<br>**പ്രാരംഭം**<br><br>**പീഠിക.** ക്രിസ്താബ്ദം 345 - ൽ കനാൻ ദേശത്തു നിന്നു മലയാളക്കരയിൽ കുടിയേറിപ്പാർത്തുവരുന്നതും മുമ്പിനാലെ അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും ശ്ലീഹായ്ക്കടുത്ത വി. സിംഹാസനത്തിന്റെ മേലധികാരത്തേയും ആ സിംഹാസനത്തിൽ നിന്നു പരിപാലിച്ച വരുന്ന പരിശുദ്ധ വിശ്വാസാചാരങ്ങളേയും സ്വീകരിച്ചു നടന്നുവരുന്നതുമായ മലങ്കര സുറിയാനി ക്നാനായ സമുദായത്തിന്റെ ഭരണഘടന ക്രോഡീകരിച്ച് കാലോചിതമായി പരിഷ്ക്കരിക്കേണ്ടത് ആവശ്യം എന്നു ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാൽ താഴെ ചേർത്തിരിക്കുന്ന നിയമങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. | **അദ്ധ്യായം 1**<br>**പ്രാരംഭം**<br><br>**പീഠിക**: ദൈവകൃപയാലും ദിവ്യപരിപാലനയിലും, ക്രിസ്താബ്ദം 325 ലെ പ്രസിദ്ധവും, വിശുദ്ധവുമായ നിഖ്യാസുന്നഹദോസിനുശേഷം 20 വർഷം കഴിഞ്ഞും, കുസ്തന്തീനോസ് ചക്രവർത്തി നാടു നീങ്ങി 8 വർഷം കഴിഞ്ഞും പരിശുദ്ധ അന്ത്യോഖ്യായുടെ മോറാൻ മോർ ഒസ്താത്തിയോസ് പാത്രിയർക്കീസ് ബാവായുടെ കല്പനയാൽ ക്രിസ്താബ്ദം 345 ൽ എഡേസാ (ഉറഹാ) യിൽ നിന്ന് ഉറഹായുടെ ഭാഗ്യവാനായ മാർ യൗസേഫ് മെത്രാപ്പോലീത്തായുടേയും, ധനാഢ്യനും, വണിക് ശ്രേഷ്ഠനും വിശുദ്ധനുമായ ക്നായി തോമ്മായുടെയും നേതൃത്വത്തിൽ ഏഴില്ലം എഴുപത്തിരണ്ടു കുടുംബക്കാരായ സുറിയാനിക്കാർ നിഖ്യായിലെ കാനോനിക നിയമങ്ങളും വി. വേദപുസ്തകവും, കുർബാന തക്സായും, കൂദാശാക്രമങ്ങളും, വി. മൂറോനും, പുളിപ്പും |

നിരവധി ദ്രവ്യവുമായി മൂന്നു കപ്പലുകളിൽ കൊടുങ്ങല്ലൂരിൽ വന്നിറങ്ങി മലയാളക്കരയിൽ കുടിയേറിപ്പാർത്തുവരുന്നതും, അവരുടെ സന്തതിപരമ്പരയായി വംശീയ പാരമ്പര്യം പുലർത്തി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അധിവസിക്കുന്നവരും മുമ്പിനാലെ അന്ത്യോഖ്യായുടേയും കിഴക്കൊക്കെയുടേയും, ശ്ലീഹായിക്കടുത്ത വി. സിംഹാസനത്തിന്റെ ആത്മിയമേലധികാരത്തേയും, ആ സിംഹാസനത്തിൽ നിന്ന് പരിപാലിച്ചുവരുന്ന പരി. വിശ്വാസാചാരങ്ങളേയും സ്വീകരിച്ച് ഉൾഭരണ സ്വാതന്ത്ര്യത്തോടുകൂടി നടന്നുവരുന്നതുമായ സുറിയാനി സന്താനപരമ്പരയിൽപെട്ടവർ മാത്രം അംഗങ്ങളായ മലങ്കര സുറിയാനി ക്നാനായ സമുദായത്തിന്റെ, 1912 ൽ ക്രോഡീകരിച്ച് 1918 ൽ നടപ്പാക്കപ്പെട്ടതും, ബഹുമാനപ്പെട്ട ഇന്ത്യൻ സുപ്രിം കോടതി 1995 ലെ സമുദായ കേസ് വിധിയിലൂടെ അംഗീകരിച്ചിട്ടുള്ളതുമായ ഭരണഘടന കാലോചിതമായി പരിഷ്ക്കരിക്കേണ്ടത് ആവശ്യമെന്ന് ബോദ്ധ്യപ്പെട്ടതിനാൽ താഴെ ചേർത്തിരിക്കുന്ന നിയമങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു.

## പ്രഖ്യാപനങ്ങൾ

1. ശ്ലീഹാന്മാരിൽ തലവനായ വി. പത്രോസ് ശ്ലീഹായാൽ അന്ത്യോഖ്യായിൽ സ്ഥാപിതമായ പരി. ശ്ളൈഹീക സിംഹാസനത്തിന്റെ കീഴിൽ ആകമാന സുറിയാനി സഭയിൽ ഉൾഭരണ സ്വാതന്ത്ര്യത്തോടുകൂടിയ വിഭാഗമാകുന്നു ക്നാനായ സമുദായം. ആകമാന സുറിയാനിഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ അതാതുകാലങ്ങളിൽ പരി. അന്ത്യോഖ്യാ സിംഹാസനത്തിൽ വാണരുളുന്ന ഇഗ്നാത്തിയോസ് എന്ന സ്ഥാനനാമമുള്ള പരി. അന്ത്യോഖ്യാ പാത്രിയർക്കീസും ക്നാനായ സമുദായത്തിന്റെ പ്രധാന മേലദ്ധ്യക്ഷൻ ഈ ഭരണഘടനപ്രകാരം നിയമാനുസൃതം കാലാകാലങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട് വാഴിക്കപ്പെടുന്ന ക്നാനായ സമുദായമെത്രാപ്പോലീത്തായും ആയിരിക്കുന്നതാണ്. അദ്ദേഹം സമുദായത്തിന്റെ വലിയമെത്രാപ്പോലീത്ത ആയിരിക്കും. സമുദായത്തിന്റെ സമഗ്രമായ വികസനത്തിനുവേണ്ടി സമുദായമെത്രാപ്പോലീത്തയോടു ചേർന്ന് പ്രവർത്തിക്കുന്ന തിന് സഹായമെത്രാപ്പോലീത്താ/ മെത്രാപ്പോലീത്തന്മാർ ഉണ്ടായിരിക്കുന്നതാണ്.

11. അന്ത്യോഖ്യായുടെ ശ്ളൈഹീക സിംഹാസനത്തിൽ പരിപാലിച്ചുവരുന്ന പൗരസ്ത്യ സഭയുടെ വിശ്വാസാചാരങ്ങളാകുന്നു ക്നാനായ സമുദായത്തിന്റെ വിശ്വാസാചാരങ്ങൾ. വി. ത്രിത്വത്തിന്റെ ദൈവത്വം, പുത്രൻതമ്പുരാന്റെ രക്ഷണ്യമായ മനുഷ്യാവതാരം, പരിശുദ്ധാത്മാവിന്റെ പുറപ്പാട്, വിശുദ്ധ സഭ, വിശുദ്ധ വേദപുസ്തകം, വേദാനുസരണം സ്ഥാപിക്കപ്പെട്ടിരിക്കുന്ന നിഖ്യാ വിശ്വാസപ്രമാ

ണം, വി. പാരമ്പര്യങ്ങളുടെ ദൈവനിശ്വാസം, ദൈവമാതാവിന്റെയും പരിശുദ്ധന്മാരുടെയും മദ്ധ്യസ്ഥത, കർത്താവ് സ്ഥാപിച്ച ഏഴുകൂദാശകളുടെ പരികർമ്മങ്ങൾ നിയമാനുസരണമുള്ള കർമ്മാനുഷ്ടാനങ്ങൾ, വാങ്ങിപ്പോയവരുടെ ഓർമ്മ, പള്ളികൂദാശ, ശവസംസ്ക്കാരം, യാമപ്രാർത്ഥനകൾ, നോമ്പ്, ഉപവാസം, ഞായറാഴ്ച ആചരണം, മാറാനായപ്പെരുന്നാളുകൾ, അന്ത്യോഖ്യായിലെ വി. പത്രോസിന്റെ അപ്പോസ്തോലിക പിൻതുടർച്ച, സുറിയാനി സഭയിലെ കാനോനീക കൈവെപ്പ്, ശിശുസ്നാനം, വി.ആചാര്യത്വത്തിന്റെ മൂന്നു സ്ഥാനികൾ, വി. സ്ലീബാ, പരി. മൂന്നു പൊതു സുന്നഹദോസുകൾ, വിശുദ്ധന്മാരുടെ തിരുശേഷിപ്പുകൾ തുടങ്ങിയവകൾ സംബന്ധിച്ച് പരി. അന്ത്യോഖ്യാ സിംഹാസനം പരിപാലിക്കുന്ന വിശ്വാസാചാരങ്ങളാണ് ക്നാനായ സമുദായത്തിന്റെ വിശ്വാസാചാരങ്ങൾ.

111. മലങ്കര സുറിയാനി ക്നാനായ സമുദായ ഭരണഘടന അംഗീകരിച്ച് അതിലെ വ്യവസ്ഥകൾ പരിപാലിക്കേണ്ട ബാദ്ധ്യതകൾ സ്വീകരിച്ചിട്ടുള്ളവരും, ഈ സമുദായത്തിന്റെ മേലദ്ധ്യക്ഷതയെ അംഗീകരിക്കുന്നവരും, ക്നാനായ മാതാപിതാക്കളിൽ നിന്ന് ജനിച്ചവരും ക്നാനായസമുദായത്തിലെ ഏതെങ്കിലും ഒരു ഇടവകപ്പള്ളിയിൽ അംഗമായിരുന്ന് ആ പള്ളിയുടെ ഇടവക രജിസ്റ്ററിൽ പേരുള്ളവരും, സുറിയാനി സഭാനിയമങ്ങളും ക്നാനായ സമുദായ ഭരണ ഘടനയും അംഗീകരിക്കുന്നവരും ക്നാനായവംശജരുമായ, എല്ലാ സ്ത്രീപുരുഷന്മാരും, ക്നാനായ സമുദായത്തിലെ അംഗങ്ങളായിരിക്കുന്നതാണ്.

1V. ക്നാനായ സമുദായത്തിലെ എല്ലാ പള്ളികളുടേയും സ്ഥപനങ്ങളുടേയും വസ്തുക്കളുടേയും വരുമാനങ്ങളും, മറ്റു വിധത്തിലുള്ള വരുമാനങ്ങളും, പള്ളി നടത്തിപ്പിനും, മതപരവും, ജീവകാരുണ്യപരവും, സാമൂഹ്യ ഉദ്ധാരണപരവും, വിദ്യാഭ്യാസപരവും ആയ കാര്യങ്ങൾക്കുവേണ്ടി മുഖ്യമായി ഉദ്ദേശിച്ചിട്ടുള്ളതാകുന്നു. അതിലെ ആദായം യാതൊരു കാരണവശാലും അംഗങ്ങൾക്ക് വീതിച്ചു കൊടുക്കുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടില്ലാത്തതാകുന്നു.

V. ക്നാനായ സമുദായം സ്വീകരിക്കുന്ന ''ഭരണഘടന'' ''മലങ്കര സുറിയാനി ക്നാനായ സമുദായ ഭരണഘടനയും'' ''കാനോൻ'' പരിശുദ്ധ അന്ത്യോഖ്യാസിംഹാസനം സ്വീകരിക്കുന്ന ''ഹൂദായ കാനോനും'' ആകുന്നു. ഈ ഭരണഘടനപ്രകാരം ക്നാനായ സമുദായവും അതിലെ പള്ളികളും ഭരിക്കപ്പെടേണ്ടതാണ്. ഈ ഭരണഘടന സമുദായത്തിൽപെട്ട മേൽപട്ടക്കാർ ഉൾപ്പെടെ എല്ലാ

വർക്കും ബാധകവും നിയമവും ആയിരിക്കുന്നതുമാണ്.

V1. മലങ്കരയിലെ സുറിയാനി സഭയുടെ ഭരണക്രമീകരണങ്ങൾ എന്തുതന്നെ ആയിരുന്നാലും, ക്നാനായ സമുദായവും അതിലെ പള്ളികളും പരി. അന്ത്യോഖ്യാസിംഹാസനത്തോട് ചേർന്നു പ്രവർത്തിച്ചുവരുന്നതും മേലാലും എന്നാളും ഇപ്രകാരം സ്ഥിതിചെയ്യേണ്ടതുമാകുന്നു.

V11. പരി. അന്ത്യോഖ്യാ സിംഹാസനത്തിന്റെ കീഴിൽ മലങ്കരയിൽ രണ്ടു സുവ്യക്ത സ്വതന്ത്രഘടകങ്ങളായി നിലനിന്നുപോരുന്ന മലങ്കരസുറിയാനി യാക്കോബായ വിഭാഗവും, മലങ്കര സുറിയാനി ക്നാനായ വിഭാഗവും തമ്മിൽ പരിശുദ്ധ ആകമാന സുറിയാനി സഭയുടെ വിശ്വാസം, ഉപദേശം, ആചാരം, നടപ്പ് തുടങ്ങിയവകൾ ഉത്തേജിപ്പിക്കുന്നതിനും സമ്പുഷ്ടമാക്കുന്നതിനും, ബോദ്ധ്യപ്പെടുത്തുന്നതിനും വേണ്ടിയുള്ള പരിശ്രമങ്ങളിൽ ഉഭയസമ്മതപ്രകാരവും ഈ ഘടനയ്ക്ക് വിപരീതമല്ലാത്തരീതിയിലും സഹകരിച്ച് (Co - operate) പോകാവുന്നതാണ്. എന്നാൽ അപ്രകാരമുള്ള സഹകരണം (Co - operation) ക്നാനായസമുദായത്തിന്റെ സ്വതന്ത്രനിലനിൽപ്പിനും (Autonomus Status) ഭരണ സ്വാതന്ത്ര്യത്തിനും (Indipendent adminstration) അന്ത്യോഖ്യാസിംഹാസനത്തിന്റെ കീഴിൽ നേരിട്ടുള്ള ഭരണസംവിധാനത്തിനും ക്നാനായ ഭരണഘടനയ്ക്കും യാതൊരു വിധത്തിലും എതിരായി ബാധിക്കാവുന്നതല്ല. അങ്ങനെ ഉദ്ദേശിക്കപ്പെട്ടിട്ടും ഇല്ല.

V111. നാളിതുവരെ ക്നാനായ സമുദായ ഭരണഘടന ഒഴികെ മറ്റൊരു ഭരണഘടനയും ക്നാനായ സമുദായത്തിൽ നടപ്പിലാക്കിയിട്ടില്ലാത്തതും ആകുന്നു. ക്നാനായസമുദായത്തിന്റെ ഭരണം ക്നാനായ സമുദായഭരണഘടനാ വ്യവസ്ഥകൾ അനുസരിച്ചു മാത്രം നടത്തപ്പെടേണ്ടതാണ്.

IX ക്നാനായസമുദായത്തിന്റെ വർഗ്ഗപരവും വംശപരവുമായ (Racial and Ethnical) പ്രത്യേകതകളും പാരമ്പര്യങ്ങളും പരിഗണിച്ചു ഇത് ഒരു പ്രത്യേക സമുദായമായിരിക്കുന്നതും ഇതിന്റെ ഭരണം നിയമാനുസരണം ഈ ഭരണഘടനയ്ക്കനുസൃതമായി വാഴിക്കപ്പെടുന്ന ക്നാനായ മെത്രാപ്പോലീത്തൻമാരിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്.

1. **ചുരുക്കപ്പേര്**: ഈ നിയമങ്ങൾക്ക് "മലങ്കര സുറിയാനി ക്നാനായ സമുദായ ഭരണഘടന" എന്നു പേരായിരിക്കുന്നതാണ്.

2. **ആരംഭം**: ഈ നിയമങ്ങൾ മലങ്കര സുറിയാനി ക്നാനായ ഭദ്രാസന ഇടവകയുടെ മെത്രാപ്പോലീത്തായാൽ 1952 ജനുവരി ഒന്നാം തീയതി മുതൽ നടപ്പിൽ വരുത്തിയിട്ടുള്ളതാകുന്നു.

3. **അർത്ഥവിവരണങ്ങൾ** : ഈ നിയമങ്ങളിൽ വിഷയത്തിനോ സന്ദർഭത്തിനോ വിരുദ്ധമായി യാതൊന്നും ഇല്ലാത്ത പക്ഷം:-

(എ) മലങ്കര സുറിയാനി ക്നാനായ ഭദ്രാസന ഇടവകയിൽപ്പെട്ട ഒരു പള്ളിയിൽ ചേർന്നു നടന്നുവരുന്ന ക്നാനായക്കാരായ ആളുകളുടെ സമൂഹത്തെ **"ഇടവക"** എന്നു ഗണിച്ചിരിക്കുന്നു. കുരിശുപള്ളിയെ ഒരു പ്രത്യേക ഇടവകയായി ഗണിക്കാതെ തലപ്പള്ളിയോട് ചേർക്കുന്നതാകുന്നു.

(ബി) ഇടവകയുടെ കൂട്ടത്തിന് **"ഭദ്രാസന ഇടവക"** എന്നും അപ്രകാരം ഭദ്രാസന ഇടവകയിൽ ഉൾപ്പെട്ട ക്നാനായക്കാരായ ജനങ്ങളുടെ പൊതു സമൂഹത്തിന് **"സമുദായം"** എന്നും ഇതിൽ നിർവ്വചനം ചെയ്തിരിക്കുന്നു.

1. **മാറ്റമില്ല.**

2. **ആരംഭം**: ഈ നിയമങ്ങൾ 1912 ൽ ക്രോഡീകരിച്ച് ക്നാനായ ഭദ്രാസന ഇടവകയുടെ മെത്രാപ്പോലീത്ത 1918 ൽ നടപ്പിലാക്കിയിട്ടുള്ളതും, കാലാകാലങ്ങളിൽ നിയമാനുസൃണം ഭേദഗതികൾ വരുത്തിയിട്ടുള്ളതുമാകുന്നു.

3. **മാറ്റമില്ല.**

(എ) 1. **"ക്നാനായക്കാർ"** എന്നു പറഞ്ഞാൽ ക്നാനയ മാതാപിതാക്കന്മാരിൽ നിന്ന് ജനിച്ച് ക്നാനായതനിമയും സുറിയാനിഓർത്തഡോക്സ് വിശ്വാസവും ക്നാനായസമുദായഭരണഘടനയും അംഗീകരിച്ച് അതിൻപ്രകാരം ജീവിക്കുന്ന വ്യക്തികളാകുന്നു. (പീഠിക കാണുക)

(എ) 2. മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസന ഇടവകയിൽപ്പെട്ട ഒരു പള്ളിയിൽ ചേർന്നു നടന്നുവരുന്ന ക്നാനായക്കാരായ ആളുകളുടെ സമൂഹത്തെ **"ഇടവക"** എന്നു ഗണിച്ചിരിക്കുന്നു.

(എ) 3. **കുരിശുപള്ളി**: എന്നാൽ ഒരു പ്രത്യേക ഇടവകയായി പരിഗണിക്കപ്പെടാതെ തലപ്പള്ളിയോട് ചേർന്നു പോകുന്ന ഉൾഭരണസ്വാതന്ത്ര്യമുള്ള ആരാധനാലയമാകുന്നു.

(എ) 4 **ചാപ്പൽ**: എന്നാൽ ഒരു ഇടവകയിൽ അംഗങ്ങളായിരിക്കുന്നവരുടെ സൗകര്യത്തെപ്രതി മാതൃഇടവകയുടെ പൂർണ്ണ ഉത്തരവാദിത്വത്തിൽ നടത്തപ്പെടുന്ന ആരാധനാലയമാകുന്നു.

(ബി) ഇടവകയുടെ കൂട്ടത്തിന് **"അതിഭദ്രാസന ഇടവക"** എന്നും അപ്രകാരം അതിഭദ്രാസന ഇടവകയിൽ ഉൾപ്പെട്ട ക്നാനായക്കാരായ ജനങ്ങളുടെ പൊതു സമൂഹത്തിന് **"സമുദായം"** എന്നും ഇതിൽ നിർവ്വചനം ചെയ്തിരിക്കുന്നു.

**(സി)** **"മെത്രാപ്പോലീത്ത"** എന്നു പറഞ്ഞാൽ 82-ാം വകുപ്പിൽ പറയുന്ന മെത്രാപ്പോലീത്താ ആകുന്നു. എന്നാൽ മെത്രാപ്പോലീത്തായുടെ അഭാവത്തിൽ ഈ നിയമങ്ങൾ മെത്രാപ്പോലീത്താ എന്ന പദത്തിൽ ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്നതിന് 86-ാം വകുപ്പിൻ പ്രകാരം നിയമിതനാകുന്ന ഭരണാധിപൻ കൂടെ ഉൾപ്പെടുന്നു. **സഹായ മെത്രാൻ** എന്നാൽ 83 സി അനുസരിച്ച് നിയമിക്കപ്പെടുന്ന മെത്രാനാകുന്നു.

**(സി).** ഈ ഭരണഘടനയിൽ പരി.അന്ത്യോഖ്യാ സിംഹാസനമെന്നും പരി. പാത്രിയർക്കീസ് എന്നും വിവക്ഷിച്ചിരുക്കുന്നത് പ്രഖ്യാപനം 1 ൽ പറഞ്ഞിരിക്കുന്ന പരി.അന്ത്യോഖ്യാന സിംഹാസനവും പരി. പാത്രിയർക്കീസ് ബാവയും ആകുന്നു.

**(സി) (1).സമുദായ മെത്രാപ്പോലീത്താ/വലിയ മെത്രാപ്പോലീത്താ** എന്നു പറഞ്ഞാൽ താഴെ 82 മുതൽ 84 വരെ പകുപ്പുകളിൻ പ്രകാരം തിരഞ്ഞെടുക്കപ്പെട്ട് വാഴിക്കപ്പെടുന്ന മെത്രാപ്പോലീത്താ ആകുന്നു.

**(സി) 2. ഭരണാധിപൻ (Administrator)** എന്നാൽ സമുദായ മെത്രാപ്പോലീത്തായുടേയും സഹായമെത്രാപ്പോലീത്തായുടേയും അഭാവത്തിൽ സമുദായ ഭരണ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് 86-ാം വകുപ്പിൻ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട് നിയമിതനാകുന്ന വൈദികനാകുന്നു.

**(സി.) 3. "സഹായമെത്രാപ്പോലീത്താ"** എന്നാൽ 82-ാം വകുപ്പിൽ പറയുന്ന പ്രകാരം നിയമാനുസൃതം തെരഞ്ഞെടുക്കപ്പെട്ട് വാഴിക്കപ്പെടുന്ന മെത്രാപ്പോലീത്തായാകുന്നു.

**(സി.) 4. "മെത്രാപ്പോലീത്തൻ കൗൺസിൽ"** എന്നു പറഞ്ഞാൽ സമുദായ മെത്രാപ്പോലീത്താ അദ്ധ്യക്ഷനായുള്ള മെത്രാപ്പോലീത്താമാരുടെ സംഘമാകുന്നു.

**(സി.) 5. "മേഖലാ മെത്രാപ്പോലീത്താ"** എന്നാൽ ക്നാനായ സമുദായത്തിന്റെ ഏതെങ്കിലും മേഖലയുടെ ശുശ്രൂഷക്കായി ക്നാനായ അസോസിയേഷൻ നിശ്ചപ്രകാരം സമുദായ മെത്രാപ്പോലീത്തായാൽ നിയമിക്കപ്പെടുന്ന മെത്രാപ്പോലീത്തായാകുന്നു.

**(സി.) 6. "മേഖല"** എന്നാൽ സമുദായത്തിന്റെ ഭരണസൗകര്യാർത്ഥം ക്നാനായ അസ്സോസിയേഷനിൽ നിശ്ചയിച്ച് സമുദായ മെത്രാപ്പോലീത്താ അംഗീകരിച്ച് നടപ്പാക്കിയ പ്രദേശങ്ങളാകുന്നു.

**(സി.) 7. "വികാരി ജനറാൾ"** എന്നു പറഞ്ഞാൽ സമുദായ മെത്രാപ്പോലീത്തായാൽ നിയമിതനാകുന്ന വൈദികനാകുന്നു.

**(സി.) 8 "വൈദികയോഗം"** എന്നാൽ 111-(എ) വകുപ്പിൽ പറയുന്ന ക്നാനായ സമുദായത്തിലെ എല്ലാ വൈദികരുടെയും സംഘമാകുന്നു.

**(സി.) 9. "വൈദിക കൗൺസിൽ"** എന്നാൽ 111 (സി) യിൽ പറയുന്ന ഏഴിൽ

| | |
|---|---|
| | കവിയാത്ത വൈദികർ അംഗങ്ങളായുള്ള സമതിയാകുന്നു.<br>**(സി.) 10. "മിഷൻ ഡയറക്ടർ"** എന്നാൽ സമുദായത്തിലെ എല്ലാ ആത്മിക സംഘടനകളുടെയും പ്രവർത്തങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിന് മെത്രാപ്പോലീത്തൻ കൗൺസിൽ, വൈദിക കൗൺസിൽ എന്നിവയുടെ ആലോചനയോടു കൂടി വലിയമെത്രാപ്പോലീത്തായാൽ നിയമിതനാകുന്ന വൈദികനാകുന്നു. |
| **(ഡി) "ഭദ്രാസന സെക്രട്ടറി"** എന്നു പറഞ്ഞാൽ മെത്രാപ്പോലീത്തായുടെ സെക്രട്ടറി എന്നാകുന്നു. | **(ഡി) "ഭദ്രാസന സെക്രട്ടറി"** എന്നു പറഞ്ഞാൽ സമുദായ മെത്രാപ്പോലീത്തായുടെ സെക്രട്ടറി എന്നാകുന്നു. |
| **(ഇ) "വികാരി"** എന്നു പറഞ്ഞാൽ ഒരു ഇടവകയുടെ ഭരണപരവും ആത്മീയവുമായ ശുശ്രൂഷയ്ക്കായി വൈദീക കൗൺസിലിന്റെ ആലോചനയോടു കൂടി മെത്രാപ്പോലീത്തായാലോ, ഭരണാധിപനാലോ രേഖാമൂലം നിയമിക്കപ്പെടുന്ന കശ്ശീശയാകുന്നു. | **(ഇ) "വികാരി"** എന്നു പറഞ്ഞാൽ ഒരു ഇടവകയുടെ ഭരണപരവും ആത്മിയവുമായ ശുശ്രൂഷയ്ക്കായി അതാത് മേഖലയുടെ / കേന്ദ്ര ഭരണ പ്രദേശത്തിന്റെ ഭരണചുമതലയുള്ള മെത്രാപ്പോലീത്തായാൽ രേഖാമൂലം നിയമിക്കപ്പെടുന്ന കശ്ശീശയാകുന്നു. |
| **(എഫ്) "സഹായപട്ടക്കാരൻ"** എന്നു പറഞ്ഞാൽ വികാരിയുടെ സഹായത്തിനായി മെത്രാപ്പോലീത്തായാലോ അദ്ദേഹത്തിന്റെ അനുമതിയെ പ്രതീക്ഷിച്ച് ഒരു മാസത്തിൽ കവിയാത്ത കാലത്തേയ്ക്ക് വികാരിയാലോ രേഖാമൂലം നിയമിക്കപ്പെടുന്ന ഒരു കശ്ശീശ്ശായാകുന്നു. | **(എഫ്) "സഹായപട്ടക്കാരൻ"** എന്നു പറഞ്ഞാൽ വികാരിയുടെ സഹായത്തിനായി അതാത് മേഖലയുടെ ഭരണചുമതലയുള്ള മെത്രാപ്പോലീത്തായാലോ, അദ്ദേഹത്തിന്റെ അനുമതിയെ പ്രതീക്ഷിച്ച് ഒരു മാസത്തിൽ കവിയാത്ത കാലത്തേയ്ക്ക് വികാരിയാലോ രേഖാമൂലം നിയമിക്കപ്പെടുന്ന ഒരു കശ്ശീശ്ശായാകുന്നു. |
| **ജി) "ശെമ്മാശ്ശൻ"** എന്ന പദത്തിൽ മ്സമ്രോനോയും, കോറൂയോയും, എവുഫദിയക്നോയും, മ്ശമ്ശോനോയും ഉൾപ്പെടും. | (ജി) **മാറ്റമില്ല.** |
| **എച്ച്) "കപ്യാർ"** എന്നു പറഞ്ഞാൽ പള്ളിയുടെയും പരിസരങ്ങളുടെയും സൂക്ഷിപ്പിനും, കർമ്മാദികളിൽ വൈദീകരെ സഹായിക്കുന്നതിനും, അതിനുവേണ്ടക്രമീകരണങ്ങൾ ചെയ്യുന്നതിനും ഇടവക പൊതുയോഗത്തിന്റെ ആലോചനയോടുകൂടി വികാരിയാൽ നിയമിക്കപ്പെടുന്ന ശുശ്രൂഷകൻ ആകുന്നു. | **(എച്ച്) "പ്രധാന ശുശ്രൂഷകൻ (കപ്യാർ) "** എന്നു പറഞ്ഞാൽ പള്ളിയുടെയും പരിസരങ്ങളുടെയും സൂക്ഷിപ്പിനും, കർമ്മാദികളിൽ വൈദീകരെ സഹായിക്കുന്നതിനും, അതിനുവേണ്ടക്രമീകരണങ്ങൾ ചെയ്യുന്നതിനും ഇടവക പൊതുയോഗത്തിന്റെ ആലോചനയോടുകൂടി വികാരിയാൽ നിയമിക്കപ്പെടുന്ന വ്യക്തി ആകുന്നു. |

ഐ) **"അസ്സോസിയേഷൻ"** എന്നും **"ക്നാനായകമ്മറ്റി"** എന്നും പറയുന്നത് ഈ ഭരണഘടന ആറാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷനും അതിന്റെ നിർവ്വാഹകസമിതിയാകുന്ന ക്നാനായകമ്മറ്റിയും ആകുന്നു.

(ജെ) **"ആണ്ട്"** എന്നു പറയുന്നത് അതാതുകാലങ്ങളിൽ സർക്കാർ അംഗീകരിച്ച് പ്രാബല്യത്തിൽ വരുത്തുന്ന സാമ്പത്തിക വർഷം ആകുന്നു.

(കെ) **"രൂപാ"** എന്നത് ഇൻഡ്യൻ രൂപയാകുന്നു.

**(എൽ)** ഏകവചനത്തെ സൂചിപ്പിക്കുന്ന പദങ്ങളിൽ ബഹുവചനവും വ്യക്തികളെ സൂചിപ്പിക്കുന്ന പദങ്ങളിൽ സംഘങ്ങളും ഉൾപ്പെടുന്നതാകുന്നു.

## അദ്ധ്യായം 2
## പള്ളി ഇടവക

### വകുപ്പ്

**4.** സമുദായത്തിൽപ്പെട്ട പള്ളികൾ എല്ലാം പൂർവ്വീകസുറിയാനി സഭയുടെ വിശ്വാസ ആചാരനടപടികൾ പുലർത്തുന്നുന്നതിനും അവ അനുസരിച്ചുള്ള വിശുദ്ധ കർമ്മാദികൾ അനുഷ്ഠിക്കുന്നതിനുവേണ്ടി സ്ഥാപിക്കപ്പെട്ടിരിക്കുന്നതും നാളിതുവരെ അതേ സ്ഥാപനോദ്ദ്യേശം അനുസരിച്ച് സഭയുടെ പരമാധികാരം വഹിക്കുന്ന അന്ത്യോഖ്യായുടേയും കിഴക്കൊക്കെയുടേയും ശ്ലീഹായ്ക്കടുത്ത വി. സിംഹാസനത്തിൻമേൽ അതതുകാലം വാഴുന്ന പാത്രിയർക്കിസൻമാരുടെയും ക്നാനായ അസ്സോസിയേഷനാൽ തിരഞ്ഞെടുക്കപ്പെട്ട് ആ സിംഹാസനത്തിങ്കൽ നിന്ന് അപ്പഴപ്പോൾ വാഴിച്ച് അയയ്ക്കപ്പെടുന്ന മെത്രാപ്പോലീത്തൻമാരുടെയും മേലധികാരത്തിനും ആജ്ഞയ്ക്കും കീഴ്പ്പെട്ട് നടന്നു വന്നിട്ടുള്ളതും മേലാലും നടക്കേണ്ടതും ആകുന്നു.

(ഐ) **മാറ്റമില്ല.**

(ജെ) **മാറ്റമില്ല.**

(കെ) **മാറ്റമില്ല.**

(എൽ) **മാറ്റമില്ല.**

**(എം) "സുവിശേഷകൻ "** എന്നാൽ ക്നാനായ അതിഭദ്രാസനത്തിൽനിന്നും ക്രമീകരിക്കുന്ന പരിശീലനക്ലാസ്സുകളിൽ സംബന്ധിച്ച് വിജയികളായി സമൂദായമെത്രാപ്പോലീത്തായിൽ നിന്നും സർട്ടിഫിക്കറ്റ് ലഭിച്ച് ഇടവകകളിൽ വൈദികരോട് ചേർന്ന് സുവിശേഷപ്രവർത്തനം നടത്തുന്ന വ്യക്തികളാകുന്നു.

**(എൻ) "ഇടവക അനുരജ്ഞനസമിതി"** എന്നാൽ താഴെ 158(എം) വകുപ്പിൽ പറയുന്ന സമിതിയാകുന്നു.

## അദ്ധ്യായം 2
## പള്ളി ഇടവക

**4.** സമുദായത്തിൽപ്പെട്ട പള്ളികൾ എല്ലാം പൂർവ്വീകസുറിയാനി സഭയുടെ വിശ്വാസ ആചാരനടപടികൾ പുലർത്തുന്നുന്നതിനും അവ അനുസരിച്ചുള്ള വിശുദ്ധ കർമ്മാദികൾ അനുഷ്ഠിക്കുന്നതിനും ദൈവവചനം പഠിപ്പിക്കുന്നതിനും മനുഷ്യരക്ഷപ്രക്രിയയിൽ പങ്കുചേരുന്നതിനും, പ്രകൃതി സംരക്ഷണത്തിനും, ധ്യാനാത്മകജീവിതത്തിലൂടെ വ്യക്തികളും സമൂഹവും, മനഃശാന്തിയും പ്രത്യാശയും പ്രാപിക്കുന്നതിനും വേണ്ടി സ്ഥാപിക്കപ്പെട്ടിരിക്കുന്നതും നാളിതുവരെ അതേ സ്ഥാപനോദ്ദേശം അനുസരിച്ച് സഭയുടെആത്മീയ അധികാരം വഹിക്കുന്ന അന്ത്യോഖ്യായുടേയും കിഴക്കൊക്കെയുടേയും ശ്ലീഹായ്ക്കടുത്ത വി. സിംഹാസനത്തിൻമേൽ അതതുകാലം വാഴുന്ന സുറിയാനി

5. (എ) ഒരു പള്ളിയുടേയും ഇടവകയുടേയും നടത്തിപ്പിനും ഭരണത്തിനും (1) വികാരി, (2) സഹായപട്ടക്കാരൻ, (3) ശെമ്മാശൻ, (4) കപ്യാർ (5) കൈക്കാരന്മാർ (6) സെക്രട്ടറി (7) ഇടവകയോഗം, (8) നിർവ്വാഹക സമിതി എന്നിവയിൽ എല്ലാമോ ഏതാനുമോ ആവശ്യാനുസരണം ഉണ്ടായിരിക്കേണ്ടതാകുന്നു. എന്നാൽ ഒരു പള്ളിക്ക് ഒരു വികാരി മാത്രമേ ഉണ്ടായിരിക്കുവാൻ പാടുള്ളു.

**(ബി)** ഇവരിൽ വികാരിയും കൈക്കാരനും സെക്രട്ടറിയും കൂടി അവരവർ അതാതു ഉദ്യോഗത്തിൽ ഇരിക്കുന്ന കാലത്തോളം അവരവർക്കു താഴെ വിവരിക്കുന്ന പ്രത്യേക അധികാരങ്ങളും ചുമതലകളും സഹിതം പള്ളിയുടേയും പള്ളി സ്വത്തുക്കളുടെയും കൂട്ടു ട്രസ്റ്റികളായിരിക്കുന്നതും എന്നാൽ പള്ളിയോ പള്ളി സ്വത്തുക്കളോ സംബന്ധിച്ചുണ്ടാകുന്ന വ്യവഹാരങ്ങളിൽ കൈക്കാരനും സെക്രട്ടറിയും മാത്രം കക്ഷികളായിരുന്നാൽ മതിയാകുന്നതുമാകുന്നു.

**6. വികാരി** വികാരിയുടെ പ്രധാന ചുമതലകൾ താഴെ വിവരിക്കുന്നവയാകുന്നു.

(1) ഞായറാഴ്ചകൾ, മാറാനായപെരുന്നാൾ ആദിയായ പ്രധാന ദിവസങ്ങളിൽ വി. സഭയുടെ നിയമപ്രകാരമുള്ള കർമ്മാനുഷ്ഠാനങ്ങൾ തന്റെ കീഴിലുള്ള പള്ളികളിൽ വീഴ്ചകൂടാതെ നടത്തുകയോ നടത്തിക്കുകയോ ചെയ്ക.

(2) പള്ളിയിലും മറ്റു സൗകര്യമുള്ള സ്ഥലങ്ങളിലും അദ്ധ്യാത്മീക വിഷയങ്ങളെപ്പറ്റി പ്രബോധിപ്പിക്കുകയും സൺഡേസ്ക്കൂളുകൾ, പ്രാർത്ഥനായോഗങ്ങൾ , യുവജനസമാജങ്ങൾ, സ്ത്രീസമാജങ്ങൾ മുതലായ വേദപ്രചാരണസ്ഥാനങ്ങളുടെ ചുമതല വഹിക്കുകയും ചെയ്ക.

ഓർത്തഡോക്സ് പാത്രിയർക്കിസൻമാരുടെയും ക്നാനായ അസ്സോസിയേഷനാൽ തിരഞ്ഞെടുക്കപ്പെട്ട് ആ സിംഹാസനത്തിങ്കൽ നിന്ന് അപ്പഴപ്പോൾ വാഴിക്കപ്പെടുന്ന മെത്രാപ്പോലീത്തൻമാരുടെയും മേലധികാരത്തിനും നിർദ്ദേശങ്ങൾക്കും കീഴ്പ്പെട്ട് നടന്നു വന്നിട്ടുള്ളതും മേലാലും നടക്കേണ്ടതും ആകുന്നു.

5. (എ) ഒരു പള്ളിയുടേയും ഇടവകയുടേയും നടത്തിപ്പിനും, ശുശ്രൂഷയ്ക്കും, ഭരണത്തിനും (1) വികാരി, (2) സഹായപട്ടക്കാരൻ, (3) ശെമ്മാശൻ, (4) പ്രധാന ശുശ്രൂഷകൻ (കപ്യാർ) (5) കൈക്കാരന്മാർ (6) സെക്രട്ടറി (7) ഇടവകയോഗം, (8) നിർവ്വാഹക സമിതി എന്നിവയിൽ എല്ലാമോ ഏതാനുമോ ആവശ്യാനുസരണം ഉണ്ടായിരിക്കേണ്ടതാകുന്നു. എന്നാൽ ഒരു പള്ളിക്ക് ഒരു സമയത്ത് ഒരു വികാരി മാത്രമേ ഉണ്ടായിരിക്കുവാൻ പാടുള്ളു.

(ബി) **മാറ്റമില്ല.**

**6. മാറ്റമില്ല.**

**(1)** ഞായറാഴ്ചകൾ, മാറാനായപെരുന്നാൾ ആദിയായ പ്രധാന ദിവസങ്ങളിൽ വി. സഭയുടെ നിയമപ്രകാരമുള്ള കർമ്മാനുഷ്ഠാനങ്ങൾ തന്റെ ചുമതലയിലുള്ള പള്ളിയിൽ വീഴ്ചകൂടാതെ നടത്തുകയോ നടത്തിക്കുകയോ ചെയ്യുക.

**(2)** പള്ളിയിലും മറ്റു സൗകര്യമുള്ള സ്ഥലങ്ങളിലും അദ്ധ്യാത്മീക വിഷയങ്ങളെപ്പറ്റിയും കാലികപ്രസക്തിയുള്ള മറ്റു വിഷയങ്ങളെ സംബന്ധിച്ചും തിരുവചനാടിസ്ഥാനത്തിലും പരി. പിതാക്കന്മാരുടെ പഠിപ്പിക്കലിനനുസരിച്ചും

(3) ഇടവകയിൽപ്പെട്ട ഭവനങ്ങൾ ആറുമാസത്തിലൊരിക്കലെങ്കിലും സന്ദർശിച്ച് ഇടവകാംഗങ്ങളെ സത്യവിശ്വാസത്തിൽ സ്ഥിരതയുള്ളവരാക്കുകയും അവരുടെ അദ്ധ്യാത്മീകവും സാമൂഹികവുമായ പുരോഗതിയ്ക്കായി ശ്രമിക്കുകയും ചെയ്ക.

(4) സഭാനിയമങ്ങൾ ലംഘിച്ച് നടക്കുന്നവരെ ഗുണദോഷിക്കുകയും ശാസിക്കുകയും അനുസരിക്കാത്തവർക്ക് മുടക്ക് ഒഴികെയുള്ള ശിക്ഷകൾ നൽകുകയും എന്നിട്ടും അനുതപിക്കാത്തവരെ സംബന്ധിച്ച് മെത്രാപ്പോലീത്തായ്ക്ക് റിപ്പോർട്ട് അയയ്ക്കുകയും ചെയ്ക.

(5) ഇടവകയോഗം വിളിച്ചുകൂട്ടുകയും അതിൽ അദ്ധ്യക്ഷം വഹിക്കുകയും യോഗനിശ്ചയങ്ങൾ അംഗീകരണത്തിനായി മെത്രാപ്പോലീത്തായ്ക്ക് സമർപ്പിക്കുകയും ചെയ്ക.

(6) മെത്രാപ്പോലീത്താ അനുവദിക്കുന്ന അസ്സോസിയേഷൻ നിശ്ചയങ്ങളെയും ഇടവക യോഗനിശ്ചയങ്ങളേയും അദ്ദേഹത്തിന്റെ കല്പനകളെയും ശിക്ഷണ നടപടികളേയും പ്രസിദ്ധപ്പെടുത്തുകയും നടപ്പിൽ വരുത്തുകയും ചെയ്ക.

(7) കൈക്കാരനോടും സെക്രട്ടറിയോടും കൂടി കൂട്ടു ട്രസ്റ്റിയായിരുന്ന് പള്ളി മുതലുകളെ കൈകാര്യം ചെയ്ക.

(8) മസാന്ത്യ കണക്കും റിപ്പോർട്ടും ശമ്പളവിഹിതത്തെ സംബന്ധിച്ച വിവരങ്ങളും തയ്യാറാക്കിച്ച് സമുദായ ആഫീസിലേക്ക് അയയ്ക്കുകയും പള്ളിയുടെ പ്രതിപുരുഷ സ്ഥാനത്ത് എഴുത്തുകുത്ത് നടത്തുകയും ചെയ്യുക.

(9) റശ്ശീസാ, ആണ്ടുവരി, ഭദ്രാസന നിധി, കമ്മട്ടി, കൈമുത്ത് മുതലായ പിരിവുകൾ ശേഖരിപ്പിച്ച് സമുദായ ആഫീസിൽ എത്തിച്ചുകൊടുക്കുക.

(10) പള്ളിയിൽ വിളിച്ചുപറയേണ്ട കാര്യങ്ങളായ മാറാനായപ്പെരുന്നാളുകൾ, കടമയുള്ള മറ്റു ദിവസങ്ങൾ പൊതുയോഗ സംഗതികൾ, വിളിച്ചുചൊല്ലും മുതലായവയും വീടുസന്ദർശനങ്ങൾ ആദിയായവയും മറ്റു വിധത്തിൽ രേഖപ്പെടുത്താത്ത ഔദ്യോഗിക കൃത്യങ്ങളും ഒരു ഡയറിയിൽ എഴുതി സൂക്ഷിക്കുകയും അതിനെ വികാരി ജനറൽ, മെത്രാപ്പേലീത്താ എന്നിവർ ആവശ്യപ്പെട്ടാൽ കാണിക്കുകയും അവരെക്കൊണ്ട് അടയാളം വയ്പിക്കുകയും ചെയ്ക.

പ്രബോധിപ്പിക്കുകയും സൺഡേസ്ക്കൂളുകൾ, പ്രാർത്ഥനാ യോഗങ്ങൾ ,കുടുംബ കൂട്ടായ്മകൾ, കെ. എസ്. എ., സുവിശേഷസമാജം, യുവജനസമാജങ്ങൾ, സ്ത്രീസമാജങ്ങൾ മുതലായ ആത്മീയ പ്രസ്ഥാനങ്ങളുടെ ചുമതല വഹിക്കുകയും ചെയ്ക.

(3) ഇടവകയിൽപ്പെട്ട ഭവനങ്ങൾ ആറുമാസത്തിലൊരിക്കലെങ്കിലും സന്ദർശിച്ച് ഇടവകാംഗങ്ങളെ സത്യവിശ്വാസത്തിൽ സ്ഥിരതയുള്ളവരാക്കുകയും അവരുടെ അദ്ധ്യാത്മീകവും സാമൂഹികവുമായ പുരോഗതിയ്ക്കായി പ്രവൃത്തിക്കുകയും ചെയ്യുക.

(4) രോഗികളെയും വിധവകളെയും ഏകാകികളെയും ദുഃഖിതരെയും ക്രമമായി സന്ദർശിച്ച് ആശ്വസിപ്പിക്കുകയും അവർക്കാവശ്യമായ സഹായം ക്രമീകരിച്ച് നൽകുകയും ചെയ്യുക.

(5) സഭാനിയമങ്ങൾ ലംഘിച്ച് നടക്കുന്നവരെ ഗുണദോഷിക്കുകയും, ശാസിക്കുകയും അനുസരിക്കാത്തവർക്ക് മുടക്ക് ഒഴികെ പള്ളിക്കുറ്റം ഉൾപ്പെടെയുള്ള ശിക്ഷകൾ നൽകുകയും എന്നിട്ടും അനുതപിക്കാത്തവരെ സംബന്ധിച്ച് അതാതു മേഖലാ മെത്രാപ്പോലീത്തായ്ക്ക് റിപ്പോർട്ട് അയയ്ക്കുകയും ചെയ്ക.

**(6) പള്ളിക്കുറ്റം:** ക്നാനായസമുദായത്തിന്റെയും പള്ളികളുടെയും വിശ്വാസത്തിനും മേലദ്ധ്യക്ഷതയ്ക്കും നിയമങ്ങൾക്കും ആചാരമര്യാദകൾക്കും എതിരായി പരസ്യമായി മത്സരിക്കുകയും അവകളെ ബോധപൂർവ്വം ലംഘിക്കുകയും ചെയ്യുന്ന ഇടവകാംഗത്തിനുമേൽ പള്ളിക്കുറ്റം ഉണ്ടായിരിക്കും. അന്യസഭകളിൽ ചേർന്നു നടക്കുക, വ്യവസ്ഥാപിതഭരണക്രമങ്ങൾക്കെതിരായി സമാന്തരഭരണസംവിധാനം ഏർപ്പെടുത്തുക, സ്വയം ആരാധനാസ്ഥലങ്ങൾ നിർമ്മിച്ച് ആരാധന നടത്തിക്കുക, നിർദ്ദിഷ്ട സ്ഥലങ്ങളിലും രീതികളിലും നടക്കേണ്ടുന്ന കൂദാശകളും, കർമ്മങ്ങളും അനധികൃത സ്ഥലങ്ങളിൽ വച്ചു നടത്തിക്കുക, പള്ളികളിൽ ബലമായി പ്രവേശിച്ച് ആരാധനയും കർമ്മങ്ങളും യോഗങ്ങളും വിഘ്നപ്പെടുത്തുക, മതിയായ കാരണങ്ങൾ കൂടാതെ ആരാധനയിൽ തുടർച്ചയായി സംബന്ധിക്കാതിരിക്കുക, ആണ്ടുകുമ്പസാരം നടത്തി വി. കുർബ്ബാന അനുഭവിക്കാതിരിക്കുക, അംഗീകൃത പെരുമാറ്റചട്ടങ്ങൾക്ക് എതിരായി സഭാക്കൂട്ടങ്ങളിലും പള്ളികളിലും പെരുമാറുക, നിയമാനുസൃത ഭാര്യഭർതൃബന്ധം ഉപേക്ഷിക്കുക, അനധികൃതമായി വിവാഹബ

**(11)** മെത്രാപ്പോലീത്തായുടെ നിർദ്ദേശമനുസരിച്ചുള്ള മാമോദീസാ രജിസ്റ്റർ, വിവാഹ രജിസ്റ്റർ, മരണ രജിസ്റ്റർ, ഇടവക രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുകയും മെത്രാപ്പോലീത്തായുടെയും വികാരി ജനറാളിന്റെയും സന്ദർശനാവസരങ്ങളിൽ അവരെ കാണിച്ച് അടയാളം വയ്പ്പിക്കുകയും ചെയ്യുക. കുരിശുപള്ളികളിലെ ആത്മീകകാര്യങ്ങൾ മുടക്കം കൂടാതെ നടത്തുന്നതിന് അവിടെ നിയമിക്കപ്പെടുന്ന വൈദീകർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

**(12)** വിവാഹത്തിന് ഒരുങ്ങുന്ന സ്ത്രീപുരുഷന്മാർക്ക് വി. സഭയുടെ വിശ്വാസാചാരങ്ങളിലും നമസ്ക്കാരം മുതലായവയിലുള്ള പരിജ്ഞാനം പരിശോധിച്ച് തൃപ്തിപ്പെടുകയും കുറികൾ മുതലായവ കൊടുക്കുകയും ചെയ്ക.

ദൈവത്തിന്റെയും സഭയുടെയും പള്ളികളുടെയും നിയമങ്ങൾക്ക് എതിരായി കുറ്റകരമായി പ്രവർത്തിക്കുകയും ചെയ്യുന്നവരുടെമേൽ പള്ളിക്കുറ്റമുണ്ടായിരിക്കും. പള്ളിക്കുറ്റത്തിൽ നിർത്തുന്നതിനും അനുതപിച്ചു തെറ്റു തിരുത്തി വരുന്നവരെ സ്വീകരിക്കുന്നതിനും ഇടവക വികാരിക്ക് അധികാരം ഉണ്ടായിരിക്കും.

അദ്ദേഹത്തിന്റെ തീരുമാനത്തിന്മേൽ പരാതി ഉള്ളവർക്ക് മേഖല മെത്രാപ്പോലീത്താ സമക്ഷം അപ്പീൽ ബോധിപ്പാക്കാവുന്നതും, അദ്ദേഹം ആവശ്യമായ അന്വേഷണം നടത്തി 30 ദിവസത്തിനുള്ളിൽ തീരുമാനമെടുത്ത് ബന്ധപ്പെട്ട കക്ഷികളെയും ഇടവക വികാരിയെയും രേഖാമൂലം അറിയിക്കേണ്ടതാണ്. മേഖലമെത്രാപ്പോലീത്തായുടെ തീരുമാനത്തിലും അതൃപ്തിയുള്ളവർക്ക് സമുദായമെത്രാപ്പോലീത്താ സമക്ഷം അപ്പീൽ ബോധിപ്പിക്കാവുന്നതും, അദ്ദേഹം ആവശ്യമായ അന്വേഷണം നടത്തി 60 ദിവസത്തിനുള്ളിൽ കൈക്കൊള്ളുന്ന തീരുമാനം മേഖലമെത്രാപ്പോലീത്തായെയും ഇടവക വികാരിയെയും ബന്ധപ്പെട്ട കക്ഷിയെയും രേഖാമൂലം അറിയിക്കേണ്ടതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമവും എല്ലാവർക്കും ബാധകവും ആയിരിക്കും.

പള്ളിക്കുറ്റത്തിന് വിധേയരായവർ അനുതപിച്ച് തിരികെ വരുന്നതുവരെ ഇടവക പൊതുയോഗത്തിൽ സംബന്ധിക്കുന്നതിനോ ഇടവകയുടേയും സമുദായത്തിലെയും ഏതെങ്കിലും ഔദ്യോഗികസ്ഥാനം വഹിക്കുന്നതിനോ അർഹത ഉണ്ടായിരിക്കുന്നതല്ല.

ആറുമാസത്തിനകം അനുതപിച്ച് പള്ളിക്കുറ്റത്തിൽ നിന്നും വിമുക്തി നേടാത്തപക്ഷം അങ്ങനെയുള്ളവരെ വീണ്ടും രേഖാമൂലം അറിയിച്ചുകൊണ്ട് അവർക്കെതിരെ മുടക്ക് ഉൾപ്പെടെയുള്ള അനന്തര നടപടികൾ സ്വീകരിക്കുന്നതിന് ഇടവകവികാരി മേഖലാമെത്രാപ്പോലീത്തയോട് രേഖാമൂലം ആവശ്യപ്പെടേണ്ടതും അദ്ദേഹം പ്രസ്തുത ആവശ്യം സമുദായമെത്രാപ്പോലീത്തായുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതും അദ്ദേഹം താഴെ 84 (1) 16 വകുപ്പനുസരിച്ച് അനന്തര നടപടികൾ കൈക്കോള്ളേണ്ടതുമാകുന്നു.

(7). ക്നാനായേതരരുമായി വിവാഹബന്ധത്തിലേർപ്പെടുന്നവർക്ക് നോട്ടീസ് കൊടുത്ത് ആവശ്യമായ അന്വേഷണം നടത്തി ബോധ്യപ്പെട്ടശേഷം ഇടവ കരജിസ്റ്ററിൽ നിന്നും, ഇടവക പൊതുയോഗ രജിസ്റ്ററിൽ നിന്നും പേര് നീക്കം ചെയ്യുക.

(8) ഇടവകയോഗം വിളിച്ചുകൂട്ടുകയും അതിൽ അദ്ധ്യക്ഷം വഹിക്കു കയും യോഗനിശ്ചയങ്ങൾ അംഗീകാരത്തിനായി അതാതു മേഖലാ മെത്രാ പ്പോലീത്തായ്ക്ക് സമർപ്പിക്കുകയും ചെയ്യുക.

(9) വലിയ മെത്രാപ്പോലീത്താ അനുവദിക്കുന്ന അസ്സോസിയേഷൻ നിശ്ച യങ്ങളെയും അദ്ദേഹത്തിന്റെയും മേഖലാ മെത്രാപ്പോലീത്താമാരുടെയും കല്പനകളെയും ശിക്ഷണ നടപടികളേയും ഇടവക യോഗനിശ്ചയങ്ങളേയും പ്രസിദ്ധപ്പെടുത്തുകയും നടപ്പിൽ വരുത്തുകയും ചെയ്യുക.

(10) കൈക്കാരനോടും സെക്രട്ടറിയോടും കൂടി കൂട്ടു ട്രസ്റ്റിയായിരുന്ന് പള്ളി മുതലുകൾ കൈകാര്യം ചെയ്യുക.

(11) മാസാന്ത്യ കണക്കും റിപ്പോർട്ടും ശമ്പളവിഹിതത്തെ സംബന്ധിച്ച വിവരങ്ങളും തയ്യാറാക്കിച്ച് സമുദായ കേന്ദ്ര ആഫീസിലേക്ക് അയയ്ക്കു കയും പള്ളിയുടെ പ്രതിപുരുഷ സ്ഥാനത്ത് എഴുത്തുകുത്ത് നടത്തുകയും ചെയ്യുക.

(12) റശ്ശീസാ, ആണ്ടുവരി, ഭദ്രാസന നിധി, കമ്മട്ടി, കൈമുത്ത് വൈദിക ശമ്പളവിഹിതം മുതലായവ ശേഖരിപ്പിച്ച് യഥാസമയം സമുദായ കേന്ദ്ര ആഫീസിൽ എത്തിച്ചുകൊടുക്കുക. ഇവയിൽ ഭദ്രാസനനിധി വൈദികശമ്പ ളവിഹിതം എന്നിവ പ്രതിമാസമായി കണക്കാക്കി തുടർന്നു വരുന്ന മാസ ത്തിന്റെ 10-ാം തീയതിക്കുള്ളിൽ കേന്ദ്ര ആഫീസിൽ അടച്ചിരിക്കേണ്ടതാണ്.

(13 പള്ളിയിൽ വിളിച്ചുപറയേണ്ട കാര്യങ്ങളായ മാറാനായപ്പെരുന്നാളു കൾ, കടമുള്ള മറ്റു ദിവസങ്ങൾ, പൊതുയോഗ സംഗതികൾ, വിളിച്ചുചൊല്ല്, വീടുസന്ദർശനങ്ങൾ ആദിയായവയും മറ്റു വിധത്തിൽ രേഖപ്പെടുത്താത്ത ഔദ്യോഗിക കൃത്യങ്ങളും ഒരു ഡയറിയിൽ എഴുതി സൂക്ഷിക്കുകയും മേഖല മെത്രാപ്പേലീത്താ, വികാരി ജനറാൾ എന്നിവർ ആവശ്യപ്പെട്ടാൽ അത് കാണി ച്ച് അവരെക്കൊണ്ട് അടയാളം വയ്പിക്കുകയും ചെയ്യുക.

(14) സമുദായ മെത്രാപ്പോലീത്തായുടെ നിർദ്ദേശമനുസരിച്ചുള്ള മാമോ

ദീസാ രജിസ്റ്റർ, വിവാഹ രജിസ്റ്റർ, മരണ രജിസ്റ്റർ, ഇടവക രജിസ്റ്റർ, ഇടവക പൊതുയോഗ രജിസ്റ്റർ കുമ്പസാര രജിസ്റ്റർ, മെത്രാപ്പോലീത്തായുടെ സന്ദർശന ഡയറി എന്നിവ എഴുതി / എഴുതിച്ച് സൂക്ഷിക്കുകയും മേഖലാ മെത്രാപ്പോലീത്തായുടെയും വികാരി ജനറാളിന്റെയും സന്ദർശനാവസരങ്ങളിൽ അവരെ കാണിച്ച് അടയാളം വയ്പ്പിക്കുകയും ചെയ്യുക. കുരിശുപള്ളികളിലെ ആത്മികകാര്യങ്ങൾ മുടക്കം കൂടാതെ നടത്തുന്നതിന് അവിടെ നിയമിക്കപ്പെടുന്ന വൈദീകർക്ക് പൂർണ്ണ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതുമാണ്.

(15) വിവാഹത്തിന് ഒരുങ്ങുന്ന സ്ത്രീപുരുഷന്മാർ വിവാഹ ഒരുക്ക സെമിനാറിൽ സംബന്ധിച്ചു എന്നും അവർക്ക് വി. സഭയുടെ വിശ്വാസാചാരങ്ങൾ, നമസ്ക്കാരം എന്നിവയിൽ പരിജ്ഞാനം ഉണ്ടോ എന്നും പരിശോധിച്ച് തൃപ്തിപ്പെടുകയും പള്ളിയ്ക്ക് ലഭിയ്ക്കേണ്ട വിഹിതങ്ങൾ യഥാസമയം ട്രസ്റ്റിൽ ഏല്പിച്ചുവെന്ന് ബോധ്യപ്പെടുകയും ചെയ്ത ശേഷം കുറികൾ കൊടുക്കുക.

**7. സഹായപട്ടക്കാരൻ** വികാരിയുടെ നിർദ്ദേശമനുസരിച്ച് സഹായപട്ടക്കാരൻ ഇടവകയിലെ ഭരണകാര്യങ്ങളിൽ വികാരിയെ സഹായിക്കേണ്ടതാകുന്നു. എന്നാൽ തവണക്രമം അനുസരിച്ച് കർമ്മങ്ങൾ അനുഷ്ഠിക്കാൻ നിയമിതനായ സഹായപട്ടക്കാരനെ അക്കാര്യത്തിൽ വിരോധിക്കുവാൻ വികാരിക്ക് അവകാശമില്ലാത്തതാകുന്നു.

**8.** വികാരിയേയും സഹായപട്ടക്കാരേയും നിയമിക്കുന്നതും, നീക്കുന്നതും, ശിക്ഷിക്കുന്നതും, സ്ഥലം മാറ്റുന്നതും വൈദിക കൗൺസിലിന്റെ ആലോചനയോടുകൂടി മെത്രാപ്പോലീത്തായോ, മെത്രാപ്പോലീത്തായുടെ അഭാവത്തിൽ ഭരണാധിപനോ ആയിരിക്കുന്നതാണ്. സ്ഥലം മാറ്റം പട്ടക്കാരുടെയും ഇടവകക്കാരുടെയും സ്ഥിതിയും വരുമാനവും അനുസരിച്ച് സാധാരണയായി മൂന്നു കൊല്ലത്തിൽ ഒരിക്കൽ നടത്തുന്നതും എന്നാൽ പ്രത്യേക പരിതസ്ഥിതികളിൽ വ്യത്യസ്ഥം ചെയ്യുന്നതും ആകുന്നു.

**7. സഹായപട്ടക്കാരൻ** വികാരിയുടെ നിർദ്ദേശമനുസരിച്ച് സഹായപട്ടക്കാരൻ ഇടവകയിലെ ശുശ്രൂഷയിലും ഭരണകാര്യങ്ങളിലും വികാരിയെ സഹായിക്കേണ്ടതാകുന്നു. എന്നാൽ തവണക്രമം അനുസരിച്ച് കർമ്മങ്ങൾ അനുഷ്ഠിക്കാൻ നിയമിതനായ സഹായപട്ടക്കാരനെ അക്കാര്യത്തിൽ നിന്ന് തടസ്സപ്പെടുത്തുവാൻ വികാരിക്ക് അവകാശമില്ലാത്തതാകുന്നു.

**8.** പട്ടക്കാരുടെ സ്ഥലംമാറ്റം സാധാരണയായി മൂന്നു കൊല്ലത്തിൽ ഒരിക്കൽ നടത്തുന്നതും എന്നാൽ പ്രത്യേക പരിതസ്ഥിതികളിൽ വ്യത്യസം ചെയ്യുന്നതും ആകുന്നു.

**9.** വൈദീകർ സാധാരണയായി 65 വയസ്സ് തികയുമ്പോൾ അവരുടെ ഉദ്യോഗത്തിൽ നിന്നും വിരമിക്കേണ്ടതാകുന്നു. എന്നാൽ അത്യാവശ്യസന്ദർഭങ്ങളിൽ വൈദീക കൗൺസിലിന്റെ ആലോചനപ്രകാരം മെത്രാപ്പോലീത്തായ്ക്ക് അവരുടെ ഉദ്യോഗ കാലാവധി നീട്ടികൊടുക്കുാവുന്നത് ആകുന്നു

**10. ശെമ്മാശ്ശൻ** ശെമ്മാശ്ശൻ വികാരിയുടെ നിർദ്ദേശം അനുസരിച്ച് ദിവ്യ ശുശ്രൂഷാദികളിൽസംബന്ധിക്കുകയും പ്രസംഗിക്കുകയും സൺഡേസ്ക്കൂൾ, പ്രാർത്ഥന സമാജം മുതലായ ആദ്ധ്യാത്മിക പ്രവർത്തനങ്ങളിലും പണപിരിവ് , ഭവനസന്ദർശനം മുതലായ കാര്യങ്ങളിലും പട്ടക്കാരെ സഹായിക്കുകയും ചെയ്യേണ്ടത് ആകുന്നു.

**11. കപ്യാർ** കപ്യാർ വികാരിയുടേയും ട്രസ്റ്റികളുടേയും നിർദ്ദേശം അനുസരിച്ച് പള്ളികെട്ടിടങ്ങളും ഉപകെട്ടിടങ്ങളും ഉപകരണങ്ങളും മറ്റു സാധനങ്ങളും പള്ളിപുരയിടങ്ങളും വെടിപ്പായി സൂക്ഷിക്കുകയും വിശുദ്ധ കർമ്മാദികാര്യങ്ങളിൽ വൈദികരെ സഹായിക്കുകയും ചെയ്യേണ്ടതാകുന്നു.

**12. കൈക്കാരൻ** കൈക്കാരൻ ആണ്ടുതോറും ഇടവകയോഗത്തിൽ തെരഞ്ഞടുക്കപ്പെടേണ്ടതും വികാരിയോടും, സെക്രട്ടറിയോടും കൂടി പള്ളിവക സ്വത്തുക്കളുടെ ട്രസ്റ്റിയായിരിക്കേണ്ടതുമാണ്.

**13.** വികാരിയുടേയും സഹായപട്ടക്കാരന്റേയും സെക്രട്ടറിയുടേയും സഹകരണത്തോടുകൂടി കൈക്കാരൻ പള്ളിവരുമാനങ്ങൾ ശേഖരിച്ച് സൂക്ഷിക്കുകയും ഇടവകയാവശ്യങ്ങൾക്ക് ഇടവകയിലെ ആയവ്യയക്കണക്കനുസരിച്ച് ചിലവിടുകയും ചെയ്യേണ്ടതാകുന്നു.

**9. Modified and Transferred as 95** (എ)

**10. മാറ്റമില്ല.**

**11. പ്രധാനശുശ്രൂഷകൻ (കപ്യാർ)** പ്രധാന ശുശ്രൂഷകൻ (കപ്യാർ) വികാരിയുടേയും, സഹായപട്ടക്കാരന്റെയും, ട്രസ്റ്റികളുടേയും നിർദ്ദേശം അനുസരിച്ച് പള്ളിക്കെട്ടിടങ്ങളും അനുബന്ധക്കെട്ടിടങ്ങളും, പള്ളി ഉപകരണങ്ങളും മറ്റു ജംഗമങ്ങളും പള്ളിപുരയിടങ്ങളും വെടിപ്പായി സൂക്ഷിക്കുകയും വിശുദ്ധ കർമ്മാദികാര്യങ്ങളിൽ വൈദികരെ സഹായിക്കുകയും ചെയ്യേണ്ടതാകുന്നു.

**12. കൈക്കാരൻ** കൈക്കാരൻ രണ്ടുവർഷത്തേയ്ക്ക് ഇടവകയോഗത്താൽ തെരഞ്ഞടുക്കപ്പെടുന്ന നല്ല സാക്ഷ്യമുള്ള വ്യക്തിയായിരിക്കണം. അദ്ദേഹം വികാരിയോടും, സെക്രട്ടറിയോടും കൂടി പള്ളിവക സ്വത്തുക്കളുടെ ട്രസ്റ്റിയായിരിക്കേണ്ടതാണ്.

**13.** വികാരിയുടേയും സഹായപട്ടക്കാരന്റേയും സെക്രട്ടറിയുടേയും സഹകരണത്തോടുകൂടി കൈക്കാരൻ പള്ളിവരുമാനങ്ങൾ ശേഖരിച്ച് സൂക്ഷിക്കുകയും ഇടവകയാവശ്യങ്ങൾക്ക് ഇടവകയിലെ ബഡ്ജറ്റ് അനുസരിച്ച് ചിലവിടുകയും ചെയ്യേണ്ടതാകുന്നു. എന്നാൽ അത്യാവശ്യ സന്ദർഭങ്ങളിൽ ബഡ്ജറ്റിൽ ഉൾപ്പെടാത്ത ചെലവുകൾ ഇടവകപൊതുയോഗത്തിന്റെ അംഗീകാരം പ്രതീക്ഷിച്ചുകൊണ്ട്, നിർവ്വാഹകസമിതിയുടെ നിശ്ചയപ്രകാരം കൈക്കാരന് ചെലവിടാവുന്നതാണ്.

**14.** പള്ളിവക വരവുചെലവുകളുടെ കണക്ക് ശരിയായും ക്രമമായും, കൃത്യമായും എഴുതി സൂക്ഷിക്കുന്നതിൽ സെക്രട്ടറിയെ സഹായിക്കുക, ഇടവകയോഗത്തിന്റെയും നിർവ്വാഹകസമിതിയുടേയും നിശ്ചയമനുസരിച്ച് പള്ളിമുതലുകൾ കൈകാര്യം ചെയ്ത്, ആണ്ടുതോറും ഒക്ടോബർ, ഏപ്രിൽ ഈ മാസാന്ത്യങ്ങളിൽ സെക്രട്ടറിയുടെ സഹകരണത്തോടുകൂടി വരവു ചിലവുകണക്ക് തയ്യാറാക്കി നിർവ്വാഹക സമിതിയിൽ ഹാജരാക്കുക എന്നിവ കൈക്കാരന്റെ ചുമതലയിൽപ്പെട്ട പ്രധാന സംഗതികളാകുന്നു.

**15.** പെരുന്നാൾ, നോമ്പുവീടൽ മുതലായവ സംബന്ധിച്ചുണ്ടാകുന്ന അനിശ്ചിതവരുമാനങ്ങൾ, നടവരവ്, കാണിക്കശേഖരം എന്നിവയൊഴിച്ച് പള്ളിയിൽ വരുന്ന സകലവരുമാനങ്ങൾക്കും ട്രസ്റ്റികളിൽ ഒരാൾ ഒപ്പിട്ട് രസീതു കൊടുക്കേണ്ടതും പണം കൈക്കാരനെ ഏല്പിക്കേണ്ടതുമാകുന്നു. ഇതുപത്തിയഞ്ചു രൂപയിൽ കവിഞ്ഞുള്ള സകല ചെലവുകൾക്കും വൗച്ചർ വാങ്ങി കൈക്കാരൻ സൂക്ഷിക്കേണ്ടതാകുന്നു.

**16.** ആണ്ടുതോറും മാർച്ച് മാസാന്ത്യംവരെയുള്ള വാർഷിക വരവുചിലവുകണക്ക് തയ്യാറാക്കി, കണക്കു പരിശോധകന്റെ റിപ്പോർട്ട് സഹിതം അടുത്ത മെയ് മാസാവസാനത്തിനു മുമ്പ് നിർവ്വാഹകസമിതിയിൽനിന്നും പൊതുയോഗത്തിൽ ഹാജരാക്കേണ്ടതാകുന്നു.

**17.** ഇടവകയോഗത്തിൽ പാസ്സായിട്ടുള്ള തിരട്ടിന്റെ രണ്ടു പ്രതികൾ മെത്രാപ്പോലീത്തായ്ക്ക് അയച്ചുകൊടുക്കേണ്ടതും അദ്ദേഹം ഒപ്പും മുദ്രയും വച്ച് തിരിച്ചുതരുന്ന പ്രതി പള്ളിറിക്കാർഡിൽ സൂക്ഷിക്കേണ്ടതു

**14.** പള്ളിവക വരവുചെലവുകളുടെ കണക്ക് ശരിയായും ക്രമമായും, കൃത്യമായും എഴുതി സൂക്ഷിക്കുന്നതിൽ സെക്രട്ടറിയെ സഹായിക്കുക; ഇടവകയോഗത്തിന്റെയും നിർവ്വാഹകസമിതിയുടേയും നിശ്ചയമനുസരിച്ച് പള്ളിമുതലുകൾ കൈകാര്യം ചെയ്ത് ആണ്ടുതോറും ജനുവരി മാസാന്ത്യത്തിൽ ബഡ്ജറ്റും, ഏപ്രിൽ മാസാന്ത്യത്തിൽ വരവു ചെലവുകണക്കും, തയ്യാറാക്കി നിർവ്വാഹക സമിതിയിൽ ഹാജരാക്കുക എന്നിവ കൈക്കാരന്റെ ചുമതലയിൽപ്പെട്ട പ്രധാന സംഗതികളാകുന്നു.

**15.** പെരുന്നാൾ, നോമ്പുവീടൽ, ഭണ്ഡാരം മുതലായവ സംബന്ധിച്ചുണ്ടാകുന്ന അനിശ്ചിതവരുമാനങ്ങൾ, നടവരവ്, കാണിക്കശേഖരം എന്നിവ എണ്ണിത്തിട്ടപ്പെടുത്തുമ്പോൾ ട്രസ്റ്റിക്കും സെക്രട്ടറിയ്ക്കും പുറമെ കുറഞ്ഞത് ഒരു കമ്മറ്റി അംഗത്തിന്റെ എങ്കിലും സാന്നിദ്ധ്യം ഉണ്ടായിരിക്കേണ്ടതും അവർ കൂടി തുക സാക്ഷ്യപ്പെടുത്തേണ്ടതുമാകുന്നു. മേൽപ്പറഞ്ഞ വരുമാനങ്ങൾ ഒഴികെ പള്ളിയിൽ വരുന്ന സകലവരുമാനങ്ങൾക്കും ട്രസ്റ്റികളിൽ ഒരാൾ ഒപ്പിട്ട് രസീതു കൊടുക്കേണ്ടതും പണം കൈക്കാരനെ ഏല്പിക്കേണ്ടതുമാകുന്നു. അൻപത് രൂപയിൽ കവിഞ്ഞുള്ള സകല ചെലവുകൾക്കും വൗച്ചർ വാങ്ങി കൈക്കാരൻ സൂക്ഷിക്കേണ്ടതാകുന്നു.

**16.** ആണ്ടുതോറും മാർച്ച് മാസാന്ത്യംവരെയുള്ള വാർഷിക വരവുചിലവുകണക്ക് തയ്യാറാക്കി, കണക്കു പരിശോധകന്റെ റിപ്പോർട്ട് സഹിതം അടുത്ത മെയ് മാസാവസാനത്തിനു മുമ്പ് നിർവ്വാഹകസമിതിയിൽനിന്നും പൊതുയോഗത്തിൽ ഹാജരാക്കേണ്ടതാകുന്നു.

**17.** ഇടവകയോഗത്തിൽ പാസ്സായിട്ടുള്ള വാർഷിക കണക്കിന്റെ നാലു പ്രതികൾ മേഖലാ മെത്രാപ്പോലീത്തായ്ക്ക് അയച്ചുകൊടുക്കേണ്ടതും അദ്ദേഹം ഒപ്പും മുദ്രയും വച്ച് ഒരു പ്രതി സമുദായമെത്രാപ്പോലീത്തായ്ക്കും, ഒരു പ്രതി സമുദായ ട്രസ്റ്റിക്കും ഒരു പ്രതി പള്ളിറിക്കാർഡിൽ സൂക്ഷിക്കേണ്ടതിന് ഇടവകക്കും നൽകേണ്ടതാകുന്നു.

മാകുന്നു.

**18.** പള്ളിവക സ്ഥാവരജംഗമസ്വത്തുക്കളുടെ വിവരമായ പട്ടികയടങ്ങിയ ഒരു സ്റ്റോക്ക് രജിസ്റ്റർ ഉണ്ടായിരിക്കേണ്ടതും ആയത് ആണ്ടുതോറും സ്വത്തുക്കളുമായി ഒത്തുനോക്കി ശരിപ്പെടുത്തി ട്രസ്റ്റികൾ ഒപ്പിട്ട്, ട്രസ്റ്റിയുടെ പക്കൽ സൂക്ഷിക്കേണ്ടതും മെത്രാപ്പോലീത്തായും വികാരിജനറാളും ഇടവക സന്ദർശനാർത്ഥം പള്ളിയിൽ വരുമ്പോൾ രജിസ്റ്റർ ഹാജരാക്കി അതിൽ അടയാളം വയ്പിച്ചു കൊള്ളേണ്ടതുമാകുന്നു.

**19.** പള്ളിക്കെട്ടിടത്തിന്റെ പുറത്തെ താക്കോൽ വികാരിയുടെ ചുമതലയിൽ ഇരിക്കേണ്ടതും ശേഷം സകല പൂട്ടുകളും ട്രസ്റ്റികളുടെ ചുമതലയിലും അധിനതയിലും ഇരിക്കേണ്ടതുമാകുന്നു.

**20.** പള്ളിയിൽ കർമ്മാദികൾക്ക് നിത്യോപയോഗമുള്ള ജംഗമങ്ങൾ വികാരിയുടെ സൂക്ഷിപ്പിലും, പള്ളിവക മറ്റു സകല സ്ഥാവര ജംഗമസ്വത്തുക്കളും ട്രസ്റ്റികളുടെ സൂക്ഷിപ്പിലും അധീനതയിലും ഇരിക്കേണ്ടതും ട്രസ്റ്റികൾ സ്ഥാനമൊഴിയുമ്പോൾ സ്വത്തുക്കളും ഇരിപ്പുപണവും കണക്ക് മുതലായ റിക്കാർഡുകളും താക്കോലുകളും മറ്റും പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന ട്രസ്റ്റികളെ ഏല്പിച്ച് രസീത് വാങ്ങേണ്ടതും അപ്രകാരം ഏറ്റതായി പുതിയ ട്രസ്റ്റികൾ സ്റ്റോക്ക് രജിസ്റ്ററിൽ ഒപ്പിടേണ്ടതുമാകുന്നു.

**21.** പള്ളിവക പണം വികാരിയുടേയും കൈക്കാരന്റേയും പേരിൽ നിർവ്വാഹക സമിതിയുടെ തീരുമാനമനുസരിച്ച് നിക്ഷേപിക്കേണ്ടതും സമിതി നിശ്ചയിക്കുന്ന ഒരു സംഖ്യട്രസ്റ്റികളുടെ കൈവശം വച്ചുകൊണ്ടിരിക്കാവുന്നതുമാകുന്നു.

**18.** പള്ളിവക സ്ഥാവരജംഗമസ്വത്തുക്കളുടെ വിശദമായ പട്ടികയടങ്ങിയ ഒരു സ്റ്റോക്ക് രജിസ്റ്റർ ഉണ്ടായിരിക്കേണ്ടതും ആയത് ആണ്ടുതോറും സ്വത്തുക്കളുമായി ഒത്തുനോക്കി ശരിപ്പെടുത്തി ട്രസ്റ്റികൾ ഒപ്പിട്ട്, ട്രസ്റ്റിയുടെ പക്കൽ സൂക്ഷിക്കേണ്ടതും മേഖലാ മെത്രാപ്പോലീത്തായും വികാരിജനറാളും ഇടവക സന്ദർശനാർത്ഥം പള്ളിയിൽ വരുമ്പോൾ രജിസ്റ്റർ ഹാജരാക്കി അതിൽ അടയാളം വയ്പിച്ചു കൊള്ളേണ്ടതുമാകുന്നു.

**19.** പള്ളിക്കെട്ടിടത്തിന്റെ പുറത്തെ താക്കോലും വികാരിയുടെ ആഫീസ്, പാഴ്സണേജ് ഇവയുടെ താക്കോലും വികാരിയുടെ ചുമതലയിൽ ഇരിക്കേണ്ടതും ശേഷം സകല പൂട്ടുകളും ട്രസ്റ്റികളുടെ ചുമതലയിലും അധിനതയിലും ഇരിക്കേണ്ടതുമാകുന്നു.

**20.** **മാറ്റമില്ല**

**21.** പള്ളിവക പണം വികാരിയുടേയും കൈക്കാരന്റേയും പേരിൽ നിർവ്വാഹക സമിതിയുടെ തീരുമാനമനുസരിച്ച് സമിതി നിശ്ചയിക്കുന്ന സ്ഥാപനത്തിൽ നിക്ഷേപിക്കേണ്ടതും സമിതി നിശ്ചയിക്കുന്ന ഒരു സംഖ്യ ട്രസ്റ്റികളുടെ കൈവശം വച്ചുകൊണ്ടിരിക്കാവുന്നതുമാകുന്നു.

**21.** (എ) വികാരി, സെക്രട്ടറി ,കമ്മറ്റി അംഗങ്ങൾ എന്നിവരുടെ സഹകരണത്തോടുകൂടി ഇടവകയിലെ ആത്മിക പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയും, ജീവകാരുണ്യപ്രവർത്തനങ്ങൾ ക്രോഡീകരിച്ച് നടപ്പാക്കുകയും, ഇടവക സന്ദർശനം നടത്തുകയും ചെയ്യുക.

**22. സെക്രട്ടറി** സെക്രട്ടറി ആണ്ടുതോറും ഇടവക യോഗത്താൽ തിരഞ്ഞെടുക്കപ്പെടേണ്ടതും വികാരിയോടും കൈക്കാരനോടും കൂടി ട്രസ്റ്റിയായിരിക്കേണ്ടതുമാണ്.

**23.** പള്ളിവക കണക്കുകൾ ശരിയായും ക്രമമായും കൃത്യമായും എഴുതി സൂക്ഷിക്കുക, ഇടവക യോഗത്തിന്റെയും നിർവ്വാഹക സമിതിയുടെയും നടപടികൾ പ്രത്യേകം പുസ്തകങ്ങളിൽ എഴുതി അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ ഒപ്പോടുകൂടി സൂക്ഷിക്കുക, നിർവ്വാഹക സമിതി യോഗത്തിൽ ഹാജരാകുന്ന അംഗങ്ങളെകൊണ്ട് ഹാജർ വിവരം രേഖപ്പെടുത്തി അടയാളം വയ്പ്പിക്കുക, ഇടവക യോഗത്തിൽ ഹാജരാകുന്ന അംഗങ്ങളുടെ എണ്ണം തിട്ടപ്പെടുത്തി രേഖപ്പെടുത്തുക, 14-ാം വകുപ്പനുസരിച്ചുള്ള തിരട്ടുതയ്യാറാക്കുന്നതിൽ കൈക്കാരനെ സഹായിക്കുക മുതലായവ സെക്രട്ടറിയുടെ ജോലിയിൽപ്പെട്ടവയാകുന്നു.

**24. ഇടവകയോഗം** ഇടവകയുടെ ഭരണസംബന്ധമായ കാര്യങ്ങൾ നടത്തുന്നതിനായി എല്ലാ ഇടവകയിലും ഓരോ ഇടവക യോഗം ഉണ്ടായിരിക്കേണ്ടതും 21 വയസ്സ് തികഞ്ഞ എല്ലാ പുരുഷന്മാർക്കും ഇടവക യോഗത്തിൽ അംഗങ്ങളായിരിക്കാവുന്നതും ആകുന്നു.

**25.** ഇടവകയോഗാംഗങ്ങളുടെ പേരുവിവരമടങ്ങിയ ഒരു ഇടവക രജിസ്റ്റർ പള്ളിയിൽ ഉണ്ടായിരിക്കേണ്ടതും ഇടവകയോഗ രജിസ്റ്ററിൽ പേരില്ലാത്ത ഓരാൾക്കും ഇടവകയോഗത്തിൽ അഭിപ്രായം പറയുവാനോ വോട്ടുചെയ്യുവാനോ അവകാശമില്ലാത്തതുമാകുന്നു.

**22. സെക്രട്ടറി** സെക്രട്ടറി രണ്ടുവർഷത്തേയ്ക്ക് ഇടവക യോഗത്താൽ തിരഞ്ഞെടുക്കപ്പെടുന്ന നല്ല സാക്ഷ്യമുള്ള വ്യക്തിയായിരിക്കണം. അദ്ദേഹം വികാരിയോടും കൈക്കാരനോടും ചേർന്ന് കൂട്ട് ട്രസ്റ്റിയായിരിക്കേണ്ടതുമാണ്.

**23.** പള്ളിവക കണക്കുകൾ ശരിയായും ക്രമമായും കൃത്യമായും എഴുതി സൂക്ഷിക്കുക, ഇടവക യോഗത്തിന്റെയും നിർവ്വാഹക സമിതിയുടെയും നടപടികൾ പ്രത്യേകം പുസ്തകങ്ങളിൽ എഴുതി അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ ഒപ്പോടുകൂടി സൂക്ഷിക്കുക, നിർവ്വാഹക സമിതി യോഗത്തിൽ ഹാജരാകുന്ന അംഗങ്ങളെകൊണ്ട് ഹാജർ വിവരം രേഖപ്പെടുത്തി അടയാളം വയ്പ്പിക്കുക, ഇടവക യോഗത്തിൽ ഹാജരാകുന്ന അംഗങ്ങളുടെ എണ്ണം തിട്ടപ്പെടുത്തി രേഖപ്പെടുത്തുക, 14-ാം വകുപ്പനുസരിച്ചുള്ള ബഡ്ജറ്റും വരവുചെലവു കണക്കും തയ്യാറാക്കുന്നതിൽ കൈക്കാരനെ സഹായിക്കുക മുതലായവ സെക്രട്ടറിയുടെ ജോലിയിൽപ്പെട്ടവയാകുന്നു.

**23.** (എ) വികാരി, ട്രസ്റ്റി, കമ്മറ്റി അംഗങ്ങൾ എന്നിവരുടെ സഹകരണത്തോടുകൂടി ഇടവകയിലെ ആത്മിക പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയും, ജീവകാരുണ്യപ്രവർത്തനങ്ങൾ ക്രോഡീകരിച്ച് നടപ്പാക്കുകയും, ഇടവക സന്ദർശനം നടത്തുകയും ചെയ്യുക.

**24. ഇടവകപൊതുയോഗം** ഇടവകയുടെ ഭരണസംബന്ധമായ കാര്യങ്ങൾ നടത്തുന്നതിനായി എല്ലാ ഇടവകയിലും ഓരോ ഇടവക പൊതുയോഗം ഉണ്ടായിരിക്കേണ്ടതും 21 വയസ്സ് തികഞ്ഞ ഇടവകാംഗങ്ങളായ എല്ലാ സ്ത്രീപുരുഷന്മാർക്കും ഇടവകപൊതുയോഗത്തിൽ അംഗങ്ങളായിരിക്കാവുന്നതും ആകുന്നു.

**25.** ഇടവകയോഗാംഗങ്ങളുടെ പേരുവിവരമടങ്ങിയ ഒരു ഇടവക പൊതുയോഗ രജിസ്റ്റർ പള്ളിയിൽ ഉണ്ടായിരിക്കേണ്ടതും പൊതുയോഗ നോട്ടീസ് പരസ്യപ്പെടുത്തുന്നതോടൊപ്പം ഇടവകപൊതുയോഗ രജിസ്റ്റർ പ്രകാരമുള്ള ലിസ്റ്റ് പള്ളിയിലെ നോട്ടീസ് ബോർഡിൽ പരസ്യം ചെയ്യേണ്ടതുമാണ്. ഇടവക പൊതുയോഗ രജിസ്റ്ററിൽ പേര് ചേർക്കുന്നതിനുള്ള അവസാന തീയതി അതാതു പൊതുയോഗത്തിന് ആറു ദിവസം മുമ്പായിരിക്കുന്നതും, പൊതുയോഗത്തിന് നാലു ദിവസത്തിനു മുമ്പ് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചിരിക്കേണ്ടതുമാണ്. ഇടവക

**26.** ഇടവകയോഗാംഗങ്ങളിൽ മുടക്കപ്പെട്ടവർ, പള്ളിക്കുറ്റം ഉള്ളവർ, ക്നാനായേതരുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടിരിക്കുന്നവർ, വികാരിയുടെ അഭിപ്രായത്തിൽ തക്കതായ കാരണം കൂടാതെ ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിച്ച് വിശുദ്ധ കുർബ്ബാന അനുഭവിക്കാത്തവർ, പള്ളി ഇടവകയ്ക്കോ സമുദായത്തിനോ കൊടുത്തടയ്ക്കേണ്ട സംഖ്യ രണ്ടു വർഷത്തിനുമേൽ കൊടുക്കാതെ വീഴ്ചവരുത്തിയവർ എന്നിവർക്ക് ഇടവകയോഗത്തിൽ സംബന്ധിക്കുന്നതിന് അവകാശമില്ലാത്തതാകുന്നു.

**27.** വികാരി ഇടവകയോഗം വിളിച്ചുകൂട്ടേണ്ടതും യോഗം കൂടുന്ന ഞായറാഴ്ച ഉൾപ്പെടെ തുടർച്ചയായി മൂന്നു ഞായറാഴ്ച വി. കുർബ്ബാനയ്ക്കുശേഷം ആളുകൾ പിരിയുന്നതിന് മുമ്പ് യോഗത്തെപ്പറ്റിയും യോഗം കൂടുന്ന സ്ഥലം, സമയം, യോഗത്തിൽ ആലോചിക്കേണ്ട വിഷയങ്ങൾ എന്നിവയെപ്പറ്റിയും വിളിച്ചുപറയേണ്ടതുമാകുന്നു. വികാരിയ്ക്കു സൗകര്യമില്ലാത്ത പക്ഷം വികാരിയുടെ നിർദ്ദേശാനുസരണം സഹായപട്ടക്കാരന് വിളിച്ചു പറയാവുന്നതാണ്. ഇതിനും പുറമെ മേൽപ്പറഞ്ഞ വിവരങ്ങൾ കാണിച്ച് ഒരു നോട്ടീസ് വികാരി എഴുതി ഒപ്പിട്ട് യോഗതീയതിയ്ക്ക് ഒരാഴ്ചയ്ക്കു മുമ്പ് പള്ളിയിലെ നോട്ടീസ് ബോർഡിൽ പതിക്കേണ്ടതാണ്.

**28.** ഇങ്ങനെ കൂടുന്ന യോഗത്തിൽ ഇടവകയോഗ രജിസ്റ്ററിൻപ്രകാരം ഉള്ളതിൽ 10% അംഗങ്ങൾ ഹാജരുള്ള പക്ഷം കോറം തികഞ്ഞതായി ഗണിച്ച് യോഗം നടത്താവുന്നതാകുന്നു. കോറം തികയാത്തപക്ഷം അടുത്ത ഞായറാഴ്ച വിളിച്ചു പറഞ്ഞ് അതേസമയം യോഗം നടത്തേണ്ടതും അങ്ങനെ കൂടുന്ന യോഗത്തിന് കോറം നോക്കേണ്ട ആവശ്യമില്ലാത്തതുമാതുന്നു.

യോഗ രജിസ്റ്ററിൽ പേരില്ലാത്ത ഓരാൾക്കും ഇടവകയോഗത്തിൽ അഭിപ്രായം പറയുവാനോ വോട്ടുചെയ്യുവാനോ ഒദ്യോഗിക സ്ഥാനങ്ങൾ വഹിക്കുവാനോ അവകാശമില്ലാത്തതുമാകുന്നു.

**26.** ഇടവകപൊതുയോഗാംഗങ്ങളിൽ മുടക്കപ്പെട്ടവർ, പള്ളിക്കുറ്റം ഉള്ളവർ, ക്നാനായേതരുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടതിനാൽ നോട്ടീസ് കൊടുത്ത് ഇടവക രജിസ്റ്ററിൽ നിന്നും ഇടവക പൊതുയോഗ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യപ്പെട്ടവർ, വികാരിയുടെ അഭിപ്രായത്തിൽ തക്കതായ കാരണം കൂടാതെ ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിച്ച് വിശുദ്ധ കുർബ്ബാന അനുഭവിച്ചിട്ടില്ലാത്തവർ, പള്ളി ഇടവകയ്ക്കോ സമുദായത്തിനോ കൊടുത്തടയ്ക്കേണ്ട വിഹിതങ്ങൾ രണ്ടു വർഷത്തിനുമേൽ കൊടുക്കാതെ വീഴ്ചവരുത്തിയവർ എന്നിവർക്ക് ഇടവകപൊതുയോഗത്തിൽ സംബന്ധിക്കുന്നതിന് അവകാശമില്ലാത്തതാകുന്നു.

**27.** വികാരി ഇടവകപൊതുയോഗം വിളിച്ചുകൂട്ടേണ്ടതും യോഗം കൂടുന്ന ഞായറാഴ്ച ഉൾപ്പെടെ തുടർച്ചയായി മൂന്നു ഞായറാഴ്ചകളിൽ വി. കുർബ്ബാനയ്ക്കുശേഷം ആളുകൾ പിരിയുന്നതിന് മുമ്പ് യോഗത്തെപ്പറ്റിയും യോഗം കൂടുന്ന തീയതി, സ്ഥലം, സമയം, യോഗത്തിൽ ആലോചിക്കേണ്ട വിഷയങ്ങൾ എന്നിവയെപ്പറ്റിയും വിളിച്ചുപറയേണ്ടതുമാകുന്നു. വികാരിയ്ക്കു സൗകര്യമില്ലാത്ത പക്ഷം വികാരിയുടെ നിർദ്ദേശാനുസരണം സഹായപട്ടക്കാരന് വിളിച്ചു പറയാവുന്നതാണ്. ഇതിനും പുറമെ മേൽപ്പറഞ്ഞ വിവരങ്ങൾ കാണിച്ച് ഒരു നോട്ടീസ് വികാരി എഴുതി ഒപ്പിട്ട് യോഗതീയതിയ്ക്ക് ഒരാഴ്ചയ്ക്കു മുമ്പ് പള്ളിയിലെ നോട്ടീസ് ബോർഡിൽ പതിക്കേണ്ടതാണ്.

**28.** ഇങ്ങനെ കൂടുന്ന ഇടവകപൊതുയോഗത്തിൽ ഇടവകപൊതുയോഗ രജിസ്റ്ററിൻപ്രകാരം ഉള്ളതിൽ 20% അംഗങ്ങൾ ഹാജരുള്ള പക്ഷം കോറം തികഞ്ഞതായി ഗണിച്ച് യോഗം നടത്താവുന്നതാകുന്നു. കോറം തികയാത്തപക്ഷം അടുത്ത ഞായറാഴ്ച വിളിച്ചു പറഞ്ഞ് അതേ അജണ്ടപ്രകാരം അന്നുതന്നെ യോഗം നടത്തേണ്ടതും അങ്ങനെ കൂടുന്ന യോഗത്തിന് കോറം നോക്കേണ്ട ആവശ്യമില്ലാത്തതുമാതുന്നു.

**29.** ഏതെങ്കിലും സംഗതിക്ക് പെട്ടെന്ന് യോഗം വിളിച്ചുകൂട്ടേണ്ട ആവശ്യം നേരിടുകയും മൂന്നു ഞായറാഴ്ച വിളിച്ചു പറയുന്നതിന് സൗകര്യം ഇല്ലാതെ വരികയും ചെയ്യുന്ന സന്ദർഭത്തിൽ ഒരു ഞായറാഴ്ച വിളിച്ചു പറയുകയും 72 മണിക്കൂർ മുമ്പ് നോട്ടീസ് പതിക്കുകയും ചെയ്ത ശേഷം അടുത്ത ഞായറാഴ്ച യോഗം കൂടാവുന്നതാണ്. ഇങ്ങനെ കൂടുന്ന യോഗത്തിൽ കോറം നൂറ്റിന് പതിനഞ്ച് ആയിരിക്കേണ്ടതും യോഗനടപടി പുസ്തകത്തിൽ അത്യാവശ്യ സംഗതി വിവരിക്കേണ്ടതുമാകുന്നു.

**30.** മെത്രാപ്പോലീത്തായുടെ ആവശ്യപ്രകാരമോ, വികാരിക്ക് ആവശ്യമെന്ന് തോന്നുമ്പോഴോ, നിർവ്വാഹകസമിതിയുടെ ആവശ്യത്തിന്മേലോ, ഇടവകയോഗാംഗങ്ങളിൽ നൂറ്റിന് പത്തുവീതം ആളുകൾ രേഖാമൂലം ആവശ്യപ്പെടുമ്പോഴോ വികാരി മുറപ്രകാരം ഇടവകയോഗം വിളിച്ചുകൂട്ടേണ്ടതാകുന്നു.

**31.(എ)** ആണ്ടിൽ രണ്ടുപ്രാവശ്യമെങ്കിലും ഇടവകയോഗം കൂടിയിരിക്കേണ്ടതാണ്. എന്നാൽ അങ്ങനെ യോഗം കൂടാതിരിക്കുകയോ മേൽ വകുപ്പിൽ പറയുന്ന ആളുകൾ ആവശ്യപ്പെടുമ്പോൾ വികാരി ഇടവകയോഗം വിളിച്ചുകൂട്ടാതിരിക്കുകയോ ചെയ്യുന്ന പക്ഷം മെത്രാപ്പോലീത്താ നേരിട്ടോ, സങ്കടകക്ഷികളുടെ അപേക്ഷപ്രകാരമോ അക്കാര്യത്തിൽ പ്രവേശിച്ച് വേണ്ട തീരുമാനം ചെയ്യുന്നതാകുന്നു.

**(ബി)** ഏതെങ്കിലും കാരണത്താൽ ഒരു തെരഞ്ഞെടുപ്പ് പൊതുയോഗം നിശ്ചിത സമയത്ത് നടക്കാതെ വരികയാണെങ്കിൽ മെത്രാപ്പോലീത്തായുടെ നിർദ്ദേശാനുസരണം നാലാഴ്ചക്കുള്ളിൽ വികാരി വീണ്ടും യോഗം വിളിച്ചുകൂട്ടി തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. എന്നാൽ അസ്സോസിയേഷൻ പ്രതിനിധികളെ തെരഞ്ഞെടുക്കേണ്ടതിന് (101 സി) വകുപ്പ് ബാധകമായിരിക്കുന്നതാണ്.

**29.** ഏതെങ്കിലും സംഗതിക്ക് പെട്ടെന്ന് യോഗം വിളിച്ചുകൂട്ടേണ്ട അത്യാവശ്യം നേരിടുകയും മൂന്നു ഞായറാഴ്ച വിളിച്ചു പറയുന്നതിന് സൗകര്യം ഇല്ലാതെ വരികയും ചെയ്യുന്ന സന്ദർഭത്തിൽ ഒരു ഞായറാഴ്ച വിളിച്ചു പറയുകയും 72 മണിക്കൂർ മുമ്പ് നോട്ടീസ് പതിക്കുകയും ചെയ്ത ശേഷം അടുത്ത ഞായറാഴ്ച യോഗം കൂടാവുന്നതാണ്. ഇങ്ങനെ കൂടുന്ന യോഗത്തിൽ കോറം നൂറിന് ഇരുപത്തിയഞ്ച് ആയിരിക്കേണ്ടതും യോഗനടപടി പുസ്തകത്തിൽ അത്യാവശ്യ സംഗതി വിവരിക്കേണ്ടതുമാകുന്നു. ഇപ്രകാരം കൂടുന്ന പൊതുയോഗത്തിന് മേൽ 28-ാംവകുപ്പ് ബാധകമല്ല.

**30.** സമുദായ മെത്രാപ്പോലീത്തായുടെയോ മേഖലാ മെത്രാപ്പോലീത്തായുടെയോ ആവശ്യപ്രകാരമോ, വികാരിക്ക് ആവശ്യമെന്ന് തോന്നുമ്പോഴോ, നിർവ്വാഹകസമിതിയുടെ ആവശ്യത്തിന്മേലോ, ഇടവകയോഗാംഗങ്ങളിൽ നൂറിന് ഇരുപത് വീതം ആളുകൾ രേഖാമൂലം ആവശ്യപ്പെടുമ്പോഴോ വികാരി മുറപ്രകാരം ഇടവകപൊതുയോഗം വിളിച്ചുകൂട്ടേണ്ടതാകുന്നു.

**31. (എ)** ആണ്ടിൽ രണ്ടുപ്രാവശ്യമെങ്കിലും ഇടവകപൊതുയോഗം കൂടിയിരിക്കേണ്ടതാണ്. എന്നാൽ അങ്ങനെ യോഗം കൂടാതിരിക്കുകയോ മേൽ വകുപ്പിൽ പറയുന്ന ആളുകൾ ആവശ്യപ്പെടുമ്പോൾ വികാരി ഇടവകയോഗം വിളിച്ചുകൂട്ടാതിരിക്കുകയോ, വിളിച്ചുകൂട്ടുന്ന യോഗത്തിൽ സഹകരിക്കാതിരിക്കുകയോ ചെയ്യുന്ന പക്ഷം മേഖലാ മെത്രാപ്പോലീത്താ നേരിട്ടോ, സങ്കടകക്ഷികളുടെ അപേക്ഷപ്രകാരമോ അക്കാര്യത്തിൽ പ്രവേശിച്ച് വേണ്ട തീരുമാനം ചെയ്യേണ്ടതാകുന്നു.

**31 (ബി)** പള്ളിപൊതുയോഗം വിളിച്ചുകൂട്ടാതിരിക്കുകയോ, വിളിച്ചുകൂട്ടിയിട്ട് നടക്കാതിരിക്കുകയോ മേഖലാ മെത്രാപ്പോലീത്താ കൽപന കൊടുത്തിട്ടും വികാരി യോഗം വിളിച്ചു കൂട്ടാതിരിക്കുകയോ ചെയ്താൽ മേഖലാ മെത്രാപ്പോലീത്താ നിയോഗിക്കുന്ന ആൾ യോഗം വിളിച്ചുകൂട്ടി അദ്ധ്യക്ഷത വഹിച്ച് അജണ്ടായിൽ കാണിച്ചിരിക്കുന്ന എല്ലാ വിഷയങ്ങളും ആലോചിച്ച് തീരുമാനിക്കാവുന്നതും, ആ തീരുമാനങ്ങൾ ബന്ധപ്പെട്ട എല്ലാവരേയും ബാധിക്കുന്നതുമാകുന്നു. എന്നാൽ

മേഖലാ മെത്രാപ്പോലീത്താ ഇല്ലാതെ വരികയോ, പ്രവർത്തനരഹിതനാകുകയോ ചെയ്യുന്ന അസാധാരണ പരിതസ്ഥിതിയിൽ സമുദായ മെത്രാപ്പോലീത്താ നിയോഗിക്കുന്ന ആൾ പൊതുയോഗം വിളിച്ചുകൂട്ടി അദ്ധ്യക്ഷത വഹിച്ച് തീരുമാനങ്ങൾ എടുത്ത് അവ നടപ്പാക്കേണ്ടതാകുന്നു.

**31(സി)** ഈ ഭരണഘടനയിൽ പറയുന്ന കാര്യങ്ങളുടെനിവർത്തിക്കായി സമുദായ മെത്രാപ്പോലീത്തായോ, മേഖലാ മെത്രാപ്പോലീത്തായോ ഈ ഘടന അനുസരിച്ച് അയക്കുന്ന കല്പനകളും രേഖാമൂലം നൽകുന്ന നിർദ്ദേശങ്ങളും വികാരി യഥാസമയം നടപ്പിലാക്കേണ്ടതാണ്. നടപ്പിലാക്കാതിരിക്കുന്ന വികാരിയുടെ, ഭരണപരമായ അധികാരങ്ങൾ, മേഖലാ മെത്രാപ്പോലീത്തായിൽ നിന്ന് പിന്നെ ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെയും തനിയെ ദുർബലമാകുന്നതാണ്. എന്നാൽ ഇടവക ജനങ്ങളുടെ ആത്മീക കർത്തവ്യ നിർവ്വഹണത്തിന് ഇത് തടസ്സമായിരിക്കുന്നതല്ല. ഇപ്രകാരമുള്ള കൽപനകളും നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിൽ വികാരിയെ തടസ്സപ്പെടുത്തുന്നവരുടെമേൽ പള്ളികുറ്റം ഉണ്ടായിരിക്കുന്നതാണ്.

**31 (ഡി)** ഏതെങ്കിലും കാരണവശാൽ ഇടവകപൊതുയോഗം വിളിച്ച് കൂട്ടുന്നതിന് നിർദ്ദേശം കൊടുക്കുവാൻ മേഖലാ മെത്രാപ്പോലീത്തായ്ക്ക് സാധിക്കാതെ വരുന്ന സാഹചര്യം ഉണ്ടായാൽ ഇടവകാംഗങ്ങളിൽ 25% ആളുകളുടെ രേഖാമൂലമായ പരാതി സമുദായ മെത്രാപ്പോലീത്തയ്ക്ക് സമർപ്പിക്കേണ്ടതാണ്. അദ്ദേഹം അധികാരപ്പെടുത്തുന്ന സമുദായാംഗമായ ഒരു വൈദികനേയോ അൽമേനിയേയോ ഇടവകപൊതുയോഗം വിളിച്ച് കൂട്ടി ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് ചുമതലപ്പെടുത്തേണ്ടതാണ്.

**31 (ഇ)** ഏതെങ്കിലും കാരണത്താൽ ഒരു തെരഞ്ഞെടുപ്പ് പൊതുയോഗം നിശ്ചിത സമയത്ത് നടക്കാതെ വരികയാണെങ്കിൽ മേഖലാ മെത്രാപ്പോലീത്തായുടെ നിർദ്ദേശാനുസരണം നാലാഴ്ചക്കുള്ളിൽ വികാരി വീണ്ടും യോഗം വിളിച്ചുകൂട്ടി തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. എന്നാൽ അസ്സോസിയേഷൻ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിന് (101 സി) വകുപ്പ് ബാധകമായിരിക്കുന്നതാണ്.

**31. (എഫ്)** ഇടവക പൊതുയോഗ നടത്തിപ്പിൽ ട്രസ്റ്റി/സെക്രട്ടറി, വികാരി യോട് മനഃപൂർവ്വം സഹകരിക്കാതെ വരുന്ന സാഹചര്യത്തിൽ, ഭൂരിപക്ഷം കമ്മറ്റി അംഗങ്ങളുടെയും വികാരിയുടേയും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സെക്ര ട്ടറിയെ/ ട്രസ്റ്റി യെ മാറ്റി ഇടവകാംഗങ്ങളിൽ നിന്ന് പുതിയ സെക്രട്ടറി/ ട്രസ്റ്റി യെ താൽക്കാലികമായി നിയമിക്കുന്നതിന് മേഖല മെത്രാപ്പോലീത്തായ്ക്ക് അധി കാരം ഉണ്ടായിരിക്കും. അങ്ങനെ നിയമിതനാകുന്ന സെക്രട്ടറിയെ/ ട്രസ്റ്റി വികാ രിയോടു ചേർന്ന് മൂന്നു മാസത്തിനകം ഇടവക പൊതുയോഗം വിളിച്ചുകൂട്ടി ക്രമപ്രകാരം സെക്രട്ടറിയെ / ട്രസ്റ്റിയെ തെരഞ്ഞെടുക്കേണ്ടതാണ്. മാറ്റപ്പെടുന്ന സെക്രട്ടറി/ ട്രസ്റ്റി അവരുടെ പക്കലുള്ള എല്ലാ റിക്കാർഡുകളും പണവും പുതു തായി നിയമിക്കപ്പെടുന്ന സെക്രട്ടറി/ ട്രസ്റ്റിയെ ഏല്പിക്കേണ്ടതാണ്.

**32.** വികാരി ഇടവകയോഗത്തിന്റെ അദ്ധ്യക്ഷൻ ആയിരിക്കുന്നതും ഇട വകയോഗത്തിൽ അദ്ധ്യക്ഷത വഹിക്കേണ്ടതും ആകുന്നു. അദ്ദേഹത്തിന് അദ്ധ്യക്ഷം വഹിക്കുന്നതിന് സൗകര്യമില്ലാതെ വന്നാൽ വികാരിയുടെ നിർദ്ദേശപ്രകാരം സഹായപട്ടക്കാരന് അദ്ധ്യക്ഷം വഹിക്കാവുന്നതുമാണ്.

**32.** വികാരി ഇടവകയോഗത്തിന്റെ അദ്ധ്യക്ഷൻ ആയിരിക്കുന്നതും ഇടവക യോഗത്തിൽ അദ്ധ്യക്ഷത വഹിക്കേണ്ടതും ആകുന്നു. അദ്ദേഹത്തിന് അദ്ധ്യക്ഷം വഹിക്കുന്നതിന് സൗകര്യമില്ലാതെ വന്നാൽ വികാരിയുടെ നിർദ്ദേശപ്രകാരം സഹായപട്ടക്കാരന് അദ്ധ്യക്ഷം വഹിക്കാവുന്നതാണ്. എന്നാൽ സഹായപട്ടക്കാ രനും ഇല്ലാത്ത സാഹചര്യത്തിൽ വികാരി രേഖാമൂലം ചുമതലപ്പെടുത്തുന്ന ഒരു ക്നാനായ വൈദികനോ ഇടവകാംഗങ്ങളിൽ ഓരാൾക്കോ ഇടവകപൊതുയോ ഗത്തിൽ അദ്ധ്യക്ഷത വഹിക്കാവുന്നതാകുന്നു.

**33.** കൈക്കാരൻ, സെക്രട്ടറി, നിർവ്വാഹകസമിതി അംഗങ്ങൾ എന്നി വരെ തിരഞ്ഞെടുക്കുക, തന്നാണ്ടത്തെ ആയവ്യയകണക്ക് പാസ്സാക്കുക, കണക്കു പരിശോധകനെ നിയമിക്കുക, അദ്ദേഹത്തിന്റെ പ്രതിഫലം നിശ്ച യിക്കുക, കണക്കു പരിശോധകന്റെ റിപ്പോർട്ട് വിമർശനം ചെയ്യുക, വാർഷിക തിരട്ട് പാസ്സാക്കുക, പള്ളിക്ക് വസ്തുക്കൾ സമ്പാദിക്കുകയോ പള്ളിവക സ്ഥാവര ജംഗമവസ്തുക്കൾ വിൽക്കുകയോ കടപ്പെടുത്തു കയോ ചെയ്യുക, പള്ളിക്കാവശ്യമെന്നു തോന്നുന്ന സംഗതികളെപ്പറ്റി ആലോചിച്ചു തീരുമാനം ചെയ്യുക മുതലായവ ഇടവകയോഗത്തിന്റെ ചുമ തലയിൽപ്പെട്ട സംഗതികളാകുന്നു.

**33.** കൈക്കാരൻ, സെക്രട്ടറി, നിർവ്വാഹകസമിതി അംഗങ്ങൾ എന്നി വരെ തിരഞ്ഞെടുക്കുക, വാർഷിക ബഡ്ജറ്റ് പാസ്സാക്കുക, കണക്കു പരി ശോധകനെ നിയമിക്കുക, അദ്ദേഹത്തിന്റെ പ്രതിഫലം നിശ്ചയിക്കുക, പരി ശോധകന്റെ റിപ്പോർട്ട് വിശകലനം ചെയ്ത് തന്നാണ്ടത്തെ വാർഷിക ക ണക്ക് പാസ്സാക്കുക, പള്ളിക്ക് വസ്തുക്കൾ സമ്പാദിക്കുകയോ പള്ളിവക സ്ഥാവര ജംഗമവസ്തുക്കൾ ഭരണഘടനാനുസൃതം വിൽക്കുകയോ കട പ്പെടുത്തുകയോ ചെയ്യുക, പള്ളിക്കാവശ്യമെന്നു തോന്നുന്ന സംഗതിക ളെപ്പറ്റി ആലോചിച്ചു തീരുമാനം ചെയ്യുക മുതലായവ ഇടവകയോഗ ത്തിന്റെ ചുമതലയിൽപ്പെട്ട സംഗതികളാകുന്നു.

**34. മാറ്റമില്ല**

**34.** പള്ളിവകപണം താഴെപ്പറയുന്ന ആവശ്യങ്ങൾക്ക് വിനിയോഗിക്കേണ്ടതും അവ കഴിഞ്ഞ് ബാക്കിയുണ്ടായിരുന്നാൽ മാത്രം മറ്റു കാര്യങ്ങൾക്ക് ചെലവിടേണ്ടതുമാകുന്നു.

**(എ)** പള്ളിയിലെ കുർബ്ബാന, പെരുന്നാൾ മുതലായവയ്ക്കുള്ള ചെലവുകൾ.

**(ബി)** പട്ടക്കാരുടെയും, കപ്യാരന്മാരുടെയും, മറ്റ് ശമ്പള ചെലവ്

**(സി)** പള്ളിയുടെയും പള്ളിക്കെട്ടിടങ്ങളുടെയും സംരക്ഷണചെലവുകൾ,സ്ഥാവര വസ്തുക്കളുടെ നികുതി കൊടുക്കൽ, സാധാരണ ദേഹണ്ഡം മുതലായവയ്ക്കുള്ള ചെലവുകൾ.

**((ഡി)** ഭദ്രാസനനിധിക്കും, കമ്മട്ടി, കൈമുത്ത്, പ്രൊവിഡന്റ് ഫണ്ട്, വൈദികശമ്പളവിഹിതം എന്നിവകൾക്കും ഉള്ള തുകകൾ.

**(ഇ)** പ്രത്യേക ആവശ്യങ്ങൾക്ക് മെത്രാപ്പോലീത്തായുടെ കല്പന അനുസരിച്ച് വേണ്ടിവരുന്ന ചെലവുകൾ.

**(എഫ്)** പള്ളിവകയായി നടത്തപ്പെടുന്ന സ്ക്കൂളുകൾ, അനാഥശാലകൾ, ധർമ്മാശുപത്രികൾ, സണ്ടേസ്ക്കൂളുകൾ, പ്രാർത്ഥനാസമാജങ്ങൾ, സുവിശേഷവേലകൾ, ആവശ്യമെന്ന് ഇടവകയോഗത്തിന് തോന്നുന്ന മറ്റു ധർമ്മ സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള ചെലവുകൾ.

**35.** പള്ളിയ്ക്ക് സ്ഥാവര വസ്തുക്കൾ സമ്പാദിക്കുകയോ പള്ളിവക സ്ഥാവര വസ്തുക്കൾ വിൽക്കുകയോ കടപ്പെടുത്തുകയോ ചെയ്യണമെന്നിരുന്നാൽ ഇടവകയോഗത്തിന്റെ നിശ്ചയമനുസരിച്ചും മെത്രാപ്പോലീത്തായുടെ രേഖാമൂലമായ അനുവാദത്തോടുകൂടിയും ട്രസ്റ്റികൾ ചെയ്യേണ്ടതാകുന്നു.

**(എ)** പട്ടക്കാരുടെയും, പ്രധാനശുശ്രൂഷകന്റെയും (കപ്യാർ), സുവിശേഷകരുടേയും മറ്റും ശമ്പള ചെലവ്

**(ബി)** പള്ളിയിലെ കുർബ്ബാന, പെരുന്നാൾ മുതലായവയ്ക്കുള്ള ചെലവുകൾ.

**(സി)** പള്ളിയുടെയും പള്ളിക്കെട്ടിടങ്ങളുടെയും സംരക്ഷണചെലവുകൾ,സ്ഥാവര വസ്തുക്കളുടെ നികുതി കൊടുക്കൽ, സാധാരണ ദേഹണ്ഡം മുതലായവയ്ക്കുള്ള ചെലവുകൾ.

**(ഡി)** ഭദ്രാസനനിധി, കമ്മട്ടി, കൈമുത്ത്, പ്രൊവിഡന്റ് ഫണ്ട്, എന്നിവകൾക്കുള്ള തുകകൾ.

**(ഇ)** പ്രത്യേക ആവശ്യങ്ങൾക്ക് മെത്രാപ്പോലീത്തായുടെ കല്പന അനുസരിച്ച് വേണ്ടിവരുന്ന ചെലവുകൾ.

**(എഫ്)** പള്ളിവകയായി നടത്തപ്പെടുന്ന സ്ക്കൂളുകൾ, അനാഥശാലകൾ, ധർമ്മാശുപത്രികൾ, സണ്ടേസ്ക്കൂളുകൾ, പ്രാർത്ഥനാസമാജങ്ങൾ, സുവിശേഷപ്രവർത്തനങ്ങൾ, ആവശ്യമെന്ന് ഇടവകയോഗത്തിന് തോന്നുന്ന മറ്റു ധർമ്മ സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള ചെലവുകൾ.

**(ജി)** വികാരിയ്ക്ക് കുടുംബസമേതം താമസിക്കുന്നതിനാവശ്യമായ പാഴ്സണേജ് നിർമ്മിക്കുന്നതിലേക്കുള്ള ചെലവുകൾ.

**35.** പള്ളിയ്ക്ക് സ്ഥാവര വസ്തുക്കൾ സമ്പാദിക്കുകയോ പള്ളിവക സ്ഥാവര വസ്തുക്കൾ വിൽക്കുകയോ കടപ്പെടുത്തുകയോ ചെയ്യണമെന്നിരുന്നാൽ ഇടവകയോഗത്തിന്റെ നിശ്ചയമനുസരിച്ചും സമുദായ മെത്രാപ്പോലീത്തായുടെ രേഖാമൂലമായ അനുവാദത്തോടുകൂടിയും ട്രസ്റ്റികൾ ചെയ്യേണ്ടതാകുന്നു.

**36.** വാർഷിക ആയവ്യയ കണക്ക്, നിർവ്വാഹകസമിതിയുടെ തെരഞ്ഞെടുപ്പ് ഇവ സംബന്ധിച്ചുള്ള ഇടവകയോഗ നിശ്ചയങ്ങളുടെ പകർപ്പ് വികാരി സാക്ഷ്യപ്പെടുത്തി മെത്രാപ്പോലീത്തായ്ക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങി നടപ്പിൽ വരുത്തേണ്ടതും മറ്റു നിശ്ചയങ്ങളുടെ പകർപ്പ് വികാരി സാക്ഷിപ്പെടുത്തി യഥാകാലം മെത്രാപ്പോലീത്തായ്ക്ക് അയച്ചുകൊടുക്കേണ്ടതുമാകുന്നു. യോഗനിശ്ചയങ്ങളുടെ പകർപ്പ് മെത്രാപ്പോലീത്തായ്ക്ക് സമർപ്പിച്ച് 30 ദിവസങ്ങൾക്കുള്ളിൽ പ്രസ്തുത നിശ്ചയങ്ങളെ സംബന്ധിച്ച് മെത്രാപ്പോലീത്തായുടെ തീരുമാനം ഉണ്ടാകാത്ത പക്ഷം യോഗനിശ്ചയങ്ങൾ മെത്രാപ്പോലീത്താ അംഗീകരിച്ചതായി പരിഗണിക്കുന്നതാണ്.

## ഇടവക നിർവ്വാഹകസമിതി

**37.** ഇടവകയോഗത്താൽ തെരഞ്ഞെടുക്കപ്പെടുന്നതും അഞ്ചിൽ കുറയാതെയും പതിനഞ്ചിൽ കവിയാതെയും അംഗങ്ങൾ ഉള്ളതുമായ ഒരു നിർവ്വാഹക സമിതി ഇടവകയ്ക്ക് ഉണ്ടായിരിക്കേണ്ടതാണ്. ടി. സമിതി മുഖാന്തരം ഇടവകസംബന്ധമായ സാധാരണ കാര്യങ്ങൾ നിർവ്വഹിക്കപ്പെടേണ്ടതും സമിതി അംഗങ്ങളുടെ കാലാവധി ഒരു വർഷത്തേയ്ക്ക് മാത്രമായിരിക്കേണ്ടതുമാണ്.

**38.** വികാരിയും സഹായപട്ടക്കാർ ഉണ്ടെങ്കിൽ അവരും തന്നാണ്ടു കൈക്കാരനും സെക്രട്ടറിയും നിർവ്വാഹ സമിതിയിൽ ഉൾപ്പെട്ടിരിക്കേണ്ടതാണ്. എന്നാൽ കുരിശുപള്ളികളിലെ ചുമതലയുള്ള പട്ടക്കാർ പ്രത്യേകക്ഷണിതാക്കൾ ആയിരിക്കും.

**36.** വാർഷിക കണക്ക്, നിർവ്വാഹകസമിതിയുടെ തെരഞ്ഞെടുപ്പ്, മറ്റ് നിശ്ചയങ്ങൾ ഇവ സംബന്ധിച്ചുള്ള ഇടവകയോഗ നിശ്ചയങ്ങളുടെ നാലു പകർപ്പുകൾ വികാരി സാക്ഷ്യപ്പെടുത്തി മേഖലാ മെത്രാപ്പോലീത്തായ്ക്ക് അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. അങ്ങനെ സമർപ്പിക്കപ്പെടുന്ന പ്രസ്തുത നിശ്ചയങ്ങൾ അംഗീകരിക്കുന്നതിന് മുമ്പ്, നിശ്ചയങ്ങൾ സമർപ്പിച്ചിരുന്ന പള്ളിയിൽ നിന്നും ഭദ്രാസനത്തിലേക്ക് ലഭിക്കേണ്ട വിഹിതങ്ങൾ യഥാസമയം ലഭിച്ചിട്ടുണ്ടെന്ന് മേഖലാ മെത്രാപ്പോലീത്താ ഉറപ്പുവരുത്തേണ്ടതാണ്. മെത്രാപ്പോലീത്താഅംഗീകാരം നൽകുന്ന ടി. തീരുമാനങ്ങളുടെ ഒരു പകർപ്പ് ഒപ്പും മുദ്രയും വച്ച് സമുദായ മെത്രാപ്പോലീത്തായ്ക്കും മറ്റൊരു പകർപ്പ് സമുദയാ ട്രസ്റ്റിയ്ക്കും ഒരു പകർപ്പ് ടി. ഇടവകയ്ക്കും നൽകേണ്ടതാണ്.

ടി. നിശ്ചയങ്ങൾ അംഗീകരിക്കുന്നതിന് തടസ്സമായി തക്കതായ കാരണങ്ങൾ ഉണ്ടെങ്കിൽ ആയത് മെത്രാപ്പോലീത്താ രേഖാമൂലം 30 ദിവസങ്ങൾക്കുള്ളിൽ ബന്ധപ്പെട്ട ഇടവകയെ കാര്യകാരണസഹിതം അറിയിച്ചിരിക്കേണ്ടതും, അല്ലാത്ത പക്ഷം ടി. നിശ്ചയങ്ങൾ അംഗീകരിക്കപ്പെട്ടതായി പരിഗണിക്കപ്പെടുന്നതും ആണ്.

## ഇടവക നിർവ്വാഹകസമിതി

**37.** ഇടവകയോഗത്താൽ തെരഞ്ഞെടുക്കപ്പെടുന്നതും അഞ്ചിൽ കുറയാതെയും പതിനഞ്ചിൽ കവിയാതെയും അംഗങ്ങൾ ഉള്ളതുമായ ഒരു നിർവ്വാഹക സമിതി ഇടവകയ്ക്ക് ഉണ്ടായിരിക്കേണ്ടതാണ്. ടി. സമിതി മുഖാന്തരം ഇടവകസംബന്ധമായ സാധാരണ കാര്യങ്ങൾ നിർവ്വഹിക്കപ്പെടേണ്ടതും സമിതി അംഗങ്ങളുടെ കാലാവധി രണ്ട് വർഷമായിരിക്കുന്നതുമാണ്.

**38.** വികാരിയും സഹായപട്ടക്കാർ ഉണ്ടെങ്കിൽ അവരും കൈക്കാരനും സെക്രട്ടറിയും നിർവ്വാഹക സമിതിയിൽ ഉൾപ്പെട്ടിരിക്കേണ്ടതാണ്. കുരിശുപള്ളികളിലെ ചുമതലയുള്ള പട്ടക്കാർ വോട്ടവകാശമുള്ള പ്രത്യേകക്ഷണിതാക്കൾ ആയിരിക്കും.

**39.** നിർവ്വാഹക സമിതിയോഗം സെക്രട്ടറി വിളിച്ചുകൂട്ടേണ്ടതും വികാരി യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കേണ്ടതുമാണ്. എന്തെങ്കിലും കാരണത്താൽ വികാരിക്ക് സൗകര്യമില്ലാതെ വന്നാൽ വികാരിയാൽ നിയോഗിക്കപ്പെടുന്ന നിർവ്വാഹക സമിതിയംഗം ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

**40.** ട്രസ്റ്റികളിൽ ആരെങ്കിലുമോ നിർവ്വാഹക സമിതിയംഗങ്ങളിൽ രണ്ടുപേരോ മെത്രാപ്പോലീത്തായോ ആവശ്യപ്പെടുമ്പോൾ സെക്രട്ടറി നിർവ്വാഹക സമിതി വിളിച്ചുകൂട്ടേണ്ടതാകുന്നു. അങ്ങനെ ആവശ്യപ്പെടുന്ന തീയതി മുതൽ ഒരാഴ്ചക്കകം സെക്രട്ടറി നോട്ടീസ് അയയ്ക്കാതെ ഇരുന്നാൽ ആവശ്യപ്പെട്ട കക്ഷിക്ക് സമിതിയോഗം വിളിച്ചുകൂട്ടാവുന്നതാകുന്നു. ആണ്ടിൽ നാലു പ്രാവശ്യത്തിൽ കുറയാതെ സമിതി കൂടേണ്ടതാണ്.

**41.** ഇടവകയോഗത്തിന്റെ സെക്രട്ടറി തന്നെ നിർവ്വാഹകസമിതിയുടെയും സെക്രട്ടറിയായിരിക്കേണ്ടതാണ്.

**42.** തന്നാണ്ടത്തെ ആയവ്യയ കണക്ക് ഉൾപ്പെടെയുള്ള കാര്യപരിപാടി തയ്യാറാക്കി ഇടവകയോഗത്തിൽ അവതരിപ്പിക്കുക, ഇടവകയോഗം അധികാരപ്പെടുത്തുന്ന സംഗതികൾ നടപ്പിലാക്കുക, ട്രസ്റ്റികൾ ഹാജരാക്കുന്ന തിരട്ട് പരിശോധിച്ച് പാസ്സാക്കി ഇടവകയോഗത്തിൽ ഹാജരാക്കുക, അത്യാവശ്യ സംഗതികൾ നേരിടുമ്പോൾ ഇടവക യോഗത്തിന്റെ അനുവാദത്തെ പ്രതീക്ഷിച്ചുകൊണ്ട് വേണ്ടതു ചെയ്യുക എന്നിവ നിർവ്വാഹക സമിതിയുടെ ചുമതലയിൽപ്പെട്ട പ്രധാന സംഗതികളാകുന്നു.

**43.** വിശ്വാസാചാരങ്ങൾ, പട്ടത്വം, ശിക്ഷാക്രമം (Discipline) മേലദ്ധ്യക്ഷത എന്നിവയേ ബാധിക്കുന്ന യാതൊരു നിശ്ചയങ്ങളും പാസ്സാക്കുന്നതിന് ഇടവകയോഗത്തിനോ, നിർവ്വാഹക സമിതിയ്ക്കോ അധികാരമില്ലാത്തതാകുന്നു.

**39.** നിർവ്വാഹക സമിതിയോഗം സെക്രട്ടറി വിളിച്ചുകൂട്ടേണ്ടതും വികാരി യോഗത്തിൽ അദ്ധ്യക്ഷം വഹിക്കേണ്ടതുമാണ്. എന്തെങ്കിലും കാരണത്താൽ വികാരിക്ക് സൗകര്യമില്ലാതെ വന്നാൽ വികാരിയാൽ നിയോഗിക്കപ്പെടുന്ന ഒരു നിർവ്വാഹക സമിതിയംഗം അദ്ധ്യക്ഷം വഹിക്കേണ്ടതാണ്. കമ്മറ്റിയുടെ കോറം 50% ന് മേൽ ആയിരിക്കണം.

**40.** ട്രസ്റ്റികളിൽ ആരെങ്കിലുമോ നിർവ്വാഹക സമിതിയംഗങ്ങളിൽ രണ്ടുപേരോ മേഖലാ മെത്രാപ്പോലീത്തായോ ആവശ്യപ്പെടുമ്പോൾ സെക്രട്ടറി നിർവ്വാഹക സമിതി വിളിച്ചുകൂട്ടേണ്ടതാകുന്നു. അങ്ങനെ ആവശ്യപ്പെടുന്ന തീയതി മുതൽ ഒരാഴ്ചക്കകം സെക്രട്ടറി നോട്ടീസ് അയയ്ക്കാതെ ഇരുന്നാൽ ആവശ്യപ്പെട്ട കക്ഷിക്ക് സമിതിയോഗം വിളിച്ചുകൂട്ടാവുന്നതാകുന്നു. ആണ്ടിൽ പന്ത്രണ്ടു പ്രാവശ്യത്തിൽ കുറയാതെ സമിതിയോഗം കൂടേണ്ടതാണ്.

**41.** ഇടവകയോഗത്തിന്റെ സെക്രട്ടറി തന്നെ നിർവ്വാഹകസമിതിയുടെയും സെക്രട്ടറിയായിരിക്കുന്നതാണ്.

**42.** തന്നാണ്ടത്തെ ബഡ്ജറ്റും കണക്ക് ഉൾപ്പെടെയുള്ള കാര്യപരിപാടികളും തയ്യാറാക്കി ഇടവകയോഗത്തിൽ അവതരിപ്പിക്കുക, ഇടവകയോഗം അധികാരപ്പെടുത്തുന്ന സംഗതികൾ നടപ്പിലാക്കുക, ട്രസ്റ്റികൾ ഹാജരാക്കുന്ന വാർഷിക കണക്ക് പരിശോധിച്ച് പാസ്സാക്കി ഇടവകയോഗത്തിൽ ഹാജരാക്കുക, അത്യാവശ്യ സംഗതികൾ നേരിടുമ്പോൾ ഇടവക യോഗത്തിന്റെ അനുവാദത്തെ പ്രതീക്ഷിച്ചുകൊണ്ട് അതാത് ഇടവക പൊതുയോഗം നിശ്ചയിച്ചിട്ടുള്ള പരിധിയിൽ കവിയാതെയുള്ള ചെലവ് ചെയ്യുക എന്നിവ നിർവ്വാഹക സമിതിയുടെ ചുമതലയിൽപ്പെട്ട പ്രധാന സംഗതികളാകുന്നു.

**43.** **മാറ്റമില്ല.**

**44.** ഇടവകയോഗത്തിന്റെയോ, നിർവ്വാഹക സമിതിയുടേയോ നിശ്ചയത്തിൽ സങ്കടമുള്ള കക്ഷിക്ക് അതാതു മേഖല മെത്രാപ്പോലീത്തായ്ക്കും കേന്ദ്രഭരണ

**44.** ഇടവകയോഗത്തിന്റെയോ, നിർവ്വാഹക സമിതിയുടേയോ നിശ്ച യത്തിൽ സങ്കടമുള്ള കക്ഷിക്ക് മെത്രാപ്പോലീത്തായുടെ അടുക്കൽ രേഖാ മൂലം അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

**45.** ഇടവകയോഗ നിശ്ചയത്തിന്മേലുള്ള അപ്പീൽ ആ നിശ്ചയം ചെയ്ത തീയതി മുതൽ 10 ദിവസത്തിനകവും നിർവ്വാഹകസമിതി നിശ്ചയത്തി ന്മേലുള്ള അപ്പീൽ ആ നിശ്ചയം ചെയ്ത വിവരം കക്ഷിക്ക് അറിവുകിട്ടി 10 ദിവസങ്ങൾക്കകവും ആയിരിക്കേണ്ടതാകുന്നു.

**46.** രോഗം, അസ്വാസ്ഥ്യം, മരണം എന്നിവകളാലോ മറ്റേതെങ്കിലും കാരണവശാലോ കാലാവധിക്കു മുമ്പ് ഒഴിവു വരുന്ന സമിതി അംഗങ്ങ ളുടെ സ്ഥാനത്തേയ്ക്ക് ഇടവകയോഗാംഗങ്ങളിൽ നിന്ന് മറ്റാളുകളെ അടുത്ത ഇടവകയോഗം വരെയുള്ള സമയത്തേക്ക് നോമിനേറ്റ് ചെയ്യു ന്നതിന് നിർവ്വാഹകസമിതിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത ഇടവകയോഗത്തിൽ അവരെ സ്ഥിരപ്പെടുത്തുകയോ മറ്റംഗ ങ്ങളെ തെരഞ്ഞെടുക്കുകയോ ചെയ്യാവുന്നതാകുന്നു.

**47.** കാലാവധിക്കു മുമ്പായി ഏതെങ്കിലും കാരണവശാൽ കൈക്കാരനോ സെക്രട്ടറിയോ സ്ഥാനം ഒഴിയുന്നതായാൽ അവരുടെ പക്കലുള്ള പള്ളിവക സമാനങ്ങളും, റിക്കാർഡുകളും, പണവും അവർ വികാരിയേ ഏൽപ്പിക്കേ ണ്ടതും വികാരി മേൽപറഞ്ഞവ ഏറ്റെടുത്ത് ഉടനെ സമിതി വിളിച്ചുകൂട്ടി വേണ്ടത് പ്രവർത്തിക്കേണ്ടതുമാകുന്നു.

### ഇടവകമാറ്റം

**48.** ഒരു ഇടവകയിൽ നിന്നും സൗകര്യത്തെ ഉദ്ദേശിച്ചോ മറ്റ് ഏതെ

പ്രദേശത്ത് ഈ വിധത്തിലുള്ള പരാതികൾ വൈദിക കൗൺസിലിനും സമർപ്പി ക്കാവുന്നതാണ്. അവരുടെ തീരുമാനത്തിൽ സങ്കടമുള്ള കക്ഷിയ്ക്ക് സമുദായ മെത്രാപ്പോലീത്തായ്ക്ക് അപ്പീൽ ബോധിപ്പിക്കാവുന്നതാണ്. അദ്ദേഹം ആവശ്യ മായ അന്വേഷണം നടത്തി 60 ദിവസത്തിനുള്ളിൽ തീരുമാനമെടുത്ത് ബന്ധ പ്പെട്ട കക്ഷികളെ അറിയിയ്ക്കേണ്ടതും, ആ തിരുമാനം എല്ലാവർക്കും ബാധക മായിരിക്കുന്നതുമാണ്.

**45.** **മാറ്റമില്ല**

**46.** രോഗം, മരണം എന്നിവകളാലോ മറ്റേതെങ്കിലും കാരണവശാലോ കാലാ വധിക്കു മുമ്പ് ഒഴിവു വരുന്ന സമിതി അംഗങ്ങളുടെ സ്ഥാനത്തേയ്ക്ക് ഇടവക യോഗാംഗങ്ങളിൽ നിന്ന് മറ്റാളുകളെ അടുത്ത ഇടവകയോഗം വരെയുള്ള സമ യത്തേക്ക് നോമിനേറ്റ് ചെയ്യുന്നതിന് നിർവ്വാഹകസമിതിക്ക് അധികാരം ഉണ്ടാ യിരിക്കുന്നതാണ്. പ്രസ്തുത ഇടവകയോഗത്തിൽ അവരെ സ്ഥിരപ്പെടുത്തുകയോ മറ്റഗങ്ങളെ തെരഞ്ഞെടുക്കുകയോ ചെയ്യാവുന്നതാകുന്നു.

**47.** കാലാവധിക്കു മുമ്പായി ഏതെങ്കിലും കാരണവശാൽ കൈക്കാരനോ സെക്രട്ടറിയോ സ്ഥാനം ഒഴിയുന്നതായാൽ അവരുടെ പക്കലുള്ള പള്ളിവകസാധ നങ്ങളും, റിക്കാർഡുകളും, പണവും അവർ വികാരിയേ ഏൽപ്പിക്കേണ്ടതും വികാരി മേൽപറഞ്ഞവ ഏറ്റെടുത്ത് ഉടനെ സമിതി വിളിച്ചുകൂട്ടി വേണ്ടത് പ്രവർത്തിക്കേണ്ടതുമാകുന്നു.

### ഇടവകമാറ്റം

**48.** ഒരു മേഖലയിൽപ്പെട്ട ഒരു ഇടവകയിൽ നിന്നും സൗകര്യത്തെ ഉദ്ദേശിച്ചോ മറ്റ് ഏതെങ്കിലും കാരണവശാലോ അതേ മേഖലയിൽപ്പെട്ട വോറൊരു ഇടവകയിൽ ചേരണമെന്ന് ആഗ്രഹിക്കുന്ന ആൾ ബന്ധപ്പെട്ട അതേ മേഖലയിലെ മേഖലാ മെത്രാപ്പോലീത്തായ്ക്ക് വിവരത്തിന്

ങ്കിലും കാരണവശാലോ വോറൊരു ഇടവകയിൽ ചേരണമെന്ന് ആഗ്ര ഹിക്കുന്ന ആൾ മെത്രാപ്പോലീത്തായ്ക്ക് വിവരത്തിന് അപേക്ഷ അയയ്ക്കേണ്ടതും മെത്രാപ്പോലീത്താ രണ്ടു ഇടവക വികാരിമാരുടെയും റിപ്പോർട്ടു വരുത്തി ചെയ്യുന്ന തീരുമാനം അനുസരിച്ചു അപേക്ഷകൻ പ്രവർത്തിക്കേണ്ടതുമാകുന്നു. ഇടവക വികാരിമാർ ബന്ധപ്പെട്ട നിർവ്വാഹക സമിതിയുടെ അഭിപ്രായം ആരായേണ്ടതും അതിൻപ്രകാരം റിപ്പോർട്ട് നൽകേണ്ടതുമാകുന്നു. ഇടവകവികാരിയുടെ റിപ്പോർട്ട് ഇടവകമാറ്റം ആവശ്യപ്പെടുന്ന ആളിന് അനുകൂലമല്ലാതെ വന്നാൽ ആ പള്ളി പൊതുയോഗത്തിന് പരാതി സമർപ്പിക്കാവുന്നതുമാണ്.

**49.** (എ) ഔദ്യോഗിക കൃത്യങ്ങൾ മൂലമോ മറ്റേതെങ്കിലും കാരണവശാലോ ആറുമാസത്തിലധികം സ്വദേശം വിട്ട് മറ്റൊരു സ്ഥലത്ത് താമസിക്കുകയും ആ സ്ഥലത്ത് ക്നാനായക്കാരുടെ ഒരു പള്ളി ഉണ്ടായിരിക്കുകയും ചെയ്താൽ ആ പള്ളിയുടെ വികാരി, ഇങ്ങനെ മാറിത്താമസിക്കുന്നവരുടെ ആവശ്യപ്രകാരം ആത്മീയകാര്യങ്ങൾ നടത്തിക്കൊടുക്കേണ്ടതാണ്. എന്നാൽ ശവസംസ്ക്കാരം സംബന്ധിച്ചകാര്യങ്ങൾ മാതൃ ഇടവകയിലെ വികാരിയുടെ അനുവാദത്തോടെ ചെയ്യാവൂ. അവരെ ആ പള്ളി ഇടവകാംഗങ്ങളായി 48-ാം വകുപ്പനുസരിച്ചല്ലാതെ ചേർക്കുവാൻ പാടില്ലാത്തതാകുന്നു.

അപേക്ഷ അയയ്ക്കേണ്ടതും അദ്ദേഹം രണ്ടു ഇടവക വികാരിമാരുടെയും റിപ്പോർട്ടു വരുത്തി യുക്തമായ തീരുമാനം എടുക്കേണ്ടതും അപേക്ഷ ലഭിച്ച് 30 ദിവസങ്ങൾക്കുള്ളിൽ നടപടി ക്രമങ്ങൾ പൂർത്തിയാക്കി അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. (ഇടവക വികാരിമാർ ബന്ധപ്പെട്ട നിർവ്വാഹക സമിതിയുടെ അഭിപ്രായം ആരായേണ്ടതും അതിൻപ്രകാരം റിപ്പോർട്ട് നൽകേണ്ടതുമാകുന്നു). മേഖലാ മെത്രാപ്പോലീത്തായുടെ തീരുമാനത്തിൽ സങ്കടമുള്ള പക്ഷം പ്രസ്തുത വിഷയത്തിന്മേൽ സമുദായ മെത്രാപ്പോലീത്തായ്ക്ക് അപ്പീൽ നൽകാവുന്നതും അദ്ദേഹം വിശദമായ അന്വേഷണങ്ങൾക്കുശേഷം എടുക്കുന്ന തീരുമാനം പാലിക്കപ്പെടേണ്ടതുമാണ്. മുകളിൽ പറഞ്ഞ അപേക്ഷയിന്മേലും, അപ്പീലിന്മേലുമുള്ള തീരുമാനം ബന്ധപ്പെട്ട കക്ഷികളെ അപ്പീൽ സമർപ്പിച്ച് 30 ദിവസങ്ങൾക്കുള്ളിൽ അറിയിച്ചിരിക്കേണ്ടതാണ്.

എന്നാൽ ഒരു മേഖലയിൽപ്പെട്ട ഒരു പള്ളിയിൽ നിന്നും മറ്റൊരു മേഖലയിൽപ്പെട്ട പള്ളിയിലേയ്ക്ക് ഇടവകമാറ്റത്തിന് ആഗ്രഹിക്കുന്ന വ്യക്തി, അതിനുള്ള അപേക്ഷ സമുദായ മെത്രാപ്പോലീത്തായ്ക്ക് സമർപ്പിക്കേണ്ടതാണ്.

സമുദായ മെത്രാപ്പോലീത്താ മേഖലാ മെത്രാപ്പോലീത്താമാരിലൂടെ അപേക്ഷകന്റെ ഇടവകപ്പള്ളിയിൽ നിന്നും, പുതുതായി അംഗത്വം ആഗ്രഹിക്കുന്ന പള്ളിയിൽ നിന്നും റിപ്പോർട്ട് വരുത്തി, സമുദായമെത്രാപ്പോലീത്ത എടുക്കുന്ന തീരുമാനം ബന്ധപ്പെട്ട എല്ലാ കക്ഷികൾക്കും ബാധകമായിരിക്കുന്നതാണ്. അപേക്ഷ ലഭിച്ച് 60 ദിവസങ്ങൾക്കുള്ളിൽ തീരുമാനം എടുത്ത് അപേക്ഷകനെ അറിയിക്കേണ്ടതാകുന്നു.

**49.** (എ) ഔദ്യോഗിക കൃത്യങ്ങൾ മൂലമോ മറ്റേതെങ്കിലും കാരണവശാലോ ആറുമാസത്തിലധികം സ്വദേശം വിട്ട് മറ്റൊരു സ്ഥലത്ത് താമസിക്കുകയും ആ സ്ഥലത്ത് ഒരു ക്നാനായ സുറിയാനി പള്ളി ഉണ്ടായിരിക്കുകയും ചെയ്താൽ ആ പള്ളിയുടെ വികാരി, ഇങ്ങനെ മാറിത്താമ

സിക്കുന്നവരുടെ ആവശ്യപ്രകാരം ആത്മീയകാര്യങ്ങൾ നടത്തിക്കൊടുക്കേണ്ടതാണ്. എന്നാൽ മാമോദിസാ, വിവാഹം, മൃതസംസ്ക്കാരം എന്നിവ സംബന്ധിച്ചകാര്യങ്ങൾ മാതൃ ഇടവകയിലെ വികാരിയുടെ അനുവാദത്തോടു കൂടി മാത്രമേ ചെയ്യുവാൻ പാടുള്ളൂ. അവരെ ആ പള്ളി ഇടവകാംഗങ്ങളായി 48-ാം വകുപ്പനുസരിച്ചല്ലാതെ ചേർക്കുവാൻ പാടില്ലാത്തതാകുന്നു.

**(ബി)** ക്നാനായ വംശജരായി മറ്റു സഭകളിൽ ഉള്ള ആളുകൾ ക്നാനായ സമുദായത്തിൽ അംഗത്വം നേടുന്നതിന് വരുമ്പോൾ തങ്ങളുടെ ക്നാനായത്വം തെളിയിച്ച് ഇടവകനിർവ്വാഹകസമിതിയുടെ ശുപാർശയോടുകൂടി മെത്രാപ്പോലീത്ത ഇടവക ചേർക്കേണ്ടതാണ്.

**49. (ബി)** ഇങ്ങനെ നടത്തപ്പെടുന്ന ആവശ്യങ്ങളിൽ വിവാഹമൊഴിച്ച് ഓരോന്നിനുമുള്ള വിഹിതങ്ങൾ മുഴുവനും ആയതു നടത്തുന്ന പള്ളിയ്ക്കും വിവാഹത്തിനുള്ള വിഹിതങ്ങൾ വധുവരന്മാരുടെ ഇടവകപള്ളികളിൽ കൊടുക്കേണ്ടതും വിവാഹം ഇടവകയല്ലാത്ത പള്ളിയിൽ വച്ചു നടത്തപ്പെടുകയാണെങ്കിൽ ആ പള്ളിയുടെ പൊതുയോഗം നിശ്ചയിക്കുന്ന ന്യായമായ സംഭാവനയിൽ കുറയാത്ത തുക കൊടുക്കേണ്ടതാകുന്നു.

**50.** ഇങ്ങനെ നടത്തപ്പെടുന്ന ആവശ്യങ്ങളിൽ വിവാഹമൊഴിച്ച് ഓരോന്നിനുമുള്ള വരുമാനങ്ങൾ മുഴുവനും ആയതു നടത്തുന്ന പള്ളിയ്ക്കും വിവാഹത്തിനുള്ള വരുമാനങ്ങൾ ഇടവകപള്ളിയ്ക്ക് കിട്ടാവുന്ന വീതത്തിൽ പകുതി വിവാഹം ഏതു പള്ളിയിൽ വച്ചു നടന്നിരുന്നാലും മേൽപ്പറഞ്ഞപ്രകാരം ഇടവകയല്ലാത്ത പള്ളിയ്ക്കും, ശേഷം പകുതിഭാഗം ഇടവകപ്പള്ളിക്കും കൊടുക്കേണ്ടതാകുന്നു.

**50.** ക്നാനായ വംശജരായി മറ്റു സഭകളിൽ ഉള്ള ആളുകൾ ക്നാനായ സമുദായത്തിൽ അംഗത്വം നേടുന്നതിന് ആഗ്രഹിക്കുമ്പോൾ സമുദായ മെത്രാപ്പോലീത്താ മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അദ്ദേഹം പ്രസ്തുത അപേക്ഷ ബന്ധപ്പെട്ട മേഖലാ മെത്രാപ്പോലീത്തായിലൂടെ അപേക്ഷകൻ ഇടവക ചേരുവാൻ ആഗ്രഹിക്കുന്ന ഇടവക വികാരിയ്ക്ക് അയച്ചു കൊടുക്കേണ്ടതും ഇടവക വികാരിയുടേയും നിർവ്വാഹകസമിതിയുടെയും ശുപാർശ, അപേക്ഷകന്റെ ക്നാനായത്വം തെളിയിക്കുന്ന രേഖകൾ സഹിതം മേഖലാ മെത്രാപ്പോലീത്തായിലൂടെ, അദ്ദേഹത്തിന്റെ ശുപാർശയോടു കൂടെ, സമുദായ മെത്രാപ്പോലീത്തായ്ക്ക് സമർപ്പിക്കേണ്ടതും, അദ്ദേഹം പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യുക്തമായ തീരുമാനം എടുത്ത് ബന്ധപ്പെട്ടവരെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഇടവക ചേരുവാൻ അനുമതി ലഭിയ്ക്കുന്ന വ്യക്തിയേ ഇടവക ചേർക്കുന്നതിന് മുമ്പ് ഇടവക വികാരി സഭയുടെ വിശ്വാസ സത്യങ്ങൾ പഠിപ്പിച്ച് വി. സഭയുടെ ആവശ്യമായ കൂദാശകൾ സ്വീകരിച്ചതായി ഉറപ്പു വരുത്തിയശേഷം മാത്രം ഇടവകചേർക്കാവുന്നതാണ്.

**51.** ഒരാൾക്ക് യാതൊരു കാരണവശാലും ഒരേ അവസരത്തിൽ രണ്ടു പള്ളികളിലെ ഇടവകാംഗമായിരിക്കുവാൻ പാടില്ലാത്തതാകുന്നു. എന്നാൽ ഇടവക പള്ളിയിൽ ചേർന്നു നടക്കുവാൻ സാധിക്കാതെ ഏതെങ്കിലും കാര ണവശാൽ മറ്റുസ്ഥലങ്ങളിൽ താമസിക്കേണ്ടി വരുന്ന ഒരംഗത്തിന് അയാളുടെ താമസസ്ഥലത്ത് മെത്രാപ്പോലീത്ത അംഗീകരിക്കുന്ന ഒരിടവകപ്പള്ളിയുണ്ടെ ങ്കിൽ ആ പള്ളിയിൽ താൽക്കാലിക ഇടവകാംഗത്വം നൽകുന്നതിന് മെത്രാ പ്പോലീത്തയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ഇപ്രകാരം അംഗത്വം ലഭി ക്കുന്ന ഒരാളിന് ഒരേ കാര്യത്തിൽ ഏതെങ്കിലുംഒരിടവകയിൽ മാത്രം പ്രാതി നിധ്യം ഉണ്ടായിരിക്കയുള്ളൂ. ഇങ്ങനെയുള്ളവരുടെ കാര്യത്തിൽ പള്ളി കുടി ശിഖ മാതൃ ഇടവകയിൽ അടയ്ക്കേണ്ടതാണ്.

**51.** ഒരാൾക്ക് യാതൊരു കാരണവശാലും ഒരേ അവസരത്തിൽ രണ്ടു പള്ളികളിലെ ഇടവകാംഗമായിരിക്കുവാൻ പാടില്ലാത്തതാകുന്നു. എന്നാൽ ഇടവക പള്ളിയിൽ ചേർന്നു നടക്കുവാൻ സാധിക്കാതെ ഏതെങ്കിലും കാര ണവശാൽ മറ്റുസ്ഥലങ്ങളിൽ താമസിക്കേണ്ടി വരുന്ന ഒരംഗത്തിന് അയാളുടെ താമസസ്ഥലത്ത് സമുദായ മെത്രാപ്പോലീത്ത അംഗീകരിക്കുന്ന ഒരു ക്നാ നായ പള്ളിയുണ്ടെങ്കിൽ ആ പള്ളി സ്ഥിതിചെയ്യുന്ന മേഖലമെത്രാപ്പോലീ ത്തയുമായി ആലോചിച്ച് ആ പള്ളിയിൽ താൽക്കാലിക ഇടവകാംഗത്വം ഒരു നിശ്ചിത കാലത്തേയ്ക്ക് നൽകുന്നതിന് സമുദായ മെത്രാപ്പോലീത്തയ്ക്ക് അധി കാരമുണ്ടായിരിക്കുന്നതാണ്. ഇപ്രകാരം അംഗത്വം ലഭിക്കുന്ന ഒരാളിന് ഒരേ കാര്യത്തിൽ ഏതെങ്കിലുംഒരിടവകയിൽ മാത്രമേ പ്രാതിനിധ്യം ഉണ്ടായിരി ക്കയുള്ളൂ. ഇങ്ങനെയുള്ളവരുടെ കാര്യത്തിൽ പള്ളി കുടിശിഖ ഉള്ള പക്ഷം യഥാകാലം ആയത് തീർത്തിരിക്കേണ്ടതാണ്.

**കുരിശുപള്ളി**

51.(a) കുരിശുപള്ളി എന്നാൽ ഏതെങ്കിലും ഒരു പള്ളി ഇടവകയിൽ കൂടി നട ക്കുന്നവരും ആ പള്ളിഇടവക രജിസ്റ്ററിൽ പേരുള്ളവരും ആ പള്ളിയുടെയും ഇടവക സ്ഥാപനങ്ങളുടെയും പൊതുപ്രസ്ഥാനങ്ങളുടെയും സന്ധാരണത്തിനുള്ള വിഹിതം കൊടുക്കുന്നവരുമായി വിവിധ പ്രദേശങ്ങളിൽ അധിവസിക്കുന്ന ഇട വകാംഗങ്ങളുടെ സൗകര്യത്തെപ്രതി ഉൾഭരണ സ്വാതന്ത്ര്യത്തോടുകൂടിയുള്ള തലപ്പള്ളിയുടെ ഒരു ഉപആരാധനാലയം ആകുന്നു.

(b) കുരിശുപള്ളികളിൽ കൂടി നടക്കുന്ന ഇടവകാംഗങ്ങളുടെ ഒരു രജിസ്റ്റർ കുരിശുപള്ളികളിലും ആയതിന്റെ ഒരു ശരിപ്പകർപ്പ് തലപ്പള്ളിയിലും സൂക്ഷി ക്കേണ്ടതും തലപ്പള്ളിയുടെ വികാരി, സെക്രട്ടറി, കൈക്കാരൻ എന്നിവർ ഇട വക രജിസ്റ്ററുമായി ഒത്തുനോക്കി പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് അടയാളം വയ്ക്കേണ്ടതുമാണ്. കുരിശുപള്ളികളിൽ നേരിട്ട് അംഗങ്ങളേ ചേർക്കുവാൻ പാടി ല്ലാത്തതും ഇടവക മാറ്റത്തിനോ പുതുതായി ഇടവക ചേർക്കുന്നതിനോ ഉള്ള അപേക്ഷകൾ തലപ്പള്ളിയിൽ സമർപ്പിക്കേണ്ടതും തലപ്പള്ളി വികാരി 48, 49 വകുപ്പുകളിൻ പ്രകാരം പ്രസ്തുത അപേക്ഷകളിന്മേൽ മേൽ നടപടികൾ സ്വീക രിക്കേണ്ടതും ആകുന്നു. മാമോദീസാ, വിവാഹം എന്നീ കാരണങ്ങളാൽ പുതിയ അംഗങ്ങൾ ഉണ്ടാകുകയും, മരണം മൂലമോ മറ്റു കാരണങ്ങളാലോ അംഗങ്ങൾ കുറവു വരുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ അത്തരം കാര്യങ്ങൾ ബന്ധപ്പെട്ട

കുരിശുപള്ളികൾ യഥാസമയം തലപ്പള്ളിയിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

(c) കുരിശുപള്ളികളുടെ സുഗമമായ നടത്തിപ്പിന് 37,38 വകുപ്പുകളിൽ പ്രകാരം ഒരു നിർവ്വാഹകസമിതിയേ തെരഞ്ഞെടുക്കേണ്ടതും മുറപ്രകാരം പ്രവർത്തിക്കേണ്ടതുമാണ്. കുരിശുപള്ളികളുടെ പൊതുയോഗം അംഗീകരിക്കുന്ന വാർഷിക വരവു ചെലവുകണക്കുകളുടെയും ബഡ്ജറ്റിന്റെയും വാർഷീക റിപ്പോർട്ടിന്റെയും ഒരു പകർപ്പ് തലപ്പള്ളിയുടെ അറിവിലേയ്ക്ക് അയച്ചുകൊടുക്കേണ്ടതാണ്.

(d) ഇടവകയുടെ പൊതു സ്ഥാപനങ്ങളേയും പ്രസ്ഥാനങ്ങളേയും ബാധിക്കുന്ന പൊതുയോഗങ്ങൾ ഇടവകവികാരി വിളിച്ചുകൂട്ടേണ്ടതും ആയതിനുള്ള അറിയിപ്പ് തലപ്പള്ളിയിലും എല്ലാ കുരിശുപള്ളികളിലും യഥാസമയം നൽകേണ്ടതുമാണ്. കുരിശുപള്ളികളിലേയും തലപള്ളിയിലേയും പൊതുയോഗാംഗങ്ങളുടെ സംയുക്തമായ ഒരു പൊതു ഇടവകരജിസ്റ്റർ തലപ്പള്ളിയൽ സൂക്ഷിക്കേണ്ടതും ആയതിന്റെ ഒരു പകർപ്പ് പൊതുയോഗ തീയതിക്ക് ഏഴുദിവസം മുൻപെങ്കിലും തലപ്പള്ളിയുടെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. ഏതെങ്കിലും വിഷയത്തിൽ വോട്ടെടുപ്പ് അനിവാര്യമാണെന്നു വന്നാൽ പ്രസ്തുത രജിസ്റ്ററിൽ പേരുള്ളവർക്കു മാത്രമേ വോട്ടവകാശം ഉണ്ടായിരിക്കയുള്ളൂ. ഇടവകയുടെ പൊതു സ്ഥാപനങ്ങളുടെ നടത്തിപ്പിലും ഭരണത്തിലും ഉൾപ്പെടെ എല്ലാ കാര്യങ്ങളിലും ഇടവകാംഗങ്ങൾക്കെല്ലാം തന്നെ തുല്യ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും കടമകളും ഉണ്ടായിരിക്കുന്നതാണ്.

(e) കുരിശുപള്ളികൾ തലപ്പള്ളി അംഗീകരിച്ച അംഗത്വ രജിസ്റ്റർ അനുസരിച്ചുള്ള വീടുകളുടെ സംഖ്യക്കനുസൃതമായി 100 ,101 വകുപ്പുകളിൻ പ്രകാരം ക്നാനായ അസ്സോസിയേഷനിലേക്കുള്ള അംഗങ്ങളെ അതാതു കുരിശുപള്ളികളിൽ വച്ചു തന്നേ മുറപ്രകാരം തെരഞ്ഞെടുക്കേണ്ടതാണ്. തലപ്പള്ളികളിൽ കൂടി നടക്കുന്നവരുടേതുമാത്രമായ ഒരു പ്രത്യേക രജിസ്റ്റർ തലപ്പള്ളിയിൽ സൂക്ഷിക്കേണ്ടതും ആ ലിസ്റ്റിൽപ്പെട്ട വീടുകളുടെ എണ്ണമനുസരിച്ചുള്ള ക്നാനായ അസ്സോസിയേഷൻ അംഗങ്ങളെ തലപ്പള്ളിയിൽ നിന്നും മുറപ്രകാരം തെരഞ്ഞെടുക്കേണ്ടതുമാണ്.

## റിക്കാർഡുകൾ

**52.** പള്ളി റിക്കാർഡുകൾ എല്ലാം വൃത്തിയായി എഴുതി ചുമതലക്കാർ സൂക്ഷിക്കേണ്ടതാകുന്നു.

**53.** ഒരു പള്ളിയിലെ ഇടവകക്കാരായ സ്ത്രീ പുരുഷന്മാർ ഉൾപ്പെടെയുള്ള എല്ലാ അംഗങ്ങളുടെയും പേരുവിവരം അടങ്ങിയ ഒരു ഇടവക രജിസ്റ്റർ ഉണ്ടായിരിക്കേണ്ടതും ആയതു പള്ളിയിലെ മറ്റു റിക്കാർഡുകളുമായി ഒത്തുനോക്കി ആണ്ടുതോറും ശരിപ്പെടുത്തി വയ്ക്കേണ്ടതുമാകുന്നു.

(f) തലപ്പള്ളിയിലേയും കുരിശുപള്ളികളിലേയും അംഗങ്ങൾ ഉൾപ്പെടുന്ന സംയുക്ത ഇടവക പൊതുയോഗത്തിന്റെ നിശ്ചയമനുസരിച്ചും, ബന്ധപ്പെട്ട കുരിശുപള്ളിയിൽ കൂടി നടക്കുന്നവരുടെ താല്പര്യമനുസരിച്ചും മെത്രാപ്പോലീത്തൻ കൗൺസിലിന്റെ അംഗീകാരത്തിനു വിധേയമായും കുരിശുപള്ളി/കുരിശുപള്ളികൾക്ക് സ്വതന്ത്ര ഇടവകപ്പള്ളികളാകവുന്നതാണ്.

(g) കുരിശുപള്ളികൾ സ്വതന്ത്ര്യ ഇടവകകൾ ആയി തീർന്നാലും ഇല്ലെങ്കിലും സമുദായഭരണഘടനപ്രകാരം സമുദായത്തിലേയ്ക്ക് നൽകപ്പെടേണ്ട വിഹിതങ്ങൽ സമുദായ കേന്ദ്ര ആഫീസിൽ നേരിട്ട് അടച്ചിരിക്കണം.

(h) ഇടവകാംഗങ്ങൾക്ക് അവരവർകൂടി നടക്കുന്ന കുരിശുപള്ളികളിലോ തലപ്പള്ളിയിലോ ഉള്ള സെമിത്തേരിയിൽ സൗകര്യാർത്ഥം ശവസംസ്ക്കാരം നടത്തിക്കിട്ടുവാനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

## റിക്കാർഡുകൾ

**52.** **മാറ്റമില്ല**

**53.** ഒരു പള്ളിയിലെ ഇടവകക്കാരായ സ്ത്രീ പുരുഷന്മാർ ഉൾപ്പെടെയുള്ള എല്ലാ അംഗങ്ങളുടെയും പേരുവിവരം അടങ്ങിയ ഒരു ഇടവക രജിസ്റ്റർ ഉണ്ടായിരിക്കേണ്ടതും ആയതു പള്ളിയിലെ മറ്റു റിക്കാർഡുകളുമായി ഒത്തുനോക്കി ആണ്ടുതോറും ശരിപ്പെടുത്തി വയ്ക്കേണ്ടതുമാകുന്നു. ക്നാനായ ഇതരരുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടവരുടേയും മറ്റ് സഭാവിഭാഗങ്ങളിൽ ചേർന്നു നടക്കുന്നവരെന്ന് വികാരിയ്ക്ക് ഉത്തമ ബോധ്യമുള്ളവരുടേയും പേരുകൾ മെത്രാപ്പോലീത്തയുടെ അനുമതിയോടുകൂടി ഇടവക രജിസ്റ്ററിൽ നിന്ന് വികാരി നീക്കം ചെയ്യേണ്ടതാകുന്നു.

**54.** പള്ളിയ്ക്കുവരുന്ന എഴുത്തുകൾ, കുറികൾ, അപേക്ഷകൾ, കല്പനകൾ, ആദിയായവയെല്ലാം തീയതിപ്പടിയും വിഷയപരമായും സെക്രട്ടറി ഫയൽ ചെയ്ത് വയ്ക്കേണ്ടതും പള്ളിയിൽ നിന്നും അയയ്ക്കുന്ന വയ്ക്ക് പകർപ്പുകൾ സൂക്ഷിക്കേണ്ടതുമാകുന്നു.

**55.** പള്ളിവക നാൾവഴിക്കുറുപ്പ്, രസീതുകൾ, ആധാരങ്ങൾ, മുതലായ പ്രമാണങ്ങൾ എന്നിവ കൈക്കാരന്റെയും നാൾവഴി, പേരേടു മുതലായ കണക്കു പുസ്തകങ്ങൾ, യോഗനടപടി പുസ്തകം, സ്റ്റോക്ക് രജിസ്റ്റർ ഇടവകയോഗ രജിസ്റ്റർ എന്നിവ സെക്രട്ടറിയുടെയും ഇടവക രജിസ്റ്റർ, മാമ്മോദീസാ രജിസ്റ്റർ, വിവാഹ രജിസ്റ്റർ, മരണ രജിസ്റ്റർ മുതലായ റിക്കാർഡുകൾ വികാരിയുടെയും ചുമതലയിലും അധീനതയിലും സൂക്ഷിക്കേണ്ടതുമാകുന്നു. എന്നാൽ ഇവർക്കും നിർവ്വാഹകസമിതി അംഗങ്ങൾക്കും അന്യോന്യം റിക്കാർഡുകൾ കാണുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.

**54.** **മാറ്റമില്ല**

**55.** പള്ളിവക നാൾവഴിക്കുറിപ്പ്, രസീതുകൾ, ആധാരങ്ങൾ, മുതലായ പ്രമാണങ്ങൾ കൈക്കാരന്റെയും നാൾവഴി, പേരേടു മുതലായ കണക്കു പുസ്തകങ്ങൾ, യോഗനടപടി പുസ്തകം, സ്റ്റോക്ക് രജിസ്റ്റർ ഇടവകയോഗ രജിസ്റ്റർ എന്നിവ സെക്രട്ടറിയുടെയും ഇടവക രജിസ്റ്റർ, മാമ്മോദീസാ രജിസ്റ്റർ, കുമ്പസാര രജിസ്റ്റർ, വിവാഹ രജിസ്റ്റർ, മരണ രജിസ്റ്റർ മുതലായ റിക്കാർഡുകൾ വികാരിയുടെ ചുമതലയിലും അധീനതയിലും സൂക്ഷിക്കേണ്ടതുമാകുന്നു. എന്നാൽ ഇവർ എല്ലാവർക്കും നിർവ്വാഹക സമിതി അംഗങ്ങൾക്കും അന്യോന്യം റിക്കാർഡുകൾ കാണുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്. ഏതൊരു ഇടവകാംഗത്തിനും, ആവശ്യമെന്നു കണ്ടാൽ ഇടവകസംബന്ധമായ റെക്കാർഡുകൾ കാണുന്നതിനും, പരിശോധിക്കുന്നതിനും അവകാശം ഉണ്ടായിരിക്കും.

**56.** പള്ളിറിക്കാർഡുകൾ നിവർത്തിയുള്ളടത്തോളം പള്ളിയിൽ തന്നെ സൂക്ഷിക്കേണ്ടതാകുന്നു. പള്ളിയിൽ ഉറപ്പായസ്ഥലം ഇല്ലാത്തപക്ഷം നിർവ്വാഹകസമിതി നിശ്ചയിക്കുന്ന സ്ഥലത്ത് അവ സൂക്ഷിക്കേണ്ടതാകുന്നു.

**57.** സമുദായ ആഫീസിൽ നിന്നും അച്ചടിപ്പിച്ച് മുദ്രവയ്ക്കുന്ന മാമോദീസാ, വിവാഹം, മരണം, സ്റ്റോക്ക്, ഇടവക, ഇടവകയോഗം എന്നീ രജിസ്റ്റർ പുസ്തകങ്ങളും നാൾവഴി, പേരേട് കുടിശ്ശിഖ പസ്തകം എന്നീ കണക്കു പുസ്തകങ്ങളും രസീതുകളും വിവാഹകുറികളും മാത്രം പള്ളികളിൽ ഉപയോഗിക്കേണ്ടതാകുന്നു.

**58.** മേൽപ്പറഞ്ഞ റിക്കാർഡുകളിൽ എഴുതേണ്ട വിവരങ്ങൾ മുഴുവനും ചുമതലക്കാർ അപ്പഴപ്പോൾ എഴുതേണ്ടതും ഒപ്പിടുവാനുള്ളവരേക്കൊണ്ട് ഒപ്പിടുവിച്ചുകൊള്ളേണ്ടതുമാകുന്നു.

**59.** കുടിശിക പുസ്തകത്തിൽ വീടുകളുടെ പേരുകൾ പിടിക്കേണ്ടതും പള്ളിയ്ക്കു കിട്ടേണ്ട ഇനങ്ങളിൽ കുടിശ്ശിഖ വരുന്ന സംഖ്യകൾ അതാതു കുടിശികക്കാരുടെ പേരിൽ പറ്റെഴുതേണ്ടതുമാകുന്നു.

**60.** താഴെപ്പറയുന്ന ഇനങ്ങൾക്ക് പ്രത്യേകം പേരേടു പിടിക്കേണ്ടതാകുന്നു.

### എ. വരവുകൾ

(1) മാമോദീസ (വ. 64), (2) കമ്മട്ടിപ്പണം (വ. 64), 67 എ 3, ബി 2, 69 എ 3), (3) കുർബ്ബാപണം (വ. 65 എ, സി ,69 എ 9, 73എ), (4) റിശീസാ (വ.66), (5) കൈമുത്തു (വ. 69 എ 7), (6) ഒത്തുകല്യാണം (വ. 67, എ, 12 ബി.1), വിവാഹഫീസ് (വ. 68, 69 എ 1,2,4,5,6,8), (8) മരണാനന്തരഫീസുകൾ (വ. 70, 71 എ, 72 ബി, 73 ബി), (9) പുരകൂദാശ (വ.74), (10) നടവരവ് (വ.75 എ), (11) ആണ്ടുവരി (വ. 76), (12) പിറന്നാൾ സ്തോത്രം (വ.77), (13) കാണിക്കശേഖരം (വ.78) (14) ആദ്യഫലം

**56.** **മാറ്റമില്ല**

**57.** സമുദായ കേന്ദ്ര ആഫീസിൽ നിന്നും അച്ചടിപ്പിച്ച് മുദ്രവയ്ക്കുന്ന മാമോദീസാ, വിവാഹം, മരണം, സ്റ്റോക്ക്, ഇടവക, ഇടവകയോഗം എന്നിവ സംബന്ധിച്ച രജിസ്റ്റർ പുസ്തകങ്ങളും നാൾവഴി, പേരേട് കുടിശ്ശിഖ പസ്തകം എന്നീ കണക്കു പുസ്തകങ്ങളും രസീതുകളും വിവാഹ കുറികളും മാത്രം പള്ളികളിൽ ഉപയോഗിക്കേണ്ടതാകുന്നു.

**58.** മേൽപ്പറഞ്ഞ റിക്കാർഡുകളിൽ എഴുതേണ്ട വിവരങ്ങൾ മുഴുവനും ചുമതലക്കാർ യഥാസമയം എഴുതേണ്ടതും ഒപ്പിടുവാനുള്ളവരേക്കൊണ്ട് ഒപ്പിടുവിച്ചുകൊള്ളേണ്ടതുമാകുന്നു.

**59.** **മാറ്റമില്ല**

**60.** **മാറ്റമില്ല**

### എ. വരവുകൾ

(1) (എ) ദശാംശം

(1) (ബി) മാമോദീസ (വ. 64), (2) കമ്മട്ടിപ്പണം (വ. 69 എ 3), (3) കുർബ്ബാപണം (വ. 65 എ, ബി,സി ,69 എ 9, 73എ), (4) റിശീസാ (വ.66), (5) കൈമുത്തു (വ. 69 എ 7), (6) ഒത്തുകല്യാണം (വ. 67 ), (7) വിവാഹഫീസ് (വ. 68, 69 എ 1,2,4,5,6,8), (8) മരണാനന്തരഫീസുകൾ (വ. 70, 71 എ, 72 ബി, 73 ബി), (9) ഭവവാഴ്വ് (വ.74), (10) നടവരവ് (വ.75 എ), (11) ആണ്ടുവരി (വ. 76), (12) പിറന്നാൾ സ്തോത്രം (വ.77), (13) കാണിക്കശേഖരം (വ.78) (14) ആദ്യഫലം

(വ. 79), (15) പിടിയരി (വ. 80), (16) കെട്ടുതെങ്ങ് (വ.80), (17) പകർപ്പ്ഫീസ് (വ.81), (18) സാമാനകൂലി, (19) വസ്തു ആദായം, (20) സംഭാവന, (21) പലവക, (22) സാധുജനസംരക്ഷണം, (23) സുവിശേഷ വേല, (24) സൺഡേസ്ക്കൂൾ.

### ബി. ചെലവുകൾ

(1) നിത്യനിദാനം (2) എഴുത്തുകുത്ത് (3) ശമ്പളചെലവ്(4) ഭദ്രാസന നിധി (5) അറ്റകുറ്റപ്പണികൾ (6) പെരുന്നാൾ, നോമ്പുവീടൽ ചെലവുകൾ (7)വസ്തു ദേഹണ്ഡം, (8) കരം, മിച്ചവാരം മുതലായവ (9) പള്ളി സമാനങ്ങൾ,(10) കൈമുത്ത് (11) കമ്മട്ടിപ്പണം (12) ആണ്ടുവരി (13) പലവക (14) സാധുജനസംരക്ഷണം (15) സുവിശേഷവേല (16) സണ്ടേസ്ക്കൂൾ.

## അദ്ധ്യായം 3
## പള്ളി വരുമാനം

**61.** ഈ അദ്ധ്യായത്തിൽ വിവരിക്കുന്ന നിരക്കിലുള്ള വരുമാനങ്ങളെല്ലാം പള്ളിമുതൽ കെട്ടിലേക്ക് എടുക്കേണ്ടതും അവയെ ഈ ഘടനയിലെ വ്യവസ്ഥയനുസരിച്ചു വിനിയോഗിക്കേണ്ടതുമാകുന്നു.

**62.** ഈ അദ്ധ്യായത്തിൽ നിശ്ചയിച്ചിരിക്കുന്ന ഫീസുകൾ വയ്പിക്കേണ്ടതും ട്രസ്റ്റികളുടെ അഭിപ്രായത്തിൽ കുടിശിഖ ഒടുക്കുവാൻ ശക്തിയുള്ള കക്ഷികൾ മനഃപൂർവ്വം ഒടുക്കാതിരിക്കുന്ന പക്ഷം അങ്ങനെയുള്ളവരുടെ വീടുകളിൽ നിന്ന് കുമ്പസാരം രോഗികളുടെ തൈലാഭിഷേകം 70 -ാം വകുപ്പിനു വിധേയമാകാത്ത ശവസംസ്ക്കാരം എന്നിവ ഒഴിച്ചുള്ള ഏതാവശ്യവും വിരോധിച്ചു കുടിശിഖ ഈടാക്കാവുന്നതുമാകുന്നു.

(വ. 79), (15) മാസവരി (വ. 80), (വ.80), (16) പകർപ്പ്ഫീസ് (വ.81), (17) പള്ളി ഉപകരണങ്ങളുടെ വാടക/കൂലി, (18) വസ്തു ആദായം, (19) സംഭാവന, (20) പലവക, (21) സാധുജനസംക്ഷണം, (22) സുവിശേഷവേല, (23) സൺഡേസ്ക്കൂൾ.

### ബി. ചെലവുകൾ

(1) നിത്യനിദാനം (2) എഴുത്തുകുത്ത് (3) ശമ്പളചെലവ്(4) ഭദ്രാസന നിധി (5) അറ്റകുറ്റപ്പണികൾ (6) പെരുന്നാൾ, നോമ്പുവീടൽ ചെലവുകൾ (7)വസ്തു ദേഹണ്ഡം, (8) കരം (9) പള്ളിഉപകരണങ്ങൾ, (10) കൈമുത്ത് (11) കമ്മട്ടിപ്പണം (12) ആണ്ടുവരി (13) സുവിശേഷകർക്കുള്ള പ്രതിമാസ അലവൻസ്. (14) സാധുജനസംരക്ഷണം (15) സുവിശേഷവേല (16) സണ്ടേസ്ക്കൂൾ(17) ശുശ്രൂഷകരുടെ ശമ്പളവും പ്രോഡന്റ്ഫണ്ടും (18)പലവക

## അദ്ധ്യായം 3
## പള്ളി വരുമാനം

**61.** (എ) മേൽപ്പട്ടക്കാരും, പട്ടക്കാരും ജനങ്ങളും തങ്ങളുടെ വാർഷിക വരുമാനത്തിൽ നികുതികൾക്കുശേഷമുള്ളതിന്റെ ദശാംശം ദൈവവേലയ്ക്കായി സമർപ്പിക്കേണ്ടതാകുന്നു. അങ്ങനെ ചെയ്യുന്നതുവരെ പള്ളിയുടെ നടത്തിപ്പിനായി ചില ഫീസുകൾ നിശ്ചയിക്കേണ്ടിയിരിക്കുന്നു.

**61.** (ബി) ഈ അദ്ധ്യായത്തിൽ വിവരിക്കുന്ന നിരക്കിലുള്ള വരുമാനങ്ങളെല്ലാം പള്ളി മുതൽക്കൂട്ടിലേക്ക് എടുക്കേണ്ടതും അവയെ ഈ ഘടനയിലെ വ്യവസ്ഥയനുസരിച്ചു വിനിയോഗിക്കേണ്ടതുമാകുന്നു.

**62.** ഈ അദ്ധ്യായത്തിൽ നിശ്ചയിച്ചിരിക്കുന്ന ഫീസുകൾ വയ്പിക്കേണ്ടതും ട്രസ്റ്റികളുടെ അഭിപ്രായത്തിൽ കുടിശിക ഒടുക്കുവാൻ ശക്തിയുള്ള കക്ഷികൾ മനഃപൂർവ്വം ഒടുക്കാതിരിക്കുന്ന പക്ഷം അങ്ങനെയുള്ളവരുടെ വീടുകളിൽ നിന്ന് കുമ്പസാരം രോഗികളുടെ തൈലാഭിഷേകം 70 -ാം വകുപ്പിനു വിധേയമാകാത്ത ശവസംസ്ക്കാരം എന്നിവ ഒഴിച്ചുള്ള ഏതാവശ്യവും വിരോധിച്ചു കുടിശിക ഈടാക്കാവുന്നതുമാകുന്നു.

**63.** **(എ)** പട്ടക്കാരുടെ മക്കളെ സംബന്ധിച്ച് താഴെക്കാണിച്ചിരിക്കുന്ന 67, 69 എന്നീ വകുപ്പുകളിൽപ്പെട്ട ഫീസുകൾ ചുമത്തേണ്ടതില്ല.

**(ബി)** 10 വർഷം തുടർച്ചയായി ഒരിടവകയിൽ കപ്യാരായി ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്നവരുടെ മക്കൾക്കും മേൽ 63 (എ) ബാധകമായിരിക്കും.

**64.** ഒരു മാമ്മോദീസായ്ക്ക് 20 രൂപ പള്ളിയിൽ അടയ്ക്കേണ്ടതാകുന്നു.

## കുർബ്ബാന

**65.** **(എ)** എല്ലാ ഞായറാഴ്ച ദിവസങ്ങളിലും മോറാനായപ്പെരുന്നാളുകളിലും ഇടവകപെരുന്നാൾ ദിവസങ്ങളിലും ചൊല്ലിക്കുന്ന നേർച്ച കുർബ്ബാനയ്ക്കും കോഹനെ ഞായറാഴ്ചയും ആനീദേ ഞായാറാഴ്ചയും ചൊല്ലിക്കുന്ന ആനിദേ കുർബ്ബാനക്കും രണ്ടു രൂപ വീതം കുർബ്ബാനപ്പണം അടയ്ക്കേണ്ടതാകുന്നു.

**(ബി)** മറ്റു ദിവസങ്ങളിൽ ചൊല്ലിക്കുന്ന നേർച്ച കുർബ്ബാനയ്ക്കും, ആനിദേ ഞായറാഴ്ചയും കോഹനെ ഞായറാഴ്ചയും ഒഴിച്ചുള്ള ഏതു ദിവസങ്ങളിൽ ചൊല്ലിക്കുന്ന ആനിദേ കുർബ്ബാനകൾക്കും പത്തു രൂപ കുർബ്ബാനപ്പണം അടയ്ക്കേണ്ടതാകുന്നു.

**(സി)** മൂന്നിന്മേൽ കുർബ്ബാനയ്ക്ക് പെരുനാൾ ദിവസങ്ങളിൽ പത്തു രൂപയും മറ്റു ദിവസങ്ങളിൽ അമ്പത് രൂപയും അടക്കേണ്ടതാകുന്നു.

**63.** **(എ)** പട്ടക്കാരുടെ പെൺമക്കളെ സംബന്ധിച്ച് താഴെ 67, 69 എന്നീ വകുപ്പുകളിൽപ്പെട്ട ഫീസുകൾ ചുമത്തേണ്ടതില്ല.

**(ബി)** 10 വർഷം തുടർച്ചയായി ഒരിടവകയിൽ പ്രധാന ശുശ്രൂഷകനായി (കപ്യാരായി) ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്നവരുടെ പെൺമക്കൾക്കും മേൽ 63 (എ) ബാധകമായിരിക്കും.

**64.** (എ) ഒരു മാമ്മോദീസായ്ക്ക് 100 രൂപ പള്ളിയിൽ അടയ്ക്കേണ്ടതാകുന്നു.

**64.** (ബി) മാമ്മോദീസാകുറിപ്പണം 100 രൂപ

## കുർബ്ബാന

**65.** **(എ)** എല്ലാ ഞായറാഴ്ച ദിവസങ്ങളിലും മോറാനായപ്പെരുന്നാളുകളിലും ഇടവകപെരുന്നാൾ ദിവസങ്ങളിലും ചൊല്ലിക്കുന്ന നേർച്ച കുർബ്ബാനയ്ക്കും ഇടവകകളിൽ ക്രമമായി കുർബ്ബാനയുള്ള ദിവസങ്ങളിലും, കോഹനെ ഞായറാഴ്ചയും ആനീദേ ഞായാറാഴ്ചയും ചൊല്ലിക്കുന്ന ആനിദേ കുർബ്ബാനക്കും അഞ്ചു രൂപ വീതം കുർബ്ബാനപ്പണം അടയ്ക്കേണ്ടതാകുന്നു.

**(ബി)** മറ്റു ദിവസങ്ങളിൽ ചൊല്ലിക്കുന്ന നേർച്ച കുർബ്ബാനയ്ക്കും, ആനിദേ ഞായറാഴ്ചയും കോഹനെ ഞായറാഴ്ചയും ഒഴിച്ചുള്ള ദിവസങ്ങളിൽ ചൊല്ലിക്കുന്ന ആനിദേ കുർബ്ബാനകൾക്കും അമ്പത് രൂപ കുർബ്ബാനപ്പണം അടയ്ക്കേണ്ടതാകുന്നു.

**(സി)** മൂന്നിന്മേൽ കുർബ്ബാനയ്ക്ക് പെരുനാൾ ദിവസങ്ങളിൽ പതിനഞ്ചുരൂപയും മറ്റു ദിവസങ്ങളിൽ നൂറ് രൂപയും അടക്കേണ്ടതാകുന്നു.

### റിശീസാ

**66.** അമ്പതുനോമ്പിലെ കുമ്പസാരത്തോടുകൂടി അന്ത്യോഖ്യാ സിംഹാസനത്തിലേക്കുള്ള റിശീസ ആയി അഞ്ചുരൂപാ വീതം 21 വയസിനുമേൽ പ്രായമായ ഓരോ പുരുഷനും അടയ്ക്കേണ്ടതും ആയത് നോമ്പുവീടി രണ്ടാഴ്ചയ്ക്കകം സമുദായ ആഫീസിൽ ട്രസ്റ്റികൾ എത്തിച്ചുകൊടുക്കേണ്ടതുമാകുന്നു.

### ഒത്തുകല്യാണം

**67.** ഒത്തുകല്യാണത്തിന് താഴെപ്പറയുന്ന ക്രമത്തിന് ഫീസ് വയ്ക്കേണ്ടതാകുന്നു.

(എ) ചെറുക്കന്റെ വീട്ടുകാർ

1. ചെറുക്കന്റെ വീട്ടുകാർ ഇടവകപ്പള്ളിയിൽ സാക്ഷിക്കുറിക്ക് 50 രൂപ
2. പെണ്ണിന്റെ ഇടവകപ്പള്ളിയിൽ 50 രൂപ

(ബി) പെണ്ണിന്റെ വീട്ടുകാർ

1. പെണ്ണിന്റെ ഇടവകപ്പള്ളിയിൽ 50 രൂപ.

### വിളിച്ചുചൊല്ല്

**68.** വിവാഹത്തിനുമുമ്പ് രണ്ടു ഞായറാഴ്ചകളിൽ ചെറുക്കന്റെയും പെണ്ണിന്റെയും ഇടവകപ്പള്ളികളിൽ വിളിച്ചു ചൊല്ലു നടത്തേണ്ടതും ആയതു കുർബ്ബാനയ്ക്കുശേഷം ആളുകൾ പിരിയുന്നതിന് മുമ്പ് വേണ്ടതുമാകുന്നു. തക്ക സമയത്ത് വിളിച്ചുചൊല്ല് നടത്തിക്കാത്ത കക്ഷികളിൽ നിന്ന് വികാരിക്ക് അവരുടെ വിവാഹം നടത്താതിരിക്കുന്നതിന് മതിയായ കാരണമില്ലെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം 100 രൂപയിൽ കുറയാത്ത സംഖ്യ വിളിച്ചുചൊല്ല് നടത്തേണ്ട പള്ളിയ്ക്ക് പ്രായശ്ചിത്തമായി വയ്പിച്ചു

### റിശ്ശീസാ

**66.** അമ്പതുനോമ്പിലെ കുമ്പസാരത്തോടുകൂടി അന്ത്യോഖ്യാ സിംഹാസനത്തിലേക്കുള്ള റിശീസ ആയി പത്തുരൂപാ വീതം 18 വയസിനുമേൽ പ്രായമായ ഓരോ പുരുഷനും അടച്ചിരിക്കേണ്ടതും ആയത് നോമ്പുവീടി രണ്ടാഴ്ചയ്ക്കകം സമുദായ ആഫീസിൽ ട്രസ്റ്റികൾ എത്തിച്ചുകൊടുക്കേണ്ടതുമാകുന്നു.

### ഒത്തുകല്യാണം

**67.** **മാറ്റമില്ല**

(എ) **മാറ്റമില്ല**

1. ചെറുക്കന്റെ വീട്ടുകാർ ഇടവകപ്പള്ളിയിൽ സാക്ഷി ക്കു റിക്ക് 100 രൂപ
2. പെണ്ണിന്റെ ഇടവകപ്പള്ളിയിൽ 100 രൂപ

(ബി) പെണ്ണിന്റെ വീട്ടുകാർ

പെണ്ണിന്റെ ഇടവകപ്പള്ളിയിൽ 100 രൂപ.

### വിളിച്ചുചൊല്ല്

**68.** വിവാഹത്തിനുമുമ്പ് രണ്ടു ഞായറാഴ്ചകളിൽ ചെറുക്കന്റെയും പെണ്ണിന്റെയും ഇടവകപ്പള്ളിയിലോ അവർ കൂടി നടക്കുന്ന കുരിശുപള്ളികളിലോ വിളിച്ചു ചൊല്ലു നടത്തേണ്ടതും ആയതു കുർബ്ബാനയ്ക്കുശേഷം ആളുകൾ പിരിയുന്നതിന് മുമ്പ് വേണ്ടതുമാകുന്നു. തക്ക സമയത്ത് വിളിച്ചുചൊല്ല് നടത്തിക്കാത്ത കക്ഷികളിൽ നിന്ന് വികാരിക്ക് അവരുടെ വിവാഹം നടത്താതിരിക്കുന്നതിന് മതിയായ കാരണമില്ലെന്ന്

കൊണ്ട് ഒരു ഞായറാഴ്ചയെങ്കിലും വിളിച്ചുചൊല്ല് നടത്തേണ്ടതാകുന്നു.

## വിവാഹം

**69.** (എ) വിവാഹത്തിന് താഴെപ്പറയുന്ന നിരക്കിലുള്ള ഫീസ് അടയ്ക്കേണ്ടതാകുന്നു.

1. ദേശകുറിപ്പണം 50 രൂപ
2. പസാരം: വധുവിന്റെ പിതൃസ്വത്തു വിഹിത ത്തിന്റെ പത്തിലൊന്ന്, (എഴു ശതമാനം ആൺകൂട്ടരും മൂന്നു ശതമാനം പെൺകൂട്ടരും കൊടുക്കേണ്ടതാണ്).
3. കമ്മട്ടിപണം.: (ഇരു കക്ഷികളും കൂടി തുല്യമായി ഒടുക്കേണ്ടത്) പസാരത്തിന്റെ പത്തിനു രണ്ട്.
4. അയനിപ്പണം: ( ഇരു കക്ഷികളും കൂടി തുല്യമായി) ഒടുക്കേണ്ടത് 10 രൂപ.
5. കുടക്കൂലി: ചെറുക്കന്റെ വീതം 10 രൂപ, പെണ്ണിന്റെ വ ീ ത ം പത്തുരൂപാ.
6. നടവഴക്കം: (ഇതര ഇടവകയിൽ നിന്നു വരുന്ന കക്ഷി) 10 രൂപ.
7. കൈമുത്ത്: ചെറുക്കന്റെ വീതം 10 രൂപ പെണ്ണിന്റെ വീതം 10 രൂപ
8. കപ്പിത്വ ഫീസ്: പിതൃസ്വത്തിന്റെ നൂറ്റിന് അര (കാൽ വീതം ഇരു കക്ഷികളും).

ബോദ്ധ്യപ്പെടുന്ന പക്ഷം 200 രൂപയിൽ കുറയാത്ത സംഖ്യ വിളിച്ചുചൊല്ല് നടത്തേണ്ട പള്ളിയ്ക്ക് പ്രായശ്ചിത്തമായി വയ്പിച്ചുകൊണ്ട് ഒരു ഞായറാഴ്ചയെങ്കിലും വിളിച്ചുചൊല്ല് നടത്തേണ്ടതാകുന്നു.

## വിവാഹം

**69.(എ) മാറ്റമില്ല**

1. ദേശകുറിപ്പണം 100 രൂപ
2. **മാറ്റമില്ല**
3. **മാറ്റമില്ല**
4. അയനിപ്പണം: (ഇരു കക്ഷികളും50 രൂപാവീതം)
5. കുടക്കൂലി: ചെറുക്കന്റെ വീതം 50 രൂപ, പെണ്ണിന്റെ വീതം 50 രൂപാ.
6. നടവഴക്കം: (ഇതര ഇടവകയിൽ നിന്നു വരുന്ന കക്ഷി) 50 രൂപ.
7. കൈമുത്ത്: ചെറുക്കന്റെ വീതം 50 രൂപ പെണ്ണിന്റെ വീതം 50 രൂപ
8. **മാറ്റമില്ല**

9. **(എ)** കുർബ്ബാനപ്പണം: കല്യാണം ഇടദിവമാണെങ്കിൽ ഇരു കക്ഷി കളും 50 രൂപ വീതം വിവാഹം നടത്തുന്ന പള്ളിയിൽ ഒടുക്കണം.

**(ബി)** മേൽപ്പറഞ്ഞവയിൽ ദേശകുറിപ്പണവും മേൽ ഉപവകുപ്പ് 2 ൽ പറയുന്ന രീതിയിൽ വിവാഹഫീസും, കപ്പിത്വഫീസിൽ പകുതിയും, വിവാഹം നടത്താത്ത പള്ളിയിൽ നിന്നും ദേശകുറി കൊടുക്കുമ്പോൾ അവിടെ വയ്പ്പിച്ചുകൊള്ളേണ്ടതാകുന്നു.

**(സി)** മേൽപ്പറഞ്ഞവയിൽ വിവാഹഫീസ് മേൽ 2-ാം ഉപവകു പ്പിൽ പറയുന്ന പ്രകാരവും, കപ്പിത്വഫീസിൽ പകുതിയും, കമ്മട്ടിപ്പണം അയനിപ്പണം, കുടക്കൂലി, നടവഴക്കം, കൈമുത്ത്, കുർബ്ബാനപ്പണം എന്നീ ഇനങ്ങളിലുള്ള ഫീസുകളും വിവാഹം നടത്തുന്ന പള്ളിയിൽ ഒടു ക്കുവാനുള്ളതാകുന്നു.

**(ഡി)** 25,000 രൂപയിൽ താണ പിതൃസ്വത്തുള്ളതും സ്വത്തിന്റെ കുറവു മൂലം പിതൃസ്വത്തു വിഹിതം തീരെ ഇല്ലാത്തതുമായ വിവാഹ ങ്ങൾക്ക് 25000 രൂപയുടെ ഫീസുകൾ അടയ്ക്കേണ്ടതാകുന്നു. എന്നാൽ ഇതിനും നിവൃത്തിയില്ലാത്തവരുടെ വിഷയത്തിൽ ഇടവക നിർവ്വാഹക സമിതിക്ക് ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളാവു ന്നതാണ്.

**(ഇ)** വിവാഹത്തിലെ ഏതെങ്കിലും ഒരു കക്ഷിയ്ക്ക് സ്വത്തുണ്ടായിരിക്കയും, പിതൃസ്വത്ത് തീരെയില്ലാതിരിക്കുകയും ചെയ്യുന്ന വിഷയത്തിൽ, സ്വത്തുള്ള കക്ഷിയുടെ കുടുംബത്തിൽ അതിനടുത്ത്, മുമ്പ് പിതൃസ്വത്ത് കൊടുത്തോ വാങ്ങിയോ നടത്തിയിട്ടുള്ള വിവാഹത്തിലെ പിതൃസ്വത്തിന്റെ കണക്കനുസരിച്ച് ഫീസുകൾ വയ്പ്പിക്കേണ്ടതാകുന്നു.

9. **(എ)** കുർബ്ബാനപ്പണം: കല്യാണം ഇടദിവമാണെങ്കിൽ ഇരു കക്ഷി കളും 100 രൂപ വീതം വിവാഹം നടത്തുന്ന പള്ളിയിൽ ഒടുക്കണം.

**(ബി)** മേൽപ്പറഞ്ഞവയിൽ ദേശകുറിപ്പണവും മേൽ ഉപവകുപ്പ് 2 ൽ പറയുന്ന രീതിയിൽ വിവാഹഫീസും, കപ്പിത്വഫീസിൽ പകുതിയും, വിവാഹം നടത്താത്ത പള്ളിയിൽ നിന്നും ദേശകുറി കൊടുക്കുമ്പോൾ അടച്ചി രിക്കേണ്ടതാണ്.

**(സി)** മേൽപ്പറഞ്ഞവയിൽ വിവാഹഫീസ് മേൽ 2-ാം ഉപവകുപ്പിൽ പറ യുന്ന പ്രകാരവും, കപ്പിത്വഫീസിൽ പകുതിയും, കമ്മട്ടിപ്പണം അയനിപ്പ ണം, കുടക്കൂലി, നടവഴക്കം, കൈമുത്ത്, കുർബ്ബാനപ്പണം എന്നീ ഇന ങ്ങളിലുള്ള ഫീസുകളും വിവാഹം നടത്തുന്ന പള്ളിയിൽ അടയ്ക്കേ ണ്ടതാണ്.

**(ഡി)** 50,000/- രൂപയിൽ താണ പിതൃസ്വത്തുള്ളതും സ്വത്തിന്റെ കുറവു മൂലം പിതൃസ്വത്തു വിഹിതം തീരെ ഇല്ലാത്തതുമായ വിവാഹങ്ങൾക്ക് 50000 രൂപയുടെ ഫീസുകൾ അടയ്ക്കേണ്ടതാകുന്നു. എന്നാൽ ഇതിനും നിവൃത്തിയില്ലാത്തവരുടെ വിഷയത്തിൽ ഇടവക നിർവ്വാഹക സമിതിക്ക് ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളാവുന്നതാണ്.

**(ഇ)** വിവാഹത്തിൽ ഏർപ്പെടുന്ന ഏതെങ്കിലും ഒരുകക്ഷിക്ക് സ്വത്തുണ്ടാ യിരിക്കയും, പിതൃസ്വത്ത് തീരെയില്ലാതിരിക്കുകയും ചെയ്യുന്ന സാഹ ചര്യത്തിൽ, സ്വത്തുള്ള കക്ഷിയുടെ കുടുംബത്തിൽ അതിനടുത്ത്, മുമ്പ് പിതൃ സ്വത്ത് കൊടുത്തോ വാങ്ങിയോ നടത്തിയിട്ടുള്ള വിവാഹത്തിലെ പിതൃസ്വ ത്തിന്റെ കണക്കനുസരിച്ച് ഫീസുകൾ വയ്പ്പിക്കേണ്ടതാകുന്നു. എന്നാൽ മേൽ 69, 9 (ഡി) വകുപ്പും, ഇപ്രകാരമുള്ള വിവാഹങ്ങൾക്ക് ബാധകമാകുന്നു.

**(ഇ)** 1. വിവാഹത്തിൽ ഏർപ്പെടുന്ന കക്ഷികൾക്ക് സാമ്പത്തിക ഭദ്രത ഉണ്ടായിരിക്കുകയും, എന്നാൽ പിതൃസ്വത്ത് കൊടുക്കുകയോ വാങ്ങിക്കയോ ചെയ്യാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, കക്ഷികൾ മനഃസാക്ഷി ക്കനുസരിച്ച് പരമാവധി സംഭാവന പള്ളിയ്ക്ക് നൽകേണ്ടതാകുന്നു.

(ഇ) 2 വിവാഹത്തിന് ഒരുങ്ങുന്ന സ്ത്രീയും പുരുഷനും വിവാഹപൂർവ്വ കൗൺസിലിംഗിൽ സംബന്ധിച്ച് സർട്ടിഫിക്കേറ്റു നേടി ഇടവകവികാരിയെ കാണി ച്ചിരിക്കണം.

പ്രത്യേക സാഹചര്യത്തിൽ വിവാഹത്തിനു മുമ്പ് കൗൺസിലിംഗിൽ സംബന്ധിപ്പാൻ സാധിക്കാത്ത സ്ത്രീയും പുരുഷനും സമുദായ ഓഫീസിൽ Rs. 2000/- വീതം ഫീസ് അടച്ച് സമുദായമെത്രാപ്പോലീത്തായിൽ നിന്നും പ്രത്യേക അനുമതി നേടിയിരിക്കണം.

വിവാഹശേഷം കൗൺസിലിംഗിൽ പങ്കുകൊണ്ട് സർട്ടിഫിക്കറ്റ് സമു ദായ ആഫീസിൽ സമർപ്പിക്കുന്ന മുറയ്ക്ക് പ്രസ്തുത തുക തിരികെ ലഭിക്കുന്ന താണ്. വധൂവരന്മാർ വിവാഹത്തിനുമുമ്പ് വി. കുമ്പസാരം നടത്തി വി. കുർബ്ബാന സ്വീകരിക്കുകയും വേണം.

**(എഫ്)** ദത്തവകാശമായി നടത്തപ്പെടുന്ന വിവാഹത്തിന്റെ വിഷയത്തിൽ പെണ്ണിന്റെ കുടുംബത്തിൽ അതിനടുത്ത്, മുമ്പ് പിതൃസ്വത്ത് കൊടുത്തോ വാങ്ങിയോ നടത്തിയിട്ടുള്ള വിവാഹത്തിലെ പിതൃസ്വത്തിന്റെ കണക്കനുസ രിച്ച് വരുന്ന ഫീസിന്റെ നേരെ ഇരട്ടി എല്ലായിനങ്ങളിലും വയ്പ്പിക്കേണ്ടതാണ്

**(എഫ്)** ദത്തവകാശമായി നടത്തപ്പെടുന്ന വിവാഹത്തിന്റെ വിഷയത്തിൽ കക്ഷികൾ മനഃസാക്ഷിയ്ക്കനുസരിച്ച് പരമാവധി സംഭാവന പള്ളിയ്ക്ക് നൽകേണ്ടതാകുന്നു.

**ജി)** വികാരിയുടെ ദേശകുറി കൂടാതെ വരുന്ന വിവാഹങ്ങൾ യാതൊരു കാരണവശാലും നടത്തികൊടുക്കുവാൻ പാടില്ലാത്തതാകുന്നു.

(ജി) **മാറ്റമില്ല**

**(എച്ച്)** പുനർവിവാഹങ്ങൾക്കു ആദ്യവിവാഹങ്ങൾക്കുള്ളതുപോലെ തന്നെ ഫീസ് കൊടുക്കേണ്ടതാകുന്നു.

(എച്ച്) **മാറ്റമില്ല**

**(ഐ)** വിവാഹഫീസുകൾ മുഴുവനും വിവാഹദിവസത്തിന് മുമ്പ് തീർക്കേ ണ്ടതാകുന്നു.

**(ഐ)** വിവാഹഫീസുകൾ മുഴുവനും വിവാഹദിവസത്തിന് മുമ്പ് അടച്ചുതീർക്കേണ്ടതാകുന്നു.

## മരണം

**70.** മരിച്ച ആളിന്റെ വീട്ടിൽ നിന്നും പള്ളി സാമാനങ്ങളോടുകൂടി ശവം എടുപ്പിച്ചുകൊണ്ട് പള്ളിയിൽ വരുന്നതിന് 25 രൂപ ഫീസ് ഒടുക്കേണ്ടതാകുന്നു.

## കുഴിക്കാണം

**71.** **(എ)** പള്ളി ശവകോട്ടയിൽ ശവം ഇടുന്ന വകയ്ക്ക് അതതു പള്ളിയിലെ നിശ്ചയമനുസരിച്ച് കുഴിക്കാണം ഒടുക്കേണ്ടതാണ്.

**(ബി)** 10 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് കുഴിക്കാണം ഒടുക്കേണ്ടതില്ല.

## കല്ലറ

**72.** **(എ)** തുറക്കാത്ത കല്ലറയ്ക്ക് 32 ചതുരശ്രഅടിയിലും തുറക്കുന്ന കല്ലറയ്ക്ക് 100 ചതുരശ്ര അടിയിലും കൂടുതൽ സ്ഥലം അനുവദിക്കാൻ പാടില്ല.

**(ബി)** കല്ലറയ്ക്കു സ്ഥലം അനുവദിക്കുന്ന പക്ഷം ആ സ്ഥലത്തിന് ഇടവകയോഗത്തിൽ നിന്ന് നിശ്ചയിക്കുന്ന തുക ആ പള്ളിയ്ക്ക് കൊടുക്കേണ്ടതാകുന്നു. തുറക്കുന്ന കബറിൽ വീണ്ടും ശവം അടക്കുമ്പോൾ കുഴിക്കാണം കൊടുക്കേണ്ടതാകുന്നു.

## മരണാനന്തര കർമ്മങ്ങൾ

**73.** **(എ)** പ്രായപൂർത്തിയായ ഒരാൾ മരിച്ചാൽ

1. 40 ദിവസങ്ങൾക്കകം അയാളുടെ ആത്മാനുകൂലാർത്ഥം മരിച്ച തീയതി മുതൽ 3-ാം ദിവസവും, 9-ാം ദിവസവും, 30 -ാം ദിവസവും, 40 -ാം ദിവസവും, കുർബ്ബാനകൾ ചൊല്ലിക്കേണ്ടതും ശക്ത്യാനുസരണം ദാനദർമ്മങ്ങൾ ചെയ്യേണ്ടതുമാകുന്നു.

## മരണം

**70.** മൃതശരീര സംസ്കാരത്തിന് പള്ളി ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുമ്പോൾ 100/- രൂപാ പള്ളിയിൽ നൽകേണ്ടതാകുന്നു.

## കുഴിക്കാണം

**71.** **(എ)** പള്ളി ശവകോട്ടയിൽ മൃതസംസ്ക്കാരം നടത്തുന്ന വകയ്ക്ക് അതതു പള്ളിയിലെ നിശ്ചയമനുസരിച്ച് കുഴിക്കാണം അടയ്ക്കേണ്ടതാണ്.

**(ബി)** 10 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് കുഴിക്കാണം അടയ്ക്കേണ്ടതില്ല.

## കല്ലറ

**72.** **(എ) മാറ്റമില്ല**

**(ബി)** കല്ലറയ്ക്കു സ്ഥലം അനുവദിക്കുന്ന പക്ഷം ആ സ്ഥലത്തിന് ഇടവകയോഗത്തിൽ നിന്ന് നിശ്ചയിക്കുന്ന തുക ആ പള്ളിയ്ക്ക് കൊടുക്കേണ്ടതാകുന്നു. തുറക്കുന്ന കബറിൽ വീണ്ടും മൃതശരീരം അടക്കുമ്പോൾ കുഴിക്കാണം കൊടുക്കേണ്ടതാകുന്നു.

## വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള കർമ്മങ്ങൾ

**73.** **(എ)** സത്യവിശ്വാസിയായ ഒരാൾ വാങ്ങിപ്പോയാൽ അയാളും വിശ്വാസികളായി ജീവിച്ചിരിക്കുന്നവരും തമ്മിൽ ക്രിസ്തുയേശുവിലൂടെയുള്ള കൂട്ടായ്മയിലുള്ള വിശ്വാസത്തിന്റെ വെളിച്ചത്തിൽ:

1. അയാളുടെ ആത്മാനുകൂലാർത്ഥം മരിച്ച തീയതി മുതൽ 3-ാം ദിവസവും, 9-ാം ദിവസവും, 30 -ാം ദിവസവും, 40-ാം ദിവസവും, വി. കുർബ്ബാന ചൊല്ലിക്കേണ്ടതും ശക്ത്യാനുസരണം ദാനധർമ്മങ്ങൾ ചെയ്യേണ്ടതുമാകുന്നു.

2. ആണ്ടുതോറും മരണത്തിന്റെ ഓർമ്മ ദിവസം കുർബ്ബാന ചൊല്ലിക്കേണ്ടത് മരിച്ച ആളിന്റെ അടുത്ത അവകാശിയുടെ കടമയാകുന്നു.

**(ബി).** നാല്പതു ദിവസങ്ങൾക്കകമോ വാർഷിക ദിനത്തിലോ അടിയന്തിരം കഴിക്കുന്നപക്ഷം അതിൽ സംബന്ധിക്കുന്നവർ നേർച്ച ഇടേണ്ടതാണ്. നേർച്ച വീഴുന്ന സംഖ്യയും അഞ്ചുരൂപയും അടിയന്തിരം നടത്തുന്ന ആൾ പള്ളിയിൽ ഒടുക്കേണ്ടതാകുന്നു.

## പുരകൂദാശ

**74.** എല്ലാ ഭവനങ്ങളും ആണ്ടുതോറും കൂദാശ ചെയ്യിക്കേണ്ടതും ഒരു പുരകൂദാശയ്ക്ക് 10 രൂപ പള്ളിയ്ക്ക് കൊടുക്കേണ്ടതുമാകുന്നു.

## നടവരവ്

**75.** യൽദോ, ദുഃഖവെള്ളിയാഴ്ച, ക്യംത്യാ, ഇടവകപ്പെരുന്നാളുകൾ എന്നീ ദിവസങ്ങളിൽ പള്ളിയിൽ കൂടുന്നവർ ശക്ത്യാനുസരണം വഴിപാട് ഇടേണ്ടതാകുന്നു.

## ആണ്ടുവരി

**76.** ആണ്ടുവരിയായി, ഒരു ഇടവകയ്ക്ക് ഒരു തുക, അസ്സോസിയേഷൻ നിശ്ചയിക്കുന്ന പരിധിക്കുള്ളിൽ ഓരോ വീട്ടുകാരിൽ നിന്നും ആണ്ടുതോറും പിരിക്കേണ്ടതാകുന്നു. പിരിവു സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും ക്നാനായകമ്മറ്റിയുടെ ആലോചനയോടുകൂടി സമുദായ

2. ആണ്ടുതോറും വാങ്ങിപ്പോയ ആളിന്റെ ആത്മശാന്തിയ്ക്കും അയാളും ജീവിച്ചിരിക്കുന്ന വിശ്വാസികളും തമ്മിൽ ക്രിസ്തുയേശുവിലുള്ള ബന്ധം അനുസ്മരിച്ചുകൊണ്ടും വി. കുർബ്ബാന ചൊല്ലിക്കേണ്ടത് വാങ്ങിപ്പോയ ആളിന്റെ അടുത്ത അവകാശിയുടെ കടമയാകുന്നു.

**(ബി).** നാല്പതാം ദിവസമോ വാർഷിക ദിനത്തിലോ അടിയന്തിരം കഴിക്കുന്നപക്ഷം അതിൽ സംബന്ധിക്കുന്നവർ നേർച്ച ഇടേണ്ടതാണ്. നേർച്ച വീഴുന്ന സംഖ്യയോടൊപ്പം പത്തുരൂപയും കൂടി അടിയന്തിരം നടത്തുന്ന ആൾ പള്ളിയിൽ ഏല്പിക്കേണ്ടതാകുന്നു.

## ഭവനവാഴ്വ്

**74.** ദൈവമക്കൾ വസിക്കുന്ന ഭവനങ്ങൾ ദൈവത്തിന്റെ അധിവാസസ്ഥാനം ആണെന്നുള്ള അനുസ്മരണം പുതുക്കുന്നതിനും, ഭവനനിവാസികളെ ദൈവസന്നിധിയിൽ പുനർ പ്രതിഷ്ടിക്കുന്നതിനുമായി എല്ലാ ഭവനങ്ങളും ആണ്ടുതോറും ശുദ്ധീകരിക്കപ്പെടേണ്ടതും ഒരു ഭവനശുദ്ധീകരണത്തിന് 25രൂപ പള്ളിയ്ക്ക് നൽകേണ്ടതുമാകുന്നു.

## നടവരവ്

**75.** മാറ്റമില്ല.

## ആണ്ടുവരി

**76.** ആണ്ടുവരിയായി, ഒരു ഇടവകയ്ക്ക് ഒരു തുക, ക്നാനായ അസ്സോസിയേഷൻ നിശ്ചയിക്കുന്ന പരിധിക്കുള്ളിൽ ഓരോ വീട്ടുകാരിൽ നിന്നും ആണ്ടുതോറും പിരിക്കേണ്ടതാകുന്നു. പിരിവു സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും ക്നാനായകമ്മറ്റിയുടെ ആലോചനയോടുകൂടി സമുദായ ട്രസ്റ്റികൾ ചെയ്യേണ്ടതാകുന്നു. എന്നാൽ ഓരോ വീട്ടുകാരിൽ നിന്നും പിരിക്കേണ്ട തുക എത്ര എന്ന് നിർണ്ണയിക്കേണ്ടത് അതാതു ഇടവക പൊതുയോഗമാണ്. ഈ തുക സമുദായദിനമായ 36-ാം ഞായറാഴ്ച എല്ലാ ഇടവകകളിൽ നിന്നും അതാതു പള്ളി നിർവ്വാഹകസമിതി പിരിച്ചെടുത്ത് സമുദായ കേന്ദ്ര ആഫീ

ട്രസ്റ്റികൾ ചെയ്യേണ്ടതാകുന്നു. എന്നാൽ ഓരോ വീട്ടുകാരിൽ നിന്നും പിരിക്കേണ്ട തുക എത്ര എന്ന് നിർണ്ണയിക്കേണ്ടത് അതാതു ഇടവക പൊതുയോഗമായിരിക്കുന്നതാകുന്നു. ഈ തുക സമുദായദിനമായ 36-ാം ഞായറാഴ്ച എല്ലാ ഇടവകകളിൽ നിന്നും പിരിച്ചെടുക്കേണ്ടതാണ്.

### പിറന്നാൾ സ്തോത്രം

**77.** എല്ലാ ഇടവകാംഗങ്ങളും അവരവരുടെ ജന്മദിനം പ്രമാണിച്ച് പിറന്നാൾ സ്തോത്ര വഴിപാടായി സ്വമനസ്സാ ഒരു സംഖ്യ കൊടുക്കേണ്ടതാകുന്നു.

### കാണിക്ക ശേഖരം

**78.** ഞായറാഴ്ചകളിലും മാറാനായ പെരുന്നാളുകളിലും പള്ളിയിൽ കൂടുന്ന എല്ലാ ആളുകളും ശക്ത്യാനുസരണം കാണിക്ക ഇടേണ്ടതാകുന്നു.

### ആദ്യഫലം

**79.** വിത്തുകളെപ്രതിയും കതിരുകളെപ്രതിയുമുള്ള ദൈവമാതാവിന്റെ ഓർമ്മദിവസങ്ങളാകുന്ന ജനുവരി 15, മെയ് 15 എന്നീ തീയതികളിൽ നിവൃത്തിയുള്ള എല്ലാ വീടുകളിൽ നിന്നും ആദ്യഫലം ശേഖരിച്ചു മുതൽ കൂട്ടേണ്ടതാകുന്നു.

### മാസവരി

**80.** ഇടവകയിലെ എല്ലാ വീട്ടുകാരും മാസവരി കൊടുക്കേണ്ടതാകുന്നു. അവയുടെ പിരിവിനുള്ള രീതി, തോത് മുതലായവ നിശ്ചയിക്കുന്നതിനുള്ള സ്വാതന്ത്ര്യം അതാത് ഇടവകയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

സിൽ യഥാസമയം അടയക്കേണ്ടതാണ്. ഇടവക നിശ്ചയിക്കുന്ന ആണ്ടുവരി വിഹിതം സാമ്പത്തിക വർഷാവസാനത്തിനു മുമ്പ് പള്ളി ട്രസ്റ്റിൽ അടയ്ക്കാത്തവരുടെ പേരിൽ പ്രസ്തുത തുകയും 50% പിഴയും കുടിശിഖയായി കണക്കാക്കേണ്ടതാണ്.

### പിറന്നാൾ സ്തോത്രം

**77.** എല്ലാ ഇടവകാംഗങ്ങളും അവരവരുടെ ജന്മദിനം പ്രമാണിച്ച് പിറന്നാൾ സ്തോത്ര വഴിപാടായി സ്വമനസ്സാ ഒരു സംഖ്യ കൊടുക്കേണ്ടതാകുന്നു. ഈ തുക മുഴുവനും ഇടവകയിലെ സാധുജന സംരക്ഷണനിധിയോട് ചേർക്കേണ്ടതാകുന്നു.

### കാണിക്ക ശേഖരം

**78.** മാറ്റമില്ല

### ആദ്യഫലം

**79.** ദൈവം നമുക്കു നൽകിയിരിക്കുന്ന ദാനമാണു ഭൂമി. ദാദാവിനോടുള്ള നന്ദിസുചകമായി അതിൽ നിന്നുലഭിക്കുന്ന വിളവുകളുടെ ആദ്യഫലം ദൈവത്തിനു സമർപ്പിക്കുന്ന പാരമ്പര്യം ആദ്യകാലം മുതലെ ഉള്ളതാണ്. ഈ പാരമ്പര്യമനുസരിച്ച് വിത്തുകളെപ്രതിയും കതിരുകളെപ്രതിയുമുള്ള ദൈവമാതാവിന്റെ ഓർമ്മദിവസങ്ങളാകുന്ന ജനുവരി 15, മെയ് 15 എന്നീ തീയതികളിൽ നിവർത്തിയുള്ള എല്ലാ വീടുകളിൽ നിന്നും ആദ്യഫലം ശേഖരിച്ച് പള്ളിയ്ക്ക് മുതൽ കൂട്ടേണ്ടതാകുന്നു.

### മാസവരി

**80.** ഇടവകയുടെ സുഗമമായ നടത്തിപ്പിനും സാമ്പത്തിക ഭദ്രതയ്ക്കും വേണ്ടി ഇടവകയിലെ എല്ലാ വീട്ടുകാരും മാസവരി കൊടുക്കേണ്ടതാകുന്നു. അവയുടെ പിരിവിനുള്ള രീതി, തോത് മുതലായവ നിശ്ചയിക്കുന്നതിനുള്ള സ്വാതന്ത്ര്യം അതാത് ഇടവകയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

### പകർപ്പുഫീസ്

**81.** മാമ്മോദീസ, വിവാഹം, മരണം എന്നീ രജിസ്റ്ററുകളിൽ നിന്നും അടയാളസഹിതം പകർപ്പുകൾ എടുക്കുന്നതിന് ഓരോ അപേക്ഷയ്ക്കും 25 രൂപാ വീതവും പൊതുയോഗം, കമ്മറ്റി എന്നിവയുടെ നടപടി പുസ്തകങ്ങളിൽ നിന്ന് അടയാളസഹിതം പകർപ്പുകൾ എടുക്കുന്നതിന് ഓരോ അപേക്ഷയ്ക്കും 100 രൂപാ വീതവും, ഫീസ് അടയ്ക്കേണ്ടതാണ്. പകർപ്പ് ശരിയാണെന്നു വികാരി സാക്ഷിപ്പെടുത്തുകയും പള്ളി മുദ്ര അതിൽ പതിക്കുകയും വേണം.

## അദ്ധ്യായം 4
## ഭദ്രാസന ഇടവക മെത്രാപ്പോലീത്താ

**82.** സമുദായത്തിൽ മേലദ്ധ്യക്ഷനായി ഒരു മെത്രാപ്പോലീത്താ ഉണ്ടായിരിക്കുന്നതും, ക്നാനായ അസ്സോസിയേഷന് ആവശ്യമാണെന്നു തോന്നുകയാണെങ്കിൽ സഹായമെത്രാന്മാരെ നിയമാനുസൃതം തെരഞ്ഞെടുത്തു വാഴിക്കാവുന്നതും അവരുടെ അധികാരാവകാശങ്ങൾ അസ്സോസിയേഷന്റെ ആലോചനയോടുകൂടി മെത്രാപ്പോലീത്ത നിശ്ചയിക്കുന്നതുമായിരിക്കും.

**83.(എ)** മെത്രാപ്പോലീത്താ സ്ഥാനത്തുവരുന്ന ആൾ ക്നാനായ സമുദായാംഗവും, മലയാളം, സുറിയാനി. ഇംഗ്ലീഷ് എന്നീ ഭാഷകളിലും വേദശാസ്ത്രത്തിലും ശരിയായി അഭ്യസനം സിദ്ധിച്ചിട്ടുള്ള ദേഹവും, വിശ്വാസാചാരങ്ങളിൽ നിഷ്ഠയും, ദൈവഭക്തിയും ഉള്ള അംഗവൈകല്യമില്ലാത്ത ദയറാക്കാരനും ആയിരിക്കണം

### പകർപ്പുഫീസ്

**81.** മാമ്മോദീസ, വിവാഹം, മരണം എന്നീ രജിസ്റ്ററുകളിൽ നിന്നും അടയാളസഹിതം പകർപ്പുകൾ എടുക്കുന്നതിന് ഓരോ പകർപ്പിനും 50 രൂപാ വീതവും പൊതുയോഗം, കമ്മറ്റി എന്നിവയുടെ മിനിസ്റ്റ്സ് പുസ്തകങ്ങളിൽ നിന്ന് അടയാളസഹിതം പകർപ്പുകൾ എടുക്കുന്നതിന് ഓരോ പകർപ്പിനും 100 രൂപാ വീതവും, ഫീസ് അടയ്ക്കേണ്ടതാണ്. പകർപ്പ് ശരിയാണെന്നു വികാരി സാക്ഷിപ്പെടുത്തുകയും പള്ളി മുദ്ര അതിൽ പതിക്കുകയും വേണം.

## അദ്ധ്യായം 4
## മെത്രാപ്പോലീത്തന്മാർ (തെരഞ്ഞെടുപ്പ്)

**82.** ക്നാനായ അതിഭദ്രാനത്തിന്റെ ഭരണപരവും ആദ്ധ്യാത്മികവുമായ കാര്യങ്ങളുടെ സുഗമമായ നടത്തിപ്പിനു വേണ്ടിസമുദായത്തിൽ മേലദ്ധ്യക്ഷനായി ഒരു സമുദായ മെത്രാപ്പൊലീത്തയും, അദ്ദേഹത്തോടു കൂടി ആവശ്യാനുസരണം സഹായ മെത്രാപ്പൊലീത്തമാരും ഉണ്ടായിരിക്കുന്നതാണ്. മെത്രാപ്പോലീത്തന്മാരിലാരെങ്കിലും കാലം ചെയ്യുകയോ, കഠിന രോഗബാധിതരാകുകയോ, ഭരണം ഒഴിയുകയോ, സഭാപരിവർത്തനനം ചെയ്യുകയോ, പ. പാത്രിയർക്കീസ് ബാവായാൽ മുടക്കപ്പെടുകയോ ചെയ്യുന്ന അവസരത്തിൽ ഭദ്രാസന ഇടവകയുടെയും മേഖലകളുടെയും ഭരണകാര്യങ്ങൾ നിർവിഘ്നം നടത്തപ്പെടുന്നതിന് ഒന്നോ അതിലധികമോ മെത്രാപ്പോലീത്തന്മാരെ വാഴിക്കേണ്ടത് ആവശ്യമെന്ന് ക്നാനായകമ്മറ്റിക്ക് ബോദ്ധ്യപ്പെടുമ്പോൾ മെത്രാപ്പോലിത്തൻകൗൺസിലുമായി ആലോചിച്ച് ക്നാനായ കമ്മറ്റി ആയത് ഒരു പ്രമേയ രൂപത്തിൽ ക്നാനായ അസോസിയേഷനിൽ അവതരിപ്പിച്ച് അനുമതി വാങ്ങേണ്ടതാണ്.

**83. (1)** പ്രസ്തുതപ്രമേയം അംഗീകരിക്കപ്പെട്ടാൽ മെത്രാപ്പോലീത്തൻ സ്ഥാനത്തേക്കു യോഗ്യതയുള്ള അവിവാഹിത പട്ടക്കാരുടെ പേരുകൾ നിർദ്ദേശിപ്പാൻ സമുദായമെത്രാപ്പോലീത്താ ഉള്ളപക്ഷം അദ്ദേഹം, അല്ലാത്തപക്ഷം അദ്ദേഹത്തിന്റെ ചുമതല വഹിക്കുന്ന മെത്രാപ്പോലീത്താ(സ്ഥാനാർത്ഥി അല്ലാത്ത പക്ഷം), സ്ഥാനാർത്ഥി അല്ലാത്ത സഹായമെത്രാപ്പോലീത്തന്മാർ, ക്നാനായ

**(ബി)** മേൽപ്പറഞ്ഞ യോഗ്യതയുള്ള വൈദികൻ അതിനായി കൂടുന്ന യോഗത്തിൽ ക്നാനായ അസ്സോസിയേഷനിലെ ആകെ വോട്ടവകാശമുള്ള അസ്സോസിയേഷൻ അംഗങ്ങളുടെ അൻപത്തിഒന്ന് ശതമാനത്തിൽ കുറയാതെ വോട്ടുകൾ നേടുന്ന പക്ഷം മെത്രാപ്പോലീത്താ/ സഹായമെത്രാനായി തെരഞ്ഞെടുക്കപ്പെടുന്നതുമാകുന്നു.

ഈ തെരഞ്ഞെടുപ്പുയോഗത്തിൽ ഒന്നിൽ കൂടുതൽ ആളുകൾ സ്ഥാനാർത്ഥികളായി വരികയും ആർക്കും 51% വോട്ട് കിട്ടാതിരിക്കുകയും ചെയ്യുന്നതായാൽ ഏറ്റവും കുറവായി വോട്ടുകിട്ടിയ ആളിന്റെ പേരു തള്ളി ബാക്കിയുള്ളവരുടെ പേരുകൾ വീണ്ടും വോട്ടിനിടേണ്ടതും, അങ്ങനെ ഒരാളിന്റെ പേരു ശേഷിക്കുന്നതുവരെ വോട്ടു ചെയ്യേണ്ടതും അപ്രകാരം വരുന്ന ആളിന്റെ പേര് വീണ്ടും വോട്ടിനിടുമ്പോൾ അയാൾക്ക് 51% എങ്കിലും വോട്ടു കിട്ടുന്ന പക്ഷം ആ ആൾ തെരഞ്ഞെടുക്കപ്പെട്ടതായി ഗണിക്കേണ്ടതുമാകുന്നു. ഇപ്രകാരം നടത്തുന്ന വോട്ടെടുപ്പിൽ ആർക്കും 51% വോട്ട് ലഭിക്കുന്നില്ലെങ്കിൽ വീണ്ടും നോട്ടീസു കൊടുത്തു കൂടുന്ന അസ്സോസിയേഷനിൽ തെരഞ്ഞെടുപ്പു പ്രക്രിയ തുടരേണ്ടതുമാണ്.

**(സി)** ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന ആളിന്/ ആളുകൾക്ക് പരിശുദ്ധ സിംഹാസനത്തിൽ നിന്ന് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ മലങ്കര സുറിയാനി ക്നാനായ സമുദായത്തിനുവേണ്ടി മെത്രാപ്പോലീത്താ/ സഹായമെത്രാനായി കാനോനികമായി വാഴിക്കപ്പെട്ട് നിയമിക്കപ്പെടേണ്ടതാകുന്നു.

അസോസിയേഷൻ പ്രസിഡന്റ്, സമുദായസെക്രട്ടറി, വൈദീക ട്രസ്റ്റി, അത്മായ ട്രസ്റ്റി, വികാരിജനറാൾ മിഷൻ ഡയറക്ടർ, വൈദികയോഗത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 3 വൈദീകർ, ക്നാനായ കമ്മറ്റി അതിൽ നിന്നു തന്നെ തിരഞ്ഞെടുക്കുന്ന 3 അത്മായക്കാർ എന്നിവരുൾപ്പെടെ 15 പേരിൽ കവിയാത്ത ഒരു മെത്രാപ്പോലീത്തൻ നോമിനേഷൻ ബോർഡിനെ സമുദായ മെത്രാപ്പോലീത്തായോ അദ്ദേഹത്തിന്റെ ചുമതല വഹിക്കുന്ന മെത്രാപ്പോലീത്തായോ, അഡ്മിനിസ്ട്രേറ്ററോ യഥാകാലം നിയമിക്കേണ്ടതാണ്. ഈ ബോർഡിന്റെ അദ്ധ്യക്ഷൻ സമുദായ മെത്രാപ്പോലീത്തായോ അദ്ദേഹത്തിന്റെ ചുമതല വഹിക്കുന്ന മെത്രാപ്പോലീത്തായോ അദ്ദേഹം ഇല്ലാത്ത പക്ഷം അഡ്മിസ്ട്രേറ്ററോ ആയിരിക്കുന്നതാണ്. സെക്രട്ടറി വികാരി ജനറാൾ ആയിരിക്കുന്നതാണ്. ബോർഡിന്റെ കോറം 9 ആയിരിക്കും.

**83.(2)** മെത്രാപ്പോലീത്തൻ സ്ഥാനത്തേക്കു നിർദ്ദേശിക്കപ്പെടുന്ന ആളിന് താഴെ പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്.

**(a)** നല്ല ദൈവഭക്തി, സത്യവിശ്വാസം, നല്ല സാക്ഷ്യം, വിശ്വാസസ്ഥിരത, പക്വബുദ്ധി, കാര്യപ്രാപ്തി, ഭരണനിപുണത എന്നിവയിൽ പൊതുസമ്മതം ലഭിച്ച അരോഗദൃഢഗാത്രനായ ക്നാനായസമുദായത്തിൽപ്പെട്ട അവിവാഹിത പുരോഹിതനായിരിക്കണം.

**(b)** മലങ്കര സുറിയാനി ക്നാനായ സമുദായാംഗമായിരുന്ന് സുറിയാനി സഭയുടെ സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസാചാരങ്ങളെയും, മേലദ്ധ്യക്ഷാധികാരങ്ങളെയും സ്വയം ഭരണ സ്വാതന്ത്ര്യത്തെയും, എപ്പിസ്ക്കോപ്പസിയേയും സമുദായ ഭരണഘടനയേയും ക്നാനായ സമുദായത്തിന്റെ പ്രത്യേകതകളെയും വംശപാരമ്പര്യത്തെയും പരിപൂർണ്ണമായി അംഗീകരിക്കുക.

**(c)** ഏതെങ്കിലും അംഗീകൃതസർവ്വകലാശാലയിൽ നിന്നും ബിരുദാനന്തരബിരുദം, സമുദായം അംഗീകരിക്കുന്ന തിയോളജിക്കൽ കോളേജിൽ നിന്നും വേദശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം, പൗരൃസ്ത്യ വേദശാസ്ത്ര നിപുണത, കമ്പ്യൂട്ടറിൽ അടിസ്ഥാനപരിജ്ഞാനം , സുറിയാനി, മലയാളം, ഇംഗ്ലീഷ്

എന്നീ ഭാഷകളിൽ പ്രാവിണ്യം എന്നിവ ഉണ്ടായിരിക്കണം.

**(d)** മെത്രാപ്പോലീത്തൻ തെരഞ്ഞെടുപ്പു സംബന്ധിച്ച് സമുദായമെത്രാപ്പോലീത്തായോ അദ്ദേഹത്തിന്റെ ചുമതല വഹിക്കുന്ന മെത്രാപ്പോലീത്തായോ/അഡ്മിനിസ്ട്രേറ്ററോ കല്പന പുറപ്പെടുവിക്കുന്ന തീയതിയിൽ 50 വയസ്സിനും 60 വയസ്സിനും മദ്ധ്യേ പ്രായവും 15 വർഷത്തിൽ കുറയാത്ത ഇടവക ഭരണ പരിചയവും ഉള്ള വൈദികനായിരിക്കണം.

**(e)** രണ്ട് വർഷത്തിൽ കുറയാതെ സഭയുടെ അംഗീകൃത ദയറായിൽ താമസിച്ച് ദയറാവ്രതവും, ദയറാനുഷ്ഠാനങ്ങളും പരിശീലിച്ചിരിക്കണം. തിരഞ്ഞെടുപ്പിനു മുമ്പ് അതിന് അവസരം ലഭിച്ചിട്ടില്ലാത്ത സ്ഥാനർത്ഥി, തിരഞ്ഞെടുക്കപ്പെട്ട ശേഷം സ്ഥാനാരോഹണത്തിനു മുമ്പ് ഈ വ്യവസ്ഥ നിർബന്ധമായും പാലിച്ചിരിക്കണം.

**83 (3)** മെത്രാപ്പോലീത്തൻ സ്ഥാനത്തേയ്ക്കുള്ള തെരഞ്ഞെടുപ്പ് ദൈവഹിതപ്രകാരം നടത്തപ്പെടുന്നതിനുവേണ്ടി പ്രത്യേക പ്രാർത്ഥനകൾ കഴിക്കണമെന്നും ടി. സ്ഥാനത്തിനു യോഗ്യതയുള്ള വൈദീകരുടെ പേരുകൾ നിശ്ചിതസമയത്തിനകം മെത്രാപ്പോലീത്തൻ നോമിനേഷൻ ബോർഡിനെ അറിയിക്കണമെന്നുമുള്ള ഒരു കല്പന സമുദായമെത്രാപ്പോലീത്താ/ ഭരണാധിപൻ എല്ലാ ഇടവകകളേയും അറിയിക്കേണ്ടതും ആ കല്പനയുടെ ഒരു ശരിപ്പകർപ്പ് സമുദായത്തിന്റെ ഔദ്യോഗികമുഖപത്രത്തിലും വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തേണ്ടതും ആകുന്നു.

**(എ)** ബോർഡിന്റെ യോഗം യാഥാകാലംകൂടി, സമർപ്പിക്കപ്പെട്ടതും, ബോർഡ് അംഗങ്ങൾ നിർദ്ദേശിക്കുന്നതുമായ പേരുകൾ സൂക്ഷ്മമായി പരിശോധിച്ചും, ആവശ്യമെങ്കിൽ അഭിമുഖം നടത്തിയും മെത്രാപ്പൊലീത്ത ആകുന്നതിന് എന്തുകൊണ്ട് ആഗ്രഹിക്കുന്നുവെന്നും, തെരഞ്ഞെടുക്കപ്പെട്ട് വാഴിക്കപ്പെടുന്ന പക്ഷം സമുദായ പുരോഗതിക്കു വേണ്ടി എന്തെല്ലാം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുവെന്നും അവ എങ്ങനെ നടപ്പാക്കുമെന്നതിനെക്കുറിച്ചും ഒരു കാഴ്ചപ്പാട് എഴുതി വയ്പിച്ചും ക്നാനായ അസോസിയേഷനിൽ സമർപ്പിക്കുന്നതിന് യോഗ്യതയുള്ളവരുടെ പേരോ പേരുകളൊ മാത്രം തെരഞ്ഞെടുത്ത് ഒരു ലിസ്റ്റ് തയ്യാറാക്കി ക്നാനായ കമ്മറ്റിയ്ക്ക് അയച്ചുകൊടുക്കേണ്ടതാണ്.

സമുദായ മെത്രാപ്പോലീത്താ/ ഭരണാധിപൻ എല്ലാ പള്ളികൾക്കും കല്പന അയക്കേണ്ടതുമാണ്. ആക്ഷേപം ബോധിപ്പിക്കുന്നതിനു ക്ലിപ്തപ്പെടുത്തിയ തീയതിയും ബോർഡ് യോഗം കൂടുന്ന തീയതിയും തമ്മിൽ ഓരാഴ്ചയിൽ കുറയാതെ ഇട ഉണ്ടായിരിക്കേണ്ടതാണ്. ബോർഡ് യോഗം കൂടി ആക്ഷേപങ്ങളെക്കുറിച്ച് രഹസ്യമായി തെളിവെടുത്ത് തള്ളേണ്ടവയെ തള്ളിയും അല്ലാത്തവയെ സ്വീകരിച്ചും ഈ നിബന്ധനകൾ അനുസരിച്ചും സർവ്വഥാ യോഗ്യന്മാരെന്ന് ബോർഡ് തീരുമാനിക്കുന്നവരുടെ പേരുകൾ മാത്രം ഉൾപ്പെടുത്തി ഒരു ലിസ്റ്റു തയ്യാറാക്കി ക്നാനായ കമ്മറ്റിയ്ക്ക് അയച്ചു കൊടുക്കേണ്ടതാണ്.

**(സി)** മേല്പറഞ്ഞ ലിസ്റ്റ് കിട്ടുന്ന മുറയ്ക്ക് ക്നാനായ കമ്മറ്റി കൂടി തെരഞ്ഞെടുപ്പു നടത്തുവാനായി ക്നാനായ അസോസിയേഷൻ കൂടുന്ന സ്ഥലം, തീയതി, സമയം എന്നിവ നിശ്ചയിക്കേണ്ടതും, ആ വിവരങ്ങളും നിർദ്ദേശിത പേരുകളും കാണിച്ച് ഒരു നോട്ടീസ് തിരഞ്ഞെടുപ്പു തീയതിക്ക് 45 ദിവസം മുൻപ് സമുദായ സെക്രട്ടറി അസോസിയേഷൻ അംഗങ്ങൾക്ക് അയച്ചു കൊടുക്കേണ്ടതും, സമുദായ മെത്രാപ്പോലീത്താ/ ഭരണാധിപൻ ഒരു സർക്കുലർ മൂലം വിവരം പള്ളികളിൽ പ്രസിദ്ധപ്പെടുത്തേണ്ടതും ആണ്. പ്രസ്തുത സർക്കുലറിന്റെ ഒരു പകർപ്പ് സമുദായത്തിന്റെ ഔദ്യോഗികമുഖപത്രത്തിലും വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തേണ്ടതും ആകുന്നു.

(ഡി) മുകളിൽ പ്രതിപാദിച്ചിരിക്കുന്ന ലിസ്റ്റിൽ പേരുള്ളവരിൽ ആർക്കെങ്കിലും സ്ഥാനാർത്ഥിയാകുന്നതിന് താൽപര്യം ഇല്ലാത്ത പക്ഷം മെത്രാപ്പോലീത്തൻ തെരഞ്ഞെടുപ്പു കല്പന പള്ളികളിൽ വായിച്ചു കഴിഞ്ഞ് 10 ദിവസങ്ങൾക്കുള്ളിൽ മെത്രാപ്പോലീത്തൻ നോമിനേഷൻ ബോർഡിനെ രേഖാമൂലം അറിയിക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാനാർത്ഥി **അനുബന്ധം A** യിൽ കാണുന്ന പ്രകാരം സമ്മതപത്രമെഴുതി ക്നാനായ അസോസിയേഷൻ പ്രസിഡന്റിന് സമർപ്പിക്കേണ്ടതുമാണ്.

**(ഇ)** മെത്രാപ്പോലീത്തായുടെ തെരഞ്ഞെടുപ്പ് ക്നാനായ അസോസിയേഷൻ അംഗങ്ങളുടെ അതിഗൗരവും പാവനവുമായ ചുമതലയും ഭയഭക്തിപൂർവ്വം ചെയ്യേണ്ട ഒരു കർത്തവ്യവും ആകയാലും തെരഞ്ഞെടുപ്പ് ദൈവേഷ്ടപ്രകാരം നടത്തപ്പെടുന്നതിനുവേണ്ടി, തെരഞ്ഞെടുപ്പിനുവേണ്ടിയുള്ള പ്രത്യേക അസോസിയേഷൻ യോഗം പരിശുദ്ധാത്മ നടത്തിപ്പിനായുള്ള പ്രാർത്ഥനകൾ, ധ്യാനപ്രസംഗം എന്നിവയോടുകൂടി ആരംഭിക്കേണ്ടതും, പ്രസ്തുത യോഗത്തിൽ ഇതര വിഷയങ്ങൾ ആലോചനയ്ക്ക് എടുക്കുകയോ നിർദ്ദേശിതരുടെ യോഗ്യത, അയോഗ്യതകളെക്കുറിച്ചു വാദപ്രതിവാദം നടത്തുകയോ, നിർദ്ദേശിതരല്ലാത്തവരുടെ പേരുകൾ വോട്ടിനിടുകയോ ചെയ്തുകൂടാത്തതുമാകുന്നു.

**(എഫ്)** മെത്രാപ്പോലീത്തൻ സ്ഥാനാർത്ഥി ആകുന്നതിനുവേണ്ടി പ്രത്യക്ഷമായോ പരോക്ഷമായോ പ്രചരണം നടത്തുകയോ വോട്ടു ചോദിക്കുകയോ, പ്രലോഭനങ്ങൾ നൽകുകയോ ചെയ്തിട്ടുള്ളന്ന വൈദീകനെയോ, വൈദീകരെയോ അയോഗ്യരായി ഗണിക്കുന്നതാണ്.

**(ജി)** അങ്ങനെ കൂടുന്ന അസോസിയേഷൻ യോഗത്തിൽ ആകെയുള്ള അംഗങ്ങളിൽ എഴുപത്തി അഞ്ചുശതമാനം (75%) ത്തിൽ കുറയാതെ ഹാജരില്ലാത്ത പക്ഷം യോഗം പിരിച്ചുവിട്ടശേഷം മുൻവകുപ്പിൽ പറയുന്നപ്രകാരം വീണ്ടും നോട്ടീസു കൊടുത്ത് യോഗം വിളിച്ചു കൂട്ടേണ്ടതും ആകുന്നു.

**(എച്ച്)** ക്നാനായ അസോസിയേഷൻ പ്രസിഡന്റ് വരണാധികാരിയും അദ്ദേഹത്താൽ നിയമിക്കപ്പെടുന്ന സ്ഥാനാർത്ഥികളല്ലാത്ത ഒന്നോ അധികമോ പട്ടക്കാരും അൽമായരും പോളിംഗ് ഓഫീസർമാരും ആയിരിക്കുന്നതാണ്.

**(ഐ)** ക്നാനായ അസോസിയേഷൻ അംഗങ്ങളല്ലാത്ത ആർക്കും ഈ യോഗത്തിൽ പ്രവേശനം അനുവദിച്ചുകൂടാത്തതാകുന്നു. യോഗത്തിൽ ഹാജരുള്ള അംഗങ്ങളുടെ ലിസ്റ്റ് സമുദായ സെക്രട്ടറി തയ്യാറാക്കി അടയാളം വച്ച് പോളിംഗ്

**(ജെ)** പോളിംഗ് ഓഫീസർ പേരുവിളിയ്ക്കുന്ന മുറയ്ക്ക് അസോസിയേഷൻ അംഗങ്ങൾ ഓരോരുത്തരായി ഹാജർ ലിസ്റ്റിൽ മാർക്കു ചെയ്യിച്ചതിനുശേഷം ഓഫീസറന്മാരെ ഏല്പിക്കേണ്ടതാണ്.

നിശ്ചിത ബാലറ്റുപേപ്പർ വാങ്ങി താൻ വോട്ടു ചെയ്യുവാൻ ഉദ്ദേശിക്കുന്ന പേരിനോ, പേരുകൾക്കോ എതിരെ വോട്ട് രേഖപ്പെടുത്തി അവിടെ പൂട്ടി മുദ്ര വച്ചിരിക്കുന്ന പെട്ടിയിൽ നിക്ഷേപിക്കേണ്ടതാണ്.

**(കെ)** സമുദായത്തിന്റെ മുദ്ര ഇല്ലാത്തതോ, ശരിയായ വിധത്തിൽ വോട്ട് രേഖപ്പെടുത്താത്തതോ ആവശ്യത്തിലധികം പേരിനു നേരെ അടയാളം ഇട്ടതോ സമ്മതിദായകനെ വെളിപ്പെടുത്തുന്ന ഏതെങ്കിലും ലക്ഷ്യങ്ങൾ ഉള്ളതോ ആയ ബാലറ്റുകടലാസിലെ വോട്ടുകൾ അസാധു ആയിരിക്കുന്നതാണ്.

വോട്ടിംഗ് അവസാനിക്കുമ്പോൾ അദ്ധ്യക്ഷനും പോളിംഗ് ഓഫീസറന്മാരും എണ്ണുന്നതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരും ചേർന്ന് വോട്ടുകൾ പരിശോധിക്കയും അസാധുവായവ തള്ളുകയും ഓരോ സ്ഥാനാർത്ഥിയ്ക്കും ലഭിച്ച വോട്ടുകളുടെ സംഖ്യ രേഖപ്പെടുത്തുകയും ചെയ്യണം.

അദ്ധ്യക്ഷന്റെ സാന്നിദ്ധ്യത്തിൽ ബാലറ്റുപെട്ടികൾ തുറക്കേണ്ടതും വോട്ടുകൾ എണ്ണുന്നതിന്റെ ചുമതല അദ്ദേഹം നേരിട്ടു വഹിക്കേണ്ടതും വോട്ടിംഗ് ഫലം ശരിയായി രേഖപ്പെടുത്തുന്നതിന്റെ ചുമതല വഹിക്കേണ്ടതുമാണ്.

വോട്ടിംഗിൽ ക്നാനായ അസ്സോസിയേഷനിലെ ആകെ വോട്ടവകാശമുള്ള അംഗങ്ങളുടെ 65% ത്തിൽ കുറയാതെ വോട്ടുകൾ നേടുന്നപക്ഷം മെത്രാപ്പോലീത്തായായി തെരഞ്ഞെടുക്കപ്പെടുന്നതാകുന്നു.

ഒരു സ്ഥാനത്തേയ്ക്ക് ഒരു സ്ഥാനാത്ഥി മാത്രമായി മത്സരരംഗത്ത് ഉണ്ടായിരുന്നാലും അദ്ദേഹത്തിന് ക്നാനായ അസ്സോസിയേഷനിലെ ആകെയുള്ള അംഗങ്ങളുടെ 65% ത്തിൽ കുറയാത്ത വോട്ടുകൾ ലഭിച്ചിരിക്കേണ്ടതാണ്. ഒന്നിൽ കൂടുതൽ സ്ഥാനത്തേയ്ക്ക് അത്രയും മാത്രം സ്ഥാനാർത്ഥികൾ മത്സരരംഗത്ത് ഉണ്ടായിരുന്നാൽ അവരും ഇപ്രകാരമുള്ള യോഗ്യതാവോട്ടുകൾ നേടിയിരിക്കേണ്ടതാണ്.

എന്നാൽ ആവശ്യമുള്ള സ്ഥാനത്തേയ്ക്ക്, നിശ്ചിത എണ്ണത്തിൽ കൂടുതൽ ആളുകൾ മത്സരരംഗത്ത് ഉണ്ടായിരിക്കയും പോളിങ്ങിൽ ആർക്കും

ക്നാനായ അസോസിയേഷനിലെ ആകെ വോട്ടവകാശമുള്ള അംഗങ്ങളുടെ 65% ത്തിൽ കുറയാതെ വോട്ടുകൾ ലഭിക്കാത്തപക്ഷം ഏറ്റവും കുറവ് വോട്ട് ലഭിച്ച ആളിന്റെ പേര് നീക്കി ബാക്കിയുള്ളവരുടെ പേരുകൾ വീണ്ടും വോട്ടിനിടുകയും അങ്ങനെ വേണ്ടത്ര സ്ഥാനാർഥികളുടെ പേര് ശേഷിക്കുന്നതുവരെ ഈ പ്രക്രിയ തുടരുകയും ചെയ്യേണ്ടതും, അപ്രകാരം വരുന്ന ആളിന്/ആളുകൾക്ക് ക്നാനായ അസ്സോസിയേഷനിലെ ആകെ വോട്ടവകാശമുള്ള അംഗങ്ങളുടെ 65% എങ്കിലും വോട്ടുലഭിക്കുന്ന പക്ഷം ആ സ്ഥാനാർത്ഥി/സ്ഥാനാർത്ഥികൾ തെരഞ്ഞെടുക്കപ്പെട്ടതായി ഗണിക്കേണ്ടതും ആകുന്നു. ഇപ്രകാരം നടക്കുന്ന വോട്ടെടുപ്പിൽ ആർക്കും 65% വോട്ട് (നിശ്ചിതവോട്ട്) ലഭിക്കുന്നില്ലെങ്കിൽ വീണ്ടും ഭരണഘടന 82, 83 വകുപ്പുകൾ പ്രകാരം കൂടുന്ന അസ്സോസിയേഷനിൽ തെരഞ്ഞെടുപ്പ് പ്രക്രിയ തുടരേണ്ടതുമാണ്.

ഫലപ്രഖ്യാപനത്തെ തുടർന്ന് വോട്ടുകൾ രേഖപ്പെടുത്തിയ ബാലറ്റുപേപ്പറുകൾ സീലുചെയ്ത പെട്ടിയിൽ തന്നെ അദ്ധ്യക്ഷന്റെ കസ്റ്റടിയിൽ മൂന്നു മാസം സൂക്ഷിക്കേണ്ടതാണ്.

തിരഞ്ഞെടുപ്പു പ്രക്രിയയിൽ പരാതിയുള്ളവർ ഫലപ്രഖ്യാപനം കഴിഞ്ഞ് മൂന്നു ദിവസത്തിനുള്ളിൽ സമുദായ മെത്രാപ്പോലീത്താ/അദ്ദേഹത്തിന്റെ ചുമതല വഹിക്കുന്നയാൾ സമക്ഷം റീ കൗണ്ടിംഗ് ഉൾപ്പെടെയുള്ളവയ്ക്ക് രേഖാമൂലം ആവശ്യപ്പെടാവുന്നതും അദ്ദേഹം അത് കൈപ്പറ്റിയതായി രസീത് നൽകേണ്ടതും ഒരു മാസത്തിനുള്ളിൽ വിശദമായ അന്വേഷണങ്ങൾക്കുശേഷം അദ്ദേഹം പ്രഖ്യാപിക്കുന്ന തീരുമാനം അന്തിമവും എല്ലാവർക്കും ബാധകവും ആയിരിക്കുന്നതാണ്.

മെത്രാപ്പോലീത്താസ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ആൾ/ആളുകൾ അവർക്കുള്ള സ്വത്തുക്കളുടെ (സ്ഥാവര ജംഗമ) വിശദാംശങ്ങൾ മെത്രാപ്പൊലീത്തൻ നോമിനേഷൻ ബോർഡിൽ രേഖാമൂലം വെളിപ്പെടുത്തേണ്ടതും, ആയത് സമുദായ ട്രസ്റ്റികൾ സൂക്ഷിക്കേണ്ടതുമാണ്. ഈ നിബന്ധന നിലവിലുള്ള മെത്രാപ്പൊലീത്തമാർക്കും ബാധകമാണ്.

**(എൽ)** ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന ആളിന് /ആളുകൾക്ക് പരി.

അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്ന് രേഖാമൂലം അംഗീകാരം ലഭിക്കുന്ന

മുറയ്ക്ക് പരി. അന്ത്യോഖ്യാ പാത്രിയർക്കാസിനാലോ അദ്ദേഹത്തിന്റെ അറിവോടുകൂടി മലങ്കരയിൽ വെച്ചോ ക്നാനായ സുറിയാനി മെത്രാപ്പൊലീത്തമാർ ഉള്ള പക്ഷം അവരുടെ സഹകാർമ്മികത്തോടു കൂടി, കാനോനികമായി മെത്രാപ്പോലീത്താ /സഹായമെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ട് നിയമിക്കപ്പെടേണ്ടതാകുന്നു.

**83 (4)** സമുദായ മെത്രാപ്പൊലീത്താ കാലം ചെയ്യുകയോ, കഠിനരോഗബാധിതനാകുകയോ, ഭരണം ഒഴിയുകയോ, പരിശുദ്ധ – പാത്രിയർക്കോസ് ബാവയാൽ മുടക്കപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ മെത്രാപ്പോലീത്തൻ കൗൺസിലിന്റെ നിശ്ചയപ്രകാരം നിലവിലുള്ള മേഖലാ മെത്രാപ്പോലീത്തൻന്മാരിൽ മേൽപ്പട്ടസ്ഥാനത്തിൽ സീനിയർ ആയ ആൾ സമുദായ മെത്രാപ്പോലീത്തായുടെ ചുമതല ആറുമാസത്തിൽ കവിയാത്ത കാലത്തേക്കു മാത്രം താൽക്കാലികമായി വഹിക്കേണ്ടതും വിവരം പരി. പാത്രിയർക്കീസ് ബാവായെ അറിയിക്കേണ്ടതുമാണ്. നിലവിലുള്ള സഹായമെത്രാപ്പോലീത്തന്മാർ / മേഖല മെത്രാപ്പോലീത്തന്മാർ എന്നിവർക്ക് സമുദയ മെത്രാപ്പോലീത്തയുടെ പിൻതുടർച്ചാവകാശം സ്വാഭാവികമായി ഇല്ലാത്തതിനാൽ ആറു മാസത്തിനുള്ളിൽ ക്നാനായ അസ്സോസിയേഷൻ വിളിച്ചുകൂട്ടി മേൽ 82 മുതൽ 84 വരെയുള്ള വകുപ്പുകൾക്ക് വിധേയമായി സമുദായമെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുപ്പു നടത്തി മുറപ്രകാരം ക്രമീകരണങ്ങൾ ചെയ്യേണ്ടതാകുന്നു. പ്രസ്തുത തെരഞ്ഞെടുപ്പിൽ നിലവിലുള്ള എല്ലാ സഹായമെത്രാപ്പോലീത്തന്മാർക്കും മേഖല മെത്രാപ്പോലീത്തന്മാർക്കും സ്ഥാനാർത്ഥികളാകാവുന്നതാണ്.

## മെത്രാപ്പോലീത്തൻ കൗൺസിൽ

**83 (5)**

1. ക്നാനായ അതിഭദ്രാസനത്തിലെ എല്ലാ മെത്രാപ്പോലീത്തന്മാരും അംഗങ്ങളായുള്ള ഒരു മെത്രാപ്പോലീത്തൻ കൗൺസിൽ ഉണ്ടായിരിക്കുന്നതാണ്.

2. ക്നാനായ അതിഭദ്രാസനത്തിന്റെ വലിയമെത്രാപ്പോലീത്താ മെത്രാപ്പോലീത്തൻ കൗൺസിലിന്റെ പ്രസിഡന്റായിരിക്കും.

3. കൗൺസിലിന്റെ സെക്രട്ടറിയെ കൗൺസിൽ അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കേണ്ടതും അദ്ദേഹത്തിന്റെ കാലാവധി മൂന്നു വർഷം ആയിരിക്കുന്നതുമാണ്.

4. സാധാരണയായി സെക്രട്ടറി കൗൺസിൽ യോഗം നോട്ടീസ് കൊടുത്ത് വർഷത്തിൽ രണ്ടുപ്രാവശ്യം എങ്കിലും വിളിച്ചുകൂട്ടേണ്ടതാണ്. എന്നാൽ രണ്ടോ അതിലധികമോ മെത്രാപ്പോലീത്തന്മാർ രേഖാമൂലം ആവശ്യപ്പെട്ടാൽ 5 ദിവസത്തിനകം സെക്രട്ടറി കൗൺസിൽ യോഗം വിളിച്ചുകൂട്ടേണ്ടതാണ്.

5. അത്യാവശ്യം നേരിടുന്ന പക്ഷം സമുദായമെത്രാപ്പോലീത്തായ്ക്ക് കൗൺസിൽ യോഗം വിളിച്ചുകൂട്ടാവുന്നതാണ്. അങ്ങനെ യോഗം കൂട്ടേണ്ട സാഹചര്യവും അതിൽ ആലോചനയക്ക് എടുക്കേണ്ട വിഷയവും കൗൺസിൽ അംഗങ്ങളെ യഥാകാലം അറിയിച്ചിരിക്കണം.

6. ഒരു കൗൺസിൽ യോഗം സാധു ആകണമെങ്കിൽ അംഗങ്ങളിൽ മൂന്നിൽ രണ്ടു പേർ സന്നിഹിതനായിരിക്കണം. ഏതെങ്കിലും വിഷയത്തിൽ വോട്ടെടുപ്പുവേണ്ടി വരികയും വോട്ടുകൾ തുല്യമായിരിക്കയും ചെയ്താൽ പ്രസിഡന്റിന് ഒരു വോട്ടു കൂടുതലുണ്ടായിരിക്കും.

7. സെക്രട്ടറി കൗൺസിൽ യോഗമിനിട്സ് എഴുതി സന്നിഹിതരായിരിക്കുന്ന അംഗങ്ങളെക്കൊണ്ട് ഒപ്പിടുവിച്ചു സൂക്ഷിക്കേണ്ടതാണ്.

8. കൗൺസിൽ നിശ്ചയങ്ങൾ സമുദായ മെത്രാപ്പോലീത്താ 20 ദിവസത്തിനുള്ളിൽ നടപ്പാക്കിയിരിക്കേണ്ടതാണ്. എന്നാൽ പരി. പാത്രിയർക്കീസ് ബാവായുടെ അനുമതി ആവശ്യമുള്ള വിഷയങ്ങൾ സമുദായ മെത്രാപ്പോലീത്തായുടെ മേലൊപ്പോടുകൂടി കൗൺസിൽ സെക്രട്ടറി അംഗീകാരത്തിനുവേണ്ടി പ. പാത്രിയർക്കീസുബാവായ്ക്ക് അയച്ചുകൊടുക്കേണ്ടതാണ്.

## മെത്രാപ്പോലീത്തൻ കൗൺസിലിന്റെ ചുമതലകൾ

**83 (6)**

1) സഭയുടെ അടിസ്ഥാന വിശ്വാസങ്ങൾക്ക് എതിരല്ലാത്ത വിശ്വാസാചാരപരമായ കാര്യങ്ങളിൽ അതിഭദ്രാസന ഇടവകയ്ക്കുവേണ്ടി തീരുമാനങ്ങൾ കൈക്കൊണ്ട് നടപ്പാക്കുക.

2) ഇടവക പൊതുയോഗത്തിന്റെയോ, നിർവ്വാഹകസമിതിയുടെയോ പരാതിയെ സംബന്ധിച്ച് മേഖല മെത്രാപ്പോലീത്ത ചെയ്യുന്ന തീരുമാനത്തിന്മേൽ സമുദായ മെത്രാപ്പോലീത്തായിയ്ക്കു സമർപ്പിക്കപ്പെടുന്ന അപ്പീലിനെക്കുറിച്ചു തീർപ്പു കല്പിക്കുന്നതിന് സമുദായ മെത്രാപ്പോലീത്തായിക്കു ആലോചന നൽകുക.

3) സമുദായത്തിൽ മുടക്കിന് അർഹരായവരുടെ മേൽ നടപടി എടുക്കു

ന്നതിനും, അനുതപിച്ചു തിരിച്ചുവരുന്നവരെ സ്വീകരിക്കുന്നതിനും സമുദായമെത്രാപ്പോലീത്തായ്ക്ക് ആലോചന നൽകുക.

4) സമുദായത്തിനുവേണ്ടി കോറെപ്പിസ്ക്കോപ്പാമാർ, വൈദികർ, ശെമ്മാശന്മാർ എന്നിവർക്കു പട്ടം കൊടുക്കുകയും, ദയറാക്കാരേയും സന്യാസിനികളേയും വാഴിക്കുകയും പള്ളികളും, തബലൈത്തായും വി. മൂറോനൊഴികെയുള്ള തൈലങ്ങളും കൂദാശ ചെയ്യുകയും ചെയ്യേണ്ടിവരുന്ന സന്ദർഭങ്ങളിൽ താഴെ 90 മുതൽ 93 വരെ വകുപ്പുകൾക്ക് വിധേയമായി തീരുമാനം ചെയ്യുക.

5) സൺഡേസ്ക്കൂൾ അസോസിയേഷൻ, കെ. എസ്. എ., ക്നാനായ കോൺഗ്രസ്, സന്യാസിനി സമൂഹം, ക്നാനായസുവിശേഷം സമാജം , വിമൻസ് അസോസിയേഷൻ എന്നിവയുടെ ചുമതല അതാതു സംഘടനകളുടെ ഭരണഘടനയ്ക്ക് അനുസൃതമായി, മേഖലാ മെത്രാപ്പോലീത്തന്മാർക്കു വിഭജിച്ചു നൽകുന്നതിനു തീരുമാനമെടുത്ത് നടപ്പിലാക്കുക.

6) സെമിനാരി വിദ്യാഭ്യാസം പൂർത്തികരിച്ച് വൈദീക പട്ടം സ്വീകരിപ്പാൻ ഒരുങ്ങുന്ന ശെമ്മാശന്മാരുമായി അഭിമുഖം (ഇൻർവ്യൂ) നടത്തി യോഗ്യരാണെന്ന് ഉറപ്പുവരുത്തുക.

7) വൈദീക കൗൺസിലിന്റെയും പട്ടംകൊടകമ്മറ്റിയുടെയും ആലോചനയോടുകൂടി വൈദീകർക്കുവേി ഒരു നടപടിക്രമം (Code of conduct) തയ്യാറാക്കി നടപ്പിൽവരുത്തുക.

8) വൈദികരുടെ മേൽ ഉാകുന്ന പരാതികളിന്മേൽ വേ അന്വേഷണം നടത്തി 60 ദിവസത്തിനുള്ളിൽ തീരുമാമെടുത്ത് നടപ്പിലാക്കുക

9) സമുദായത്തിലെ പൊതുവായ വിഷയങ്ങളെക്കുറിച്ചു പൊതു കല്പന ഇറക്കുന്നതിന് സമുദായ മെത്രാപ്പോലീത്തായുമായി ആലോചന നടത്തുക. ഇപ്രകാരം പുറപ്പെടുവിക്കുന്ന കല്പനകൾ നടപ്പിൽ വരുത്തുന്നതിന് മേഖലാ മെത്രാപ്പൊലീത്തമാർ ബാധ്യസ്ഥരായിക്കും.

10) പെൻഷൻ പ്രായത്തിനു മുൻപ് ഏതെങ്കിലും വൈദികനെ ശുശ്രൂഷയിൽ നിന്നും മാറ്റി നിർത്തേ സാഹചര്യം ഉായാൽ ആയതിന് ആവശ്യമായ ആലോചന സമുദായ മെത്രാപ്പോലീത്തായിയ്ക്കു നൽകുക..

നിധിയെ നിശ്ചയിക്കുക.

**84. (1)** താഴെപ്പറയുന്നവ മെത്രാപ്പോലീത്തായുടെ പ്രത്യേക ചുമതലയിൽപ്പെടുന്നവയായിരിക്കും.

(എ) അസ്സോസിയേഷന്റെ കാലാവധി കഴിയുന്ന മുറയ്ക്ക് താഴെ 108-ാം വകുപ്പിൽ നിർദ്ദേശിക്കുന്ന പ്രകാരം കല്പന പുറപ്പെടുവിക്കുക.

**(ബി)** ആണ്ടിൽ രണ്ടു പ്രാവശ്യമെങ്കിലും തന്റെ കീഴിലുള്ള വൈദികരുടെ യോഗം വിളിച്ചുകൂട്ടി അതിൽ അദ്ധ്യക്ഷം വഹിച്ച് അവർക്ക് അദ്ധ്യാത്മികവും, ഭരണപരവുമായും മറ്റുമുള്ള കാര്യങ്ങളിൽ ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുകയും അതാതു കാലങ്ങളിൽ അവർക്കുണ്ടാകുന്ന പ്രത്യേക പ്രയാസങ്ങളും പ്രശ്നങ്ങളും കേട്ട്, വേണ്ട ആലോചനകൾ നൽകുകയും ചെയ്യുക.

**(സി)** വിശ്വാസാചാരങ്ങളിൽ ഇടവകയ്ക്കുവേണ്ട തീരുമാനങ്ങൾ ചെയ്യുക.

**(ഡി)** ഭരണസംബന്ധമായ കാര്യങ്ങളിൽ വികാരി ജനറാളും, പട്ടക്കാരും, ഇടവകയോഗങ്ങളും, നിർവ്വാഹകസമിതികളും, ചെയ്യുന്ന തീരുമാനങ്ങളിന്മേൽ വരുന്ന അപ്പീൽ കേട്ട് തീരുമാനിക്കുക.

**(ഇ)** വൈദികകൗൺസിലും ക്നാനായ കമ്മറ്റിയും ആയി ആലോചിച്ച് ഇടവകകളിൽ വൈദികരെ നിയമിക്കുകയും, നീക്കുകയും, സ്ഥലം മാറ്റുകയും ചെയ്യുക.

**(എഫ്)** വൈദികരുടെമേൽ ഉണ്ടാകുന്ന പാരതികൾ കേട്ടു തീരുമാനിക്കുന്നതിനു കൂടുന്ന വൈദികകൗൺസിലിൽ അദ്ധ്യക്ഷംവഹിക്കുകയും, തീരുമാനങ്ങൾ നടപ്പിലാക്കുകയും ചെയ്യുക.

11) പട്ടംകൊടക്കമ്മറ്റിയിലേയ്ക്ക് മെത്രാപ്പോലീത്തൻ കൗൺസിലിന്റെ പ്രതി

(12) വികാരി ജനറാളിന്റെ തിരഞ്ഞെടുപ്പിന് സമുദായ മെത്രാപ്പൊലീത്തയ്ക്കു വേ ആലോചന നൽകുക.

13) ഇതിൽ എടുത്തു പറഞ്ഞിട്ടില്ലാത്ത ആത്മിക കാര്യങ്ങളെ സംബന്ധിച്ച് കാലാകാലങ്ങളിൽ ആവശ്യമായ നിശ്ചയങ്ങൾ ചെയ്യുക.

**84. (1) താഴെപ്പറയുന്നവ സമുദായമെത്രാപ്പോലീത്തായുടെ പ്രത്യേക ചുമതലയിൽപ്പെടുന്നവയായിരിക്കും.**

(1) **മാറ്റമില്ല**

**(2)** പുതുതായി രൂപീകൃതമാകുന്ന ക്നാനായ അസ്സോസിയേഷന്റെ പ്രഥമയോഗത്തിൽ അദ്ധ്യക്ഷതവഹിച്ച് നയപ്രഖ്യാപനപ്രസംഗം നടത്തി, യോഗ നടപടികൾ തുടർന്ന് നടത്തുന്നതിന് നിലവിലുള്ള അസ്സോസിയേഷൻ പ്രസിഡന്റിനെ ചുമതല ഏല്പിക്കുക.

**(3)** മേഖല മെത്രാപ്പോലീത്തയുടെയും അതാത് ഇടവകവികാരിമാരുടെയും അറിവോടെ മേഖലകളിലെ പള്ളികൾ സന്ദർശിക്കുകയും ആരാധനയും കൂദാശകളും അനുഷ്ഠിക്കുകയും മേഖലാ ഭരണം ക്രമപ്രകാരം നടക്കുന്നുണ്ടോ എന്ന് വീക്ഷിക്കുകയും ചെയ്യുക. മേഖലാഭരണം ക്രമപ്രകാരം നടക്കുന്നില്ലാ എന്ന് ബോദ്ധ്യപ്പെടുന്ന സാഹചര്യത്തിൽ മേഖലാ മെത്രാപ്പൊലീത്തയെ അറിയിച്ചു കൊണ്ട് പ്രസ്തുത മേഖലയുടെ ഭരണത്തിൽ ഇടപെടുക.

**(4)** ആണ്ടിൽ രണ്ടു പ്രാവശ്യമെങ്കിലും അതിഭദ്രാസനത്തിലെ മെത്രാപ്പോലീത്താമാരുടേയും, വൈദികരുടേ യും യോഗം വിളിച്ചുകൂട്ടി അതിൽ അദ്ധ്യക്ഷം വഹിച്ച് അവർക്ക് അദ്ധ്യാത്മികവും, ഭരണപരവും സമുദായ പുരോഗതിയ്ക്ക് ഉതകുന്നതുമായ കാര്യങ്ങളിൽ ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുകയും അതാതു കാലങ്ങളിൽ അവർക്കുണ്ടാകുന്ന പ്രത്യേക പ്രയാസങ്ങളും പ്രശ്നങ്ങളും കേട്ട്, വേണ്ട ആലോചനകൾ നൽകുകയും ചെയ്യുക.

**(5)** വിശ്വാസാചാരപരമായ കാര്യങ്ങളിൽ അതിഭദ്രാസന ഇടവകയ്ക്കു

**(ജി)** ഓരോ ഇടവകയ്ക്കും പ്രത്യേകമായും സമുദായത്തിന് പൊതുവായുമുള്ള പൊതുയോഗങ്ങളുടെ നിശ്ചയങ്ങൾ മേൽ 36 ഉം താഴെ 123 (എ) വകുപ്പുകൾക്കു വിധേയമായി പരിശോധിച്ച് മുഴുവനായോ, അംശമായോ സ്ഥിരപ്പെടുത്തുകയോ തക്കതായ കാരണം കാണിച്ച് തള്ളുകയോ ചെയ്യുക.

**(എച്ച്)** സമുദായത്തിൽ പൊതുവായും ഓരോ ഇടവകയിൽ പ്രത്യേകമായും ഉണ്ടാകുന്ന കുഴപ്പങ്ങളെയും ക്രമക്കേടുകളേയും കുറിച്ച് അന്വേഷണങ്ങൾ നടത്തി വൈദിക കൗൺസിലിൽ ചർച്ച ചെയ്തു വേണ്ട പരിഹാരം നടത്തി ഉണ്ടാക്കുക.

**(ഐ)** ഒത്തുകല്യാണം സംബന്ധിച്ചുള്ള അപേക്ഷകൾ കേട്ടു തീരുമാനിക്കുക.

**(ജെ)** ഇടവക മാറുന്നതിന് ആരെങ്കിലുമപേക്ഷിച്ചാൽ മേൽ 48-ാം വകുപ്പിന് വിധേയമായി അപേക്ഷകേട്ടു തീരുമാനിക്കുക.

**(കെ)** ഭദ്രാസന ഇടവകയ്ക്കുവേണ്ടി വി. അന്ത്യോഖ്യാസിംഹാസനത്തിങ്കലേക്ക് എഴുത്തുകുത്തുകൾ നടത്തുക.

**(എൽ)** വി. അന്ത്യോഖ്യാസിംഹാസനത്തിങ്കലേക്കുള്ള റിശീസാ പിരിച്ച് വിശുദ്ധ പാത്രിയർക്കീസ് ബാവായ്ക്ക് അയച്ചുകൊടുക്കുക.

**(എം)** 106 (സി ) യിൽ പറയുന്ന പ്രകാരം സമുദായപരമായ കാര്യങ്ങളിൽ കുറ്റക്കാരാകുന്നവരെ പള്ളിക്കുറ്റത്തിൽ നിർത്തുകയോ, മുടക്കുകയോ, അനുതപിച്ചു തിരികെ വരുന്നവരെ കുറ്റവിമുക്തരക്കുകയോ ചെയ്യുക.

വേണ്ടി മെത്രാപ്പോലീത്തൻ കൗൺസിലുമായി ആലോചിച്ച് വേണ്ട തീരുമാനങ്ങൾ ചെയ്യുക.**(6)** ഭരണസംബന്ധമായ കാര്യങ്ങളിൽ മേഖല മെത്രാപ്പോലീത്തന്മാരും വികാരി ജനറാളും ചെയ്യുന്ന തീരുമാനങ്ങളിന്മേൽ വരുന്ന അപ്പീലുകളെക്കുറിച്ച് വേണ്ട സമഗ്ര അന്വേഷണം നടത്തി 60 ദിവസത്തിനുള്ളിൽ വേണ്ട നിശ്ചയങ്ങൾ ചെയ്ത് നടപ്പാക്കുക.

**(7)** വൈദികകൗൺസിലുമായി ആലോചിച്ച് മേഖലകൾക്കും കേന്ദ്രഭരണ പ്രദേശത്തിനും ആവശ്യമുള്ളത്രയും വൈദികരെ നിശ്ചയിച്ച് നൽകുക.

**(8)** ഇടവക പൊതുയോഗത്തിന്റെയോ, നിർവാഹക സമിതിയുടെയോ തീരുമാനത്തിന്മേലുള്ള പരാതിയിന്മേൽ മേഖല മെത്രാപ്പൊലീത്ത / വൈദിക കൗൺസിൽ ചെയ്യുന്ന തീരുമാനത്തിന്മേലുള്ള അപ്പീലിന്മേൽ വേണ്ട അന്വേഷണം നടത്തി യുക്തമായ തീരുമാനം എടുക്കുക.

**(9)** മെത്രാപ്പൊലീത്തൻ കൗൺസിലിന്റെയും വൈദിക കൗൺസിലുന്റെയും ആലോചനയോടു കൂടി 113-ാം വകുപ്പിൽ പറയുന്ന യോഗ്യതകൾ ഉള്ള വൈദികനെ വികാരി ജനറാൾ ആയി നിയമിക്കുക.

**(10)** ക്നാനായ അസോസിയേഷൻ, ക്നാനായകമ്മറ്റി എന്നിവയുടെ നിശ്ചയങ്ങൾ താഴെ 123 (എ) 127 വകുപ്പുകൾക്കു വിധേയമായി പരിശോധിച്ച് മുഴുവനായോ, അംശമായോ സ്ഥിരപ്പെടുത്തുകയോ തക്കതായ കാരണം കാണിച്ച് തള്ളുകയോ ചെയ്യുക.

**(11)** ക്നാനായ അസോസിയേഷൻ യോഗങ്ങളിൽ പ്രസിഡന്റിന്റെ റൂളിംഗ് അനുസരിക്കാതിരിക്കുകയോ യോഗത്തിൽ അപമര്യാദയായി പെരുമാറുകയോ മനഃപൂർവ്വം യോഗനടപടികൾ തടസ്സപ്പെടുത്തുകയോ ചെയ്യുന്ന അംഗങ്ങളെ അസോസിയേഷൻ അംഗത്വത്തിൽ നിന്ന് നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷണനടപടികൾ കൈക്കൊള്ളുന്നതിനുള്ള അസോസിയേഷൻ പ്രസിഡന്റിന്റെ ശുപാർശയിന്മേൽ വേണ്ട തീരുമാനം ചെയ്യുക.

**(12)** താഴെ **103**-ാം വകുപ്പിൻ പ്രകാരം **3** പേരെ കേന്ദ്ര ഭരണ പ്രദേശത്തു നിന്നും, **3** പേരെ സമുദായ തലത്തിൽ നിന്നും ക്നാനായ അസോസിയേഷനിലേക്ക് നോമിനേറ്റ് ചെയ്യുക.

**(13)** സമുദായമെത്രാപ്പോലീത്തായുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലുള്ള

ഇടവകകളിൽ നിന്നുള്ള ഒത്തുകല്യാണം സംബന്ധിച്ചുള്ള പരാതികൾ കേട്ടു തീരുമാനിക്കുക.

(14) ഇടവക മാറ്റത്തിനുള്ള അപേക്ഷകളിന്മേൽ 48-ാം വകുപ്പിന് വിധേയമായി തീരുമാനം കൈക്കൊള്ളുക.

(15) അതിഭദ്രാസനത്തിന്റെ ഭരണസംബന്ധമായ വിഷയങ്ങളെ സംബന്ധിച്ച് മെത്രാപ്പോലീത്തൻ കൗൺസിലുമായി ആലോചിച്ച് മാത്രം പരി. അന്ത്യോഖ്യാസിംഹാസനത്തിങ്കലേക്ക് എഴുത്തുകുത്തുകൾ നടത്തുക.

(16) പരി. അന്ത്യോഖ്യാസിംഹാസനത്തിങ്കലേക്കുള്ള റിശ്ശീസാ ശേഖരിച്ച് യഥാസമയം സമുദായ ട്രസ്റ്റിയിലൂടെ പരി. പാത്രിയർക്കീസ് ബാവായ്ക്ക് അയച്ചുകൊടുക്കുക.

(17) അതിഭദ്രാസനത്തിൽ മുടക്കപ്പെടേണ്ടവരെന്ന് മേഖലാമെത്രാപ്പോലീത്തന്മാർ നൽകുന്ന റിപ്പോർട്ടിനെക്കുറിച്ച് 60 ദിവസത്തിനുള്ളിൽ മെത്രാപ്പോലീത്തൻ കൗൺസിലുമായി ആലോചിച്ച് ശരിയായ അന്വേഷണം നടത്തി ബോധ്യപ്പെട്ടശേഷം ആവശ്യമെങ്കിൽ മുടക്കുകയും അനുതപിച്ച് തിരികെ വരുന്നവരെ സ്വീകരിക്കുകയും ചെയ്യുക. അപ്രകാരം ചെയ്യുന്ന തീരുമാനം മേഖല മെത്രാപ്പോലീത്തായേയും ബന്ധപ്പെട്ട ഇടവക വികാരയേയും രേഖാമൂലം അറിയിക്കുക.

(18) 50-ാം വകുപ്പിന് വിധേയമായി ക്നാനായ വംശജജരായി മറ്റു സഭകളിൽ കൂടി നടക്കുന്നവരായ ആളുകൾക്ക് ക്നാനായ സമുദായത്തിൽ ഇടവക ചേർരുന്നതിന് അംഗീകാരം നൽകുക

(19) സമുദായത്തിന്റെ വാർഷിക റിപ്പോർട്ടിൽ ഓരോ വർഷവും സമുദായ മെത്രാപ്പോലീത്താ സമുദായത്തിന്റെ വളർച്ചയ്ക്കും അഭിവൃദ്ധിയ്ക്കും വേണ്ടി നടത്തിയ ആത്മികവും ഭൗതികവുമായ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനായി സമുദായ സെക്രട്ടറിയ്ക്ക് നൽകുക.

(20) വർഷത്തിലൊരിക്കൽ അഭിഭദ്രാസത്തിലെ വൈദികർക്കും മെത്രാപ്പോലീത്തൻന്മാർക്കും വേണ്ടി മൂന്നു ദിവസത്തെ ധ്യാനയോഗം നടത്തുന്നതോടൊപ്പം സുവിശേഷസമാജത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന വാർഷീക ധ്യാനയോഗത്തിലും തിരുവല്ലായിൽ വച്ച് നടത്തപ്പെടുന്ന

ക്നാനായ കൺവൻഷനിലും എല്ലാ മെത്രാപ്പോലീത്തൻമാരും, വൈദീകരും ആദ്യാവസാനം സംബന്ധിക്കുന്നതിന് വേണ്ട പ്രോത്സാഹനം നൽകുക. തക്ക തായ കാരണം കൂടാതെ ഇവയിൽ സംബന്ധിക്കാതിരിക്കുന്ന വൈദികരിൽ നിന്ന് ക്നാനായ വൈദികയോഗം നിശ്ചയിക്കുന്ന തുക സമുദായ ആഫീസു വഴി ഈടാക്കുകയും, പ്രസ്തുത തുക, പ്രീസ്റ്റ് വെൽഫെയർ ഫണ്ടിലേയ്ക്ക് നൽകുകയും ചെയ്യുക.

(21) സമുദായത്തിലെ പൊതുവായ വിഷയങ്ങളെപ്പറ്റി, മെത്രാപ്പോലീത്തൻ കൗൺസിലുമായി ആലോചിച്ച് കല്പനകൾ പുറപ്പെടുവിക്കുക. പ്രസ്തുത കല്പനകളുടെ കോപ്പി പള്ളികളിൽ വായിക്കുന്നതിനുമുമ്പായി മേഖലാ മെത്രാപ്പോലീത്തൻന്മാർക്ക് നൽകുക.

(22) ക്നാനായ അതിഭദ്രാസനത്തിനുവേണ്ടി മെത്രാപ്പോലീത്തൻ കൗൺസിലുമായി ആലോചിച്ച് ക്നാനായഭരണഘടനയുടെ 90മുതൽ 93 വരെ വകുപ്പുകൾക്ക് വിധേയമായി കോർ എപ്പിസ്ക്കോപ്പാമാർ വൈദികർ, ശെമ്മാ ശന്മാർ എന്നീ സ്ഥാനത്തേയ്ക്ക് പട്ടം കൊടുക്കുകയും, ദയറാക്കാരേയും സന്യാസിനികളേയും വാഴിക്കയും, പള്ളികളും തബലൈത്തയും, വി. മൂറോ നൊഴികെയുള്ള തൈലങ്ങളും കൂദാശചെയ്യുകയും ചെയ്യുക.

(23) തക്കതായ കാരണത്താൽ കാലാവധി തീരുന്നതിനുമുമ്പ് മേഖല മെത്രാപ്പോലീത്തയുടെ ശുപാർശായോടുകൂടി ഒരു മേഖലയിൽ നിന്ന് മറ്റൊരു മേഖലയ്ക്ക് വൈദീകരെ മാറ്റികൊടുക്കുക.

(24) ഓരോ മേഖലയിലുമുള്ള പ്രസ്ഥാനങ്ങളുടെ മേൽനോട്ടത്തിനായി മേഖലാ മെത്രാപ്പോലീത്തായും ക്നാനായകമ്മറ്റിയുമായി ആലോചിച്ചും, അതാത് പ്രസ്ഥാനങ്ങളുടെ ഭരണഘടനയ്ക്ക് വിധേയമായും അതാത് മേഖ ലയിലെ മെത്രാപ്പോലീത്തന്മാരെ ചുമതലപ്പെടുത്തുക.

(25) സമുദായത്തിന്റെ പൊതുവായ ആത്മീയ കൂട്ടായ്മയുടേയും, പ്രേഷിത പ്രവൃത്തനങ്ങളുടേയും ഫലപ്രദമായ നടത്തിപ്പിനുവേണ്ടി നിലവിലുള്ള ആത്മിയപ്രസ്ഥാനങ്ങളായ സൺഡേസ്ക്കൂൾ അസ്സോസിയേഷൻ, സുവിശേ ഷസമാജം, വിമൻസ് അസ്സോസിയേഷൻ, കെ.എസ്.എ., ക്നാനായ കോൺഗ്ര സ്, സന്യാസിനി സമൂഹം എന്നിവയുടെ ചുമതല, അതാത് പ്രസ്ഥാനങ്ങളുടെ

ഭരണഘടനാനുസൃതം മെത്രാപ്പോലീത്തൻ കൗൺസിലിന്റെ നിശ്ചയപ്രകാരം മേഖലാമെത്രാപ്പോലീത്തന്മാർക്ക് വിഭജിച്ച് നൽകുക.

**(26)** താഴെ 158 (എൽ) വകുപ്പിൽ പറയുന്ന സമുദായ അനുരഞ്ജന കോടതി അംഗങ്ങളെ നിയമിക്കുക.

**(27)** കേന്ദ്രഭരണപ്രദേശത്തെ പള്ളികളിൽ ശുശ്രൂഷിക്കുന്ന വൈദികരുടെ പ്രവർത്തനങ്ങൾ ഈ ഘടനയുടെ **അനുബന്ധം F ൽ** കാണുന്ന മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലും, ഇടവകകളിൽ നിന്നും **അനുബന്ധം G** യിൽ കാണുന്ന രഹസ്യറിപ്പോർട്ടിലൂടെ ലഭിക്കുന്ന അറിവിന്റെ അടിസ്ഥാനത്തിലും, അതാതു മേഖലയിലുള്ള വൈദികരെ അവലോകനം ചെയ്യുകയും റിപ്പോർട്ട് ഓരോ വൈദീകരുടേയും പേരിലുള്ള പ്രത്യേകം പ്രത്യേകം ഫയലിൽ രഹസ്യമായി (Confidential) സൂക്ഷിക്കുകയും പ്രസ്തുത റിപ്പോർട്ടിനെക്കുറിച്ച് അതാതു വൈദികരുമായി ചർച്ച നടത്തുകയും ചെയ്യുക. പ്രസ്തുത റിപ്പോർട്ടിന്റെ ഓരോ കോപ്പികൾ മേഖല മെത്രാപ്പൊലീത്തന്മാർക്ക് അറിവിനായി നൽകുകയും ചെയ്യുക.

**(28)** സഹായമെത്രാപ്പോലീത്തന്മാർ മേഖലാശുശ്രൂഷ 7 വർഷം പൂർത്തിയാക്കുന്ന മുറയ്ക്ക് ജനുവരി 1-ാം തീയതിയോടുകൂടി പുതിയ മേഖലയിൽ ചുമതല ഏറ്റെടുക്കത്തക്കവിധത്തിൽ സമുദായമെത്രാപ്പോലീത്ത കല്പന പുറപ്പെടുവിക്കേണ്ടതാണ്. എന്നാൽ ആദ്യ മാറ്റം 2017 ജനുവരി 1 മുതൽ നിലവിൽ വരത്തക്കവിധം ക്രമീകരിക്കേണ്ടതാണ്.

**(29)** സമുദായ മെത്രാപ്പോലീത്ത അദ്ദേഹത്തിന്റെ ശുശ്രൂഷ മേഖലയിൽ നിന്ന് മാറി നിൽക്കേണ്ടിവരുമ്പോൾ മെത്രാപ്പോലീത്തൻ കൗൺസിലിലെ സ്ഥലത്തുള്ള സീനിയർ മെത്രാപ്പോലീത്തായെ വിവരം അറിയിച്ച് സമുദായ ഭരണത്തിനും, അദ്ദേഹം നേരിട്ടു ഭരിക്കുന്ന പള്ളികളുടെ ഭരണത്തിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്ത് ബന്ധപ്പെട്ടവരെ കല്പനയിലൂടെ അറിയിക്കേണ്ടതാണ്.

**(30)** വിശ്വാസപരമായോ, ഭരണപരമായോ ഉള്ള കാര്യങ്ങളിൽ സമുദായ മെത്രാപ്പോലീത്താ ചെയ്യുന്ന തീരുമാനത്തിൽ സങ്കടമുള്ള കക്ഷിയ്ക്ക് സിറിയൻ ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായ പ. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മുമ്പാകെമ അപ്പീൽ ബോധിപ്പിക്കാവുന്നതാകുന്നു. എന്നാൽ മലങ്കരയിൽ

**84. (2)** വിശ്വാസപരമായോ, ഭരണപരമായോ ഉള്ള കാര്യങ്ങളിൽ മെത്രാപ്പോലീത്താ ചെയ്യുന്ന തീരുമാനത്തിൽ സങ്കടമുള്ള കക്ഷിയ്ക്ക് പ. അന്ത്യോഖ്യാ സിംഹാസനത്തിങ്കൽ അപ്പീൽ ബോധിപ്പിക്കാവുന്നതാകുന്നു. എന്നാൽ മലങ്കരയിൽ ക്നാനായസമുദായത്തിന് സ്വീകാര്യമായ ഒരു എപ്പിസ്കോപ്പൽ സുന്നഹദോസ് ഉണ്ടാകുന്ന സമയം ആദ്യ അപ്പീൽ ആ സുന്നഹദോസിലേക്കായിരിക്കണം. സാമൂഹ്യാചാരവിരുദ്ധമായ സംഗതികളിൽ ക്നാനായ കമ്മറ്റിയുടെയും വൈദിക കൗൺസിലിന്റെയും സംയുക്തമായ ആലോചനപകാരം മെത്രാപ്പോലീത്താ ചെയ്യുന്ന തീരുമാനം അവസാന തീരുമാനമായിരിക്കും.

ക്നാനായസമുദായത്തിന് സ്വീകാര്യമായ ഒരു എപ്പിസ്കോപ്പൽ സുന്നഹദോസ് ഉണ്ടാകുന്ന സമയം ആദ്യ അപ്പീൽ ആ സുന്നഹദോസിലേക്കായിരിക്കണം. സാമൂഹ്യാചാരപരമായ സംഗതികളിൽ മെത്രാപ്പോലീത്തൻ കൗൺസിലിന്റെയും, ക്നാനായ കമ്മറ്റിയുടെയും വൈദിക കൗൺസിലിന്റെയും സംയുക്തമായ ആലോചനപ്രകാരം സമുദായ മെത്രാപ്പോലീത്താ ചെയ്യുന്ന തീരുമാനം അന്തിമവും എല്ലാവർക്കും ബാദകവുമായിരിക്കും.

## മേഖല മെത്രാപ്പോലീത്താമാരുടെ ചുമതലകൾ

**84 (2)** താഴെപ്പറയുന്നവ മേഖല മെത്രാപ്പോലീത്താമാരുടെ ചുമതലയിൽപ്പെട്ടവയാകുന്നു

**(എ)** മെത്രാപ്പലീത്തൻ കൗൺസിലിന്റെ ആലോചനയോടും, സമുദായ മെത്രാപ്പലീത്തയുടെ അറിവോടും, അനുവാദത്തോടും നിർദ്ദേശമനുസരിച്ചും, സമുദായഭരണഘടനയുടെ 90 മുതൽ 93 വരെ വകുപ്പുകൾക്ക് വിധേയമായി കോർ എപ്പിസ്ക്കോപ്പന്മാർ, വൈദീകർ, ശെമ്മാശന്മാർ എന്നീ സ്ഥാനത്തേയ്ക്ക് പട്ടം കൊടുക്കുകയും ദയറാക്കാരേയും സന്യാസിനികളേയും വാഴിക്കയും, പള്ളികളും തബലൈത്തയും വി. മൂറോനൊഴികെയുള്ള തൈലങ്ങളും കൂദാശ ചെയ്യുകയും ചെയ്യുക(

**ബി)** താഴെ 103-ാം വകുപ്പിൻ പ്രകാരം 3 പേരെ വീതം അവരവരുടെ മേഖലകളിൽ നിന്നും ക്നാനായ അസോസിയേഷനിലേക്ക് നോമിനേറ്റു ചെയ്യുക.

**(സി)** ആണ്ടിൽ രണ്ടുപ്രാവശ്യമെങ്കിലും മേഖലയിലുള്ളവരും, മേഖലയിൽ ശുശ്രൂഷിക്കുന്നവരുമായ വൈദീകരുടെയും ശെമ്മാശന്മാരുടേയും യോഗം വിളിച്ചുകൂട്ടി, ആയതിൽ അദ്ധ്യക്ഷത വഹിച്ച്, അവർക്ക് ആദ്ധ്യാത്മീകവും ഭരണപരവുമായ കാര്യങ്ങളിൽ ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുകയും അതതുകാലങ്ങളിൽ അവർക്ക് ഉണ്ടാകുന്ന പ്രയാസങ്ങളും പ്രശ്നങ്ങളും കേട്ട് വേണ്ട ആലോചന നൽകുകയും, അവർക്ക് വേദശാസ്ത്രമേഖലയിലും, വിവരസാങ്കേതിക മേഖലകളിലും രൂപപ്പെടുന്ന പുതിയ അറിവുകളെക്കുറിച്ച് അവഗാഹം ലഭിക്കുന്നതിന് ആവശ്യമായ പഠനസെമിനാറുകൾ ക്രമീകരിച്ച് നടത്തുകയും ചെയ്യുക.

**(ഡി)** മേഖലയിലേയ്ക്ക് നിയോഗിക്കപ്പെടുന്ന വൈദികരെ മേഖലയിലുള്ള

പള്ളികളിലേയ്ക്ക് നിയമനം നടത്തി പത്ത് ദിവസങ്ങൾക്കുള്ളിൽ നിയമനത്തിന്റെ വിശദവിവരങ്ങൾ രേഖാമൂലം സമുദായ മെത്രാപ്പോലീത്തായെ അറിയിക്കുക.

**(ഇ)** വൈദികരുടെ ഇടവയിലെ പ്രവർത്തനങ്ങൾ, ഈ ഘടനയുടെ **അനുബന്ധം F ൽ** കാണുന്ന മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലും, ഇടവകകളിൽ നിന്നും **അനുബന്ധം G** യിൽ കാണുന്ന രഹസ്യ റിപ്പോർട്ടിലൂടെ ലഭിക്കുന്ന അറിവിന്റെ അടിസ്ഥാനത്തിലും, വർഷം തോറും അവലോകനം ചെയ്യുകയും അവലോകന റിപ്പോർട്ട്, ഓരോ വൈദീകരുടെയും പേരിലുള്ള പ്രത്യേകം പ്രത്യേകം ഫയലിൽ രഹസ്യമായി (Confidential) സൂക്ഷിക്കുകയും ആയതിന്റെ ഒരു കോപ്പി സമുദായ മെത്രാപ്പോലീത്തയ്ക്കും മറ്റ് മേഖല മെത്രാപ്പൊലീത്തന്മാർക്കും സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ടിനെക്കുറിച്ച് അതാത് വൈദികരുമായി ചർച്ച ചെയ്യുകയും ചെയ്യുക.

**(എഫ്)** മേഖലയിലെ പള്ളികളുടെ വാർഷീക പൊതുയോഗ മിനിട്ട്സ്, നിർവാഹകസമിതിയുടെ തെരഞ്ഞെടുപ്പ്, വാർഷിക കണക്ക് ബഡ്ജറ്റ് മുതലായവ മേൽ 36-ാം വകുപ്പിന് വിധേയമായി പരിശോധിച്ച് ഭാഗീകമായോ, മുഴുവനായോ അംഗീകരിക്കയോ, നിരാകരിക്കുകയോ ചെയ്യുക.

**(ജി)** അതാതു മേഖലയിലുള്ള ഇടവകപൊതുയോഗത്തിന്റെയോ നിർവാഹക സമിതിയുടെയോ തീരുമാനത്തിന്മേലുള്ള പരാതിയിന്മേൽ വേണ്ട അന്വേഷണം നടത്തി നിശ്ചയമെടുത്ത് ബന്ധപ്പെട്ട കക്ഷികളെ അറിയിക്കുക.

**(എച്ച്)** ഒത്തു കല്യാണം സംബന്ധിച്ചുള്ള പരാതികൾ കേട്ട് തീരുമാനിക്കുക.

(ഐ) ഇടവകമാറ്റത്തിനുവേണ്ടി സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ 48-ാം വകുപ്പിനു വിധേയമായി പരിശോധിച്ച് തീരുമാനിക്കുക.

**(ജെ)** മേഖലയിലെ പള്ളികളിൽ നിന്ന് വിവിധ ഇനത്തിൽ സമുദായകേന്ദ്ര ആഫീസിലേയ്ക്ക് ലഭിക്കേണ്ട വിഹിതങ്ങൾ തക്കസമയത്ത് കൃത്യമായി എത്തിച്ചു കൊടുക്കുന്നതായി ഉറപ്പുവരുത്തുക.

മേൽ പറഞ്ഞ തുകകൾ ആറ് മാസത്തിൽ കൂടുതൽ കുടിശിഖ വരുത്തുന്ന പള്ളികളിലെ ട്രസ്റ്റിയും സെക്രട്ടറിയും ഉൾപ്പെടെയുള്ള നിർവാഹകസമിതിയെ താൽക്കാലികമായി പിരിച്ചുവിടുകയും, പള്ളിയുടെ അത്യാവശ്യ ദൈനംദിനകാര്യങ്ങൾ നിർവ്വഹിക്കുന്നതിന് വികാരിയോട് ചേർന്നു പ്രവർത്തിക്കുവാൻ ഇടവകാംഗങ്ങളിൽപ്പെട്ട ഓരാളെ റിസ്സീവർ ആയിനിയമിക്കുക.

**(കെ)** സമുദായ താല്പര്യങ്ങൾക്കോ സമുദായ മെത്രാപ്പോലീത്തായുടെ കല്പനകൾക്കോ എതിരല്ലാതെ, മേഖലാതലത്തിലുള്ള കാര്യങ്ങളെ സംബന്ധിച്ച് ആവശ്യമായ കല്പനകൾ പുറപ്പെടുവിക്കുക.

അങ്ങനെ പുറപ്പെടുവിക്കുന്ന കല്പനകൾ പള്ളികളിൽ വായിക്കുന്നതിനുമുമ്പായി ഒരു കോപ്പി സമുദായമെത്രാപ്പോലീത്തയ്ക്ക് എത്തിച്ചുകൊടുക്കുക.

**(എൽ)** ആറ് മാസത്തിലൊരിക്കൽ മേഖലയിലെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള റിപ്പോർട്ട് സമുദായമെത്രാപ്പോലീത്തായ്ക്ക് സമർപ്പിക്കുക. പ്രസ്തുത റിപ്പോർട്ടുകൾ മെത്രാപ്പോലീത്തൻ കൗൺസിലിൽ അവലോകനം ചെയ്യുക.

**(എം)** സമുദായത്തിന്റെ വാർഷീക റിപ്പോർട്ടിൽ ചേർത്ത് പ്രസിദ്ധീകരിക്കുന്നതിന്, മേഖലയുടെ ആദ്ധ്യാത്മികവും ഭൗതീകവുമായ വളർച്ചയ്ക്കുവേണ്ടി അതാതു വർഷങ്ങളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ട് സമുദായ സെക്രട്ടറിയെ ഏല്പിക്കുക.

**(എൻ)** വർഷത്തിൽ ഒരിക്കലെങ്കിലും മുൻകൂട്ടി പരിപാടി നിശ്ചയിച്ച് മേഖലയിലെ പള്ളികളിൽ ഔദ്യോഗിക സന്ദർശനം നടത്തി, ഇടവകയിലെ ആത്മീക, സാമൂഹിക, സാമ്പത്തിക, സുവിശേഷപരമായ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുക.

**(ഒ)** മേഖലയുടെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുകയും അവ നടപ്പാക്കുകയും ചെയ്യുക

**(പി)** മേഖല മെത്രാപ്പോലീത്തന്മാർക്ക് അവരവരുടെ മേഖലയിൽ മാത്രമേ ഭരണപരമായ അധികാരം ഉണ്ടായിരിക്കയുള്ളൂ. വികാരിമാരുടെ അറിവോടുകൂടി പള്ളികളിൽ കർമ്മാനുഷ്ഠാനങ്ങൾക്കായി സന്നിഹിതരാകാവുന്നതാണ്. എന്നാൽ പരസ്പര അറിവോടും സമ്മതത്തോടും കൂടി മറ്റ് മേഖലകളിലും, പള്ളികളിലും സന്ദർശനവും, കൂദാശകളും നടത്താവുന്നതാണ്.

## മേഖലകളും സഹയമെത്രാപ്പോലീത്തൻമാരും

**84. (3)** ക്നാനായ അതിഭദ്രാസനത്തിന്റെ ഭരണപരവും, ആദ്ധ്യാത്മീകവുമായ കാര്യങ്ങളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി അതിഭദ്രാസനത്തിൽ 3 മേഖലകളും ഒരു കേന്ദ്രഭരണ പ്രദേശവും ഉണ്ടായിരിക്കും.

അവ 1) കല്ലിശ്ശേരി - മലബാർ മേഖല, 2) റാന്നി - ബാഹ്യകേരള മേഖല, 3) നോർത്ത് അമേരിക്ക & യൂറോപ്പ് മേഖല.

മേൽപ്പറഞ്ഞ 3 മേഖലകളിൽ ഉൾപ്പെടാത്ത എല്ലാ പള്ളികളും പ്രദേശങ്ങളും കേന്ദ്രഭരണ പ്രദേശത്തിൽ ഉൾപ്പെട്ടിരിക്കും. (മേഖലകൾ സംബന്ധിച്ച വിശദാശംങ്ങൾക്ക് **അനുബന്ധം B** കാണുക). കേന്ദ്രഭരണ പ്രദേശം എക്കാലവും സമുദായ മെത്രാപ്പോലീത്തായുടെ ചുമതലയിൽ ആയിരിക്കുന്നതും, അദ്ദേഹത്തിന്റെ സ്ഥിരമായ ആസ്ഥാനം ചിങ്ങവനം മാർ അപ്രേം സെമിനാരി ആയിരിക്കുന്നതുമാണ്.

മറ്റ് മേഖലകളുടെ ഭരണചുമതല ക്നാനായ അസോസിയേഷന്റെ നിശ്ചയമനുസരിച്ച് സമുദായമെത്രാപ്പോലീത്താ കല്പന കൊടുക്കുന്ന മുറയ്ക്ക് സഹായമെത്രാപ്പോലീത്തന്മാരിൽ നിക്ഷിപ്തമായിരിക്കും. സഹായമെത്രാപ്പോലീത്തന്മാർക്ക് മേഖലഭരണം നൽകികൊണ്ടുള്ള സമുദായ മെത്രാപ്പോലീത്തായുടെ കല്പനയുടെ കോപ്പി നിയമനം നടത്തി പത്ത് ദിവസത്തിനകം പരി. പാത്രിയർക്കീസ് ബാവായ്ക്ക് അറിവിനായി അയച്ചുകൊടുക്കേണ്ടതാണ്. മേഖലഭരണം ഏറ്റെടുക്കുന്ന മുറയ്ക്ക് സഹായമെത്രാപ്പോലീത്ത **മേഖല മെത്രാപ്പോലീത്ത** എന്നറിയപ്പെടുന്നതാണ്.

മേഖല മെത്രാപ്പോലീത്തന്മാരുടെ സേവനം ഒരു മേഖലയിൽ 7 വർഷം ആയിരിക്കും. കാലാവധി തീരുന്ന മുറയ്ക്ക് സമുദായമെത്രാപ്പോലീത്ത, സഹായമെത്രാപ്പോലീത്തൻന്മാർക്ക്, മുറപ്രകാരം മേഖല മാറ്റിക്കൊടുക്കേണ്ടതാണ്. മേഖലമെത്രാപ്പോലീത്തന്മാർ തുടർച്ചയായി ഒരു മേഖലയിൽ തന്നെ സേവനം അനുഷ്ഠിക്കുവാൻ പാടില്ലാത്തതാകുന്നു.

എന്നാൽ പ്രത്യേക കാരണത്താൽ മേഖല ഭരണം സ്തംഭനാവസ്ഥയിൽ എത്തിയെന്ന് ബോദ്ധ്യപ്പെടുന്ന സാഹചര്യത്തിൽ, വ്യക്തമായ അന്വേഷണം നടത്തി ബോധ്യപ്പെട്ട ശേഷം കാലാവധി തീരുന്നതിനു മുമ്പേ മേഖല മെത്രാപ്പോലീത്തായെ ഭരണത്തിൽ നിന്ന് ഒഴിവാക്കുന്നതിന് സമുദായ മെത്രാപ്പോലീത്തായ്ക്ക് അധികാരം ഉണ്ടായിരിക്കും. പ്രസ്തുത സാഹചര്യത്തിൽ ആ മേഖലയുടെ ചുമതല സമുദായ മെത്രാപ്പോലീത്ത ഏറ്റെടുക്കേണ്ടതുംവിവരം പ. പാത്രി

**85. (എ)** മെത്രാപ്പോലീത്തായുടെ അടുക്കൽ വരുന്ന കേസുകളും അപ്പീലുകളും സംബന്ധിച്ച് വേണ്ടിവരുന്ന ചെലവിനുള്ള പണം ഏതെങ്കിലും കക്ഷിയെക്കൊണ്ടോ ഇരുകക്ഷികളെയുംകൊണ്ടോ മുൻകൂട്ടി കെട്ടിവയ്പിക്കാവുന്നതും മെത്രാപ്പോലീത്തായുടെ യുക്തമനുസരിച്ച് ജയിക്കുന്ന കക്ഷിയുടെ ചെലവ് നിർണ്ണയിച്ച് തോൽക്കുന്ന കക്ഷിയെക്കൊണ്ട് കൊടുപ്പിക്കാവുന്നതുമാകുന്നു.

**(ബി)** മെത്രാപ്പോലീത്താ, സഹായമെത്രാൻ എന്നിവർ 75 വയസ്സു പൂർത്തിയാകുമ്പോൾ ഭരണകാര്യങ്ങളിൽ നിന്ന് വിരമിക്കേണ്ടതും അവർക്ക്

യർക്കീസ് ബാവായെ അറിയിക്കേണ്ടതുമാണ്. മരണം, രോഗം, എന്നിവമൂലമോ, മറ്റേതെങ്കിലും സാഹചര്യത്തിലോ മേഖല മെത്രാപ്പോലീത്തന്മാർക്ക് അവരുടെ മേഖലയുടെ ചുമതല നിർവഹിക്കാൻ സാധിക്കാതെ വന്നാൽ പ്രസ്തുത മേഖലയുടെ ചുമതല സമുദായ മെത്രാപ്പോലീത്താ ഏറ്റെടുക്കേണ്ടതും വിവരം പ. പാത്രിയർക്കീസ് ബാവായെ അറിയിക്കേണ്ടതും, ആറ് മാസത്തിനുള്ളിൽ ക്നാനായ അസ്സോസിയേഷൻ വിളിച്ചുകൂട്ടി പകരം ക്രമീകരണം ചെയ്യേണ്ടതുമാണ്.

**84. (4)** സമുദായമെത്രാപ്പോലീത്തയും, മേഖലമെത്രാപ്പോലീത്തൻന്മാരും ക്നാനായ കമ്മറ്റി അംഗീകരിച്ചിട്ടുള്ള വിവിധ വികസനപദ്ധതികളുടെ ധനശേഖരണാർത്ഥമോ, ആത്മീക ആവശ്യങ്ങൾക്കായോ വിദേശരാജ്യത്തേയ്ക്കോ, മറ്റ് സ്ഥലങ്ങളിലേയ്ക്കോ യാത്ര പുറപ്പെടുന്നതിനുമുമ്പ് മെത്രാപ്പോലീത്തൻ കൗൺസിലിനേയും, ക്നാനായ കമ്മറ്റിയേയും രേഖാമൂലം അറിയിച്ചിരിക്കേണ്ടതാണ്.

സമുദായ ആവശ്യങ്ങൾക്കുവേണ്ടി ക്നാനായകമ്മറ്റിയുടെ അറിവോടെയുള്ള മെത്രാപ്പോലീത്തൻന്മാരുടെ യാത്രാചിലവുകൾ സമുദായം നൽകേണ്ടതാണ്.സ്വകാര്യസന്ദർശനങ്ങൾ, മെത്രാപ്പോലീത്തന്മാരുടെ സ്വന്തം ചിലവിലായിരിക്കുന്നതാണ്.

മേഖല മെത്രാപ്പോലീത്തന്മാർ വിദേശയാത്ര പുറപ്പെടുന്നതിനുമുമ്പായി സമുദായ മെത്രാപ്പോലീത്തയുടെ അനുമതി രേഖാ മൂലം വാങ്ങേണ്ടതും മേഖലഭരണക്രമീകരണം സമുദായ മെത്രാപ്പോലീത്തയുമായി ആലോചിച്ച് ചെയ്യേണ്ടതും വിവരം കല്പനയിലൂടെ മേഖലയിലെ പള്ളികളിൽ അറിയിച്ചിരിക്കേണ്ടതുമാണ്.

**84. (5)** മെത്രാപ്പോലീത്തന്മാർ സ്വദേശത്തും വിദേശത്തും സമുദായ ആവശ്യങ്ങൾക്കായി നടത്തുന്ന ധനശേഖരണത്തിന് രസീത് നൽകേണ്ടതും അവയുടെ കണക്കും പണവും യഥാകാലം സമുദായ ട്രസ്റ്റികളെ ഏല്പിക്കേണ്ടതുമാണ്.

**85. (എ)** മെത്രാപ്പോലീത്തായുടെ അടുക്കൽ വരുന്ന കേസുകളും അപ്പീലുകളും സംബന്ധിച്ച് വേണ്ടിവരുന്ന ചെലവിനുള്ള പണം ഏതെങ്കിലും കക്ഷിയെക്കൊണ്ടോ ഇരു കക്ഷികളെയും കൊണ്ടോ മുൻകൂട്ടി കെട്ടിവയ്പിക്കാവുന്നതും മെത്രാപ്പോലീത്തായുടെ യുക്തമനുസരിച്ച് ജയിക്കുന്ന കക്ഷിയുടെ ചെലവ് നിർണ്ണയിച്ച് തോൽക്കുന്ന കക്ഷിയെക്കൊണ്ട് കൊടുപ്പിക്കാവുന്നതുമാകുന്നു.

വിശ്രമജീവിതം നയിക്കുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും ക്നാനായ സമുദായം ചെയ്യേണ്ടതുമാകുന്നു.

**(സി)** മെത്രാപ്പോലീത്താ കാലം ചെയ്യുകയോ, കഠിനരോഗബാധിതനാകുകയോ, ഭരണം ഒഴിയുകയോ, സഭാപരിവർത്തനം ചെയ്യുകയോ ചെയ്യുന്ന അവസരങ്ങളിൽ ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്നതിന് സഹായ മെത്രാനോ, മെത്രാന്മാരോ ഉണ്ടെങ്കിൽ അവരിൽ മെത്രാനായി സീനിയറായ ആളെ മെത്രാപ്പോലീത്തായുടെ ചുമതല ഏല്പിക്കേണ്ടതും അല്ലാത്തപക്ഷം **86**-ാം വകുപ്പനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ഭരണാധിപനെ ചുമതല ഏല്പിക്കേണ്ടതുമാകുന്നു.

**(ഡി)** മെത്രാപ്പോലീത്താ/ സഹായമെത്രാൻ കാലം ചെയ്യുകയോ സഭ വിട്ട് പോവുകയോ ചെയ്താൽ മെത്രാനായശേഷം ആർജ്ജിച്ച സകലസ്വത്തുക്കളും സമുദായത്തിൽ നിക്ഷിപ്തമായിരിക്കും.

## ഭരണാധിപൻ

**86.** മെത്രാപ്പോലീത്താ കാലം ചെയ്യുകയോ, കഠിനരോഗബാധിതനാവുകയോ, ഭരണം ഒഴിയുകയോ ചെയ്യുന്ന അവസരത്തിൽ മേൽ **85** (സി) വകുപ്പിൽ പറയുന്ന പ്രകാരം ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. ഭരണാധിപനെ തെരഞ്ഞെടുക്കേണ്ടിവന്നാൽ, സമുദായത്തിൽ പെട്ട ഏതെങ്കിലുമൊരു പട്ടക്കാരനെ ഭരണാധിപനായി അസ്സോസിയേഷനിൽ കൂടി തെരഞ്ഞെടുക്കുകയും അദ്ദേഹത്തെ ഭരണാധിപനായി അധികാരപ്പെടുത്തണമെന്നും എപ്പിസ്കോപ്പായ്ക്കു മാത്രം ചെയ്യാവുന്നതായ പട്ടംകൊട, പള്ളി, തബലീത്താ, സൈത്ത് എന്നിവയുടെ കൂദാശ ആദിയായവ നടത്തിത്തരുന്നതിന് മലങ്കരയുള്ള ഒരു മെത്രാപ്പോലീത്തായെ ചുമതലപ്പെടുത്തണമെന്നും പ. അന്ത്യോഖ്യാ സിംഹാസനത്തിങ്കലേക്ക് അസ്സോസിയേഷൻ അപേക്ഷിക്കയും ചെയ്യേണ്ടതാകുന്നു. ഭരണാധിപനെ അനുവദിച്ചു കല്പന വരുന്നതുവരെ വികാരി ജനറാൾ ഭരണകാര്യങ്ങൾ നിർവ്വഹിക്കേണ്ടതാകുന്നു.

**(ബി)** സമുദായമെത്രാപ്പോലീത്തയും മേഖല മെത്രാപ്പോലീത്തന്മാരും സഹായമെത്രാപ്പോലീത്തന്മാരും 75 വയസ്സു പൂർത്തിയാകുമ്പോൾ ഭരണകാര്യങ്ങളിൽ നിന്ന് വിരമിക്കേണ്ടതും അവർക്ക് അവരുടെ സ്ഥാനത്തിന് അനുയോജ്യമായ വിധം വിശ്രമജീവിതം നയിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ക്നാനായ സമുദായം ചെയ്യേണ്ടതുമാകുന്നു.

**(സി)** സമുദായമെത്രാപ്പോലീത്താ/മേഖല മെത്രാപ്പോലീത്ത/ സഹായമെത്രാപ്പോലീത്ത എന്നിവരുടെ ബാങ്ക് അക്കൗണ്ടുകൾ മെത്രാപ്പൊലീത്തയുടെയും ആത്മായ ട്രസ്റ്റിയുടെയും പേരിൽ ജോയിന്റ് അക്കൗണ്ട് ആയിരിക്കണം. എന്നാൽ നോർത്ത് അമേരിക്ക, യൂറോപ്പ് മേഖലാ മെത്രാപ്പൊലിത്തയുടെ ബാങ്ക് അക്കൗണ്ടുകൾ അദ്ദേഹത്തിന്റെയും NAKC Trustee / Europe Sub Division Trustee യുടെയും ജോയിന്റ് അക്കൗണ്ടിൽ ആയിരിക്കണം.

**(ഡി)** സമുദായമെത്രാപ്പോലീത്ത/മേഖല മെത്രാപ്പോലീത്ത/ സഹായമെത്രാപ്പോലീത്ത എന്നിവർ കാലം ചെയ്യുകയോ സഭാപരിവർത്തനം ചെയ്യുകയോ ചെയ്താൽ മെത്രാപ്പോലീത്ത ആയശേഷം ആർജ്ജിച്ച സകലസ്വത്തുക്കളും പൈതൃകമായി ലഭിച്ച സകല സ്വത്തുക്കളും സമുദായത്തിൽ നിക്ഷിപ്തമായിരിക്കും.

## ഭരണാധിപൻ (അഡ്മിനിസ്ട്രേറ്റർ)

**86.** സമുദായമെത്രാപ്പോലീത്താ കാലം ചെയ്യുകയോ, കഠിനരോഗബാധിതനാവുകയോ, ഭരണം ഒഴിയുകയോ ചെയ്യുന്ന അവസരത്തിൽ സഹായ മെത്രാപ്പോലീത്തായോ/ മേഖലാ മെത്രാപ്പോലീത്തന്മാരോ ഇല്ലാതിരിക്കയും ചെയ്യുന്ന സാഹചര്യം ഉണ്ടായാൽ മേൽ **82** മുതൽ **84** വരെ വകുപ്പിൽ പറയുന്ന പ്രകാരം ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. എന്നാൽ അതിനു കാലതാമസം നേരിടുകയും ഭരണാധിപനെ തെരഞ്ഞെടുക്കേണ്ടിവരികയും ചെയ്താൽ, സമുദായത്തിൽ പെട്ട 55 വയസ്സിനുമേൽ പ്രായവും 20 വർഷത്തിൽ കുറയാതെ ഇടവകഭരണപരിചയവും, ബിരുദാനന്തരബിരുദവും ഭരണ നൈപുണ്യവും ഉള്ള ഏതെങ്കിലുമൊരു വൈദികനെ ക്നാനായ അസ്സോസിയേഷനിൽ കൂടി ഭരണാധിപനായി തിരഞ്ഞെടുക്കുകയും അദ്ദേഹത്തെ ഭരണാധിപനായി അധികാരപ്പെടുത്തണമെന്നും എപ്പിസ്കോപ്പായ്ക്കു മാത്രം ചെയ്യാവുന്നതായ പട്ടംകൊട, പള്ളി, തബലൈത്താ, സൈത്ത് എന്നിവയുടെ കൂദാശ ആദിയായവ നടത്തിത്തരുന്നതിന് മലങ്കരയിലുള്ള ഒരു മെത്രാപ്പോലീത്തായെ ചുമതലപ്പെടുത്തണമെന്നും പ. അന്ത്യോഖ്യാ സിംഹാസനത്തിങ്കലേക്ക് അസ്സോസിയേഷൻ അപേക്ഷിക്കയും ചെയ്യേണ്ടതാകുന്നു. ഭര

**87.** എപ്പിസ്കോപ്പായ്ക്കു മാത്രം ചെയ്യാവുന്ന മേൽപ്പറഞ്ഞ കാര്യങ്ങൾ നടത്തികിട്ടുന്നതിന് ആവശ്യം നേരിടുമ്പോൾ അതിലേക്കു നിയുക്തനാകുന്ന മെത്രാപ്പോലീത്തായുടെ അടുക്കൽ ഭരണാധിപൻ അപേക്ഷിച്ചു അവ നടത്തിക്കേണ്ടതാകുന്നു.

**88.** ഭരണാധിപന് ഒരു വൈദികന്റെ മേൽ മുടക്കൊഴിച്ചുള്ള ഏതെങ്കിലും ശിക്ഷണനടപടികൾ നടത്തേണ്ടതായി കാണുന്ന പക്ഷം വൈദിക കൗൺസിലിന്റെ ആലോചനയോടുകൂടി റിക്കാർഡുകൾ പരിശോധിച്ചു ചെയ്യുന്ന തീരുമാനം അന്തിമമായിരിക്കും. എന്നാൽ മുടക്കുശിക്ഷ 87-ാം വകുപ്പനുസരിച്ചുള്ള മെത്രാപ്പോലീത്താ വൈദിക കൗൺസിലിനോടാലോചിച്ച് ഭരണാധിപൻ ചെയ്യുന്ന ശുപാർശപ്രകാരം നടപ്പാക്കേണ്ടതാണ്.

**89.** ദിവ്യശുശ്രൂഷകളിൽ, വേണ്ടിവരുന്ന സന്ദർഭങ്ങളിൽ മേൽ 87-ാം വകുപ്പിൽ പറയുന്ന മെത്രാപ്പോലീത്തായുടെ പേർ ചൊല്ലേണ്ടതാകുന്നു. എന്നാൽ താഴെ 116-ാം വകുപ്പിൽ പറയുന്ന സത്യവാചകം ചൊല്ലുന്ന അവസരത്തിൽ 87-ാം വകുപ്പിൽ പറയുന്ന മെത്രാപ്പോലീത്തായുടെയും ഭരണാധിപന്റെയും പേരുകൾ അതിൽ ചേർക്കേണ്ടതാകുന്നു.

## അദ്ധ്യായം 5
## പട്ടംകൊടുക്കൽ

**90.** പട്ടംകൊട കാര്യങ്ങൾ ഉചിതമായി തീരുമാനിക്കുന്നത് വൈദിക കൗൺസിൽ ആയിരിക്കും.

ണാധിപനെ അനുവദിച്ചു കല്പന വരുന്നതുവരെ വികാരി ജനറാൾ ഭരണകാര്യങ്ങൾ നിർവ്വഹിക്കേണ്ടതാകുന്നു.

**87.** മാറ്റമില്ല

**88.** ഭരണാധിപന് ഒരു വൈദികന്റെ മേൽ മുടക്കൊഴിച്ചുള്ള ഏതെങ്കിലും ശിക്ഷണനടപടികൾ നടത്തേണ്ടതായി വരുന്ന പക്ഷം വൈദിക കൗൺസിലിന്റെ ആലോചനയോടുകൂടി റിക്കാർഡുകൾ പരിശോധിച്ചു ചെയ്യുന്ന തീരുമാനം അന്തിമമായിരിക്കും. എന്നാൽ മുടക്കുശിക്ഷ 87-ാം വകുപ്പനുസരിച്ചുള്ള മെത്രാപ്പോലീത്താ, വൈദിക കൗൺസിലിനോടാലോചിച്ച് ഭരണാധിപൻ സമർപ്പിക്കുന്ന ശുപാർശപ്രകാരം നടപ്പാക്കേണ്ടതാണ്.

**89.** ദിവ്യശുശ്രൂഷകളിൽ, വേണ്ടിവരുന്ന സന്ദർഭങ്ങളിൽ, മേൽ 87-ാം വകുപ്പിൽ പറയുന്ന മെത്രാപ്പോലീത്തായുടെ പേർ ഓർക്കേണ്ടതാകുന്നു. എന്നാൽ താഴെ 116-ാം വകുപ്പിൽ പറയുന്ന സത്യവാചകം ചൊല്ലുന്ന അവസരത്തിൽ 87-ാം വകുപ്പിൽ പറയുന്ന മെത്രാപ്പോലീത്തായുടെയും ഭരണാധിപന്റെയും പേരുകൾ ഓർക്കേണ്ടതാകുന്നു.

## അദ്ധ്യായം 5
## പട്ടംകൊടുക്കൽ

**90.** ലോകരക്ഷകനായ യേശുക്രിസ്തുവിനാൽ സ്ഥാപിതവും, ശ്ലീഹാമാരിൽ തലവനായ വി. പത്രോസിന്റെ അപ്പോസ്തോലിക പിൻതുടർച്ചയിൽ ഉൾപ്പെട്ടതും. പരി. അന്ത്യോഖ്യാ സിംഹാസനത്തിന് കീഴ്വഴങ്ങി ഇരിക്കുന്നതും ആയ പരി. പൗരോഹിത്യഗണത്തിൽ ഉൾപ്പെട്ടവരാണ്

**91.** പട്ടംസ്വീകരിക്കണമെന്നാഗ്രഹിക്കുന്നവർ തങ്ങളുടെ അപേക്ഷയും ബയോഡേറ്റയും ഇടവകപൊതുയോഗത്തിന്റെ ശുപാർശയോടുകൂടി മെത്രാപ്പോലീത്തായ്ക്ക് സമർപ്പിക്കേണ്ടതും മെത്രാപ്പോലീത്താ ആയത് വൈദിക കൗൺസിലിന് അയയ്ക്കേണ്ടതുമാണ്.

**(എ)** പട്ടം സ്വീകരിക്കണമെന്ന് ആഗ്രഹിക്കുന്നവർ ബിരുദധാരികളും സൽസ്വഭാവികളും അംഗവൈകല്യമില്ലാത്തവരും, ആരോഗദൃഢഗാത്രരും 21 വയസ്സിൽ കുറയാത്ത പ്രായമുള്ളവരും ദൈവവഭക്തരും ബുദ്ധിശാലികളും സമുദായത്തോട് കൂറും വിധേയത്വമുള്ളവരും സത്യവിശ്വാസികളും ആയിരിക്കേണ്ടതാണ്.

ക്നാനായ സമുദായത്തിലെ വിവിധ വൈദികസ്ഥാനികൾ ആയ മേൽപ്പട്ടക്കാരും, പട്ടക്കാരും, ശെമ്മാശന്മാരും.

**(എ)** യേശുക്രിസ്തുമൂലം വെളിപ്പെട്ടതും, സഭാപിതാക്കന്മാരാൽ ഉൽഘോഷിക്കപ്പെട്ട് സ്ഥിരമാക്കപ്പെട്ടതുമായ പരി. സഭയുടെ ദിവ്യോപദേശങ്ങളെ പരിപാലിക്കുക, വി. കുബ്ബാനയും, മറ്റ് കൂദാശകളും പരികർമ്മംചെയ്യുക, പരസ്യആരാധനയും, പ്രത്യേക കർമ്മാദികളും നടത്തുക, ദൈവവചനം പ്രാഗത്ഭ്യത്തോടെ പഠിപ്പിക്കുക, ഉപദേശങ്ങൾ, പഠനം, ജീവിതമാതൃക, പ്രാർത്ഥന മുതലായവ മൂലം സഭാഗംങ്ങളുടെ ആത്മിക, ധാർമ്മിക, ഭൗതിക ജീവിതം അഭിവൃദ്ധിപ്പെടുക, സഭാംഗങ്ങളെ ക്രമമായി സന്ദർശിക്കുക,വ്യക്തിജീവിതത്തിലും കുടുംബതലത്തിലും ക്ലേശമനുഭവിക്കുന്നവർക്ക് ആവശ്യമായ കൗൺസിലിംഗ് നൽകുക, സഭയുടെ ലക്ഷ്യമായ ദിവ്യരക്ഷ വിശ്വാസികൾ സമ്പാദിക്കുന്നതിനാവശ്യമായതെല്ലാം സമർപ്പണബോധത്തോടെ നിർവ്വഹിക്കുക, സത്യവിശ്വാസത്തിൽ സഭാംഗങ്ങളെ ഉറപ്പിക്കുക, വിശ്വാസവിപരീതത്തിൽ അകപ്പെട്ടുപോയവരെ തിരികെ സഭാകൂട്ടായ്മയിൽ കൊണ്ടുവരുന്നതിന് ഉത്സാഹിക്കുക, സഭയുടെ ഭരണവും നടത്തിപ്പും കാര്യക്ഷമമാക്കുക, സഭാനിയമങ്ങൾ നടപ്പിലാക്കുക തുടങ്ങിയവയാണ് വൈദീകസ്ഥാനികളുടെ മുഖ്യ ഉത്തരവാദിത്വം.

**91.** പട്ടം സ്വീകരിക്കണമെന്നാഗ്രിക്കുന്നവരെ അതിലേക്കു തെരഞ്ഞെടുത്ത് മെത്രാപ്പോലീത്തൻ കൗൺസിലിലേക്കു ശുപാർശ ചെയ്യുന്നതിന് ക്നാനായഅതിഭദ്രാസനത്തിൽ ഒരു പട്ടംകൊട കമ്മറ്റി ഉണ്ടായിരിക്കും.

**91.** (എ) പട്ടംകൊട കമ്മറ്റിയിൽ മെത്രാപ്പോലീത്തൻ കൗൺസിൽ നിശ്ചയിക്കുന്ന ഒരു മെത്രാപ്പോലീത്താ, വികാരി ജനറാൾ, അസോസിയേഷൻ പ്രസിഡന്റ്, വൈദിക ട്രസ്റ്റി, മിഷൻ ഡയറക്ടർ, വൈദികയോഗം തെരഞ്ഞെടുക്കുന്ന മൂന്നു വൈദീകർ, ക്നാനായ അസോസിയേഷൻ അതിൽ നിന്നും തെരഞ്ഞെടുക്കുന്ന മൂന്നു അത്മായക്കാർ ഉൾപ്പെടെ 11 അംഗങ്ങൾ ഉണ്ടായിരിക്കും. മെത്രാപ്പോലീത്ത ഈ കമ്മറ്റിയുടെ പ്രസിഡന്റും, വികാരി ജനറാൾ സെക്രട്ടറിയും ആയിരിക്കും. കമ്മറ്റിയുടെ കാലാവധി മൂന്നു കൊല്ലമോ, അടുത്ത തെരഞ്ഞെടുപ്പുവരെയോ ആയിരിക്കും. കമ്മറ്റിയുടെ കോറം ആറ് ആയിരിക്കുന്നതാണ്.

**92.** ക്നാനായ സമുദായം അംഗീകരിക്കുന്ന വൈദിക സെമിനാരിയിൽ ഓരോ വർഷവും പ്രവേശനം തുടങ്ങുന്നതിന് മൂന്നുമാസം മുമ്പ് വൈദിക കൗൺസിൽ, സെക്രട്ടറി വിളിച്ചുകൂട്ടി അപേക്ഷകളിന്മേൽ ആവശ്യമായ ശുപാർശയോടുകൂടി മെത്രാപ്പോലീത്തായ്ക്ക് സമർപ്പിക്കേണ്ടതാണ്.

**(എ)** മെത്രാപ്പോലീത്തായുടെ അംഗീകാരം ലഭിക്കുന്ന അപേക്ഷകർക്ക് വൈദികസെമിനാരിയിൽ പ്രവേശനം ലഭിച്ചു കഴിഞ്ഞാൽ സാമ്പത്തിക സഹായം അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സമുദായത്തിൽ നിന്ന് പഠനം പൂർത്തിയാകുന്നതുവരെ സഹായധനം നൽകേണ്ടതാണ്.

**(ബി)** വൈദികപഠനകാലത്ത് സ്വഭാവദൂഷ്യത്തിനോ, അനുസരണമില്ലായ്മക്കോ പഠനം വിജയകരമായി പൂർത്തിയാക്കാതിരിക്കുകയോ, കോളേജ് പ്രിൻസിപ്പലിന്റെ ശുപാർശ ഇല്ലാതിരിക്കുകയോ, ഏതെങ്കിലും കാരണത്താൽ സെമിനാരിയിൽ നിന്നും പുറത്താക്കപ്പെടുകയോ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് പട്ടം നിഷേധിക്കുന്നതിന് മെത്രാപ്പോലീത്തായ്ക്കു അധികാരമുണ്ടായിരിക്കുന്നതാണ്.

**92.** പട്ടം സ്വീകരിക്കണമെന്ന് ആഗ്രഹിക്കുന്നവർ ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്നും ബിരുദം സമ്പാദിച്ചവരും, കമ്പ്യൂട്ടർ സാക്ഷരത ഉള്ളവരും,സൽസ്വഭാവികളും, അംഗവൈകല്യമില്ലാത്തവരും, അരോഗദൃഢഗാത്രരും, 21 വയസ്സിൽ കുറയാതെ പ്രായമുള്ളവരും ദൈവഭക്തരും ബുദ്ധിശാലികളും സൺഡേസ്ക്കൂൾ പഠനം പൂർത്തി ആക്കിയവരും സമുദായത്തോട് കൂറും വിധേയത്വം ഉള്ളവരും സത്യവിശ്വാസികളും ആയിരിക്കണം. ഈ വിധയോഗ്യതയുള്ളവർ അവരുടെ അപേക്ഷ സമുദായ ഓഫീസിൽ നിന്നും ലഭിക്കുന്ന **അനുബന്ധം C** യിൽ കാണുന്ന പ്രകാരമുള്ള അപേക്ഷാഫാറത്തിൽ ബയോഡേറ്റാ സഹിതം ഇടവകപൊതുയോഗത്തിന്റെ ശുപാർശയോടുകൂടി പട്ടം കൊട കമ്മറ്റിക്ക് സമർപ്പിക്കേണ്ടതാണ്. സമുദായം അംഗീകരിക്കുന്ന വൈദീക സെമ്മനാരിയിൽ ഓരോ വർഷവും പ്രവേശനം തുടങ്ങുന്നതിന് മൂന്ന് മാസം മുമ്പ് സെക്രട്ടറി പട്ടം കൊട കമ്മറ്റിയോഗം വിളിച്ചുകൂട്ടി സ്ഥാനർത്ഥികളെപ്പറ്റി സമഗ്രമായ അന്വേഷണം, യോഗ്യതാ പരീക്ഷ, അഭിമുഖം എന്നിവ നടത്തി, സ്ഥാനാർത്ഥി പഠിച്ചിരുന്ന കോളെജിൽ നിന്നും സ്വഭാവ സർട്ടിഫിക്കറ്റ് വരുത്തി യോഗ്യരെന്നു ബോദ്ധ്യപ്പെടുന്നവരുടെ പേരുകൾ ബന്ധപ്പെട്ട രേഖകൾ സഹിതം മെത്രാപ്പോലീത്തൻ കൗൺസിലിലേയ്ക്ക് അയയ്ക്കേണ്ടതുമാണ്.

**(എ)** മെത്രാപ്പോലീത്തൻ കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്ന അപേക്ഷകർക്ക് സമുദായം അംഗീകരിക്കുന്നവൈദിക സെമ്മനാരിയിൽ പ്രവേശനം ലഭിക്കുന്നതിനുള്ള ക്രമീകരണം പട്ടംകൊട കമ്മറ്റി ചെയ്യണം. വൈദിക സെമ്മനാരിയിൽ പ്രവേശനം ലഭിച്ചു കഴിഞ്ഞാൽ സാമ്പത്തിക സഹായം അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സമുദായത്തിൽ നിന്നോ, K. M. S. ഫണ്ടിൽ നിന്നോ പഠനം പൂർത്തിയാകുന്നതുവരെ ധനസഹായം നൽകേണ്ടതാണ്.

**(ബി)** വൈദികപഠനകാലത്ത് സ്വഭാവദൂഷ്യം, അനുസരണമില്ലായ്മ, എന്നിവ പ്രകടിപ്പിക്കയോ, പഠനം വിജയകരമായി പൂർത്തിയാക്കാതിരിക്കുകയോ,

സെമിനാരി പ്രിൻസിപ്പലിന്റെ ശുപാർശ ഇല്ലാതിരിക്കുകയോ, ഏതെങ്കിലും കാരണത്താൽ സെമിനാരിയിൽ നിന്നും പുറത്താക്കപ്പെടുകയോ ചെയ്യുന്ന ആളിന് വൈദികപട്ടം കൊടുക്കാൻ പാടില്ലാത്താണ്.

**(സി)** മൂന്നുവർഷത്തെ സെമ്മനാരി വിദ്യാഭ്യാസം വിജയകരമായി പൂർത്തിയാക്കി യോഗ്യതാ സർട്ടിഫിക്കേറ്റുമായി വരുന്ന സ്ഥാനാർത്ഥിക്ക് സമുദായ മെത്രാപ്പൊലീത്തയിൽ നിന്നോ അദ്ദേഹത്തിന്റെ അറിവോടും അനുവാദത്തോടും കൂടി മേഖല മെത്രാപ്പോലീത്തായിൽ നിന്നോ സുറിയാനി സഭയിലെ ഏതെങ്കിലും മേല്പട്ടക്കാരനിൽ നിന്നോ പൂർണ്ണ ശെമ്മാശപട്ടത്തിനു താഴെയുള്ള ഏതെങ്കിലും പട്ടം സ്വീകരിക്കാവുന്നതാണ്.

**(ഡി)** സെമ്മനാരി പരിശീലനത്തിനിടയിൽ സ്ഥാനാർത്ഥി വിവാഹം കഴിക്കുകയോ, കശ്ശീശാപ്പട്ടം സ്വീകരിക്കുകയും ചെയ്തുകൂടാത്തതാകുന്നു.

**(ഇ)** സെമ്മനാരി വിദ്യാഭ്യാസം പൂർത്തിയാക്കുകയും ശെമ്മാശപട്ടം ലഭിക്കയും ചെയ്തിട്ടുള്ള സ്ഥാനാർത്ഥികളെ മെത്രോപ്പലീത്തൻ കൗൺസിൽ അഭിമുഖം നടത്തി യോഗ്യരെന്ന് ബോധ്യപ്പെടുത്തുന്ന മുറയ്ക്ക്, സമുദായ മെത്രാപ്പോലീത്തയിൽ നിന്നോ അദ്ദേഹത്തിന്റെ അറിവോടും അനുവാദത്തോടും നിർദ്ദേശമനുസരിച്ചും മേഖല മെത്രാപ്പോലീത്തയിൽ നിന്നോ പ. സുറിയാനി സഭയിലെ ഏതെങ്കിലും മേല്പട്ടക്കാരിൽ നിന്നോ വൈദികപട്ടം സ്വീകരിക്കാവുന്നതാണ്

**(എഫ്)** സമുദായ മെത്രാപ്പോലീത്താ/ മേഖല മെത്രാപ്പോലീത്താ ചുമതലപ്പെടുന്ന മുറയ്ക്ക് പള്ളികളിൽ വി. കുർബ്ബാന അർപ്പിക്കുന്നതിനും മറ്റു കൂദാശകൾ പരികർമ്മം ചെയ്യുന്നതിനും വൈദികന് അധികാരം ലഭിക്കുന്നതാണ്. വൈദിക നിയമനവിവരം നിയമനം നടത്തി 10 ദിവസങ്ങൾക്കകം സമുദായ മെത്രാപ്പോലീത്തായെ അറിയിച്ചിരിക്കണം.

**(ജി)** കശ്ശീശാ സ്ഥാനം ഏൽക്കേണ്ട ശെമ്മാശൻ സുറിയാനി സഭ വക സെമ്മനാരിയിലല്ലാതെ മറ്റേതെങ്കിലും തിയോളജിക്കൽ കോളജിൽ പഠനം പൂർത്തീ

യാക്കിയെങ്കിൽ പട്ടം ഏൽക്കുന്നതിനു മുമ്പ് മൂന്നുമാസക്കാലമെങ്കിലും സമുദായ മെത്രാപ്പോലീത്താ /മേഖല മെത്രാപ്പോലീത്താ നിർദ്ദേശിക്കുന്ന ഒരു വൈദികന്റെ കീഴിൽ ആരാധനാക്രമങ്ങൾ അഭ്യസിച്ചിരിക്കേണ്ടതാണ്.

**(എച്ച്)** ഇതര ക്നാനായസഭാവിഭാഗത്തിൽപ്പെട്ട ഒരു വൈദികൻ ക്നാനായ ഭദ്രാസനത്തിലേയ്ക്ക് സ്വീകരിക്കപ്പെടുന്നതിനു മുമ്പ് പട്ടം കൊടക്കമ്മറ്റിയുടെ ശുപാർശ നേടേണ്ടതും സുറിയാനി സഭാവിശ്വാസവും, പള്ളിക്രമങ്ങളിൽ പരിചയവും സിദ്ധിച്ചിട്ടുള്ളതായി ഒരു മല്പാനിൽ നിന്നുള്ള സാക്ഷിപത്രവും നേടിയിരിക്കേണ്ടതാണ്. സഭ അംഗീകരിക്കുന്ന എപ്പിസ്ക്കോപ്പൽ പാരമ്പര്യത്തിൽ നിന്നല്ലാതെ വരുന്നവർക്ക് മെത്രാപ്പോലീത്തൻ കൗൺസിലിന്റെ നിശ്ചയപ്രകാരം ക്രമപ്രകാരം പട്ടം കൊടുത്തതിനുശേഷം മാത്രമേ വൈദീശുശ്രൂഷക്കു നിയമിക്കുവാൻ പാടുള്ളൂ.

**(ഐ)** അവിവാഹിതരായി സഭാസേവനം നിർവ്വഹിക്കുവാൻ സന്നദ്ധതയുള്ളവർക്ക് മെത്രാപ്പോലീത്തൻ കൗൺസിലിന്റെ നിശ്ചയപ്രകാരം, സമുദായ മെത്രാപ്പോലീത്തായിൽ നിന്നോ അദ്ദേഹത്തിന്റെ അനുവാദത്തോടെ മേഖലാ മെത്രാപ്പോലീത്തായിൽ നിന്നോ റമ്പാൻ (Monk) സ്ഥാനം സ്വീകരിക്കാവുന്നതും അതിന് അവർക്ക് മുപ്പത്തിഅഞ്ച് വയസ്സു പൂർത്തി ആയിരിക്കേണ്ടതുമാകുന്നു.

(ജെ) റമ്പാന്മാരും ദയറാപ്പട്ടക്കാരും അവർക്കായുള്ള ദയറാകളിലൊ മെത്രാപ്പോലീത്തൻമാരുടെ ആസ്ഥാനത്തോ താമസിക്കേണ്ടതാകുന്നു. ഇവർ സമുദായ മെത്രാപ്പോലീത്തായുടെയോ മേഖല മെത്രാപ്പോലീത്തായുടെയോ മേൽനോട്ടത്തിലും നിയന്ത്രണത്തിലും ആയിരിക്കണം. കഴിവതും അവരെ ഇടവകഭരണചുമതലയിൽ നിന്നും ഒഴിവാക്കേണ്ടതാകുന്നു.
(കെ) മുപ്പത് വയസ്സു പുർത്തിയാകാത്തവർക്ക് ദയറാപ്പട്ടം കൊടുത്തു കൂടാത്തതാകുന്നു.

**93.** പട്ടം ഏൽക്കുന്ന വൈദികർ കുറഞ്ഞത് ആറുമാസക്കാലം മെത്രാപ്പോലീത്താ നിശ്ചയിക്കുന്ന ഒരു സീനിയർ വൈദികന്റെ കീഴിൽ പരിശീലനം നേടിയിരിക്കേണ്ടതാണ്. അങ്ങനെ പരിശീലനം നേടി, സീനിയർ വൈദികന്റെ ശുപാർശ ലഭിക്കുന്ന വൈദികർക്കുമാത്രമേ ഒരു പള്ളിയുടെ പൂർണ്ണചുമതല വഹിക്കുന്നതിനുള്ള അർഹത മെത്രാപ്പോലീത്തായിൽ നിന്നും ലഭിക്കുകയുള്ളു.

പരിശീലനകാലത്ത് വൈദികർക്ക് അടിസ്ഥാന ശമ്പളത്തിന് തുല്യമായ സ്റ്റെഫന്റ് നൽകേണ്ടതാണ്.

**(എ)** വൈദിക കൗൺസിലിന്റെ ആലോചനയോടുകൂടി മെത്രാപ്പോലീത്താ ക്രോഡീകരിക്കുന്ന ഒരു നടപടിക്രമം (Code of conduct) എല്ലാ വൈദികർക്കും ബാധകമാകുന്നതും ആ നടപടിപ്രകാരവും ഭരണഘടനയനുസരിച്ചും വൈദികർ ശുശ്രൂഷ നിർവ്വഹിക്കേണ്ടതുമാണ്.

**94.** 400 ന് മേൽ ഭവനങ്ങളുള്ള ഇടവകകളിൽ വികാരിയെക്കൂടാതെ സഹായപട്ടക്കാരനായി ജൂണിയർ ആയ ഒരു വൈദികനെ നിയമിക്കാവുന്നതാണ്.

**95.** ക്നാനായ അസ്സോസിയേഷനിൽ പാസ്സാക്കി മെത്രാപ്പോലീത്താ അംഗീകരിക്കുന്ന വൈദികരുടെ സേവന വേതന വ്യവസ്ഥകൾ കാലാകാലങ്ങളിൽ നടപ്പിൽവരുന്നതാണ്.

**93.** പട്ടം ഏൽക്കുന്ന വൈദികർ കുറഞ്ഞത് ആറുമാസക്കാലം സമുദായ മെത്രാപ്പോലീത്താ/മേഖല മെത്രാപ്പോലീത്ത നിശ്ചയിക്കുന്ന ഒരു സീനിയർ വൈദികന്റെ കീഴിൽ പരിശീലനം നേടിയിരിക്കേണ്ടതാണ്. അങ്ങനെ പരിശീലനം നേടി, സീനിയർ വൈദികന്റെ ശുപാർശ ലഭിക്കുന്ന വൈദികർക്കുമാത്രമേ ഒരു പള്ളിയുടെ പൂർണ്ണചുമതല വഹിക്കുന്നതിനുള്ള അർഹത സമുദായ മെത്രാപ്പോലീത്താ/മെത്രാപ്പോലീത്തായിൽ നിന്നും ലഭിക്കുകയുള്ളു

.

പരിശീലനകാലത്ത് വൈദികർക്ക് അടിസ്ഥാന ശമ്പളത്തിന് തുല്യമായ സ്റ്റെഫന്റ് നൽകേണ്ടതാണ്.

**(എ)** വൈദിക കൗൺസിലിന്റെയും പട്ടംകൊട കമ്മറ്റിയുടേയും ആലോചനയോടുകൂടി മെത്രാപ്പോലീത്തൻ കൗൺസിൽ ക്രോഡീകരിക്കുന്ന നടപടിക്രമം (Code of conduct) എല്ലാ വൈദികർക്കും ബാധകമാകുന്നതും ആ നടപടിപ്രകാരവും ഭരണഘടനയനുസരിച്ചും വൈദികർ ശുശ്രൂഷ നിർവ്വഹിക്കേണ്ടതുമാണ്.

**94.** 400 ന് മേൽ ഭവനങ്ങളുള്ള ഇടവകകളിൽ വികാരിയെക്കൂടാതെ സഹായപട്ടക്കാരനായി ജൂണിയർ ആയ ഒരു വൈദികനെ നിയമിക്കേണ്ടതാണ്

**95.** ക്നാനായ അസ്സോസിയേഷനിൽ പാസ്സാക്കി സമുദായ മെത്രാപ്പോലീത്താ അംഗീകരിക്കുന്ന വൈദികരുടെ സേവന വേതന വ്യവസ്ഥകൾ കാലാകാലങ്ങളിൽ നടപ്പിൽ വരുത്തേണ്ടതാണ്.

**95** (എ) 1. സഭയിലെ വൈദീകർ ആജീവനാന്തം സഭയുടെ പട്ടത്വ ശുശ്രൂഷ നിർവ്വഹിപ്പാൻ വിളിക്കപ്പെട്ടവരാണ്. എന്നാൽ വൈദീകരുടെ സജീവസേവന കാലാവധി 70 വയസ്സുപൂർത്തീ ആകുന്നതുവരെ ആകുന്നു.

2. സജീവകാലാവധി പൂർത്തിയായ പട്ടക്കാരെ സമുദായത്തിന്റെ ആവശ്യവും പട്ടക്കാരുടെ സമ്മതവും അവരുടെ ആരോഗ്യസ്ഥിതിയും പരിഗണിച്ച്, വൈദീകസേവനവേതന വ്യവസ്ഥകൾക്ക് അനുസൃതമായി, മെത്രാപ്പോലീത്തൻ കൗൺസിലിന്റെ നിശ്ചയപ്രകാരം സഭാസേവന കാലാവധി നീട്ടിക്കൊടുക്കാവുന്നതാണ്.

3. സജീവസേവന കാലാവധി പൂർത്തിയാക്കുമ്പോൾ പട്ടക്കാർക്ക് പെൻഷൻ, പ്രോവിഡന്റ്ഫണ്ട് മുതലായ ആനുകൂല്യങ്ങൾ ഭരണഘടാനുസരണവും വൈദീക സേവനവ്യവസ്ഥപ്രകാരവും നൽകേണ്ടതാണ്.

**96.** ഈ ഭരണഘടന നടപ്പിൽ വന്നതിനുശേഷം സമുദായത്തിൽപെട്ട യാതൊരാൾക്കും സമുദായത്തിനല്ലാതെ ഇടവകയ്ക്കും പട്ടംകൊടുക്കുന്നതല്ല.

**(എ)** പട്ടം ഏൽക്കുന്ന ആൾ പട്ടം കൊട ശുശ്രൂഷക്രമത്തിൽ പറയുന്ന വിശ്വാസാചാരങ്ങളുടെ പരിപാലനവും, മേലദ്ധ്യക്ഷതയോടുള്ള വിധേയത്വവും പുലർത്തേണ്ടതാണ്. ഇതിനു വിപരീതമായി പ്രവർത്തിക്കുന്നവരുടെമേൽ നിയമാനുസൃതമുള്ള നടപടികൾ വിചാരണയ്ക്കു ശേഷം മെത്രാപ്പോലീത്താ കൈക്കൊള്ളുന്നതാണ്.

**96.** ക്നാനായ അതിഭദ്രാസനത്തിൽ യാതൊരാൾക്കും സമുദായത്തിനുവേണ്ടിയല്ലാതെ ഇടവകയ്ക്കുവേണ്ടി പട്ടം കൊടുക്കുന്നതല്ല.

**(എ)** പട്ടം ഏൽക്കുന്ന ആൾ പട്ടം കൊട ശുശ്രൂഷക്രമത്തിലെ അമാലോഗിയായിൽ പറയുന്ന വിശ്വാസാചാരങ്ങളുടെ പരിപാലനവും, മേലദ്ധ്യക്ഷതയോടുള്ള വിധേയത്വവും പുലർത്തേണ്ടതാണ്. ഇതിനു വിപരീതമായി പ്രവർത്തിക്കുന്നവരുടെമേൽ നിയമാനുസൃതമുള്ള നടപടികൾ വിചാരണയ്ക്കു ശേഷം മെത്രാപ്പോലീത്തൻ കൗൺസിൽ കൈക്കൊള്ളേണ്ടതും ആ നടപടി സമുദായമെത്രാപ്പോലീത്ത നടപ്പിലാക്കേണ്ടതുമാണ്.

ക്നാനായ സമുദായത്തിലെ ഒരു പട്ടക്കാരൻ പട്ടം ഏല്ക്കുന്നതിനു മുമ്പ് **അനുബന്ധം D** യിൽ കാണുന്ന പ്രകാരമുള്ള ഒരു ഉടമ്പടി എഴുതി സമുദായ മെത്രാപ്പോലീത്തായ്ക്ക് സമർപ്പിക്കേണ്ടതാണ്. പട്ടം ഏല്ക്കുന്ന വൈദീകന് സമുദായമെത്രാപ്പോലീത്താ **അനുബന്ധം E** യിൽ കാണുന്ന പ്രകാരം ഒരു സാക്ഷിപത്രം നൽകുന്നതാണ്.

## അദ്ധ്യായം 6
## അസ്സോസിയേഷൻ

**97.** സമുദായം സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളിലും തീരുമാനങ്ങൾ എടുക്കുന്നതിനും അവ നടപ്പാക്കുന്നതിനും മെത്രാപ്പോലീത്തായെ സഹായിക്കുന്നതിന് **മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷൻ** എന്ന അഭിധാനത്തിൽ ഒരു സംഘം ഉണ്ടായിരിക്കുന്നതാണ്.

**98.** താഴെ വിവരിക്കുന്ന സംഗതികൾ ഒഴിച്ചുള്ള എല്ലാ കാര്യങ്ങളും അസ്സോസിയേഷനിൽ ആലോചനാ വിഷയങ്ങളാക്കി തീരുമാനങ്ങൾ എടുക്കാവുന്നതാകുന്നു.

**(എ)** പ. അന്ത്യോഖ്യാ സിംഹാസനവും ഭദ്രാസന ഇടവകയും തമ്മിലുള്ള ബന്ധത്തെ നിയന്ത്രിക്കുന്ന എന്തെങ്കിലും നിശ്ചയങ്ങൾ ചെയ്യുവാനോ

**(ബി)** ഈ ഘടനയിൽ പ്രത്യേകം എടുത്തു പറഞ്ഞിട്ടില്ലാത്തതായ മെത്രാപ്പോലീത്തായുടെ അധികാരത്തെ നിയന്ത്രിക്കുന്ന നിശ്ചയങ്ങൾ ചെയ്യുവാനോ

**(സി)** ഭദ്രാസന ഇടവകയുടെ മത സംബന്ധമായ വിശ്വാസാചാരങ്ങളിൽ വല്ല ആലോചനയും തീരുമാനവും ചെയ്യുവാനോ അസ്സോസിയേഷന് അധികാരമില്ലാത്തതാകുന്നു.
ആയിരിക്കുന്നതാണ്.

**99.** അസ്സോസിയേഷൻ അംഗങ്ങൾ താഴെപ്പറയുന്നവർ ആയിരിക്കുന്നതാണ്.
(1.) ഇടവക പ്രതിനിധികൾ (2) കശ്ശീശന്മാർ (3) മെത്രാപ്പോലീത്തായാൽ നിയമിക്കപ്പെടുന്നവർ.

## അദ്ധ്യായം 6
## അസ്സോസിയേഷൻ

**97.** സമുദായവും ഭദ്രാസന ഇടവകയും സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളിലും 98-ാം വരുപ്പിനു വിധേയമായി തീരുമാനങ്ങൾ എടുക്കുന്നതിമുള്ള പരാമധികാര സമിതിയാകുന്നു ക്നാനായ അസ്സോസിയേഷൻ.

**98. മാറ്റമില്ല**
(1) പ. അന്ത്യോഖ്യാ സിംഹാസനവും ഭദ്രാസന ഇടവകയും തമ്മിലുള്ള വിശ്വാസപരമായ ബന്ധത്തെ നിയന്ത്രിക്കുന്ന നിശ്ചയങ്ങൾ.

(2) ഈ ഭരണഘടനയിൽ പ്രത്യേകം എടുത്തു പറഞ്ഞിട്ടില്ലാത്തതും കാനോനികവുമായ മെത്രാപ്പോലീത്തന്മാരുടെ ആത്മീക അധികാരത്തെ നിയന്ത്രിക്കുന്ന നിശ്ചയങ്ങൾ.

(3) ഭദ്രാസന ഇടവകയുടെ മത സംബന്ധമായ വിശ്വാസാചാരങ്ങളിൽ മേലുള്ള നിശ്ചയങ്ങൾ.

**99. മാറ്റമില്ല**

(1.) 25 വയസ്സും അതിനുമുകളിലും പ്രായമുള്ള ഇടവക പ്രതിനിധികൾ (2) കശ്ശീശന്മാർ (3) നോമിനേറ്റഡ് അംഗങ്ങൾ (4) കാലാവധി കഴിയുന്ന അസ്സോസിയേഷനിലെ സെക്രട്ടറിയും, അൽമായ ട്രസ്റ്റിയും.

**100.** 100 വരെ വീടുകളുള്ള ഇടവകകളിൽ രണ്ടും 100 ന് മേൽ 200 വരെ വീടുകളുള്ള ഇടവകകളിൽ നിന്നും മൂന്നും 200 നു മേൽ വരെ 400 വരെ വീടുകളുള്ള ഇടവകകളിൽ നിന്നു 4 ഉം 400 നു മേൽ 600 വരെ വീടുകളുള്ള ഇടവകകളിൽ നിന്നും 5 ഉം 600 നു മേൽ 800 വരെ വീടുകളുള്ള ഇടവകകളിൽ നിന്നും 6 ഉം 800 ന് മേൽ 1000 വരെ വീടുകളുള്ള ഇടവകകളിൽ 7 ഉം 1000 മേൽ 1200 വരെ വീടുകളുള്ള ഇടവകകളിൽ നിന്നും 8 ഉം 1200 നു മേൽ 9 ഉം പ്രതിനിധികളെ തെരഞ്ഞെടുത്ത് അസ്സോസിയേഷനിലേക്ക് അയയ്ക്കുവാൻ ഇടവകകൾക്ക് അവകാശമുള്ളതാകുന്നു.

**101.** **(എ)** ഇടവക പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനു മെത്രാപ്പോലീത്തായുടെ കല്പന കിട്ടിയാൽ അടുത്ത ഞായറാഴ്ച വികാരി തന്നെയോ സഹായപട്ടക്കാരൻ മുഖാന്തിരമോ അതു പള്ളിയിൽ പരസ്യപ്പെടുത്തേണ്ടതും കല്പനയിൽ വിവരിച്ചിരിക്കുന്ന ഇടവക പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിന് ഇടവകയോഗാംഗങ്ങളുടെ ഒരു പ്രത്യേക യോഗം ഇന്നപ്പോൾ ഇന്ന സ്ഥലത്തു കൂടുന്നതാണെന്ന് അന്നുതന്നെ പള്ളിയിൽ പ്രസ്താവിക്കുന്നതു കൂടാതെ മെത്രാപ്പോലീത്തായുടെ കല്പന കിട്ടി മൂന്നു ദിവസത്തിനകം ഈ വിവരത്തിനു വികാരി ഒരു നോട്ടീസു എഴുതി ഒപ്പിട്ട് പള്ളിയിലെ നോട്ടീസ് ബോർഡിൽ പതിപ്പിക്കേണ്ടതുമാകുന്നു.

**(ബി)** നിശ്ചിത സമയത്തു ഹാജരാകുന്ന അംഗങ്ങൾ വികാരിയുടെയോ വികാരി ഹാജരില്ലാത്തപക്ഷം വികാരിയുടെ നിർദ്ദേശപ്രകാരം സഹായ പട്ടക്കാരിൽ ആരുടെയെങ്കിലുമോ അദ്ധ്യക്ഷതയിൽ യോഗം കൂടി, വോട്ടെടുപ്പ് ആവശ്യമായി വന്നാൽ രഹസ്യബാലറ്റിലൂടെ പ്രതിനിധികളെ തെരഞ്ഞെടുത്ത് ഒരു സാക്ഷിപത്രം, വികാരിയും യോഗാംഗങ്ങളിൽ 12 ൽ കുറയാതെ ആളുകളും ഒപ്പിട്ട് പ്രതിനിധികളെ ഏല്പിക്കേണ്ടതും, സാക്ഷിപത്രത്തിൽ ഇടവകയിലെ ആകെയുള്ള വീടുകളുടെ എണ്ണം കാണിച്ചിരിക്കേണ്ടതും അസ്സോസിയേഷൻ യോഗതീയതിയ്ക്ക് 15 ദിവസ

**100. മാറ്റമില്ല**

**100.** **(എ)** വി. അന്ത്യോഖ്യായിലെ ശ്ലൈഹിക സിംഹാസനത്തിനു കീഴ്വഴങ്ങി സത്യകാതോലിക വിശ്വാസത്തെ പാലിച്ചുകൊണ്ടിരിക്കുന്ന 25 ഉം അതിനു മുകളിലും പ്രായമുള്ള നല്ല ക്രിസ്തീയ സാക്ഷ്യമുള്ളവർക്കു മാത്രമേ അസ്സോസിയേഷൻ അംഗങ്ങളായിരിപ്പാൻ അർഹത ഉണ്ടായിരിക്കയുള്ളൂ.

**100.** **(ബി)** സമുദായത്തിൽപ്പെട്ട കശ്ശീശന്മാരെല്ലാവരും അസ്സോസിയേഷനിലെ സ്ഥിരാംഗങ്ങളായിരിക്കുന്നതാണ്.

**101.** **(എ)** ഇടവക പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനു സമുദായ മെത്രാപ്പോലീത്തായുടെ കല്പന ലഭിച്ചശേഷം വരുന്ന ഞായറാഴ്ച വികാരി തന്നെയോ സഹായപട്ടക്കാരൻ മുഖാന്തിരമോ അതു പള്ളിയിൽ പരസ്യപ്പെടുത്തേണ്ടതും കല്പനയിൽ വിവരിച്ചിരിക്കുന്ന ഇടവക പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിന് ഇടവകയോഗാംഗങ്ങളുടെ ഒരു പ്രത്യേക യോഗംമേൽ 24 മുതൽ 28 വരെ വകുപ്പുകൾക്ക് വിധേയമായി ഇന്നപ്പോൾ ഇന്ന സ്ഥലത്തു കൂടുന്നതാണെന്ന് അന്നുതന്നെ പള്ളിയിൽ പ്രസ്താവിക്കുന്നതു കൂടാതെ സമുദായമെത്രാപ്പോലീത്തായുടെ കല്പന കിട്ടി മൂന്നു ദിവസത്തിനകം ഈ വിവരത്തിനു വികാരി ഒരു നോട്ടീസു എഴുതി ഒപ്പിട്ട് പള്ളിയിലെ നോട്ടീസ് ബോർഡിൽ പതിപ്പിക്കേണ്ടതുമാകുന്നു.

**(ബി)** നിശ്ചിത സമയത്തു ഹാജരാകുന്ന അംഗങ്ങൾ വികാരിയുടെയോ വികാരി ഹാജരില്ലാത്തപക്ഷം വികാരിയുടെ നിർദ്ദേശപ്രകാരം സഹായ പട്ടക്കാരിൽ ആരുടെയെങ്കിലുമോ അദ്ധ്യക്ഷതയിൽ യോഗം കൂടി, വോട്ടെടുപ്പ് ആവശ്യമായി വന്നാൽ രഹസ്യബാലറ്റിലൂടെ പ്രതിനിധികളെ തെരഞ്ഞെടുത്ത് തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരും, മേൽവിലാസവും, ടെലഫോൺ നമ്പരും, ഈ മെയിൽ വിലാസവും, കൈയ്യൊപ്പും അടങ്ങിയ ഒരു സാക്ഷിപത്രം, വികാരിയും യോഗാംഗങ്ങളിൽ 3 ൽ കുറയാതെ ആളുകളും ഒപ്പിട്ട് പ്രതിനിധികളെ ഏല്പിക്കേണ്ടതാണ്. സാക്ഷിപത്രത്തിൽ ഇട

ങ്ങൾക്കുമുമ്പ് വിവരം വികാരി ഭദ്രാസനസെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

വകയിലെ ആകെയുള്ള വീടുകളുടെ എണ്ണം കാണിച്ചിരിക്കേണ്ടതും അസ്സോസിയേഷൻ യോഗതീയതിയ്ക്ക് 25 ദിവസങ്ങൾക്കുമുമ്പ് വിവരം വികാരി ഭദ്രാസനസെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

**(സി)** ഏതെങ്കിലും കാരണവശാൽ മെത്രാപ്പോലീത്തായുടെ കല്പനയിൽ പറയുന്ന നിശ്ചിത തീയതിയിൽ തെരഞ്ഞെടുപ്പ് നടക്കാതെ വന്നാൽ അങ്ങനെയുള്ള പള്ളികളിൽ പ്രസ്തുത കല്പനയുടെ പ്രാബല്യത്തിൽ തൊട്ടടുത്ത ഞായറാഴ്ച തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്.

സി) **മാറ്റമില്ല**

**102.** സമുദായത്തിൽപ്പെട്ട കശ്ശീശന്മാരെല്ലാവരും അസ്സോസിയേഷനിലെ സ്ഥിരാംഗങ്ങളായിരിക്കുന്നതാണ്.

**102. ( Modified and Transfered as 100 (B)**

**103.** 99, 1 ഉം 2 ഉം വകുപ്പ് അനുസരിച്ച് അംഗങ്ങളാകാൻ ഇടയുള്ള ആളുകളുടെ ആകെയുള്ള എണ്ണത്തിൽ 10% ത്തിൽ കവിയാതെയുള്ള ആളുകളെ അസ്സോസിഷന്റെ അംഗങ്ങളായി മെത്രാപ്പോലീത്തായിയ്ക്ക് യഥേഷ്ടം നിയമിക്കാവുന്നതാകുന്നു.

**103.** അസോസിയേഷൻ അംഗങ്ങളായി 15 പേരെ മെത്രാപ്പൊലീത്തന്മാർക്ക് നോമിനേറ്റ് ചെയ്യാവുന്നതാകുന്നു. മേഖല മെത്രാപ്പൊലീത്തന്മാർക്ക് **3** പേരേ വീതം അവരവരുടെ മേഖലയിൽ നിന്നും, ബാക്കിയുള്ളവരിൽ **3** പേരേ കേന്ദ്രഭരണ പ്രദേശത്തു നിന്നും, ശേഷമുള്ള **3** പേരേ സമുദായ തലത്തിൽ നിന്നും സമുദായ മെത്രാപ്പൊലീത്തയ്ക്കും നോമിനേറ്റ് ചെയ്യാവുന്നതാകുന്നു. ഇങ്ങനെ നോമിനേറ്റ് ചെയ്യപ്പെടുന്നവർ അതേ അസോസിയേഷൻ തിരഞ്ഞെടുപ്പിൽ ഇടവകകളിൽ നിന്ന് മത്സരിച്ച് പരാജയപ്പെട്ടവരായിരിപ്പാൻ പാടില്ല. ഇങ്ങനെ നാമനിർദ്ദേശം ചെയ്യപ്പെടുന്നവർ സമൂഹത്തിന്റെ വിവിധമേഖലകളിൽ സ്വാധീനവും പരിജ്ഞാനവും, കഴിവും അനുഭവസമ്പത്തും ഉള്ളവർ ആയിരിക്കേണ്ടതാണ്. ബിരുദധാരികൾക്ക് മുൻഗണന നൽകേണ്ടതാണ്. ഇവർക്കും വോട്ടവകാശം ഉണ്ടായിരിക്കുന്നതാണ്. ഇവരെ ബന്ധപ്പെട്ട മെത്രാപ്പോലീത്തന്മാർ നിയമിക്കുകയും, അസ്സോസിയേഷന്റെ പ്രഥമയോഗത്തിന് പതിനെട്ട് ദിവസങ്ങൾക്ക് മുൻപ് അസ്സോസിയേഷൻ പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ രേഖാമൂലം അറിയിച്ചിരിക്കേണ്ടതുമാണ്.

**104.** അന്ത്യോഖ്യായിലെ വി. ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിനു കീഴ്വഴങ്ങി സത്യകാതോലിക വിശ്വാസത്തെ പാലിച്ചുകൊണ്ടിരിക്കുന്ന

**104. ( Transfered as 100 (A)**

| | |
|---|---|
| വരും പള്ളികുററങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്നില്ലാത്തവരുമായ പുരുഷന്മാർക്കും മാത്രം അസ്സോസിയേഷൻ അംഗങ്ങളായിരിപ്പാൻ അർഹതയുള്ളതാകുന്നു. | |
| **105.** (എ) മേൽ 99, (1) വകുപ്പിൽ പറയുന്ന അംഗങ്ങളുടെ തെരഞ്ഞെടുപ്പ്, നിയമനം മുതലായ സംഗതികൾ സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടായാൽ അതു കേൾക്കുന്നതിന് പൊതു ഉദ്യോഗവാഹികളല്ലാത്ത ഒരു വൈദികനും രണ്ടു അത്മായക്കാരും ചേർന്നുള്ള ഒരു തെരഞ്ഞെടുപ്പ് കോടതിയെ മെത്രാപ്പോലീത്താ നിയമിക്കുന്നതും ആ കോടതി ഇരുകക്ഷികളുടെയും വാദം കേട്ട് എഴുതുന്ന തീരുമാനം അവസാന തീരുമാനം ആയിരിക്കുന്നതുമാകുന്നു. | **105.** (എ) മേൽ 99, (1) വകുപ്പിൽ പറയുന്ന അംഗങ്ങളുടെ തെരഞ്ഞെടുപ്പ്, നിയമനം മുതലായ സംഗതികൾ സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടായാൽ അതു കേൾക്കുന്നതിന് പൊതു ഉദ്യോഗവാഹികളല്ലാത്ത ഒരു വൈദികനും രണ്ടു അത്മായക്കാരും ചേർന്നുള്ള ഒരു തെരഞ്ഞെടുപ്പ് കോടതിയെ സമുദായ മെത്രാപ്പോലീത്താ നിയമിക്കുന്നതും ആ കോടതി ഇരുകക്ഷികളുടെയും വാദം കേട്ട് എടുക്കുന്ന തീരുമാനം അവസാന തീരുമാനം ആയിരിക്കുന്നതുമാകുന്നു. |
| (ബി) തെരഞ്ഞെടുപ്പ് കോടതിയുടെ ചെലവിലേക്കുവേണ്ട പണം ഏതെങ്കിലും കക്ഷിയെക്കൊണ്ടോ ഇരു കക്ഷികളേയും കൊണ്ടോ മുൻകൂട്ടി കെട്ടിവയ്പിക്കുന്നതിനു കോടതിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. | (ബി) **മാറ്റമില്ല** |
| (സി) കോടതിയുടെ യുക്തം അനുസരിച്ച് ജയിക്കുന്ന കക്ഷിയുടെ ചെലവു നിർണ്ണയിച്ചു തോൽക്കുന്ന കക്ഷിയെക്കൊണ്ട് കൊടുപ്പിക്കാവുന്നതാകുന്നു. | (സി) **മാറ്റമില്ല** |
| (ഡി) തർക്കം തീരുന്നതുവരെ വികാരിയുടെ ഒപ്പോടുകൂടിയ സാക്ഷിപത്രം കൊണ്ടുവരുന്ന ആളിനെ അസ്സോസിയേഷൻ അംഗമായി സ്വീകരിക്കേണ്ടതാണ്. | (ഡി) **മാറ്റമില്ല** |
| (ഇ) ഓരോ തെരഞ്ഞെടുപ്പിന്റെയും ശേഷം ആദ്യമായി കൂടുന്ന അസ്സോസിയേഷൻ യോഗത്തിൽ **99 (1) (2)** എന്നീവകുപ്പുകൾ അനുസരിച്ച് അംഗങ്ങളായിട്ടുള്ള ആളുകളുടെ ആകെ എണ്ണത്തിൽ 100 ന് 25 വീതം ആളുകൾ ഹാജരുള്ള പക്ഷം ആ യോഗത്തിൽ വച്ച് അസ്സോസിയേഷന്റെ ഔദ്യോഗിക ഭാരവാഹികളെയും 125-ാം വകുപ്പിൽ പറയുന്ന ക്നാനായകമ്മറ്റിയിലെ അനുദ്യോഗസ്ഥംഗാങ്ങളേയും തെരഞ്ഞെടുക്കുകയും നോട്ടീസ് കല്പനയിൽ വല്ല ആലോചനാവിഷയങ്ങൾ ചേർത്തിട്ടുണ്ടെങ്കിൽ അവയെപ്പറ്റി ആലോചിക്കുകയും ചെയ്യേണ്ടതാകുന്നു. | (ഇ) ഓരോ തെരഞ്ഞെടുപ്പിന്റെയും ശേഷം ആദ്യമായി കൂടുന്ന അസ്സോസിയേഷൻ യോഗത്തിൽ **99-ാം** വകുപ്പ് അനുസരിച്ച് അംഗങ്ങളായിട്ടുള്ള ആളുകളുടെ ആകെ എണ്ണത്തിൽ 100 ന് 50 വീതം ആളുകൾ ഹാജരുള്ള പക്ഷം ആ യോഗത്തിൽ വച്ച് അസ്സോസിയേഷന്റെ ഔദ്യോഗിക ഭാരവാഹികളേയും 125-ാം വകുപ്പിൽ പറയുന്ന ക്നാനായകമ്മറ്റിയിലെ അനുദ്യോഗസ്ഥാംഗങ്ങളേയും തെരഞ്ഞെടുക്കുകയും നോട്ടീസ് കല്പനയിൽ വല്ല ആലോചനാവിഷയങ്ങൾ ചേർത്തിട്ടുണ്ടെങ്കിൽ അവയെപ്പറ്റി ആലോചിക്കുകയും ചെയ്യേണ്ടതാകുന്നു. |

**106.** (എ) അസ്സോസിയേഷൻ അംഗങ്ങളുടെ കാലാവധി 105 (ഇ) വകുപ്പിൽ പറയുന്ന ആദ്യ യോഗത്തിലെ തീയതി മുതൽ മൂന്നുവർഷം ആയിരിക്കുന്നതാണ്. കാലാവധി കഴിയുന്നമുറയ്ക്ക് പുതിയ അസ്സോസിയേഷൻ തിരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന അസ്സോസിയേഷൻ രൂപപ്പെടുന്നതുവരെ നിലവിലുള്ള ക്നാനായകമ്മറ്റിയും അസ്സോസിയേഷനാൽ തെരഞ്ഞെടുക്കപ്പെട്ട എല്ലാ സമിതികളും നിലനിൽക്കുന്നതും അവയുടെ പ്രവർത്തനം തുടരേണ്ടതുമാണ്.

**106.** (എ) **മാറ്റമില്ല**

**(ബി)** എന്നാൽ യാതോരംഗത്തിനും കാലാവധിക്കു മുൻപായി തന്റെ അംഗത്വം ഉപേക്ഷിക്കാവുന്നതും ആരാൽ നിയമിക്കപ്പെടുന്നുവോ അവർക്ക് ആ അംഗത്തെ നീക്കാവുന്നതും, മതപരിവർത്തനം, പള്ളിക്കുറ്റം, ചിത്തഭ്രമം ഇവയാൽ മെമ്പർ സ്ഥാനം സ്വതവേ നഷ്ടപ്പെടുന്നതുമാകുന്നു. കാലാവധിക്കു മുമ്പ് മേൽപ്രകാരമോ മരണം മൂലമോ ഒഴിവുവരുന്ന അംഗങ്ങളുടെ സ്ഥാനത്തേക്ക് വേറെ അംഗങ്ങളെ മുറപ്രകാരം നിയമിക്കാവുന്നതാകുന്നു

**(ബി)** 1. എന്നാൽ ഏതൊരംഗത്തിനും കാലാവധിക്കു മുമ്പായി അസ്സോസിയേഷൻ സെക്രട്ടറിയെ രേഖാമൂലം അറിയിച്ചുകൊണ്ട് തന്റെ അംഗത്വം രാജിവയ്ക്കാവുന്നതാണ്.

2. ആരാൽ നിയമിക്കപ്പെടുന്നുവോ അവർക്ക് തക്കതായ കാരണത്താൽ ഏതൊരംഗത്തേയും അന്വേഷണം നടത്തി വിശദീകരണം തേടി ബോദ്ധ്യപ്പെട്ട ശേഷം അവരെ രേഖാമൂലം അറിയിച്ചുകൊണ്ട് അംഗത്വത്തിൽ നിന്ന് നീക്കം ചെയ്യാവുന്നതാണ്.

3. മതപരിവർത്തനം, പള്ളിക്കുറ്റം, ചിത്തഭ്രമം ഇവയാൽ മെമ്പർ സ്ഥാനം സ്വതവേ നഷ്ടപ്പെടുന്നതുമാകുന്നു. 4. കാലാവധിക്കു മുമ്പ് മേൽപ്രകാരമോ മരണം മൂലമോ ഒഴിവുവരുന്ന അംഗങ്ങളുടെ സ്ഥാനത്തേക്ക് 60 ദിവസത്തിനുള്ളിൽ വേറെ അംഗങ്ങളെ മുറപ്രകാരം നിയമിക്കേണ്ടതാണ്.

.(സി) **പള്ളിക്കുറ്റം:** ക്നാനായസമുദായത്തിന്റെയും പള്ളികളുടെയും വിശ്വാസത്തിനും മേലദ്ധ്യക്ഷതയ്ക്കും നിയമങ്ങൾക്കും ആചാരമര്യാദകൾക്കും എതിരായി പരസ്യമായി മത്സരിക്കുകയും അവകളെ ബോധപൂർവ്വം ലംഘിക്കുകയും ചെയ്യുന്ന ഇടവകാംഗത്തിനുമേൽ പള്ളിക്കുറ്റം ഉണ്ടായിരിക്കും. അന്യസഭകളിൽ ചേർന്നു നടക്കുക, വ്യവസ്ഥാപിതഭരണക്രമങ്ങൾക്കെതിരായി സമാന്തരഭരണസംവിധാനം ഏർപ്പെടുത്തുക, സ്വയം ആരാധനാസ്ഥ

(സി) **Modified and transferred as 6 (6)**

ലങ്ങൾ നിർമ്മിച്ച് ആരാധന നടത്തിക്കുക, നിർദ്ദിഷ്ട സ്ഥലങ്ങളിലും രീതികളിലും നടക്കേണ്ടുന്ന കൂദാശകളും, കർമ്മങ്ങളും അനധികൃത സ്ഥലങ്ങളിൽ വച്ചു നടത്തിക്കുക, പള്ളികളിൽ ബലമായി പ്രവേശിച്ച് ആരാധനയും കർമ്മങ്ങളും സഭായോഗങ്ങളും വിഘ്നപ്പെടുത്തുക, മതിയായ കാരണങ്ങൾ കൂടാതെ ആരാധനയിൽ തുടർച്ചയായി സംബന്ധിക്കാതിരിക്കുക, അംഗീകൃത പെരുമാറ്റചട്ടങ്ങൾക്ക് എതിരായി സഭാക്കൂട്ടങ്ങളിലും പള്ളികളിലും പെരുമാറുക, നിയമാനുസൃത ഭാര്യഭർതൃബന്ധം ഉപേക്ഷിക്കുക, അനധികൃതമായി വിവാഹബന്ധത്തിൽ ഏർപ്പെടുക ദുർമ്മാർഗ്ഗജീവിതം നയിക്കുക തുടങ്ങി സഭയുടെയും പള്ളികളുടെയും നിയമങ്ങൾക്ക് എതിരായി കുറ്റകരമായി പ്രവർത്തിച്ചാൽ പള്ളിക്കുറ്റമുണ്ടാകും. പള്ളിക്കുറ്റത്തിൽ നിർത്തുന്നതും അനുതപിച്ചു തെറ്റു തിരുത്തി വരുന്നവരെ സ്വീകരിക്കുന്നതും വികാരിയുടെ ശുപാർശപ്രകാരം മെത്രാപ്പോലീത്താ ആയിരിക്കും.

**107.** കാലാവധി ഗണിക്കാതെ തക്കതായ കാരണത്തിന്മേൽ ക്നാനായകമ്മറ്റിയുടെ ശുപാർശപ്രകാരം എപ്പോൾ വേണമെങ്കിലും അസ്സോസിയേഷൻ പിരിച്ചുവിടുന്നതിനു മെത്രാപ്പോലീത്തായ്ക്ക് അധികാരമുള്ളതാകുന്നു.

**107.** ക്നാനായ അസോസിയേഷന്റെ പ്രവർത്തനത്തിൽ ഗുരതരമായ സ്തംഭനാവസ്ഥ ഉണ്ടാകുകയും സമുദായത്തിന്റെ ഭദ്രതയ്ക്ക് വെല്ലുവിളി നേരിടുകയും ചെയ്യുന്നതായി ക്നാനായകമ്മറ്റിയിലെ 80% ത്തിൽ കുറയാത്ത അംഗങ്ങൾക്ക് ബോദ്ധ്യപ്പെട്ട് നിശ്ചയം ചെയ്ത് വിവരം രേഖാമൂലം സമുദായമെത്രാപ്പോലീത്തായെ അറിയിക്കുന്ന സാഹചര്യത്തിൽ അദ്ദേഹത്തിന് ക്നാനായ അസോസിയേഷനും, ക്നാനായ കമ്മറ്റിയുംപിരിച്ചുവിടുന്നതിന് അധികാരം ഉണ്ടായിരിക്കും.

അസോസിയേഷൻ പിരിച്ചുവിട്ട് **90** ദിവസങ്ങൾക്കുള്ളിൽ പുതിയ അസോസിയേഷൻ രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ സമുദായ മെത്രാപ്പൊലീത്ത കൈക്കൊള്ളേണ്ടതാണ്. പുതിയ അസോസിയേഷൻ രൂപീകരിക്കപ്പെടുന്നതു വരെ വൈദിക കൗൺസിലിന്റെ ആലോചനയോടു കൂടി വികാരി ജനറാൾ അസോസിയേഷൻ സംബന്ധമായ എല്ലാ ചുമതലകളും ഏറ്റെടുക്കുന്നതാണ്. പ്രസ്തുത സാഹചര്യത്തിൽ വിവിധ പ്രസ്ഥാനങ്ങളുടെ ഭാരവാഹികൾ പുതിയ ഭാരവാഹികൾ തെരഞ്ഞെടുക്കപ്പെടുന്നതുവരെ തൽസ്ഥാനങ്ങളിൽ തുടരുന്നതുമാണ്.

**108.** മെത്രാപ്പോലീത്താ പിരിച്ചുവിട്ടതുമൂലമോ, കാലാവധി കഴിയുകയാലോ അസ്സോസിയേഷൻ അംഗങ്ങളുടെ പുതിയ തെരഞ്ഞെടുപ്പ് നടത്തേണ്ട ആവശ്യം നേരിടുമ്പോൾ അതിലേക്കു മുൻ അസ്സോസിയേഷൻ അവസാനിച്ചതോ അവസാനിപ്പിച്ചതോ ആയ തീയതി മുതൽ 60 ദിവസത്തിൽ കവിയാത്ത സമയത്തിനുള്ളിൽ അസ്സോസിയേഷൻ കൂടുന്നതിന് മെത്രാപ്പോലീത്താ എല്ലാ പള്ളികൾക്കും കല്പന അയയ്ക്കുന്നതും ആ കല്പനയിൽ അംഗങ്ങൾ ആദ്യമായി കൂടേണ്ട സ്ഥലവും സമയവും വിവരിച്ചിരിക്കുന്നതു കൂടാതെ അസ്സോസിയേഷന്റെ ആലോചനാവിഷയങ്ങളും കാണിച്ചിരിക്കുന്നതുമാകുന്നു.

**108. (1)** ഓരോ പുതിയ അസ്സോസിയേഷന്റെയും ആദ്യയോഗം മാർച്ച് ഒന്നാം വാരത്തിൽ കൂടത്തക്കവണ്ണം പ്രഥമയോഗത്തിന്റെ 60 ദിവസങ്ങൾക്ക് മുമ്പ് സമുദായമെത്രാപ്പോലീത്താ എല്ലാപള്ളികൾക്കും അസ്സോസിയേഷൻ അംഗങ്ങളുടെ തെരഞ്ഞെടുപ്പ് വിജ്ഞാപന കല്പന അയക്കേണ്ടതാകുന്നു. പ്രസ്തുത കല്പനയിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉൾക്കൊള്ളിച്ചിരിക്കേണ്ടതാകുന്നു.

a) പള്ളികളിൽ നിന്നും ഇടവക പ്രതിനിധികളെ തിരഞ്ഞെടുക്കേണ്ട പൊതുയോഗത്തിന്റെ തീയതി

.b) പുതിയ ക്നാനായ അസോസിയേഷന്റെ പ്രഥമ യോഗതീയതി, സ്ഥലം സമയം എന്നിവ.

c) ക്നാനായ അസോസിയേഷന്റേയും വിവിധ പ്രസ്ഥാനങ്ങളുടേയും, സമതികളുടേയും ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്.

d) നിലവിലുള്ള അസോസിയേഷൻ സെക്രട്ടറിയെ തിരഞ്ഞെടുപ്പിന്റെ വരണാധികാരിയായി നിയമിച്ചുകൊണ്ടുള്ള അറിയിപ്പ്.

e) പ്രസിഡന്റ് അനുവദിക്കുന്ന മറ്റത്യാവശ്യവിഷയങ്ങൾ.

**108. (2)** സമുദായമെത്രാപ്പോലീത്തായുടെ കല്പനയിലൂടെ നിയമിതനാകുന്ന വരണാധികാരി മേൽ 108.(1) C വകുപ്പിൽ പറയുന്ന തിരഞ്ഞെടുപ്പിന്റെ വിശദാംശങ്ങൾ സമുദായ കേന്ദ്ര ആഫീസിലെ നോട്ടീസ് ബോർഡിലും സമുദായത്തിന്റെ ഔദ്യാഗിക വാർത്താപത്രികയിലും യഥാകാലം പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

**താഴപ്പറുയുന്ന വിവരങ്ങളും പ്രസ്തുത അറിയിപ്പിൽ ഉണ്ടായിരിക്കേണ്ടതാണ്.**

a) സമുദായഭരണഘടനയുടെ 99 -ാം വകുപ്പനുസരിച്ച് വോട്ടവകാശമുള്ള അംഗങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന സ്ഥലവും, തീയതിയും, സമയവും. (പ്രഥമയോഗത്തിന് 16 ദിവസങ്ങൾക്കുമുമ്പ്)

b) ടി. ലിസ്റ്റിന്മേലുള്ള പരാതികൾ സ്വീകരിക്കുന്ന സ്ഥലവും, തീയതിയും, സമയവും. (പ്രഥമയോഗത്തിന് 14 ദിവസങ്ങൾക്കുമുമ്പ്)

c) വോട്ടവകാശമുള്ള അംഗങ്ങളുടെ ഫൈനൽ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന സ്ഥലവും, തീയതിയും, സമയവും. (പ്രഥമയോഗത്തിന് 12 ദിവസങ്ങൾക്കുമുമ്പ്)

d) താഴെപ്പറയുന്ന തസ്തികകളിലേയ്ക്കുള്ള നോമിനേഷൻ സമുദായ ആഫീസിൽ നിന്നും ലഭിക്കുന്ന **അനുബന്ധം H** ൽ കാണുന്ന പ്രകാരമുള്ള നിശ്ചിത ഫാറത്തിൽ സമർപ്പിക്കേണ്ട സ്ഥലവും, തീയതിയും, സമയവും. (പ്രഥമയോഗത്തിന് 10 ദിവസങ്ങൾക്കുമുമ്പ്)

| | | |
|---|---|---|
| 1) ക്നാനായ അസോസിയേഷൻ പ്രസിഡന്റ് | 1 | തസ്തിക |
| (2) ക്നാനായ അസോസിയേഷൻ സെക്രട്ടറി | 1 | ,, |
| (3) വൈദിക ട്രസ്റ്റി | 1 | ,, |
| (4) അൽമായ ട്രസ്റ്റി | 1 | ,, |
| (5) ക്നാനായ കമ്മറ്റിയിലേയ്ക്കുള്ള അനുദ്യോഗസ്ഥ അംഗങ്ങൾ | 9 | ,, |
| (6) വൈദിക കൗൺസിൽ അംഗങ്ങൾ | 3 | ,, |
| (7) ഓതറ നസ്രേത്ത് ആശ്രമം സെക്രട്ടറി | 1 | ,, |
| (8) ഓതറ നസ്രേത്ത് ആശ്രമം കമ്മറ്റി അംഗങ്ങൾ | 7 | ,, |
| (9) നസ്രേത്ത് ഫാർമസി കോളേജ് മാനേജർ | 1 | ,, |
| (10) നസ്രേത്ത് ഫാർമസി കോളേജ് ഗവേണിംഗ് ബോർഡ് അംഗങ്ങൾ | 5 | ,, |
| (11) ക്നാനായദീപം ചീഫ് എഡിറ്റർ | 1 | ,, |
| (12) ക്നാനായദീപം മാനേജിംഗ് എഡിറ്റർ | 1 | ,, |

(13) ക്നാനായദീപം എഡിറ്റോറിയൽ
ബോർഡ് അംഗങ്ങൾ 5 ,,

(14) ക്ലീമ്മീസ് പ്രസ്സ് മാനേജർ 1 ,,

(15) ക്ലീമ്മീസ് പ്രസ്സ് മാനേജിംഗ്
കമ്മറ്റി അംഗങ്ങൾ 6 ,,

(16) ക്ലീമ്മീസ് സ്ക്കൂൾ ഗവേണിംഗ്
ബോർഡ് അംഗങ്ങൾ 7 ,,

(17) ഹോസ്റ്റൽ
കമ്മറ്റി അംഗങ്ങൾ 2 ,,

(18) ഡയറക്ടർ ഓഫ് ഫാമിലി ഡയറക്ടറേറ്റ് 1 ,,

19) സെക്രട്ടറി ഓഫ് ഫാമിലി ഡയറക്ടറേറ്റ് 1 ,,

(20) ഫാമിലി ഡയറക്ടറേറ്റ് കമ്മറ്റി അംഗങ്ങൾ 5 ,,

(21) M.S.E Trust കമ്മറ്റി അംഗങ്ങൾ 5 ,,

(22) പട്ടം കൊട കമ്മറ്റിയിലേക്കുള്ള ആത്മായഅംഗങ്ങൾ 3 ,,

e) സൂക്ഷ്മപരിശോധനാസമയവും നോമിനേഷൻ സമർപ്പിച്ചവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന സ്ഥലം, തീയതി, സമയം (പ്രഥമയോഗത്തിന് 9 ദിവസങ്ങൾക്കുമുമ്പ്)

f) **അനുബന്ധം I** യിൽ കാണുന്ന പ്രകാരമുള്ള ഫോറത്തിൽ നോമിനേഷൻ പിൻവലിക്കുന്നതിന്റെയും ഫൈനൽ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന്റെയും സ്ഥലം, തീയതി, സമയം (പ്രഥമയോഗത്തിന് 6 ദിവസങ്ങൾക്കുമുമ്പ്)

g) സമുദായ മെത്രാപ്പോലീത്തായുടെ കല്പനയിൽ പറയുന്ന പ്രകാരമുള്ള പുതിയ അസോസിയേഷനിലെ പ്രഥമയോഗ സ്ഥലം, തീയതി, സമയം.

**108(3) തിരഞ്ഞെടുപ്പിൽ പാലിക്കേണ്ട മറ്റ് നിബന്ധനകൾ താഴെ പറയുന്ന പ്രകാരമായിരിക്കും.**

(a) മേൽ **108(2)** (d) 1 മുതൽ 22 വരെയുള്ള തസ്തികകളിലേയ്ക്ക് അസോസിയേഷൻ ഹാളിൽ നിന്നും തത്സമയം നോമിനേഷൻ സ്വീകരിക്കുന്നതല്ല.

എന്നാൽ ഏതെങ്കിലും തസ്തിക / തസ്തികകളിലേക്ക് നിശ്ചിത സമയത്തിനുള്ളിൽ ആരും നോമിനേഷൻ സമർപ്പിക്കാതെ വരുന്ന സാഹചര്യത്തിൽ മാത്രം തൽസമയം അസോസ്സിയേഷനിൽ നിന്നും നേരിട്ട് നോമിനേഷൻ സ്വീകരിക്കുന്നതും ഇലക്ഷന്റെ മാനദണ്ഡം അസോസ്സിയേഷൻ പ്രസിഡന്റ് നിശ്ചയിക്കുന്നതുമാണ്.

(b) വോട്ടേഴ്സ് ലിസ്റ്റിന്റെ കോപ്പിയും ക്നാനായ സമുദായത്തിന്റെയും സമുദായത്തിന്റെ വിവിധ പ്രസ്ഥാനങ്ങളുടെയും ഭരണ ഘടനകളുടെയും പകർപ്പുകൾ ആവശ്യമുള്ളവർ ക്നാനായ കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് അടച്ച് സമുദായ ആഫീസിൽ നിന്നും വാങ്ങാവുന്നതാണ്

(c) ഫൈനൽ വോട്ടോഴ്സ് ലിസ്റ്റിൽ പേരുള്ളവർക്കു മാത്രമേ സ്ഥാനാർത്ഥികളാകുന്നതിനും പേരുകൾ നിർദ്ദേശിക്കുന്നതിനും പിൻതാങ്ങുന്നതിനും അവകാശം ഉണ്ടായിരിക്കുകയുള്ളു.

(d) ഒരംഗത്തിന് ഒരു സ്ഥാനത്തേക്ക് മാത്രമേ മത്സരിക്കുവാൻ പാടുള്ളൂ.

(e) മേൽ **108(2)** (d) 1 മുതൽ 22 വരെയുള്ള തസ്തികകളിൽ രണ്ട് ടേമിൽ തുടർച്ചയായി ഒരേ സ്ഥാനം വഹിച്ചിട്ടുളഅലവർക്ക് അതിന്റെ തുടർച്ചയായി വീണ്ടും അതേ സ്ഥാനത്തേക്ക് മത്സരിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

(f) നിശ്ചിത യോഗ്യതകൾ ആവശ്യമുള്ള സ്ഥാനത്തേയ്ക്ക് മത്സരിക്കുന്നതിനാഗ്രഹിക്കുന്നവർ അവരുടെ യോഗ്യതകൾ തെളിയിക്കുന്നതിനാവശ്യമായ രേഖകൾ നോമിനേഷനോടൊന്നിച്ച് സമർപ്പിക്കേണ്ടതാണ്.

(g) ഫൈനൽ വോട്ടേഴ്സ് ലിസ്റ്റിൽ പേരുള്ള ഏതൊരരംഗത്തിനും മേൽ 108(2) (ഡി) 1 മുതൽ 22 വരെയുള്ള തസ്തികകളിലേക്ക് അംഗ ങ്ങളെ നിർദ്ദേശിക്കുന്നതിനോ പിൻതാങ്ങുന്നതിനോ അവകാശം ഉണ്ടാ യിരിക്കും.

(h) നോമിനേഷനുകൾ സ്ഥാനാർത്ഥികൾ നേരിട്ട് ഹാജരായി **അനു ബന്ധം H** ൽ കാണുന്ന പ്രകാരമുള്ള ഫാറത്തിൽ നിശ്ചിത സമയത്തിനു ള്ളിൽ വരണാധികാരിക്ക് സമർപ്പിക്കേണ്ടതാണ്.

(i) സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിന് **അനുബന്ധം I** ൽ കാണുന്ന പ്രകാരമുള്ള ഫാറത്തിൽ സ്ഥാനാർത്ഥിക്കോ അദ്ദേഹത്തിന്റെ പേര് നിർദ്ദേ ശിക്കുകയോ / പിൻതാങ്ങുകയോ ചെയ്ത വ്യക്തിക്കോ നിശ്ചിത സമയ ത്തിനുള്ളിൽ വരണാധികാരി വശം അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(j) വോട്ടിങ്ങിൽ ആർക്കെങ്കിലും തുല്ല്യവോട്ടുകൾ ലഭിച്ചാൽ അപ്രകാ രമുള്ള സ്ഥാനാർത്ഥികളുടെയോ സ്ഥാനാർത്ഥികളുടെ ഏജന്റൻമാരു ടെയോ സാന്നിദ്ധ്യത്തിൽ വരണാധികാരി നടത്തുന്ന നറുക്കെടുപ്പിലൂടെ വിജയിയെ നിശ്ചയിച്ച് പ്രഖ്യാപിക്കുന്നതാണ്.

**108(4)** ഈ ഭരണഘടന പ്രാബല്യത്തിൽ വരുന്നതോടുകൂടി നിലവിലുള്ള അസ്സോസിയേഷന്റെ കാലാവധി 2011 ഫെബ്രുവരി മാസം 28-ാം തീയതി അവസാനിക്കുന്നതായികരിക്കും. എന്നാൽ ക്നാനായകമ്മറ്റിയും മറ്റ് തെര ഞ്ഞെടുക്കപ്പെട്ട സമതികളും 2011 മാർച്ച് 31 വരെ തുടരുന്നതായിരിക്കും .

**108(5)** പുതിയ ക്നാനായകമ്മറ്റിയും മറ്റ് സമതികളും മാർച്ച് ആദ്യവാര ത്തിൽ തെരഞ്ഞെടുക്കപ്പെടുകയും മാർച്ച് 31 വരെയുള്ള കാലയളവിൽ ചുമതലകളുടെ സുഗമമായ കൈമാറ്റത്തിനായി ഇരു കമ്മറ്റികളും സംയു ക്തമായി ആവശ്യാനുസരണം യോഗങ്ങൾ കൂടേണ്ടതുമാണ്. പുതിയ ഭര ണസമിതി ഏപ്രിൽ ഒന്നു മുതൽ പൂർണ്ണ ഭരണചുമതലയോടു കൂടി പ്രാബ ല്ല്യത്തിൽ വരുന്നതാണ്. ഈ സംവിധാനം മേലിലും പാലിക്കപ്പെടേണ്ട താണ്.

## ഔദ്യോഗിക ഭാരവാഹികൾ

**109.** സമുദായവും അസ്സോസിയേഷനും സംബന്ധമായി താഴെപ്പറയുന്ന ഉദ്യോഗസ്ഥന്മാരും സമിതികളും ഉണ്ടായിരിക്കുന്നതാണ്.
(1) വികാരി ജനറാൾ (2) അസ്സോസിയേഷൻ പ്രസിഡന്റ് (3) അസ്സോസിയേഷൻ സെക്രട്ടറി (4) ഭദ്രാസന സെക്രട്ടറി (5) രണ്ട് ട്രസ്റ്റികൾ (6) വൈദിക കൗൺസിൽ (7) ക്നാനായ കമ്മറ്റി.

**110.** ഇവരിൽ അസ്സോസിയേഷൻ പ്രസിഡന്റും ഒരു ട്രസ്റ്റിയും തെരഞ്ഞെടുപ്പിനുശേഷം അംഗങ്ങൾ ആദ്യമായി സമ്മേളിക്കുന്ന യോഗത്തിൽവച്ചു തെരഞ്ഞെടുക്കപ്പെടുന്ന രണ്ടു കശ്ശീശന്മാരും അസ്സോസിയേഷൻ സെക്രട്ടറിയും മറ്റെ ട്രസ്റ്റിയും മേല്പറഞ്ഞ ആദ്യയോഗത്തിൽ വച്ചുതന്നെ തെരഞ്ഞെടുക്കപ്പെടുന്ന രണ്ടു അത്മായക്കാരും ആയിരിക്കും. ഭദ്രാസന സെക്രട്ടറി മെത്രാപ്പോലീത്തായാൽ സാധാരണയായി മൂന്നു വർഷത്തേയ്ക്ക് നിയമിക്കപ്പെടുന്ന വൈദികൻ ആയിരിക്കും. വികാരി ജനറാൾ സാധാരണയായി മൂന്നു വർഷത്തേയ്ക്ക് മെത്രാപ്പോലീത്തായാൽ നിയമിക്കപ്പെടുന്ന 50 വയസിനു മുകളിൽ പ്രായമുള്ളതും 20 വർഷത്തിൽ കുറയാത്ത വൈദികസേവനമുള്ളതുമായ ഒരു വൈദികൻ ആയിരിക്കും.

## വൈദിക യോഗം

**111.** (എ) സമുദായത്തിലെ ഭരണകാര്യങ്ങളിൽ നിന്നും വിരമിച്ച വൈദികരുൾപ്പെടെ എല്ലാ പട്ടക്കാരും അംഗങ്ങളായുള്ള ഒരു വൈദികയോഗം ഉണ്ടായിരിക്കുന്നതാണ്. വികാരി ജനറാൾ പ്രസ്തുത യോഗത്തിന്റെ അദ്ധ്യക്ഷനായിരിക്കുന്നതും സെക്രട്ടറിയെ വൈദികയോഗം തെരഞ്ഞെടുക്കേണ്ടതും അദ്ദേഹത്തിന്റെ കാലാവധി 3 കൊല്ലം ആയിരിക്കും. ആണ്ടിൽ കുറഞ്ഞത് 4 പ്രാവശ്യം എങ്കിലും വൈദിയോഗം കൂട്ടി സമുദായത്തിലെ ആത്മീകകാര്യങ്ങളെക്കുറിച്ചു വിലയിരുത്തുകയും സുവിശേഷപ്രവർത്തനങ്ങൾ വിജയകരമായി നടത്തുന്നതിനുള്ള മാർഗ്ഗരേഖയുണ്ടാക്കുകയും സമുദായ പുരോഗതിയ്ക്കുതകുന്ന കാര്യങ്ങൾ ചർച്ചചെയ്ത് തീരുമാനിക്കുകയും തീരുമാന

## ഔദ്യോഗിക ഭാരവാഹികൾ

**109.** അസ്സോസിയേഷൻ സംബന്ധമായി താഴെപ്പറയുന്ന ഭാരവാഹികൾ ഉണ്ടായിരിക്കേണ്ടതാണ്.

(1) അസ്സോസിയേഷൻ പ്രസിഡന്റ്, (2) അസ്സോസിയേഷൻ സെക്രട്ടറി (3) വൈദീക ട്രസ്റ്റി, (4) അൽമായ ട്രസ്റ്റി (5) വികാരി ജനറാൾ, (6) ഭദ്രാസന സെക്രട്ടറി (7) ഒമ്പതിൽ കവിയാത്ത ക്നാനായ കമ്മറ്റി അംഗങ്ങൾ.

**110.** ഇവരിൽ അസ്സോസിയേഷൻ പ്രസിഡന്റ്, വൈദിക ട്രസ്റ്റി, സമുദായ സെക്രട്ടറി, ഒമ്പതിൽ കവിയാത്ത അൽമായ ക്നാനായകമ്മറ്റി അംഗങ്ങൾ എന്നിവരെ അസ്സോസിയേഷന്റെ പ്രഥമയോഗത്തിൽ വെച്ച് തെരഞ്ഞെടുക്കേണ്ടതാണ്.അസ്സോസിയേഷൻ പ്രസിഡന്റ് ഒരു വൈദികനായിരിക്കും. മുകളിൽ പറയപ്പെട്ടിരിക്കുന്നവരെ കൂടാതെ വികാരി ജനറാളും, ഭദ്രാസന സെക്രട്ടറിയും ക്നാനായ കമ്മറ്റി അംഗങ്ങളായിരിക്കും.

## വൈദിക യോഗം

**111 (എ)** ഇടവക ഭരണത്തിൽ നിന്നും വിരമിച്ച വൈദീകരുൾപ്പെടെ സമുദായത്തിലെ എല്ലാ വൈദീകരും അംഗങ്ങളായുള്ള ഒരു വൈദീകയോഗം ഉണ്ടായിരിക്കുന്നതാണ്. വികാരി ജനറാൾ പ്രസ്തുതയോഗത്തിന്റെ അദ്ധ്യക്ഷനായിരിക്കും. സെക്രട്ടറിയെ വൈദീകയോഗം അതിൽ നിന്നുതന്നെ തെരഞ്ഞെടുക്കേണ്ടതും അദ്ദേഹത്തിന്റെ കാലാവധി മൂന്നുവർഷം ആയിരിക്കുന്നതുമാണ്. വർഷത്തിൽ കുറഞ്ഞത് നാലുപ്രാവശ്യം വൈദീകയോഗം വിളിച്ചുകൂട്ടേണ്ടതാണ്.
തക്കതായ കാരണങ്ങൾ ഇല്ലാത്ത പക്ഷം സമുദായത്തിലെ എല്ലാ വൈദീകരും അതിൽ സംബന്ധിച്ചിരിക്കേണ്ടതാണ്. തക്കതായ കാരണം ബോധിപ്പിക്കാതെ വൈദീകയോഗത്തിൽ സംബന്ധിക്കാതിരിക്കുന്ന വൈദീകരുടെ ശമ്പളത്തിൽ നിന്നും ഓരോപ്രാവശ്യവും 200 രൂപ വീതം പിഴയായി ഇടാക്കുന്നതും,

ങ്ങൾ അദ്ധ്യക്ഷൻ മെത്രാപ്പോലീത്തായ്ക്കു സമർപ്പിക്കേണ്ടതും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ആയത് നടപ്പിൽവരുത്തേണ്ടതുമാണ്. വൈദികയോഗത്തിന്റെ കോറം 30% ആയിരിക്കും. 25% വൈദികർ രേഖാമൂലം ആവശ്യപ്പെട്ടാൽ സെക്രട്ടറി യോഗം വിളിച്ചുകൂട്ടേണ്ടതാകുന്നു.

ആ തുക വൈദീകക്ഷേമനിധിയിലേക്കു നൽകേണ്ടതുമാണ്. വൈദീക യോഗത്തിന്റെ കോറം 30% ആയിരിക്കും. 25% വൈദീകർ രേഖാമൂലം ആവശ്യപ്പെട്ടാൽ സെക്രട്ടറിയോഗം വിളിച്ചുകൂട്ടേണ്ടതാണ്. സെക്രട്ടറി വിളിച്ചു കൂട്ടാത്ത പക്ഷം പ്രസിഡന്റിന് യോഗം വിളിച്ചുകൂട്ടാവുന്നതാണ്.

(ബി ) **വൈദീകയോഗത്തിന്റെ പ്രധാന ചുമതലകൾ**

1. മിഷൻ ഡയറക്ടറുമായി ആലോചിച്ച് സമുദായത്തിലെ ആത്മിക പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുക.

2. ആരാധനകളും ശുശ്രൂഷകളും അവയുടെ അന്തസത്ത നഷ്ടപ്പെടാതെ കാലിക പ്രസക്തമാക്കുന്നതിനും അവ ഏകീകരിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുക.

3. വൈദീകർക്കുള്ള തുടർവിദ്യാഭ്യാസം ക്രമമായി നൽകുന്നതിനുള്ള പഠനശിബിരങ്ങളും സെമിനാറുകളും സംഘടിപ്പിച്ചു നടത്തുക.

4. വർഷത്തിൽ ഒരിക്കൽ അതിഭദ്രാസനത്തിലെ വൈദീകർക്കും മെത്രാപ്പോലീത്തന്മാർക്കും സംയുക്തമായി മൂന്നു ദിവസത്തെ ധ്യാനം ക്രമീകരിച്ചു നടത്തുക.

5. ക്നാനായ സുവിശേഷസമാജത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന വാർഷീകധ്യാനയോഗത്തിന് നേതൃത്വം നൽകുക.

6. തിരുവല്ലായിൽ വച്ചു വർഷംതോറും നടത്തപ്പെടുന്ന ക്നാനായ കൺവൻഷനും, മേഖല കൺവൻഷനുകൾക്കും സുവിശേഷസമാജത്തോടു ചേർന്നു നേതൃത്വം നൽകുക.

7. മേഖല തലത്തിൽ നടത്തപ്പെടുന്ന 'കുടുംബകൂട്ടായ്മ' കൾക്ക് നേതൃത്വം നൽകുകയും, അവ നടത്തപ്പെടാത്ത മേഖലകളിൽ അവ സംഘടിപ്പിച്ചു നടപ്പാക്കുന്നതിനു മേഖലമെത്രാപ്പോലീത്തന്മാരോടു ചേർന്നു പ്രവർത്തിക്കുകയും ചെയ്യുക.

8. സമുദായത്തിലെ എല്ലാ ഭക്തസംഘടനകളുടേയും നടത്തിപ്പിൽ സജീവ പങ്കാളിത്വം വഹിക്കുകയും അവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നേതൃത്വവും നിർദ്ദേശങ്ങളും നൽകുകയയും ചെയ്യുക.

9. വിവിധ മേഖലകളിൽ നടന്നു വരുന്ന കുടുംബ കൂട്ടായ്മയിൽ സംബന്ധിക്കുന്നവരുടെ പഠനത്തിനും ബോധവൽക്കരണത്തിനും ആവശ്യമായ പഠനോപാധികൾ രൂപപ്പെടുത്തി നൽകുക.

10. വിവിധ പ്രായത്തിലുള്ളവരും വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരുമായ സമുദായാംഗങ്ങൾക്കുവേണ്ടി പ്രത്യേകം പ്രത്യേകം സെമിനാറുകളും ബോധവല്ക്കരണ പരിപാടികളും സംഘടിപ്പിച്ചു നടപ്പാക്കുക.

11. വൈദികരുടെയും അവരുടെ കുടുംബങ്ങളുടെയും ക്ഷേമത്തിനും അഭിവൃദ്ധിക്കും ഉതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

12. വൈദികർക്കിടയിൽ കൂട്ടായ്മയുടെ അനുഭവം ശക്തിപ്പെടുത്തുന്നതിന് രണ്ടുമാസത്തിലൊരിക്കൽ വീതം മേഖലതലത്തിലും വർഷത്തിലൊരിക്കൽ സമുദായതലത്തിലും വൈദീക കുടുംബസംഗമം നടത്തുക.

13. ഇടവകശുശ്രൂഷയിൽ വൈദികർ നേരിടുന്ന പ്രശ്നങ്ങളും, പ്രതിസന്ധികളും, പ്രോത്സാഹനങ്ങളും പരസ്പരം പങ്കുവയ്ക്കുകയും, വൈദീകശുശ്രൂഷ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനു ആവശ്യമായ ചിന്തകളും നിർദ്ദേശങ്ങളും അനുഭവത്തിന്റെ വെളിച്ചത്തിലും താത്വീകമായും വിചിന്തനം ചെയ്യുക.

14. വൈദികർക്കു പഠനത്തിനും ഗവേഷണം നടത്തുന്നതിനും സഹായകരമാകുന്നതിന് മേഖലാതലത്തിലും അതിഭദ്രാസനതലത്തിലും ലൈബ്രറികളും ആർക്കൈവസും സ്ഥാപിക്കുന്നതിനു സമുദായ നേതൃത്വത്തെ ബോധവൽക്കരിക്കുക.

15. കഴിവുള്ള എല്ലാ വൈദീകരും ഒരു വർഷത്തിൽ കുറഞ്ഞത് രണ്ടു ലേഖനങ്ങൾ എഴുതി പ്രസിദ്ധപ്പെടുത്തുക.

## വൈദിക കൗൺസിൽ

**(ബി) (1)** മെത്രാപ്പോലീത്തായെ ഭരണകാര്യത്തിൽ സഹായിക്കുന്നതിന് അസ്സോസിയേഷൻ പ്രസിഡന്റ്, വികാരി ജനറാൾ, വൈദിക ട്രസ്റ്റി എന്നിവരംഗങ്ങളായി 7 ൽ കവിയാത്ത വൈദികർ അംഗങ്ങളായുള്ള ഒരു വൈദിക കൗൺസിൽ ഉണ്ടായിരിക്കേണ്ടതാണ്.

**(2.)** വൈദിക കൗൺസിലിലേക്കുള്ള അംഗങ്ങളെ ക്നാനായ അസ്സോസിയേഷൻ തെരഞ്ഞെടുക്കേണ്ടതാണ്. തെരഞ്ഞെടുപ്പ് മേഖലാടിസ്ഥാനത്തിലും പ്രായം 45 വയസ്സിന് മുകളിലുമായിരിക്കും.

**(3.)** വൈദിക കൗൺസിലിന്റെ അദ്ധ്യക്ഷൻ വികാരി ജനറാൾ ആയിരിക്കേണ്ടതും, സെക്രട്ടറിയെ വൈദികകൗൺസിൽ തെരഞ്ഞെടുക്കേണ്ടതുമാണ്.

(4) വൈദികരുടെ പൊതുസ്ഥലംമാറ്റം വൈദിക കൗൺസിലിന്റെ ആലോചനയോടുകൂടി മെത്രാപ്പോലീത്താ നിശ്ചയിച്ച് നടപ്പാക്കുന്നതാണ്.

16. സമുദായത്തിന്റെ സമഗ്രമായ പുരോഗതിയ്ക്കുതകുന്ന കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്ത് അവ നടപ്പാക്കുന്നതിന് ബന്ധപ്പെട്ട സമുദായ നേതൃത്വത്തെ ഏല്പിക്കുക.

17) വൈദീകയോഗനിശ്ചയങ്ങൾ യോഗാദ്ധ്യക്ഷൻ വലിയ മെത്രാപ്പോലീത്തായ്ക്കും മേഖലമെത്രാപ്പോലീത്തന്മാർക്കും സമർപ്പിക്കേണ്ടതും സമുദായതലത്തിൽ നടപ്പാക്കേണ്ടവ സമുദായമെത്രാപ്പോലീത്തായും, മേഖലതലത്തിൽ നടപ്പാക്കേണ്ടവ മേഖലമെത്രാപ്പോലീത്തന്മാരും നടപ്പാക്കേണ്ടതുമാണ്. വൈദീകയോഗതീരുമാനം സമർപ്പിക്കപ്പെട്ട് രണ്ടുമാസത്തിനകം നടപ്പാക്കാതിരിക്കുന്ന സാഹചര്യത്തിൽ, പ്രസ്തുത തീരുമാനങ്ങൾ മെത്രാപ്പോലീത്തൻ കൗൺസിലിന്റെ പരിഗണനയ്ക്കുസമർപ്പിക്കേണ്ടതാണ്.

18. പട്ടം കൊട കമ്മറ്റിയിലേക്കുള്ള 3 വൈദികരെ തിരഞ്ഞെടുക്കുക.

## വൈദിക കൗൺസിൽ

(സി) (1) സമുദായമെത്രാപ്പോലീത്തായെ ഭരണകാര്യത്തിൽ സഹായിക്കുന്നതിന് അസ്സോസിയേഷൻ പ്രസിഡന്റ്, വികാരി ജനറാൾ, വൈദിക ട്രസ്റ്റി, മിഷൻഡയറക്ടർ എന്നിവരുൾപ്പെടെ 7 ൽ കവിയാത്ത വൈദികർ അംഗങ്ങളായുള്ള ഒരു വൈദിക കൗൺസിൽ ഉണ്ടായിരിക്കേണ്ടതാണ്.

(2.) വൈദിക കൗൺസിലിലേക്കുള്ള മുകൾപ്പറഞ്ഞ ഔദ്യോഗിക അംഗങ്ങളെ കൂടാതെ മൂന്നു വൈദികരെ ക്നാനായ അസ്സോസിയേഷൻ തെരഞ്ഞെടുക്കേണ്ടതാണ്. തെരഞ്ഞെടുപ്പ് മേഖലാടിസ്ഥാനത്തിലായിരിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന ആളിന് 15 വർഷത്തിനുമേൽ ഇടവകഭരണപരിചയവും 45 വയസ്സിന് മേൽ പ്രായവും ഉണ്ടായിരിക്കണം.

(3.) വൈദിക കൗൺസിലിന്റെ അദ്ധ്യക്ഷൻ വികാരി ജനറാൾ ആയിരിക്കേണ്ടതും, സെക്രട്ടറിയെ വൈദികകൗൺസിൽ തെരഞ്ഞെടുക്കേണ്ടതുമാണ്.

(5.) വൈദിക കൗൺസിലിന്റെ കാലാവധി 3 വർഷം ആയിരിക്കുന്നതാണ്.

**112.** വൈദിക കൗൺസിലിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ചട്ടങ്ങൾ വൈദികയോഗം ക്രോഡീകരിച്ച് മെത്രാപ്പോലീത്തായുടെ അനുമതി വാങ്ങേണ്ടതാകുന്നു.

(4) വൈദികരുടെ പൊതുസ്ഥലംമാറ്റസമയത്ത് മേഖലകൾക്ക് വൈദികരെ നിശ്ചയിക്കുന്നതിന് സമുദായമെത്രാപ്പോലീത്തയ്ക്ക് വൈദിക കൗൺസിൽ വേണ്ട ആലോചനകൾ നൽകേണ്ടതാണ്.

(5) കുടുംബ വൈവാഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമുദായ അനുരഞ്ജനകോടതിക്കു വേണ്ട ആലോചനകൾ നൽകേണ്ടതാണ്.

(6) സമുദായത്തിലെ എല്ലാ മേലദ്ധ്യക്ഷന്മാരുടെയും പ്രവർത്തനങ്ങൾ അതിനായി വൈദിക കൗൺസിൽ തയ്യാറാക്കുന്ന മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ വർഷാവസാനത്തിൽ വിലയിരുത്തേണ്ടതും വൈദികകൗൺസിലും മെത്രാപ്പോലീത്തൻ കൗൺസിലും സംയുക്തമായി അവലോകനം ചെയ്ത് ആവശ്യമായ തീരുമാനങ്ങൽ കൈക്കൊള്ളേണ്ടതാകുന്നു.

(7.) വികാരി ജനറാളിന്റെയും, മിഷൻ ഡയറക്ടറുടെയും നിയമനം സംബന്ധിച്ച് മെത്രാപ്പോലീത്തൻ കൗൺസിനോടു ചേർന്ന് തീരുമാനം എടുക്കുക.

(8) കേന്ദ്രഭരണ പ്രദേശത്തെ ഇടവക പൊതുയോഗത്തിന്റെയോ, നിർവാഹക സമിതിയുടെയോ തീരുമാനത്തിന്മേലുള്ള പരാതിയിന്മേൽ വേണ്ട അന്വേഷണം നടത്തി നിശ്ചയമെടുത്ത് ബന്ധപ്പെട്ട കക്ഷികളെ അറിയിക്കുക.

9) വൈദിക കൗൺസിലിന്റെ കാലാവധി 3 വർഷം ആയിരിക്കുന്നതാണ്.
(10) വൈദിക കൗൺസിലിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ചട്ടങ്ങൾ വൈദികയോഗം ക്രോഡീകരിച്ച് മെത്രാപ്പോലീത്തായുടെ അനുമതി വാങ്ങേണ്ടതാകുന്നു.

(11) വൈദികർക്കുള്ള നടപടി ക്രമം (Code of conduct) ക്രമീകരിക്കുന്നതിന് പട്ടം കൊട കമ്മറ്റിയും, മെത്രാപ്പൊലീത്തൻ കൗൺസിലിനും വേണ്ട ആലോചനകൾ നൽകേണ്ടതാണ്.

**112. Transferred as 111 (B) 9. (See Just above Cl)**

**112. (New Cl.)**

## മിഷൻ ഡയറക്ടർ

**112 (എ)** സമുദായത്തിലെ ആദ്ധ്യാത്മിക സംഘടനകളുടെ എല്ലാം മേൽനോട്ടം വഹിക്കുന്നതിന് യൂണിവേഴ്സിറ്റി ഡിഗ്രിയും വേദശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവുമുള്ള നാല്പത്തി അഞ്ച് വയസ്സിനുമേൽ പ്രായമുള്ള ഒരു വൈദികനെ മെത്രാപ്പോലീത്തൻ കൗൺസിൽ വൈദിക കൗൺസിൽ ഇവയുമായി ആലോചിച്ചു വലിയമെത്രാപ്പോലീത്താ മിഷൻ ഡയറക്ടറായി നിയമിക്കേണ്ടതാണ്. അദ്ദേഹത്തിന്റെ ആഫീസ് സമുദായകേന്ദ്രത്തിൽ ആയിരിക്കും.

## മിഷൻ ഡയറക്ടറുടെ ചുമതലകൾ

**(ബി)** 1) ആദ്ധ്യാത്മിക സംഘടനകളായ സൺഡേസ്ക്കൂൾ സമാജം, ക്നാനായ വിദ്യാർത്ഥിസംഘടന (കെ.എസ്.എ.), ക്നാനായ വിമൻസ് അസ്സോസിയേഷൻ, ക്നാനായ കോൺഗ്രസ്, ക്നാനായ സുവിശേഷസമാജം, സന്യാസിനി സമൂഹം എന്നിവയുടെ പൊതുവായ മേൽനോട്ടം (Supervision) വഹിക്കുകയും അവയുടെ പുരോഗമനപരമായ പ്രവർത്തനങ്ങൾക്കും വളർച്ചയ്ക്കും ആവശ്യമായ നിർദ്ദേശങ്ങളും ഉത്തേജനവും നൽകുകയും ചെയ്യുക.

2) എതെങ്കിലും സംഘടനയുടെ പ്രവർത്തനം കാര്യക്ഷമമല്ലാതെ വരുകയോ നിന്നുപോകുകയോ ചെയ്താൽ ആ സംഘടനയുടെ ചുമതല വഹിക്കുന്ന മെത്രാപ്പോലീത്താ, വലിയമെത്രാപ്പോലീത്താ, സംഘടനാ ഭാരവാഹികൾ എന്നിവരുമായി ആലോചിച്ച് സംഘടനയുടെ ഉദ്ധാരണത്തിനാവശ്യമായ കാര്യങ്ങൾ ചെയ്യുക.

3) ഒരു സംഘടനയുടെ ധ്യാനയോഗങ്ങൾ, സ്റ്റഡി ക്ലാസ്സുകൾ, സെമിനാറുകൾ ഇതരപ്രവർത്തനങ്ങൾ ഇവ മറ്റൊരു പ്രസ്ഥാനത്തിന്റെ പരിപാടികൾക്കു വിഘാതം വരാത്ത വിധത്തിൽ ക്രമീകരിക്കുക.

4) സുവിശേഷകരുടെ പ്രവർത്തനങ്ങളെ പ്രത്യേകം വീക്ഷിച്ച് കൂടുതൽ ഫലപ്രദമാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കുക.

5) ആണ്ടിൽ രണ്ടു പ്രാവശ്യമെങ്കിലും സുവിശേഷകരെ ഒന്നിച്ചു കൂട്ടി അവർക്കായി പ്രത്യേകം ധ്യാനവും ക്ലാസുകളും ക്രമീകരിക്കുക

6) മേഖലാ തലത്തിൽ മാസത്തിൽ ഒരിക്കൽ വീതം സുവിശേഷകർക്കായി ക്ലാസ്സുകൾ ക്രമീകരിച്ചു നടപ്പാക്കുക.

7) തിരുവല്ലായിൽ വച്ചു നടത്തുന്ന ക്നാനായ കൺവൻഷനു വേണ്ട ക്രമീകരണങ്ങൾ സുവിശേഷ സമാജം കമ്മറ്റിയോടു ചേർന്നു ചെയ്യുക.

8) മേഖലതലത്തിൽ കൺവൻഷനുകളും പഠനശിബിരങ്ങളും ക്രമീകരിച്ച് നടത്തുന്നതിന് മേഖല മെത്രാപ്പോലീത്തായോടും മേഖലഭാരവാഹികളോടും ചേർന്നു പ്രവർത്തിക്കുക.

9) ക്നാനായ സുവിശേഷസമാജം ഭാരവാഹികളോടു ചേർന്ന് വാർഷീക ധ്യാനയോഗം നടത്തുന്നതിന് നേതൃത്വം നൾകുക.

10) വിമൻസ് അസ്സോസിയേഷൻ കേന്ദ്രഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനും വാർഷിക കണക്കുകൾ പാസ്സാക്കുന്നതിനും കൂടുന്ന യോഗത്തിൽ നിരീക്ഷകനായിരുന്ന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക.

11) ക്നാനായ കോൺഗ്രസിന്റെയും കെ. എസ്. എ. യുടെയും ഭാരവാഹികളെ തെരഞ്ഞെടുക്കുന്ന യോഗത്തിൽ നിരീക്ഷകനായിരിക്കുക.

12) സൺഡേസ്ക്കൂൾ അസോസ്സേഷനുമായി ചേർന്ന് പൗരസ്ത്യസഭാ പാരമ്പര്യപ്രകാരം കുട്ടികളും യുവജനങ്ങളും സഭാജീവിതം നയിക്കുന്നതിനും, സഭാവിശ്വാസത്തിൽ ഉറപ്പുള്ളവരായി ജീവിക്കുന്നതിനും വേണ്ട പരിപാടികളും പഠനോപാധികളും പഠനശിബിരങ്ങളും ക്രമീകരിക്കുക.

13) സൺഡേസ്ക്കൂൾ പാഠപദ്ധതി പരിഷ്ക്കരിക്കുന്നതിനും പുതിയ പാഠപുസ്തകങ്ങൾ എഴുതുന്നതിനും വേണ്ട സഹായം നൽകുക.

14) മേഖലാ തലത്തിൽ നടത്തപ്പെടുന്ന കുടുംബ കൂട്ടായ്മയ്ക്കുവേണ്ടി ട്രാക്റ്റുകളും പഠനസഹായികളും തയ്യാറാക്കുക

15) വിദ്യാർത്ഥി സംഘടന (കെ. എസ്. എ.) യിൽ എല്ലാ വിദ്യാർത്ഥിനി വിദ്യാർത്ഥികളും അംഗങ്ങളാകുന്നതിനും വേണ്ട വിധം പ്രവർത്തനങ്ങൾ കാര്യക്ഷമവും, കാലീകവുമായി നടത്തികൊണ്ടുപോകുന്നതിനും ഭാരവാഹികൾക്ക് നിർദ്ദേശം നൽകുക.

16 പള്ളികളിലെ ശുശ്രൂഷകർക്കുവേണ്ടി വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും ഏകദിനപഠനധ്യാന പരിപാടി സമുദായതലത്തിൽ നടപ്പാക്കുക.

17) സുവിശേഷ സമാജത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടേണ്ട ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് വേണ്ട പദ്ധതികൾ സമാജഭാരവാഹികളുടെ സഹകരണത്തോടെ തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള ക്രമീകരണം ചെയ്യുക

18) മെത്രാപ്പോലീത്തൻ സെലക്ഷൻ കമ്മറ്റി, പട്ടകൊട കമ്മറ്റി, സമുദായ അനുരജ്ഞന കോടതി എന്നിവയിൽ സജീവമായി അംഗമായിരിക്കുക.

19) സമുദായത്തിലെ എല്ലാ ആത്മീയ പ്രസ്ഥാനങ്ങൾക്കും വേണ്ടി ഒരു പൊതു കലണ്ടർ പ്രസ്ഥാനങ്ങളുടെ ഭാരവഹികളുടെ സഹകരണത്തോടെ വർഷം തോറും ക്രോഡീകരിക്കുക.

## വികാരി ജനറാൾ

**113.** വികാരി ജനറാളിന്റെ ചുമതലകൾ താഴെപ്പറയുന്നവ ആയിരിക്കും.

**(എ)** ആണ്ടിൽ ഒരു പ്രവശ്യമെങ്കിലും ഇടവകകൾ സന്ദർശിച്ച് വികാരിമാർക്കും സഹായപട്ടക്കാർക്കും ഇടവകകളിലെ ശേഷം അധികാരികൾക്കും അദ്ധ്യാത്മികമായും ഭരണപരമായും വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുകയും തൽസംബന്ധമായ റിപ്പോർട്ടുകൾ വൈദിക കൗൺസിലിൽ ചർച്ച ചെയ്ത് ആവശ്യമുള്ളവ മെത്രാപ്പോലീത്തായ്ക്ക് അയച്ചുകൊടുക്കുകയും ചെയ്യുക.

## വികാരി ജനറാൾ

**113.** വികാരി ജനറാൾ സാധാരണയായി മൂന്നു വർഷത്തേയ്ക്ക് മെത്രാപ്പോലീത്തൻ കൗൺസിലിന്റെയും വൈദി കൗൺസിലിന്റെയും ആലോചനയോടു കൂടി സമുദായ മെത്രാപ്പോലീത്തായാൽ നിയമിക്കപ്പെടുന്ന 45 വയസിനു മുകളിൽ പ്രായമുള്ളതും 15 വർഷത്തിൽ കുറയാത്ത വൈദികസേവനമുള്ളതും യൂണിവേഴ്സിറ്റി ഡിഗ്രിയും ഇംഗ്ലീഷ് , മലയാളം, സുറിയാനി എന്നീ ഭാഷകളിൽ നൈപുണ്യവും,കർമ്മാനുഷ്ഠാനങ്ങളിൽ നിശ്ചയവും ഭരണപരിചയവും പ്രവർത്തന ശേഷിയും ആരോഗ്യവുമുള്ള ഒരു വൈദികൻ ആയിരിക്കും. വികാരി ജനറാളിന്റെ ചുമതലകൾ താഴെപ്പറയുന്നവ ആയിരിക്കും.

**1. (എ)** ആണ്ടിൽ ഒരു പ്രവശ്യമെങ്കിലും എല്ലാ ഇടവകകളും സന്ദർശിച്ച് വികാരിമാർക്കും സഹായപട്ടക്കാർക്കും ഇടവകകളിലെ ശേഷം ചുമതലക്കാർക്കും അദ്ധ്യാത്മികമായും ഭരണപരമായും വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുകയും തൽസംബന്ധമായ റിപ്പോർട്ടുകൾ വൈദിക കൗൺസിലിൽ ചർച്ച ചെയ്ത് ആവശ്യമുള്ളവ മെത്രാപ്പോലീത്തായ്ക്ക് അയച്ചുകൊടുക്കുകയും ചെയ്യുക.

ക്കുന്നുണ്ടോ എന്നും റിക്കാർഡുകൾ കൃത്യമായി വയ്ക്കുന്നുണ്ടോ എന്നും പരിശോധിക്കുകയും ക്രമക്കേടുകളെ ശരിപ്പെടുത്തുകയും ചെയ്ക.

**(സി)** ഇടവകകളിലെ കണക്കുകൾ പരിശോധിക്കുകയും കോശസ്ഥിതി നന്നാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും സമുദായത്തിലേക്കുള്ള വരുമാനങ്ങളും റിശീസായും കൊടുക്കുന്നതിൽ വീഴ്ചകൾ ഉണ്ടെങ്കിൽ പരിഹരിക്കുകയും റിക്കാർഡുകൾ പരിശോധിച്ച് അടയാളം വയ്ക്കുകയും ഇടവകകളിൽ ഉണ്ടാകുന്ന ഭിന്നതകൾ പറഞ്ഞു തീർക്കുകയും ചെയ്ക.

**(ഡി)** സ്വകൃത്യനിർവ്വഹണത്തെ വിവരിക്കുന്ന ഡയറി എഴുതുകയും ആയത് മെത്രാപ്പോലീത്താ ആവശ്യപ്പെടുമ്പോൾ അദ്ദേഹത്തിന്റെ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്ക.

**(ഇ)** ഇടവകയുടെ സ്ഥിതിയെപ്പറ്റി അപ്പഴപ്പോൾ മെത്രാപ്പോലീത്തായ്ക്കും റിപ്പോർട്ട് അയയ്ക്കുക.

**(എഫ്)** വൈദിക കൗൺസിൽ അദ്ധ്യക്ഷതവഹിക്കുക.

**(ജി)** മെത്രാപ്പോലീത്തായുടെ/ സഹായമെത്രാന്മാരുടെ/ ഭരണാധിപന്റെ അഭാവത്തിൽ ഭരണകാര്യങ്ങൾ ക്നാനായകമ്മറ്റിയുടെ ആലോചനയോടുകൂടി നിർവ്വഹിക്കുക.

**(ബി)** ഇടവകകളിലെ കർമ്മാനുഷ്ഠാനങ്ങൾ ശരിയായി നിർവ്വഹിക്കുന്നുണ്ടോ എന്നും പള്ളികെട്ടിടങ്ങളും ഉപകരണങ്ങളും വേണ്ടപോലെ സൂക്ഷിക്കുന്നുണ്ടോ എന്നും റിക്കാർഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ടോ എന്നും പരിശോധിക്കുകയും ക്രമക്കേടുകളെ ശരിപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുയും ചെയ്യുക.

**(സി)** ഇടവകകളിലെ കണക്കുകൾ പരിശോധിക്കുകയും സാമ്പത്തിക സ്ഥിതി നന്നാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും സമുദായത്തിലേക്കുള്ള വരുമാനങ്ങളും റിശീസായും കൊടുക്കുന്നതിൽ വീഴ്ചകൾ ഉണ്ടെങ്കിൽ പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട മെത്രാപ്പോലീത്തൻമാർക്ക് ശുപാർശകൾ നൽകുകയും റിക്കാർഡുകൾ പരിശോധിച്ച് അടയാളം വയ്ക്കുകയും ഇടവകകളിൽ ഉണ്ടാകുന്ന ഭിന്നതകൾ പറഞ്ഞു തീർക്കുന്നതിന് ഭദ്രാസന അനുരജ്ഞന സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്ക.

**(ഡി)** സ്വകൃത്യനിർവ്വഹണത്തെ വിവരിക്കുന്ന ഡയറി കൃത്യമായി എഴുതുകയും ആയത് മൂന്നുമാസത്തിലൊരിക്കലെങ്കിലും മെത്രാപ്പോലീത്തായുടെ പരിശോധനയ്ക്കും അംഗീകാരത്തിനുംസമർപ്പിക്കുകയും ചെയ്യുക.

**(ഇ)** ഇടവകകളുടെ സ്ഥിതിയെപ്പറ്റി അപ്പഴപ്പോൾ സമുദായമെത്രാപ്പോലീത്തായ്ക്കും ബന്ധപ്പെട്ട മേഖല മെത്രാപ്പോലീത്തായ്ക്കും റിപ്പോർട്ട് അയയ്ക്കുക.

**(എഫ്)** വൈദിക കൗൺസിലിന്റെ യോഗങ്ങളിൽ അദ്ധ്യക്ഷതവഹിക്കുക.

**(ജി)** മെത്രാപ്പോലീത്തായുടെ/ സഹായമെത്രാപ്പോലീത്തന്മാരുടെ/ ഭരണാധിപന്റെ അഭാവത്തിൽ ഭരണകാര്യങ്ങൾ ക്നാനായകമ്മറ്റിയുടെ ആലോചനയോടുകൂടി നിർവ്വഹിക്കുക.

**(എച്ച്)** മെത്രാപ്പോലീത്തന്മാരുടെ ഭരണസംബന്ധമായ വിഷയങ്ങളെ സംബന്ധിച്ചുള്ള ചോദ്യങ്ങൾക്ക് ക്നാനായ അസ്സോസിയേഷനിൽ മറുപടി നൽകുക.

**113 (2) വികാരി ജനറാൾ** തന്റെ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് പരാജയപ്പെട്ടു എന്ന് സമുദായ മെത്രാപ്പോലീത്തായ്ക്കോ മോഖല മെത്രാപ്പോലീത്തന്മാർക്കോ ബോദ്ധ്യപ്പെടുകയോ, ക്നാനായ കമ്മറ്റിയ്ക്ക് ബോദ്ധ്യപ്പെട്ട് സമുദായ മെത്രാപ്പോലീത്തയ്ക്ക് ശുപാർശ ചെയ്യുകയോ ചെയ്യുന്ന സാഹചര്യത്തിൽ കാലാവധി തീരുന്നതിനുമുമ്പ് അദ്ദേഹത്തെ നീക്കം ചെയ്ത് പകരം ആളിനെ ഭരണഘടന 113-ാം വകുപ്പിൽ പറയുന്ന പ്രകാരം നിയമിക്കുന്നതിന് സമുദായ മെത്രാപ്പോലീത്തയ്ക്ക് അധികാരം ഉണ്ടായിരിക്കും.

**113 (3)** വികാരി ജനറാളായി തെരഞ്ഞെടുക്കപ്പെടുന്ന വൈദികനെ ഇടവക ഭരണത്തിൽ നിന്ന് വിടർത്തേണ്ടതും അദ്ദേഹത്തിന്റെ അലവൻസ് ക്നാനായകമ്മറ്റി നിശ്ചയിച്ച് സമുദായ കേന്ദ്ര ആഫീസിൽ നിന്നും നൽകുന്നതായിരിക്കും. അദ്ദേഹത്തിന്റെ റ്റി.എ.യും സമുദായ കേന്ദ്ര ആഫീസിൽ നിന്നും നൽകേണ്ടതാണ്.

### ഭദ്രാസന സെക്രട്ടറി

**114.** അദ്ദേഹം മെത്രാപ്പോലീത്തായുടെ ആജ്ഞ അനുസരിച്ച് മെത്രാപ്പോലീത്തൻ ഓഫീസ് സംബന്ധിച്ചുള്ള എല്ലാ എഴുത്തുകുത്തുകളുടെയും പൂർണ്ണചുമതല വഹിക്കുന്നത് കൂടാതെ മെത്രാപ്പോലീത്തായെ ഔദ്യോഗിക കൃത്യങ്ങളിൽ സഹായിക്കേണ്ടതാണ്.

### ഭദ്രാസന സെക്രട്ടറി

**114.** ഭദ്രാസന സെക്രട്ടറി സമുദായമെത്രാപ്പോലീത്തായാൽ സാധാരണയായി മൂന്നു വർഷത്തേയ്ക്ക് നിയമിക്കപ്പെടുന്ന വൈദികൻ / അസോസിയേഷൻ അംഗമായ അത്മായൻ ആയിരിക്കും. വൈദികനാണെങ്കിൽ അദ്ദേഹത്തെ ഇടവകഭരണതതിൽ നിന്നും വിടർത്തേണ്ടതാണ്.

(എ) അദ്ദേഹം സമുദായ മെത്രാപ്പോലീത്തായുടെ നിർദ്ദേശം അനുസരിച്ച് സമുദായമെത്രാപ്പോലീത്തയുടെ ഓഫീസിന്റെ പൂർണ്ണചുമതല വഹിക്കുകയും ആഫീസ് സംബവന്ധിച്ചുള്ള എല്ലാ എഴുത്തുകുത്തുകളും നടത്തുകയും ചെയ്യുന്നതു കൂടാതെ സമുദായമെത്രാപ്പോലീത്തായെ ഔദ്യോഗിക കൃത്യങ്ങളിൽ സഹായിക്കേണ്ടതുമാണ്.

അദ്ദേഹം മെത്രാപ്പോലീത്തന്മാരുടെ ഭരണസംബന്ധമായ വിഷയങ്ങളെ സംബന്ധിച്ചുള്ള ചോദ്യങ്ങൾക്ക് ക്നാനായ അസ്സോസിയേഷനിൽ വികാരി ജനറാളിന്റെ അസാന്നിദ്ധ്യത്തിൽ മറുപടി നൽകേണ്ടതാണ്.

**(ബി)** ഭദ്രാസന സെക്രട്ടറി തന്റെ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിൽ പരാജയപ്പെട്ടു എന്ന് സമുദായ മെത്രാപ്പോലീത്തയ്ക്ക് ബോദ്ധ്യപ്പെടുകയോ, ക്നാനായ കമ്മറ്റിയ്ക്ക് ബോദ്ധ്യപ്പെട്ട് സമുദായ മെത്രാപ്പോലീത്തയ്ക്ക് ശുപാർശ ചെയ്യുകയോ ചെയ്യുന്ന സാഹചര്യത്തിൽ അദ്ദേഹത്തെ സമുദായ മെത്രാപ്പോലീത്തയ്ക്ക് നീക്കം ചെയ്ത് പകരം ആളിനെ നിയമിക്കാവുന്നതാണ്.

**(സി)** അദ്ദേഹത്തിന്റെ അലവൻസ് ക്നാനായകമ്മറ്റി നിശ്ചയിച്ച് സമുദായ കേന്ദ്ര ആഫീസിൽ നിന്നും നൽകുന്നതായിരിക്കും. അദ്ദേഹത്തിന്റെ റ്റി.എ.യും സമുദായ കേന്ദ്ര ആഫീസിൽ നിന്നും നൽകേണ്ടതാണ്.

## അസ്സോസിയേഷൻ പ്രസിഡന്റ്

**115. (എ)** 1. ക്നാനായ അസ്സോസിയേഷന് ഒരു പ്രസിഡന്റ് ഉണ്ടായിരിക്കുന്നതും തെരഞ്ഞെടുപ്പിനു ശേഷം ആദ്യം കൂടുന്ന യോഗത്തിൽവച്ച് ഒരു പട്ടക്കാരൻ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടേണ്ടതുമാകുന്നു.

2. അസ്സോസിയേഷൻ യോഗങ്ങളിൽ പ്രസിഡന്റ് അദ്ധ്യക്ഷം വഹിക്കേണ്ടതും അദ്ദേഹം ഹാജരില്ലാത്തപ്പോൾ യോഗത്താൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരുകശ്ശീശ്ശാ അദ്ധ്യക്ഷം വഹിക്കുന്നതും ആകുന്നു.അസ്സോസിയേഷൻ പ്രസിഡന്റ് ക്നാനായകമ്മറ്റിയിലെയും പ്രസിഡന്റ് ആയിരിക്കുന്നതും അദ്ദേഹം ഹാജരില്ലാത്തപ്പോൾ യോഗത്താൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു കശ്ശീശ്ശാ അദ്ധ്യക്ഷം വഹിക്കുന്നതുമാകുന്നു.

## അസ്സോസിയേഷൻ പ്രസിഡന്റ്

**115. (എ)** 1. അസ്സോസിയേഷൻ പ്രസിഡന്റ് ക്നാനായ അസ്സോസിയേഷന്റെ പുതുതായി രൂപീകരിക്കപ്പെടുന്ന ക്നാനായ അസ്സോസിയേഷന്റെ പ്രഥമ യോഗത്തിൽ വെച്ച് തെരഞ്ഞെടുക്കപ്പെടുന്ന അൻപത് വയസ്സിനു മേൽ പ്രായവും 20 വർഷത്തെ വൈദിക ശുശ്രൂഷാ പരിചയവും, യൂണിവേഴ്സിറ്റി ഡിഗ്രിയുമുള്ള ഒരു പട്ടക്കാരൻ ആയിരിക്കും.

2. അസ്സോസിയേഷൻ യോഗങ്ങളിൽ പ്രസിഡന്റ് അദ്ധ്യക്ഷം വഹിക്കേണ്ടതും അദ്ദേഹം ഹാജരില്ലാത്തപ്പോൾ യോഗത്താൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു സീനിയർ വൈദികൻ അദ്ധ്യക്ഷം വഹിക്കേണ്ടതും ആകുന്നു. അസ്സോസിയേഷൻ പ്രസിഡന്റ് ക്നാനായകമ്മറ്റിയുടേയും പ്രസിഡന്റ് ആയിരിക്കുന്നതും അദ്ദേഹം ഹാജരില്ലാത്തപ്പോൾ യോഗത്താൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു കമ്മറ്റി അംഗം അദ്ധ്യക്ഷം വഹിക്കേണ്ടതുമാകുന്നു.

3. യോഗാംഗങ്ങളെ ഫലപ്രദമായി നിയന്ത്രിച്ച് നടത്തുന്നതിനുള്ള ചുമതല അദ്ധ്യക്ഷനാണ്. യോഗത്തിൽ സംസാരിക്കുന്നവർ അദ്ധ്യക്ഷന് അഭിമുഖമായി എഴുന്നേറ്റുനിന്ന് ബഹുമാനപുരസ്സരം സംസാരിക്കേണ്ടതും അദ്ധ്യക്ഷന്റെ അധികൃതതീരുമാനത്തിന് (Ruling) വിധേയരായിരിക്കേണ്ടതുമാകുന്നു. യോഗത്തിൽ അദ്ധ്യക്ഷന്റെ തീരുമാനം (Ruling) യോഗനടത്തിപ്പിനേ സംബന്ധിച്ചിടത്തോളം അന്തിമ തീരുമാനമായിരിക്കും യോഗത്തിൽ അപമര്യാദയായി പെരുമാറുകയോ മനഃപൂർവ്വം യോഗനടപടികൾ തടസപ്പെടുത്തുകയോ ചെയ്യുന്ന അംഗങ്ങളുടെമേൽ മെത്രാപ്പോലീത്തായുടെ ആലോചനയോടുകൂടി ശിക്ഷണനടപടികൾ എടുക്കുവാൻ പ്രസിഡന്റിന് അധികാരം ഉണ്ടായിരിക്കും.

## അസ്സോസിയേഷൻ സെക്രട്ടറി

**115.** (ബി) 1. ക്നാനായ അസ്സോസിയേഷന് ഒരു സെക്രട്ടറി ഉണ്ടായിരിക്കുന്നതും തെരഞ്ഞെടുപ്പ് കഴിഞ്ഞ് ആദ്യത്തെ യോഗത്തിൽവച്ച് അസ്സോസിയേഷൻ സെക്രട്ടറിയെ തെരഞ്ഞെടുക്കേണ്ടതും അസ്സോസിയേഷൻ സെക്രട്ടറി ക്നാനായ കമ്മറ്റിയുടെയും സെക്രട്ടറി ആയിരിക്കുന്നതാണ്. അദ്ദേഹം **"സമുദായ സെക്രട്ടറി"** എന്നറിയപ്പെടുന്നതുമാണ്.2.
ക്നാനായ അസ്സോസിയേഷന്റെയും ക്നാനായകമ്മറ്റിയുടെയും യോഗങ്ങൾ സെക്രട്ടറി വിളിച്ചുകൂട്ടേണ്ടതും യോഗങ്ങൾ ഫലപ്രദമായി നടത്തേണ്ട ചുമതല അദ്ദേഹത്തിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്.

3. താഴെ 120-ാം വകുപ്പിൽ പറയുന്ന രീതിയിൽ ക്നാനായ അസ്സോസിയേഷൻ, സെക്രട്ടറി വിളിച്ചുകൂട്ടേണ്ടതാകുന്നു.

4. സെക്രട്ടറി മേൽവിരിച്ച ജോലികൾ സംബന്ധിച്ചുള്ള രേഖാപ്രമാണങ്ങൾ സൂക്ഷിക്കുകയും അസ്സോസിയേഷൻ സംബന്ധമായ എഴുത്തുകുത്തുകൾ നടത്തുകയും ചോദ്യങ്ങൾക്ക് അസ്സോസിയേഷനിൽ മറുപടി പറയുകയും സമുദായത്തിലെ വിവിധ താല്പര്യങ്ങളെ കൂട്ടിയിണക്കുകയും ക്നാനായ കമ്മറ്റിയുടെ നിശ്ചയങ്ങൾ നടപ്പിൽ വരുത്തുകയും ചെയ്യേണ്ടതാണ്. മെത്രാപ്പോലീത്തായുടെ നിർദ്ദേശപ്രകാരം സെക്രട്ടറിയും ട്രസ്റ്റിയും ക്നാനായ സമുദായത്തെ പ്രതിനിധികരിക്കുന്നതാണ്.

3. യോഗാംഗങ്ങളെ ഫലപ്രദമായി നിയന്ത്രിച്ച് യോഗം നടത്തുന്നതിനുള്ള ചുമതല അദ്ധ്യക്ഷനായിരിക്കും. യോഗത്തിൽ അദ്ധ്യക്ഷന്റെ തീരുമാനത്തിന് (Ruling) എല്ലാവരും വിധേയരായിരിക്കും. യോഗത്തിൽ അദ്ധ്യക്ഷന്റെ തീരുമാനം (Ruling) യോഗനടത്തിപ്പ് സംബന്ധിച്ച് അന്തിമമായിരിക്കും യോഗത്തിൽ അപമര്യാദയായി പെരുമാറുകയോ മനഃപൂർവ്വം യോഗനടപടികൾ തടസപ്പെടുത്തുകയോ ചെയ്യുന്ന അംഗങ്ങളെ യോഗത്തിൽ നിന്ന് പുറത്താക്കുന്നതിനും സമുദായ മെത്രാപ്പോലീത്തായുടെ അനുമതിയോടുകൂടി അസ്സോസിയേഷൻ അംഗത്വത്തിൽ നിന്നും നീക്കം ചെയ്യുന്നതുൾപ്പെടെ യുക്തമായ ശിക്ഷണനടപടികൾ എടുക്കുന്നതിനും പ്രസിഡന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

## അസ്സോസിയേഷൻ സെക്രട്ടറി

**115.** (ബി) 1. ക്നാനായ അസ്സോസിയേഷന് ഒരു സെക്രട്ടറി ഉണ്ടായിരിക്കുന്നതുംഇടവകളിൽ നിന്നുള്ള അസോസിയേഷൻ അംഗങ്ങളുടെ തെരഞ്ഞെടുപ്പ് കഴിഞ്ഞ് കൂടുന്ന അസോസിയേഷന്റെ ആദ്യത്തെ യോഗത്തിൽവച്ച് മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ നൈപുണ്യവും 45 വയസ്സിൽ കുറയാത്ത പ്രായവുമുള്ള ഒരു അസ്സോസിയേഷൻ അംഗത്തെ സെക്രട്ടറിയായി തെരഞ്ഞെടുക്കേണ്ടതാണ്. അദ്ദേഹം **"സമുദായ സെക്രട്ടറി"** എന്നും അറിയപ്പെടുന്നതുമാണ്.

2 അസ്സോസിയേഷൻ സെക്രട്ടറി ക്നാനായ കമ്മറ്റിയുടെയും സെക്രട്ടറി ആയിരിക്കുന്നതാണ്.

3. ക്നാനായ അസ്സോസിയേഷൻ യോഗം താഴെ 120, 124 എന്നീ വകുപ്പുകളിൽ പറയുന്ന രീതിയിൽ സെക്രട്ടറി വിളിച്ചുകൂട്ടേണ്ടതാകുന്നു.

4. ക്നാനായ കമ്മറ്റിയുടെ യോഗങ്ങളും സെക്രട്ടറി വിളിച്ചുകൂട്ടേണ്ടതാണ്.

5. അസ്സോസിയേഷൻ സംബന്ധമായി താഴെവിവരിക്കുന്ന റിക്കാർഡുകൾ ശരിയായി എഴുതി അസ്സോസിയേഷൻ സെക്രട്ടറി സൂക്ഷിക്കേണ്ടതാകുന്നു.

**(എ)** അസ്സോസിയേഷൻ യോഗനടപടികൾ.

**(ബി)** ക്നാനായ കമ്മറ്റി യോഗനടപടികൾ.

**(സി)** അസ്സോസിയേഷനിലേയും കമ്മറ്റിയിലെയും അംഗങ്ങളുടെ പേരുവിവര രജിസ്റ്റർ.

**(ഡി)** വരുന്ന എഴുത്തുകൾക്ക് രജിസ്റ്റർ.

**(ഇ)** പകർപ്പുപുസ്തകം.

**(എഫ്)** എഴുത്തുകൾ മറ്റു റിക്കാർഡുകൾ മുതലായവയ്ക്ക് ഫയലുകൾ.

**(ജി)** സെക്രട്ടറിയുടെ കൈയ്യിൽ വരുന്ന പണത്തിന്റെ കണക്കുകൾ.

**(എച്ച്)** സെക്രട്ടറിയുടെ ഡയറി.

**(ഐ)** വൗച്ചർ ഫയൽ.

**(ജെ)** ക്വട്ടേഷൻ, പർച്ചേസ് ഫയൽ

5. സെക്രട്ടറി മേൽവിരിച്ച ജോലികൾ സംബന്ധിച്ചുള്ള രേഖകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും അസ്സോസിയേഷൻ സംബന്ധമായ എഴുത്തുകുത്തുകൾ നടത്തുകയും ചോദ്യങ്ങൾക്ക് അസ്സോസിയേഷനിൽ ക്നാനായ കമ്മറ്റിക്കുവേണ്ടി മറുപടി പറയുകയും സമുദായത്തിന്റെ വിവിധ താല്പര്യങ്ങളെ കൂട്ടിയിണക്കുകയും ക്നാനായ കമ്മറ്റിയുടെയും ക്നാനായ അസോസിയേഷന്റെയും നിശ്ചയങ്ങളിൽ സെക്രട്ടറി നടപ്പിലാക്കേണ്ടവ നടപ്പിൽ വരുത്തുകയും, സമുദായത്തെ പൊതുവായി ബാധിക്കുന്നവ നടപ്പിലാക്കുന്നതിന് സമുദായ മെത്രാപ്പോലീത്തായ്ക്ക് സമർപ്പിക്കയും ചെയ്യേണ്ടതാണ്. മെത്രാപ്പോലീത്തായുടെ നിർദ്ദേശപ്രകാരം അസ്സോസിയേഷൻ പ്രസിഡന്റും, സെക്രട്ടറിയും, ട്രസ്റ്റിയും ക്നാനായ സമുദായത്തെ പ്രതിനിധികരിക്കുന്നതാണ്.

6. അസ്സോസിയേഷൻ സംബന്ധമായി താഴെവിവരിക്കുന്ന റിക്കാർഡുകൾ ശരിയായി എഴുതി അസ്സോസിയേഷൻ സെക്രട്ടറി സ്വന്തം ഉത്തരവാദിത്വത്തിൽ സൂക്ഷിക്കേണ്ടതാകുന്നു.

**(എ)** അസ്സോസിയേഷൻ യോഗനടപടികളുടെ കുറിപ്പു പുസ്തകം

**(ബി)** അസോസിയേഷന്റെ മിനിട്സ് ബുക്ക്.

**(സി)** ക്നാനായ കമ്മറ്റി യോഗനടപടികളുടെ കുറിപ്പു പുസ്തകം

**(ഡി)** ക്നാനായ കമ്മറ്റിയുടെമിനിട്സ് ബുക്ക്.

**(ഇ)** അസ്സോസിയേഷനിലേയും കമ്മറ്റിയിലെയും അംഗങ്ങളുടെ പേരുവിവര രജിസ്റ്റർ.

**(എഫ്)** വരുന്നതും അയക്കുന്നതുമായ എഴുത്തുകൾക്ക് രജിസ്റ്റർ.

**(ജി)** എഴുത്തുകൾ മറ്റു റിക്കാർഡുകൾ മുതലായവയ്ക്കുള്ള ഫയലുകൾ.

## സമുദായ ട്രസ്റ്റികൾ

**115.** (സി) 1. ക്നാനായ സമുദായത്തിന് ട്രസ്റ്റികളായി രണ്ടുപേർ ഉണ്ടായിരിക്കുന്നതും അതിലൊരാൾ പട്ടക്കാരനും മറ്റേയാൾ അയ്മേനി ആയിരിക്കുന്നതും, തെരഞ്ഞെടുപ്പിനു ശേഷം, ആദ്യം കൂടുന്ന അസ്സോസിയേഷൻ യോഗത്തിൽവെച്ച് അവരെ തെരഞ്ഞെടുക്കേണ്ടതുമാകുന്നു.

2. സമുദായത്തിലെ സകല വരുമാനങ്ങളും ട്രസ്റ്റികളുടെ പേരിൽ നിക്ഷേപിക്കേണ്ടതും അതാതുസമയത്ത് ക്നനാനായകമ്മറ്റിയുടെ നിശ്ചയമനുസരിച്ചും, അസ്സോസിയേഷന്റെ അംഗീകാരം വേണ്ട കാര്യങ്ങൾക്ക് അസ്സോസിയേഷന്റെ അനുവാദത്തോടുകൂടിയും വിനിയോഗിക്കേണ്ടതാകുന്നു.

3. സമുദായം സംബന്ധിച്ചുള്ള വ്യവഹാരങ്ങളിൽ ട്രസ്റ്റികൾ മാത്രം കക്ഷി ആയിരിക്കേണ്ടതാകുന്നു.

4. ട്രസ്റ്റികൾ പ്രത്യേക വ്യവസ്ഥകളില്ലാത്ത പൊതുവക വസ്തുക്കളുടെ ട്രസ്റ്റികൾ ആയിരിക്കുന്നതാണ്. എന്നാൽ ഈ ഘടനയിൻ പ്രകാരം ഒഴിവാക്കപ്പെട്ടിട്ടുള്ളത് നീക്കി സമുദായംവക എല്ലാ വസ്തുക്കളുടെയും ആദായത്തിന്റെ ബഡ്ജറ്റും കണക്കും സമുദായ കണക്കിൽ ചേർത്ത് അസ്സോസിയേഷനിൽ അവതരിപ്പിച്ചു പാസ്സാക്കേണ്ടതാകുന്നു.

**(എച്ച്)** സെക്രട്ടറിയുടെ കൈയ്യിൽ വരുന്ന പണത്തിന്റെ കണക്കുകൾ.

**(ഐ)** സെക്രട്ടറിയുടെ ഡയറി.

7) പുതിയ സെക്രട്ടറി ഭരണചുമതല ഏല്ക്കുന്ന മുറയ്ക്ക് നിലവിലുള്ള സെക്രട്ടറിയുടെ കൈവശമുള്ള എല്ലാ റിക്കാർഡുകളും പണവും താക്കോലുകളും അദ്ദേഹത്തെ ഏല്പിച്ച് രസീത് വാങ്ങേണ്ടതും പ്രസ്തുത സന്ദർഭത്തിൽ രണ്ടു ക്നാനായ കമ്മറ്റി അംഗങ്ങൾ കൂടി സാക്ഷികളായിരിക്കേണ്ടതുമാണ്.

## സമുദായ ട്രസ്റ്റികൾ

**115.** (സി)

1. ക്നാനായ സമുദായത്തിന് ട്രസ്റ്റികളായി രണ്ടുപേർ ഉണ്ടായിരിക്കുന്നതും അതിലൊരാൾ പട്ടക്കാരനും മറ്റേയാൾ അയ്മേനിയും ആയിരിക്കണം. വൈദികട്രസ്റ്റി വേദശാസ്ത്രബിരുദധാരിയും 45 വയസ്സിൽ കുറയാതെ പ്രായമുള്ള ആളും 15 വർത്തിൽ കുറയാത്ത ഇടവകഭരണപരിചയവും ഉള്ള വ്യക്തിയായിരിക്കണം. അൽമായ ട്രസ്റ്റി ബിരുദധാരിയും 45 വയസ്സിനു മേൽ പ്രായമുള്ള ആളും സാമ്പത്തിക ഇടപാടുകളിലും പണം കൈകാര്യം ചെയ്യുന്നതിലും നൈപുണ്യവും കമ്പ്യൂട്ടർ സാക്ഷരതയും ആഫീസ് നടത്തിപ്പിൽ പരിചയസമ്പന്നതയും ഉള്ള വ്യക്തി ആയിരിക്കേണ്ടതുമാണ്. പുതുതായി രൂപീകൃമാകുന്ന അസ്സോസിയേഷന്റെ പ്രഥമ യോഗത്തിൽവെച്ച് അവരെ തെരഞ്ഞെടുക്കേണ്ടതാകുന്നു.

2. സമുദായത്തിനുവേണ്ടി സ്ഥാവരജംഗമസ്വത്തുക്കൾ വാങ്ങുമ്പോൾ അവ സമുദായ ട്രസ്റ്റികളുടെ പേരിൽ മാത്രം വാങ്ങേണ്ടതാണ്.

3. സമുദായത്തിലെ സകല വരുമാനങ്ങളും ട്രസ്റ്റികളുടെ പേരിൽ നിക്ഷേപിക്കേണ്ടതും അതാതുസമയത്ത് ക്നനാനായകമ്മറ്റിയുടെ നിശ്ചയമനുസരിച്ചും, അസ്സോസിയേഷന്റെ അംഗീകാരം വേണ്ട കാര്യങ്ങൾക്ക് അസ്സോസിയേഷന്റെ അനുവാദത്തോടുകൂടിയും വിനിയോഗിക്കേണ്ടതാകുന്നു.

5. താഴെ 134 (എ) 134 (ബി) എന്നീ വകുപ്പുകളിൽ പറയുന്ന കാര്യങ്ങൾചെയ്യുക.

4. സമുദായം വാദിയായി നടത്തേണ്ടിവരുന്ന എല്ലാ വ്യവഹാരങ്ങളും ക്നാനായ കമ്മറ്റിയുടെ നിശ്ചയപ്രകാരം ട്രസ്റ്റികൾ മാത്രം നടത്തേണ്ടതാകുന്നു. സമുദായനേതൃത്വത്തിന് എതിരായി വരുന്ന കേസുകൾ വേണ്ടവിധം നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ക്നാനായകമ്മറ്റിയുടെ ആലോചനപ്രകാരം സമുദായ സെക്രട്ടറിയും ട്രസ്റ്റിയും കൂടി ചെയ്തു കൊടുക്കേണ്ടതാണ്.

5. സമുദായ ട്രസ്റ്റികൾ, പ്രത്യേക വ്യവസ്ഥകളില്ലാത്ത പൊതുവക വസ്തുക്കളുടെയും ട്രസ്റ്റികൾ ആയിരിക്കുന്നതാണ്. സമുദായത്തിന്റെ വരവിനും ചെലവിനും ഒരു ബഡ്ജറ്റ് ട്രസ്റ്റികൾ തയ്യാറാക്കി കമ്മറ്റിയിൽ പാസ്സാക്കിയ ശേഷം അസ്സോസിയേഷൻ വിളിച്ചുകൂട്ടി അതിൽ അവതരിപ്പിക്കേണ്ടതാണ്. പ്രത്യേക ഭരണ സംവിധാനവും കണക്കുകളും ഉള്ള സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും ഉൾപ്പെടെ സമുദായം വക എല്ലാ വസ്തുക്കളുടെയും വരവും ചെലവും ഉൾപ്പെടുത്തേണ്ടതാണ്. അസ്സോസിയേഷൻ പാസ്സാക്കിയ ബഡ്ജറ്റ് അനുസരിച്ച് മാത്രം സമുദായം വക പണം ട്രസ്റ്റികൾ ചെലവു ചെയ്യേണ്ടതാകുന്നു.എന്നാൽ അത്യാവശ്യ സന്ദർഭങ്ങളിൽ അസ്സോസിയേഷന്റെ അനുവാദത്തെ പ്രതീക്ഷിച്ച് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ആവശ്യങ്ങൾക്ക് ആണ്ടിൽ ആകെ 2,00,000/- രൂപയിൽ കവിയാത്ത സംഖ്യ കമ്മറ്റിയുടെ ആലോചനയോടുകൂടി ചെലവു ചെയ്യുന്നതിനു ട്രസ്റ്റികൾക്ക് അധികാരമുള്ളതും വിവരം വാർഷിക അസ്സോസിയേഷൻ യോഗത്തിൽ പ്രസ്താവിച്ച് അനുവാദം വാങ്ങേണ്ടതുമാണ്. ബഡ്ജറ്റ് പാസ്സാക്കുന്ന യോഗത്തിൽ വച്ചു തന്നെ തന്നാണ്ടത്തെ ആഡിറ്ററെ തെരഞ്ഞെടുക്കേണ്ടതും അദ്ദേഹത്തിന്റെ പ്രതിഫലം നിശ്ചയിക്കേണ്ടതുമാകുന്നു.

6. സമുദായത്തിന്റെ വാർഷിക കണക്കും ബാക്കിപത്രവും തയ്യാറാക്കി ക്നാനയ കമ്മറ്റിയിൽ സമർപ്പിച്ച് പാസ്സാക്കി കണക്കു പരിശോധകന്റെ റിപ്പോർട്ടു സഹിതം ക്നാനായ അസോസിയേഷന്റെ അംഗീകാരത്തിനായി സമർപ്പിക്കുക.

7. സമുദായമെത്രാപ്പോലീത്തായുടെ അറിവോടുകൂടി സമുദായം വക ജംഗമസ്വത്തുക്കളിൽ മെത്രാപ്പോലീത്താന്മാരുടെ സ്ഥാനചിഹ്നങ്ങൾ ഒഴിച്ചുള്ളവ വിൽക്കുകയോ കടപ്പെടുത്തുകയോ ചെയ്യുന്നതിനും സ്ഥാവരവസ്തുക്കളിൽ മെത്രാപ്പോലീത്തന്മാരുടെ ആസ്ഥാനങ്ങളും അവ സ്ഥതി ചെയ്യുന്ന പുരയിടങ്ങളും ഒഴിച്ചുള്ളവ മൂന്നുകൊല്ലത്തിൽ കവിയാത്ത കാലത്തേക്കു കൂലിക്കു കൊടുത്തോ, പാട്ടത്തിനു ഏല്പിച്ചോ, മറ്റു വിധത്തിലോ ആദായം എടുക്കുന്നതിനും ക്നാനായകമ്മറ്റിയുടെ തീരുമാനപ്രകാരം ട്രസ്റ്റികൾക്ക് അധികാരമുള്ളതാകുന്നു.

സ്ഥാവരവസ്തുക്കൾ വില്ക്കുകയോ, പണയപ്പെടുത്തുകയോ, മൂന്നുകൊല്ലത്തിൽ കവിഞ്ഞ കാലത്തേയ്ക്ക്കൂലിക്കോ, പാട്ടത്തിനോ ഏല്പിക്കുകയോ മറ്റുവിധത്തിൽ ബാദ്ധ്യതപ്പെടുത്തുകയോ ചെയ്യുന്നതിന് അസ്സോസിയേഷൻ നിശ്ചയം ഉണ്ടായിരിക്കേണ്ടതാണ്.

(8) സമുദായം വക സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സാധനങ്ങൾ ഏതെങ്കിലും മെത്രാപ്പോലീത്തൻമാർക്ക് താൽക്കാലിക ആവശ്യത്തിലേയ്ക്ക് നൽകേണ്ടതായി വന്നാൽ ട്രസ്റ്റികളുടെ മാത്രം ഉത്തരവാദിത്വത്തിൽ നൽകേണ്ടതും, 15 ദിവസത്തിനകം തിരകികെ വാങ്ങി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

സമുദായത്തിന്റെ വാർഷികറിപ്പോർട്ടിൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള എല്ലാ വസ്തുവകകളും കേന്ദ്ര ആഫീസിൽ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ടെന്നും അല്ലാത്ത പക്ഷം അവയുടെ വ്യക്തമായ നിജസ്ഥിതി എന്താണെന്നും Internal Auditor സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(9) മെത്രാപ്പോലീത്തന്മാരുടെ സ്ഥാനചിഹ്നങ്ങൾ ഉൾപ്പെടെ സമുദായം വക സ്ഥാവരജംഗമ സ്വത്തുക്കളുടെ വിവരമായ പട്ടിക അടങ്ങിയ ഒരു സ്റ്റോക്ക് രജിസ്റ്റർ സമുദായ മെത്രാപ്പോലീത്തായുടെ പക്കൽ ഉണ്ടായിരിക്കുന്നതും ആയതിന്റെ ഒരു പകർപ്പ് ഒപ്പും മുദ്രയും വച്ച് മെത്രാപ്പോലീത്താ ട്രസ്റ്റികളെ ഏല്പിക്കുന്നതും അപ്പോൾ ട്രസ്റ്റികളുടെ പക്കൽ ഏല്പിച്ചിട്ടുള്ള സമുദായം വക സ്ഥാവരജംഗമസ്വത്തുക്കൾ കൈയ്പ്പറ്റിയിരിക്കുന്നതായി ഒരു

രസീത് എഴുതി ഒപ്പിട്ട് ട്രസ്റ്റികൾ മെത്രാപ്പോലീത്തായെ ഏല്പിക്കേണ്ടതുമാകുന്നു. ട്രസ്റ്റികൾ മാറുമ്പോൾ പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന ട്രസ്റ്റികളെ തങ്ങളുടെ പക്കലുള്ള രജിസ്റ്റർ അനുസരിച്ചുള്ള സാധനസാമഗ്രികളും നീക്കിയിരുപ്പുപണവും, താക്കോലുകളും, റിക്കാർഡുകളും പഴയ ട്രസ്റ്റികൾ ഏല്പിച്ച് രസീത് വാങ്ങി സമുദായ മെത്രാപ്പോലീത്തായെ ഏല്പിക്കേണ്ടതും ആദ്യ രസീത് തിരികെ വാങ്ങി കൊള്ളേണ്ടതും ആകുന്നു. പ്രസ്തുത സന്ദർഭത്തിൽ രണ്ടു ക്നാനായകമ്മറ്റി അംഗങ്ങൾ കൂടി സാക്ഷികളായിരിക്കേണ്ടതാണ്.

## അസ്സോസിയേഷൻ (ജനറൽ)

**116.** (എ). അസ്സോസിയേഷനിലെ അംഗങ്ങളെല്ലാവരും പുതിയ തെരഞ്ഞെടുപ്പിനു ശേഷം ആദ്യമായി അസ്സോസിയേഷൻ യോഗത്തിൽ സംബന്ധിക്കുമ്പോൾ അദ്ധ്യക്ഷനഭിമുഖമായി നിന്നുകൊണ്ട് താഴെപ്പറയുന്ന രീതിയിൽ ഒരു സത്യവാചകം ഭക്തിപൂർവ്വം ചൊല്ലേണ്ടതാകുന്നു. **“ മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷനിലെ ഒരംഗമായിരിക്കുന്ന (ഇന്നടത്ത് ഇന്നാരായ) ഞാൻ പ. അന്ത്യോഖ്യാസിംഹാസനത്തോടും ആ സിംഹാസനത്തിൽ ഇപ്പോൾ വാഴുന്ന ഭാഗ്യവാനായ മോറാൻ മോർ ഇഗ്നാത്തിയോസ് (ഇന്ന) പാത്രിയർക്കീസ് ബാവാ തിരുമേനിയോടും മലങ്കര സുറിയാനി ക്നാനായ ഭദ്രാസന ഇടവകയുടെ ഇപ്പോഴത്തെ മേലദ്ധ്യക്ഷനായ നി. വ. ദി. ശ്രീ (ഇന്ന) മെത്രാപ്പോലീത്താ തിരുമേനിയോടും വിശ്വസ്തതയും, അനുസരണവും, ഭയഭക്തിയും ഉള്ളവനായിരുന്നുകൊണ്ടും അവർ പരിപാലിച്ചുവരുന്ന പ. കാതോലിക വിശ്വാസത്തിൽ ജീവിച്ചുകൊണ്ടും ഞാൻ ഇപ്പോൾ കൈയേറ്റിരിക്കുന്ന ജോലി വിശ്വസ്തതയോടെ നിർവ്വഹിച്ചുകൊള്ളാം. ദൈവം അതിന് എന്നെ സഹായിക്കട്ടെ ആമ്മീൻ”**

(ബി) ഒന്നിലധികം അംഗങ്ങൾ ഒരു സമയത്ത് സത്യവാചകം ചൊല്ലുവാനുണ്ടെങ്കിൽ അവരിലൊരാൾ സത്യവാചകം ചൊല്ലുകയും ബാക്കിയുള്ളവർ ഭക്തിപൂർവ്വം ശ്രദ്ധിച്ചു നിന്നു കേട്ടതിനുശേഷം ഒടുവിൽ “ആമ്മീൻ” എന്നു പറയുകയും ചെയ്താൽ മതിയാകുന്നതാണ്.

## അസ്സോസിയേഷൻ (ജനറൽ)

**116.** (എ). അസ്സോസിയേഷനിലെ അംഗങ്ങളെല്ലാവരും പുതിയ അസ്സോസിയേഷന്റെ പ്രഥമ യോഗത്തിൽ സംബന്ധിക്കുമ്പോൾ അദ്ധ്യക്ഷനഭിമുഖമായി നിന്നുകൊണ്ട് താഴെപ്പറയുന്ന സത്യവാചകം ഭക്തിപൂർവ്വം ചൊല്ലേണ്ടതാകുന്നു. **“ മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷനിലെ ഒരംഗമായിരിക്കുന്ന (ഇന്നടത്ത് ഇന്നാരായ) ഞാൻ പ. അന്ത്യോഖ്യാസിംഹാസനത്തോടും ആ സിംഹാസനത്തിൽ ഇപ്പോൾ വാഴുന്ന ഭാഗ്യവാനായ മോറാൻ മോർ ഇഗ്നാത്തിയോസ് (ഇന്ന) പാത്രിയർക്കീസ് ബാവാ തിരുമേനിയോടും മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസന ഇടവകയുടെ ഇപ്പോഴത്തെ മേലദ്ധ്യക്ഷനായ സമുദായ മെത്രാപ്പോലീത്തായോടും, സമുദായത്തിലെ മറ്റ് മെത്രാപ്പോലീത്താമാരോടും വിശ്വസ്തതയും, അനുസരണവും, ഭയഭക്തിയും ഉള്ളവനായിരുന്നുകൊണ്ടും അവർ പരിപാലിച്ചുവരുന്ന പ. കാതോലിക വിശ്വാസത്തിൽ ജീവിച്ചുകൊണ്ടും ഞാൻ ഇപ്പോൾ കൈയേറ്റിയിരിക്കുന്ന ജോലി വിശ്വസ്തതയോടും പക്ഷപാതരഹിതമായും സമുദായനന്മ മാത്രം മുൻനിർത്തിയും നിർവ്വഹിച്ചുകൊള്ളാം. ദൈവം അതിന് എന്നെ സഹായിക്കട്ടെ ആമ്മീൻ**

(ബി) **മാറ്റമില്ല**

**117.** അസ്സോസിയേഷന്റെ കാലാവധി കഴിയുകയോ കാലാവധിക്കു മുമ്പ് ക്നാനായകമ്മറ്റിയുടെ ശുപാർശപ്രകാരം മെത്രാപ്പോലീത്താ പിരിച്ചുവിടുകയോ ചെയ്യുന്നതോടുകൂടി അസ്സോസിയേഷൻ അംഗങ്ങളുടെ സ്ഥാനം നഷ്ടപ്പെടുന്നതും പുതിയ അസ്സോസിയേഷൻ നിലവിൽവരുന്നതുവരെ ക്നാനായകമ്മറ്റി തുടരുന്നതുമാണ്.

**118.** കാലാവധി കഴിയുകയാലോ മെത്രാപ്പോലീത്താ പിരിച്ചു അയയ്ക്കുകയാലോ ഒരു അസ്സോസിയേഷൻ അവസാനിച്ചു, 60 ദിവസത്തിനകം പുതിയ അസ്സോസിയേഷൻ കൂടത്തക്കവണ്ണം മെത്രാപ്പോലീത്താ കല്പന അയയ്ക്കുന്നതാകുന്നു.

**119.** **(എ)** ഭരണ സംബന്ധമായ ഏതെങ്കിലും സംഗതിയെപ്പറ്റി വിവരമായി അറിയുന്നതിന് ആഗ്രഹമുള്ള ഒരംഗം അസ്സോസിയേഷൻ യോഗതീയതിയ്ക്കു **10 ദിവസം** മുമ്പ് സെക്രട്ടറിക്കു കിട്ടത്തക്കവണ്ണം ചോദ്യങ്ങൾ അയക്കേണ്ടതും, സെക്രട്ടറിയും പ്രസിഡന്റും കൂടി തീർച്ചപ്പെടുത്തുന്നതനുസരിച്ച് ആ ചോദ്യങ്ങളെ അവയിൽ അടങ്ങിയിരിക്കുന്ന സംഗതികൾക്ക് ചുമതലപ്പെട്ട പൊതു ഉദ്യോഗവാഹികൾക്ക് യോഗ തീയതിക്ക് **7 ദിവസം** മുമ്പ് അയച്ചുകൊടുത്ത് രേഖാമൂലമായ മറുപടി വരുത്തി യോഗത്തിൽ ഹാജരാകേണ്ടതുമാകുന്നു.

**(ബി)** ഒരു യോഗത്തിലേക്ക് 5 ൽ കൂടുതൽ ചോദ്യങ്ങൾ അയച്ചുകൊടുക്കുവാൻ ഒരംഗത്തിനും അവകാശമില്ലാത്തതാകുന്നു.

**(സി)** ചോദ്യങ്ങൾക്ക് മറുപടി പറയുന്ന സമയം അദ്ധ്യക്ഷൻ അനുവദിക്കുന്നിടത്തോളം ഉപചോദ്യങ്ങൾ അംഗങ്ങളിൽ ആർക്കെങ്കിലും ചോദിക്കാവുന്നതും അവയിൽ മെത്രാപ്പോലീത്തായുടെ ഭരണസംബന്ധമായ സംഗതിയെപ്പറ്റിയുള്ള ചോദ്യങ്ങൾക്ക് മറുപടി വികാരി ജനറാളോ, ഭദ്രാസന സെക്രട്ടറിയോ, മറ്റ് സംഗതികളെപ്പറ്റിയുള്ള ചോദ്യങ്ങൾക്ക് മറുപടി അവയ്ക്കു ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരും പറയേണ്ടതാകുന്നു.

**(ഡി)** ചോദ്യങ്ങളോ ഉപചോദ്യങ്ങളോ അനാവശ്യമോ നിഷ്പ്രയോജനകരമോ ആണെന്ന് അദ്ധ്യക്ഷന് തോന്നുന്ന പക്ഷം അവയെ അനുവദിക്കാതിരിക്കാവുന്നതാണ്.

**117.** അസ്സോസിയേഷന്റെ കാലാവധി കഴിയുന്ന മുറയ്ക്ക് അസ്സോസിയേഷൻ അംഗങ്ങളുടെ സ്ഥാനം നഷ്ടപ്പെടുന്നതും പുതിയ അസ്സോസിയേഷൻ നിലവിൽ വന്ന് അസ്സോസിയേഷന്റെയും മറ്റ് പ്രസ്താനങ്ങളുടെയും പുതിയ ഭാരവാഹികൾ തെരഞ്ഞെടുക്കപ്പെടുന്നതുവരെക്നാനായകമ്മറ്റിയും മറ്റ് തെരഞ്ഞെടുക്കപ്പെട്ടസ്ഥാനികളും ഭരണസമിതികളും തുടരുന്നതാണ്.

**118. Modified and Transferred to 108**

**119.** **(എ)** ഭരണ സംബന്ധവും, സാമ്പത്തീകവും, സാമൂഹികവുമായ ഏതെങ്കിലും സംഗതിയെപ്പറ്റി വിവരമായി അറിയുന്നതിന് ആഗ്രഹമുള്ളവർ അസ്സോസിയേഷൻ യോഗതീയതിയ്ക്കു **10 ദിവസം** മുമ്പ് സെക്രട്ടറിക്കു കിട്ടത്തക്കവണ്ണം ചോദ്യങ്ങൾ അയക്കേണ്ടതും, പ്രസിഡന്റും സെക്രട്ടറിയും ട്രസ്റ്റിയും കൂടി ആലോചിച്ച് ആ ചോദ്യങ്ങളെ അവയിൽ അടങ്ങിയിരിക്കുന്ന സംഗതികളെക്കുറിച്ച് ആവശ്യമെങ്കിൽ ചുമതലപ്പെട്ടവർക്ക് യോഗ തീയതിക്ക് **7 ദിവസം** മുമ്പ് അയച്ചുകൊടുത്ത് രേഖാമൂലമായ മറുപടി വരുത്തി ക്നാനായകമ്മറ്റിയിൽ മറുപടി തയ്യാറാക്കി അസ്സോസിയേഷൻ യോഗത്തിൽ സെക്രട്ടറി / ട്രസ്റ്റി ഹാജരാക്കേണ്ടതുമാകുന്നു.

**(ബി)** ഒരു യോഗത്തിലേക്ക് 3 ൽ കൂടുതൽ ചോദ്യങ്ങൾ അയച്ചുകൊടുക്കുവാൻ ഒരംഗത്തിനും അവകാശമില്ലാത്തതാകുന്നു.

**(സി)** ചോദ്യങ്ങൾക്ക് മറുപടി പറയുന്ന സമയം അദ്ധ്യക്ഷൻ അനുവദിക്കുന്നിടത്തോളം ഉപചോദ്യങ്ങൾ അംഗങ്ങളിൽ ആർക്കെങ്കിലും ചോദിക്കാവുന്നതും അവയിൽ മെത്രാപ്പോലീത്തായുടെ ഭരണസംബന്ധമായ സംഗതിയെപ്പറ്റിയുള്ള ചോദ്യങ്ങൾക്ക് മറുപടി വികാരി ജനറാളോ, അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ ഭദ്രാസന സെക്രട്ടറിയോ, പറയേണ്ടതും മറ്റ് ഉപചോദ്യങ്ങൾക്ക് മറുപടി ആവശ്യമെങ്കിൽ അവയ്ക്കു ചുമതലപ്പെട്ടവരോ പറയേണ്ടതുമാകുന്നു.

**ഡി)** ചോദ്യങ്ങളോ ഉപചോദ്യങ്ങളോ അനാവശ്യമോ നിഷ്പ്രയോജനകരമോ ആണെന്ന് അദ്ധ്യക്ഷന് തോന്നുന്ന പക്ഷം അവയെ അനുവദിക്കാതിരിക്കുവാൻ അദ്ദേഹത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

**120.** മേൽ 115 -ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന ആദ്യയോഗത്തിന്റെ തീയതി മുതൽ മൂന്നു മാസത്തിനകവും പിന്നീട് ആണ്ടിൽ കുറഞ്ഞപക്ഷം ഒരിക്കലും അസ്സോസിയേഷന്റെ സാധാരണ യോഗങ്ങൾ കൂടേണ്ടതും യോഗത്തിന്റെ സ്ഥലം, സമയം, ആലോചനാവിഷയങ്ങൾ എന്നിവ താഴെ 125 -ാം വകുപ്പിൽ പറയുന്ന ക്നാനായകമ്മറ്റി നിശ്ചയിക്കേണ്ടതുമാകുന്നു. അവയെപ്പറ്റി സെക്രട്ടറി യോഗതീയതിയ്ക്ക് 21 ദിവസങ്ങൾക്കു മുമ്പ് എല്ലാ അംഗങ്ങൾക്കും രേഖാമൂലം നോട്ടീസ് കൊടുക്കേണ്ടതും ആ നോട്ടീസിന്റെ പകർപ്പ് സമുദായം വകയായി വർത്തമാനപത്രങ്ങളുണ്ടെങ്കിൽ അവയിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാകുന്നു.

**121.** അസ്സോസിയേഷൻ യോഗങ്ങളിൽ പ്രസിഡന്റ് അദ്ധ്യക്ഷം വഹിക്കേണ്ടതും അദ്ദേഹം ഹാജരില്ലാത്തപ്പോൾ യോഗത്താൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു കശ്ശീശാ അദ്ധ്യക്ഷം വഹിക്കാവുന്നതുമാകുന്നു.

**122.** അസ്സോസിയേഷൻ യോഗത്തിന്റെ കോറം ആകെയുള്ള അംഗങ്ങളിൽ 20% ആയിരിക്കുന്നതാണ്. എന്നാൽ ഒരു യോഗത്തിന് കോറം തികയാത്തപക്ഷം കൂടി ഇരിക്കുന്ന അംഗങ്ങൾ അടുത്ത യോഗം കൂടേണ്ട സ്ഥലംസമയം ഇവ നിശ്ചയിക്കുകയും 30 ദിവസത്തിൽ കുറയാതെ ഇട

**120.** എല്ലാവർഷവും ഫെബ്രുവരി 28-ാം തീയതിയോ അതിനു മുമ്പോ ആയി വരും വർഷത്തെ ബഡ്ജറ്റ് യോഗവും, ജൂലൈ 31 നോ അതിനുമുൻപോ ആയി മുൻ വർഷത്തെ വാർഷിക റിപ്പോർട്ടും വരവുചെലവുകണക്കും ബാക്കിപത്രവും ഓഡിറ്റ് റിപ്പോർട്ടും അവതരപ്പിച്ച് ചർച്ചകൾക്ക് വിധേയമായി അംഗീകരിക്കപ്പെടേണ്ടതിനുള്ള അസ്സോസിയേഷൻ യോഗവും കൂടേണ്ടതാണ്.

ഇവയ്ക്ക് പുറമെ ആവശ്യാനുസരണം അസ്സോസിയേഷൻ യോഗങ്ങൾ കൂടാവുന്നതാണ്.

അസ്സോസിയേഷൻ യോഗത്തിന്റെ സ്ഥലം, സമയം, ആലോചനാവിഷയങ്ങൾ എന്നിവ താഴെ 125 -ാം വകുപ്പിൽ പറയുന്ന ക്നാനായകമ്മറ്റി നിശ്ചയിക്കേണ്ടതാകുന്നു. അവയെപ്പറ്റി സെക്രട്ടറി യോഗതീയതിയ്ക്ക് 21 ദിവസങ്ങൾക്കു മുമ്പ് എല്ലാ അംഗങ്ങൾക്കും രേഖാമൂലം നോട്ടീസ് കൊടുക്കേണ്ടതും ആ നോട്ടീസിന്റെ പകർപ്പ് സമുദായം വകയായി വർത്തമാനപത്രങ്ങളുണ്ടെങ്കിൽ അവയിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാകുന്നു.

**121.** അസ്സോസിയേഷൻ യോഗങ്ങളിൽ പ്രസിഡന്റ് അദ്ധ്യക്ഷം വഹിക്കേണ്ടതും അദ്ദേഹം ഹാജരില്ലാത്തപ്പോൾ അദ്ദേഹം രേഖാമൂലം ചുമതലപ്പെടുത്തുന്ന ഒരു സീനിയർ വൈദീകൻ അദ്ധ്യക്ഷം വഹിക്കേണ്ടതുമാകുന്നു.

**(എ)** എല്ലാ യോഗങ്ങളിലെയും തീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിന് ഒരു കുറിപ്പ് ബുക്കും, ഒരു മിനിട്ട്സ് ബുക്കും ഉണ്ടായിരിക്കേണ്ടതും യോഗതീരുമാനങ്ങൾ ആ യോഗത്തിൽ വെച്ചുതന്നെ കുറിപ്പ് ബുക്കിൽ സെക്രട്ടറി എഴുതി യോഗസമ്മതപ്രകാരം പ്രസിഡന്റും ഒരനൗദ്യോഗിക അംഗവും ഒപ്പിടേണ്ടതാകുന്നു. അടുത്ത യോഗത്തിൽ മിനിസ്റ്റ് ബുക്കിൽ യോഗനടപടികൾ എഴുതി വായിച്ചു കേൾപ്പിച്ച് യോഗസമ്മതപ്രകാരം ആ യോഗത്തിലെ അദ്ധ്യക്ഷനെയും സെക്രട്ടറിയേയും ഒരു അനൗദ്യോഗിക അംഗത്തെയും കൊണ്ട് ഒപ്പിടിവിക്കേണ്ടാതാകുന്നു.

**122.** അസ്സോസിയേഷൻ യോഗത്തിന്റെ കോറം ആകെയുള്ള അംഗങ്ങളിൽ 20% ആയിരിക്കുന്നതാണ്. എന്നാൽ ഒരു യോഗത്തിന് കോറം തികയാത്തപക്ഷം കൂടിയിരിക്കുന്ന അംഗങ്ങൾ അടുത്ത യോഗം 30 ദിവസത്തിൽ കുറയാതെ ഇടയിട്ട് കൂടേണ്ട സ്ഥലം സമയം ഇവ നിശ്ചയിക്കുകയും എല്ലാ അംഗങ്ങൾക്കും

യിട്ട് എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നോട്ടീസ് അയയ്ക്കുകയും ചെയ്യേണ്ടതും അതനുസരിച്ച് കൂടുന്ന യോഗത്തിൽ എത്ര അംഗങ്ങൾ ഹാജരായിരുന്നാലും അതു പൂർണ്ണയോഗമായി പരിഗണിക്കപ്പെടേണ്ടതുമാകുന്നു.

**123.** (എ) അസ്സോസിയേഷൻ എടുക്കുന്ന നിശ്ചയങ്ങൾ മെത്രാപ്പോലീത്തായുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും പ്രസ്തുത നിശ്ചയങ്ങളിൽ മെത്രാപ്പോലീത്തായ്ക്കു വിയോജിപ്പുള്ളപക്ഷം കാര്യകാരണസഹിതം ആയത് അസ്സോസിയേഷന് മടക്കി അയയ്ക്കാവുന്നതാണ്. എന്നാൽ മെത്രാപ്പോലീത്താ നിർദ്ദേശിച്ച വ്യതിയാനത്തോടുകൂടിയോ അല്ലാതെയോ അസ്സോസിയേഷൻ വീണ്ടും ഈ തീരുമാനങ്ങൾ മെത്രാപ്പോലീത്തായ്ക്കയയ്ക്കുന്ന പക്ഷം ആയത് അംഗീകരിച്ച് മെത്രാപ്പോലീത്താ നടപ്പിലാക്കുന്നതാണ്.

(ബി) മേൽ (എ) വകുപ്പിൽ പറയുന്ന നിശ്ചയങ്ങൾ സമുദായത്തെ പൊതുവെ ബാധിക്കുന്നതായിരുന്നാൽ ആ നിശ്ചിയങ്ങൾ കഴിഞ്ഞ് മുപ്പത് ദിവസങ്ങൾക്കുള്ളിൽ മെത്രാപ്പോലീത്താ സർക്കുലർ കല്പനമൂലം എല്ലാ ഇടവകകളിലും പരസ്യം ചെയ്ത് നടപ്പാക്കേണ്ടതാണ്. ഈ നിശ്ചയങ്ങൾ സമുദായത്തിൽപ്പെട്ട എല്ലാവർക്കും ബാധകമാണ്.

(സി) അസ്സോസിയേഷനാൽ പാസ്സാക്കപ്പെട്ടവയും മെത്രാപ്പോലീത്തായാൽ അംഗീകരിക്കപ്പെട്ടവയുമായ നിശ്ചയങ്ങളെ ഭേദപ്പെടുത്തുന്നതിന് അംഗങ്ങളിൽ 100 ക്കു 50 വീതം എങ്കിലും ഹാജരുള്ള യോഗത്തിൽ 100 ക്കു 75 അംഗങ്ങൾ അനുകൂലിച്ചിരിക്കേണ്ടതും അല്ലാതെ ഭേഗതി വരുത്തുവാൻ പാടില്ലാത്തതുമാകുന്നു.

യോഗത്തിന് 21 ദിവസങ്ങൾക്കു മുമ്പ് കിട്ടത്തക്ക വണ്ണം സെക്രട്ടറി നോട്ടീസ് അയയ്ക്കുകയും ചെയ്യേണ്ടതാണ്. അങ്ങനെ കൂടുന്ന യോഗത്തിൽ എത്ര അംഗങ്ങൾ ഹാജരായിരുന്നാലും അതു പൂർണ്ണയോഗമായി പരിഗണിക്കപ്പെടേണ്ടതാകുന്നു.

**123. (എ)** അസ്സോസിയേഷൻ/ക്നാനായ കമ്മറ്റി എടുക്കുന്ന നിശ്ചയങ്ങൾ ഒരു ശരിപ്പകർപ്പുസഹിതം യോഗം നടന്ന് പതിനഞ്ച് ദിവസങ്ങൾക്കുള്ളിൽ സമുദായമെത്രാപ്പോലീത്തായുടെ അംഗീകാരത്തിനായി സെക്രട്ടറി, സമർപ്പിക്കേണ്ടതാണ്. ഈ നിശ്ചയങ്ങളുടെ പകർപ്പ് മേഖലമെത്രാപ്പോലീത്തന്മാർക്ക് അറിവിനായി അയച്ചുകൊടുക്കേണ്ടതുമാണ്. പ്രസ്തുത നിശ്ചയങ്ങളിൽ സമുദായമെത്രാപ്പോലീത്തായ്ക്കു വിയോജിപ്പുള്ളപക്ഷം മെത്രാപ്പോലീത്തൻ കൗൺസിലുമായി ആലോചിച്ച് കാര്യകാരണസഹിതം ഭേദഗതികളോടുകൂടിയോ അല്ലാതെയോ 15 ദിവസങ്ങൾക്കുള്ളിൽ ആയത് അസ്സോസിയേഷനിലേയ്ക്ക് മടക്കി അയയ്ക്കേണ്ടതുമാണ്. എന്നാൽ സമുദായമെത്രാപ്പോലീത്താ നിർദ്ദേശിച്ച വ്യതിയാനത്തോടുകൂടിയോ അല്ലാതെയോ അസ്സോസിയേഷൻ വീണ്ടും അതേ തീരുമാനങ്ങൾ പാസ്സാക്കി സമുദായമെത്രാപ്പോലീത്തായ്ക്കയയ്ക്കുന്ന പക്ഷം അദ്ദേഹം ആയത് അംഗീകരിച്ച് നടപ്പിലാക്കേണ്ടതാണ്.

എന്നാൽ സമുദായ മെത്രാപ്പോലീത്താ യഥാസമയം ക്നാനായ അസ്സോസിയേഷൻ / കമ്മറ്റി തീരുമാനങ്ങൾ നടപ്പിലാക്കാത്തപക്ഷം അസ്സോസിയേഷന്റെ വിശേഷാൽ യോഗം ചേർന്ന് ഈ വിഷയത്തിന്മേൽ ഉചിതമായ തീരുമാനങ്ങൾ എടുക്കേണ്ടതാണ്. ഇപ്രകാരം കൂടുന്ന യോഗത്തിൽ സമുദായ മെത്രാപ്പോലീത്തായേയും ക്ഷണിച്ചിരിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ വിഷയങ്ങൾ മേഖലാമെത്രാപ്പോലീത്തന്മാരുമായി ബന്ധപ്പെട്ടതാണെങ്കിൽ പ്രസ്തുത യോഗത്തിലേയ്ക്ക് ബന്ധപ്പെട്ട മേഖലാ മെത്രാപ്പോലീത്തയെയും ക്ഷണിക്കേണ്ടതാണ്.

**(ബി)** മേൽ (എ) വകുപ്പിൽ പറയുന്ന നിശ്ചയങ്ങൾ സമുദായത്തെ പൊതുവെ ബാധിക്കുന്നതായിരുന്നാൽ ആ നിശ്ചയങ്ങൾ ചെയ്തു കഴിഞ്ഞ് മുപ്പത് ദിവസങ്ങൾക്കുള്ളിൽ സമുദായ മെത്രാപ്പോലീത്താ സർക്കുലർ കല്പനമൂലം എല്ലാ ഇടവകകളിലും പരസ്യം ചെയ്ത് നടപ്പാക്കേണ്ടതും , പ്രസ്തുത കല്പനയുടെ കോപ്പി മേഖലാ മെത്രാപ്പോലീത്തന്മാർക്കമുൻകൂട്ടി നൽകേണ്ടതുമാണ്. അവ സമുദായത്തിൽപ്പെട്ട എല്ലാവർക്കും ബാധകമാണ്.

**124.** അസ്സോസിയേഷന്റെ ഒരു വിശേഷാൽ യോഗം കൂടണമെന്നു ക്നാനായകമ്മറ്റിയ്ക്കോ, അസ്സോസിയേഷൻ അംഗങ്ങളിൽ 25 പേരിൽ കുറയാത്തവർക്കോ അഭിപ്രായമുണ്ടാകുന്ന പക്ഷം മെത്രാപ്പോലീത്തായുടെ അനുവാദത്തോടുകൂടി സെക്രട്ടറി അസ്സോസിയേഷൻ വിളിച്ചുകൂട്ടേണ്ടതാകുന്നു. അപ്രകാരം തന്നെ ഏതെങ്കിലുമൊരു പള്ളിയിലെ ഇടവകയോഗാംഗങ്ങളിൽ രണ്ട് അസ്സോസിയേഷൻ അംഗങ്ങൾ ഉൾപ്പെടെ 100ൽ കുറയാത്ത ആളുകളോ ഒരു ഇടവകയോഗമോ സെക്രട്ടറിയേ രേഖാമൂലം കാരണസഹിതം അറിയിക്കുന്ന പക്ഷവും സെക്രട്ടറി മെത്രാപ്പോലീത്തായുടെ അനുമതിയോടുകൂടി അസ്സോസിയേഷൻ വിളിച്ചു കൂട്ടേണ്ടതാകുന്നു. ഇടവകയോഗാംഗങ്ങളുടെ അപേക്ഷയിൽ അതിലെ കയ്യൊപ്പുകാർ ഇടവകാംഗങ്ങളാണെന്നു വികാരി സാക്ഷിപ്പെടുത്തിയിരിക്കേണ്ടതാണ്.

**(സി)** അസ്സോസിയേഷനാൽ പാസ്സാക്കപ്പെട്ടവയും മെത്രാപ്പോലീത്തായാൽ അംഗീകരിക്കപ്പെട്ടവയുമായ നിശ്ചയങ്ങളെ ഭേദപ്പെടുത്തുന്നതിന് ക്നാനായ അസോസിയേഷനിലെ ആകെയുള്ള അംഗങ്ങളുടെ 51% എങ്കിലും അനുകൂലിച്ചിരിക്കേണ്ടതും അല്ലാതെ ഭേഗതി വരുത്തുവാൻ പാടില്ലാത്തതുമാകുന്നു.

**124.** (എ) അസ്സോസിയേഷന്റെ ഒരു വിശേഷാൽ /അടിയന്തിരയോഗം കൂടണമെന്നു സമുദായ മെത്രാപ്പോലീത്തായോ ക്നാനായകമ്മറ്റിയ്യോ, അസ്സോസിയേഷൻ അംഗങ്ങളിൽ 50 പേരിൽ കുറയാത്തവരോ രേഖാമൂലം ആവശ്യപ്പെടുന്ന പക്ഷം15 ദിവസത്തിനുള്ളിൽ സെക്രട്ടറി അസ്സോസിയേഷൻ യോഗം വിളിച്ചുകൂട്ടേണ്ടതാകുന്നു. ഇപ്രകാരം സെക്രട്ടറി യോഗം വിളിച്ചുകൂട്ടാത്തപക്ഷം സമുദായമെത്രാപ്പോലീത്തായ്ക്ക് നേരിട്ട് യോഗം വിളിച്ചുകൂട്ടാവുന്നതാണ്. പ്രസ്തുതയോഗത്തിൽ സെക്രട്ടറി നിസ്സഹകരിക്കുന്നപക്ഷം സെക്രട്ടറിയുടെ സ്ഥാനം സ്വയമേവ നഷ്ടപ്പെടുന്നതും പ്രസ്തുതസാഹചര്യത്തിൽ ഭദ്രസനസെക്രട്ടറി അസ്സോസിയേഷൻ സെക്രട്ടറിയുടെ ചുമത താൽക്കാലികമായി നിർവഹിക്കേണ്ടതുമാണ്.

അസ്സോസിയേഷൻ അംഗങ്ങളിൽ 50 പേർ രേഖാമൂലം ആവശ്യപ്പെട്ടിട്ടും സെക്രട്ടറിയോ മെത്രാപ്പോലീത്തയോ അസ്സോസിയേഷൻ യോഗം വിളിച്ചുകൂട്ടാത്തപക്ഷം, ആവശ്യപ്പെട്ടവരിൽ ആർക്കും യോഗം വിളിച്ചുകൂട്ടാവുന്നതും യോഗതീരുമാനങ്ങൾക്ക് ക്നാനായ അസ്സോസിയേഷനിലെ ആകെയുള്ള അംഗങ്ങളുടെ 51% യോജിക്കുന്ന പക്ഷം മാത്രം മെത്രാപ്പോലീത്തയുടെ അംഗീകാരത്തിനായി സമർപ്പിക്കാവുന്നതാണ്.

(ബി) ഏതെങ്കിലുമൊരു പള്ളിയിലെ ഇടവകയോഗാംഗങ്ങളിൽ രണ്ട് അസ്സോസിയേഷൻ അംഗങ്ങൾ ഉൾപ്പെടെ 100ൽ കുറയാത്ത ആളുകളോ ഒരു ഇടവകയോഗമോ സെക്രട്ടറിയേ രേഖാമൂലം കാര്യകാരണസഹിതം അറിയിക്കുന്ന പക്ഷം സെക്രട്ടറി സമുദായ മെത്രാപ്പോലീത്തായുടെ അനുമതിയോടുകൂടി അസ്സോസിയേഷൻ യോഗം വിളിച്ചു കൂട്ടേണ്ടതാകുന്നു. ഇടവകയോഗാംഗങ്ങളുടെ അപേക്ഷയിൽ അതിലെ കയ്യൊപ്പുകാർ ഇടവകാംഗങ്ങളാണെന്നു വികാരി സാക്ഷിപ്പെടുത്തിയിരിക്കേണ്ടതാണ്. വിശേഷാൽ / അടിയന്തിര യോഗത്തിന് 7 ദിവസത്തെ നോട്ടീസ് കൊടുത്താൽ മതിയാകും.

## അസ്സോസിയേഷന്റെ ചുമതലകൾ

**124. (1)**

1. സമുദായത്തിനു മെത്രാപ്പോലീത്ത/ സഹായമെത്രാപ്പോലിത്തമാർ എന്നിവരെയോ ഭരണാധികാരിയേയോ ആവശ്യമെന്നു ബോദ്ധ്യപ്പെടുമ്പോൾ മേൽ **82, 83, 84** വകുപ്പുകൾക്കു വിധേയമായി അർഹരായവരെ തെരഞ്ഞെടുക്കുക.

2. 109 -ാം വകുപ്പിൽ പറയുന്ന ഔദ്യോഗിക ഭാരവാഹികളെ തെരഞ്ഞെടുക്കുക.

3. ക്നാനായ അതിഭദ്രാസനത്തിലെ വിവിധ മേഖലകളിലെ ഭരണചുമതല സഹായമെത്രാപ്പോലീത്തന്മാർക്കു വിഭജിച്ചു നൽകുന്നതിനുള്ള നിശ്ചയങ്ങൾ കൈക്കൊണ്ട് ഭരണഘടന 123-ാം വകുപ്പുപ്രകാരം അത് നടപ്പാക്കുന്നതിന് സമുദായമെത്രാപ്പോലീത്തയ്ക്ക് സമർപ്പിക്കുക.

4. സമുദായ മെത്രാപ്പോലീത്തായ്ക്കോ, മേഖലമെത്രാപ്പോലീത്താന്മാർക്കോ അവരുടെ ചുമതല നിർവ്വഹിപ്പാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ സമുദായത്തിന്റെയോ മേഖലകളുടെയോ ഭരണത്തിന് ആവശ്യമായ ക്രമീകരണങ്ങൾ **84 (2)** വകുപ്പിനു വിധേയമായി കൈക്കൊള്ളുക.

5. വിശ്വാസപരമായോ, ഭരണപരമായോ, സാമ്പത്തികമായോ, സാന്മാർഗ്ഗീകപരമായോ കാര്യങ്ങളിൽ മെത്രാപ്പോലീത്തന്മാർ വീഴ്ചവരുത്തി എന്നു ബോദ്ധ്യപ്പെട്ടു ക്നാനായകമ്മറ്റി സമർപ്പിക്കുന്ന പരാതികളെക്കുറിച്ച് ആലോചിച്ച് 158 (ഐ) വകുപ്പ് അനുസരിച്ച് തീരുമാനങ്ങൾ ചെയ്യുക.

6. ഭരണകാര്യങ്ങളിൽ നിന്നും വിരമിക്കുന്ന മേല്പട്ടക്കാർക്കും അർഹരായ അവിവാഹിതപുരോഹിതന്മാർക്കും വിശ്രമജീവിതം നയിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുക.അവർക്കുള്ള വരുമാനങ്ങളിൽ നിന്നും ആസ്തികളിൽ നിന്നും ന്യായമായ സംഭാവനകൾ ഈ സ്ഥാപനത്തിന്റെ നടത്തിപ്പിലേയ്ക്ക് നൽകേണ്ടതാണ്.

7. പട്ടംകൊടക്കമ്മറ്റിയിലേക്കുള്ള 3 അത്മായ പ്രതിനിധികളെ തെരഞ്ഞെടുക്കുക.

8. സമുദായ കണക്കുകൾ പരിശോധിക്കുന്നതിന് ഓഡിറ്ററെ നിയമിക്കുകയും അദ്ദേഹത്തിനുള്ള പ്രതിഫലം നിശ്ചയിക്കുകയും ചെയ്യുക.9. ക്നാനായകമ്മറ്റി

തയ്യാറാക്കി സമർപ്പിക്കുന്ന വാർഷീക ബഡ്ജറ്റും, വാർഷീക കണക്കും, ബാക്കി പത്രവും, ഓഡിറ്റ് റിപ്പോർട്ടും, വാർഷീക റിപ്പോർട്ടും ചർച്ച ചെയ്ത് ഭേദഗതിക ളോടുകൂടിയോ അല്ലാതെയോ അംഗീകരിക്കുക.

10. സമുദായത്തിനുവേണ്ടി സ്ഥാവരജംഗമ വസ്തുക്കൾ വാങ്ങുകയോ, മെത്രാ പ്പോലീത്തൻമാരുടെ ആസ്ഥാനവും ഔദ്യോഗിക ചിഹ്നങ്ങളും ഒഴികെയുള്ളവ വിൽക്കുകയോ, പണയപ്പെടുത്തുകയോ, മൂന്നു വർഷത്തിൽ കവിഞ്ഞ കാല ത്തേക്കു സമുദായംവക വസ്തുക്കൾ പാട്ടത്തിനു കൊടുക്കുകയോ ചെയ്യുന്ന തിനുള്ള നിശ്ചയങ്ങൾ ചെയ്യുക.

11. വികാരിജനറാളും, ഭദ്രാസനസെക്രട്ടറിയും ഒഴികെ ക്നാനായ കമ്മറ്റിയിൽ ഉണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിന് അസ്സോസിയേഷൻ അംഗങ്ങളിൽ നിന്നും തെരഞ്ഞെടുപ്പു നടത്തുക.

12. സമുദായതലത്തിലോ മേഖലകളിലോ വിവിധ സ്ഥാപനങ്ങൾ നിർമ്മിക്കു ന്നതിനുള്ള തീരുമാനം എടുക്കുക.

13. സമുദായംവക വിവിധസ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി അവയുടെ നിലവിലുള്ള നിയമാവലികൾ അംഗീകരിക്കുകയോ ഭേദഗതികൾ വരുത്തുകയോ പുതിയവയ്ക്കു രൂപം നൽകുകയോ ചെയ്യുക.

14. സമുദായംവക സ്ഥാപനങ്ങളിലേയ്ക്കും, പ്രസ്ഥാനങ്ങളിലേയ്ക്കും അവ യുടെ നിയമാവലികൾക്കനുസൃതമായി ഭാരവാഹികളെ നിയമിക്കുക.

15. ക്നാനായകമ്മറ്റി തയ്യാറാക്കി സമർപ്പിക്കുന്ന വൈദിക സേവന വേതന വ്യ വസ്ഥകൾ ചർച്ചചെയ്ത് ആവശ്യമായ തീരുമാനം ചെയ്യുക.

16. കാലാകാലങ്ങളിൽ സമുദായത്തിലേയ്ക്കുള്ള വരുമാനങ്ങൾ പുതുക്കി നിശ്ച യിക്കുക.

17. അസോസിയേഷനാൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഔദ്യോഗീക ഭാരവാ ഹികളെ തക്കതായ കാരണത്തിന്റെ പേരിൽ നീക്കം ചെയ്യേണ്ടത് ആവശ്യമാ ണെന്ന് 50 ൽ കുറയാതെ അസോസിയേഷൻ അംഗങ്ങൾ പ്രമേയ രൂപേണ രേഖാമൂലം സമുദായമെത്രാപ്പോലീത്തായോട് ആവശ്യപ്പെടുന്ന സാഹചര്യത്തിൽ അദ്ദേഹം നേരിട്ടോ സമുദായ സെക്രട്ടറി മുഖേനയോ പ്രമേയം ലഭിച്ച് 60 ദിവ

## ക്നാനായ കമ്മറ്റി

**125.** (എ) ഭരണപരമായ കാര്യങ്ങളിൽ അസ്സോസിയേഷൻ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ മെത്രാപ്പോലീത്തായ്ക്ക് വേണ്ട ആലോചനകൾ നൽകുന്നതിനും പ്രസിഡന്റ്, സെക്രട്ടറി, വികാരി ജനറാൾ, ഭദ്രാസന സെക്രട്ടറി വൈദിക ട്രസ്റ്റി അൽമായ ട്രസ്റ്റി ഇവർ ഉൾപ്പെടെ 9 ൽ കുറയാതെയും 15 ൽ കൂടാതെയും അംഗങ്ങൾ ചേർന്ന് **"ക്നാനായ കമ്മറ്റി"** എന്നൊരു നിർവ്വാഹകസമിതി ഉണ്ടായിരിക്കേണ്ടതും വികാരി ജനറാളിനും ഭദ്രാസന സെക്രട്ടറിയ്ക്കും പുറമെയുള്ള അംഗങ്ങളെ അസ്സോസിയേഷൻ യോഗത്തിൽ നിന്നും തെരഞ്ഞെടുക്കേണ്ടതുമാകുന്നു. അസ്സോസിയേഷന്റെ അദ്ധ്യക്ഷൻ ക്നാനായകമ്മറ്റിയുടെ അദ്ധ്യക്ഷനും അസ്സോസിയേഷന്റെ സെക്രട്ടറി ക്നാനായകമ്മറ്റിയുടെ സെക്രട്ടറി യും ആയിരിക്കുന്നതാണ്. ക്നാനായ അസ്സോസിയേഷൻ സെക്രട്ടറിയും അൽമായ ട്രസ്റ്റിയും യഥാക്രമം സമുദായ സെക്രട്ടറി എന്നും സമുദായ ട്രസ്റ്റി എന്നും വിളിക്കപ്പെടുന്നതാണ്.

(ബി) 1. അസ്സോസിയേഷൻ യോഗത്തിൽ ആലോചനാ വിഷയമാക്കണമെന്ന് അസ്സോസിയേഷൻ അംഗങ്ങളാലോ സമുദായത്തിലെ ഏതെങ്കിലും ഇടവകയോഗത്താലോ എഴുതി അറിയിക്കപ്പെടുന്ന കാര്യങ്ങളെ സംബന്ധിച്ച് അടുത്ത യോഗത്തിൽ ആലോചനയ്ക്കായി കൊണ്ടുവരുന്നതിനും.

സങ്ങൾക്കുള്ളിൽ ക്നാനായ അസോസിയേഷന്റെ ഒരു വിശേഷാൽ യോഗം വിളിച്ചുകൂട്ടി, യുക്തമായ തീരുമാനം എടുക്കേണ്ടതാണ്. മേൽ പറഞ്ഞ പ്രകാരം നീക്കം ചെയ്യപ്പെടേണ്ടവരുടെ കൂട്ടത്തിൽ അസോസിയേഷൻ പ്രസിഡന്റും ഉൾപ്പെട്ടിരുന്നാൽ ഇപ്രകാരം കൂടുന്ന യോഗത്തിൽ വികാരി ജനറാൽ അദ്ധ്യക്ഷത വഹിക്കേണ്ടതാണ്. പ്രസ്തുത പ്രമേയം അംഗീകരിക്കപ്പെടുന്നതിന് ക്നാനായ അസോസിയേഷനിലെ ആകെയുള്ള അംഗങ്ങളുടെ **51%** ത്തിൽ കുറയാതെയുള്ളവരുടെ പിൻതുണ ലഭിച്ചിരിക്കേണ്ടതാണ്.

18. ഈ ഭരണഘടനയിൽ പ്രത്യേകം പ്രതിപാദിച്ചിട്ടില്ലാത്തതും സമുദായത്തിന്റെ പൊതുനന്മയ്ക്ക് ഉതകുന്നതുമായ നിശ്ചയങ്ങൾ ചെയ്യുക.

## ക്നാനായ കമ്മറ്റി

**125.** (എ) ഭരണപരവും സാമ്പത്തികവുമായ കാര്യങ്ങളിൽ അസ്സോസിയേഷനും ക്നാനായകമ്മറ്റിയും എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നതിന് മെത്രാപ്പോലീത്തൻമാർക്ക് വേണ്ട ആലോചനകൾ നൽകുന്നതിന് അസോസ്സിയേഷൻ പ്രസിഡന്റ്, സെക്രട്ടറി, വികാരി ജനറാൾ, ഭദ്രാസന സെക്രട്ടറി വൈദിക ട്രസ്റ്റി അൽമായ ട്രസ്റ്റി ഇവർ ഉൾപ്പെടെ 9 ൽ കുറയാതെയും 15 ൽ കവിയാതെ അംഗങ്ങൾ ചേർന്ന് **"ക്നാനായ കമ്മറ്റി"** എന്നൊരു നിർവ്വാഹകസമിതി ഉണ്ടായിരിക്കേണ്ടതും മുകളിൽ പറയപ്പെട്ട 6 ഔദ്യോഗിക ഭാരവാഹികൾക്കു പുറമേ 9 ൽ കവിയാത്ത അംഗങ്ങളെ അസ്സോസിയേഷൻ യോഗാംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കേണ്ടതുമാകുന്നു. അസ്സോസിയേഷന്റെ അദ്ധ്യക്ഷൻ ക്നാനായകമ്മറ്റിയുടെ അദ്ധ്യക്ഷനും അസ്സോസിയേഷന്റെ സെക്രട്ടറി ക്നാനായ കമ്മറ്റിയുടെ സെക്രട്ടറിയും ആയിരിക്കുന്നതാണ്. ക്നാനായ അസ്സോസിയേഷൻ സെക്രട്ടറിയും അൽമായ ട്രസ്റ്റിയും യഥാക്രമം സമുദായ സെക്രട്ടറി എന്നും സമുദായ ട്രസ്റ്റി എന്നും വിളിക്കപ്പെടുന്നതാണ്.

## ക്നാനായ കമ്മറ്റിയുടെ ചുമതലകൾ

(ബി) 1. അസ്സോസിയേഷൻ യോഗത്തിൽ ആലോചനാ വിഷയമാക്കണമെന്ന് അസ്സോസിയേഷൻ അംഗങ്ങളാലോ സമുദായത്തിലെ ഏതെങ്കിലും ഇടവകയോഗത്താലോ എഴുതി അറിയിക്കപ്പെടുന്ന കാര്യങ്ങളെ സംബന്ധിച്ച് അടുത്ത യോഗത്തിൽ ആലോചനയ്ക്കായി കൊണ്ടുവരിക.

2. സമുദായസംബന്ധമായ അത്യാവശ്യ കാര്യങ്ങൾ അസ്സോസിയേഷന്റെ അനുവാദത്തെ പ്രതീക്ഷിച്ചുകൊണ്ട് നടത്തുന്നതിനും.

3. മെത്രാപ്പോലീത്താ അംഗീകരിക്കുന്ന അസ്സോസിയേഷൻ നിശ്ചയങ്ങളിൽ കമ്മറ്റിയാൽ നടത്തപ്പെടേണ്ടവയെ നടപ്പിൽ വരുത്തുന്നതിനും

4. ഈ ഭരണഘടനയിൽ കമ്മറ്റിക്കു പ്രത്യേകം നിശ്ചയിച്ചിരിക്കുന്ന ചുമതലകളെ നിർവ്വഹിക്കുന്നതിനും

5. താഴെ 133-ാം വകുപ്പിൽ പറയുന്ന കമ്മറ്റികളെ തെരഞ്ഞെടുക്കുക, പൊതു ട്രസ്റ്റു സ്വത്തുക്കളുടെയും മറ്റും വാർഷിക കണക്കു പാസ്സാക്കുക ഓഡിറ്റർമാരുടെ റിപ്പോർട്ടു പരിഗണിക്കുക, അസ്സോസിയേഷനും കമ്മറ്റിയും കൂടേണ്ട സ്ഥലം, സമയം, അജണ്ട മുതലായവ നിശ്ചയിക്കുക, സമുദായത്തിനുവേണ്ടി സ്വത്തുക്കൾ സമ്പാദിക്കുന്നതിനാവശ്യമായ നിശ്ചയങ്ങൾ എടുക്കുക, സമുദായംവക സ്ഥാവര സ്വത്തുക്കൾ കടപ്പെടുത്തുകയോ വിൽക്കുകയോ ചെയ്യുന്നതിന് അസ്സോസിയേഷനിൽ അവതരിപ്പിച്ച് അനുവാദം വാങ്ങുക, ടി. വസ്തുക്കൾ മൂന്നുകൊല്ലത്തിൽ കവിയാത്ത കാലത്തേക്കു കൂലിക്കുകൊടുത്തോ, പാട്ടത്തിന് ഏല്പിച്ചോ, മറ്റു വിധത്തിലോ ആദായമെടുക്കുക, മെത്രാപ്പോലീത്തായുടെ അറിവോടുകൂടി സമുദായം വക ജംഗമസ്വത്തുക്കളിൽ മെത്രാപ്പോലീത്തായുടെ സ്ഥാനചിഹ്നമൊഴിച്ചുള്ളവ വിൽക്കുകയോ, കടപ്പെടുത്തുകയോ ചെയ്യുക, ധനാഗമനവിനിയോഗ നിശ്ചയങ്ങളെടുക്കുക, സമുദായം വക പൊതുസ്വത്തുക്കളുടെ ഭരണത്തിനും നടത്തിപ്പിനും ആവശ്യമായ തീരുമാനങ്ങൾ ചെയ്യുകയും അവയുടെ മേൽനോട്ടം വഹിക്കുകയും, അവയുടെ ഭരണത്തിനു പ്രത്യേകം പ്രത്യേകമായി ചുമതലക്കാരെ നിയമിക്കുക, ആതുരാലയങ്ങൾ ആരോഗ്യനികേതനങ്ങൾ, ശുശ്രൂഷാലയങ്ങൾ, വിദ്യാഭ്യാസ

2. സമുദായസംബന്ധമായ അത്യാവശ്യ കാര്യങ്ങൾ അസ്സോസിയേഷന്റെ അനുവാദത്തെ പ്രതീക്ഷിച്ചുകൊണ്ട് നടത്തുക.

3. സമുദായത്തിന്റെ സമഗ്രമായ വികസനം ലക്ഷ്യം വച്ചുകൊണ്ട് മെത്രാപ്പോലീത്തൻ കൗൺസിലുമായി ആലോചിച്ച് 5 വർഷ ഹ്യസ്വകാല പദ്ധതിയും ദീർഘകാല പദ്ധതിയും ആവിഷ്ക്കരിച്ച് ക്നാനായ അസോസിയേഷന്റെ അംഗീകാരത്തോടുകൂടി നടപ്പാക്കുക.

4. മെത്രാപ്പോലീത്താ അംഗീകരിക്കുന്ന അസ്സോസിയേഷൻ നിശ്ചയങ്ങളിൽ കമ്മറ്റിയാൽ നടത്തപ്പെടേണ്ടവയെ നടപ്പിൽ വരുത്തുക.

സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വൃദ്ധസദനങ്ങൾ, ആശ്വാസാദായക കേന്ദ്രങ്ങൾ, മെഡിക്കൽ, പാരമെഡിക്കൽ, എഞ്ചിനീയറിംഗ് സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ ആരംഭിക്കുക ഉള്ളവയുടെ നടത്തിപ്പിനാവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കുകയും മേൽ നോട്ടത്തിന് ആളുകളെ നിശ്ചയിക്കുക, സമുദായത്തിന്റെ ഉന്നമനത്തിനാവശ്യമായ പ്രസിദ്ധീകരണങ്ങൾ തുടങ്ങുകയും അവയുടെ മേൽനോട്ടം വഹിക്കുകയും സമുദായം വക സ്ഥാപനങ്ങളിലും സമുദായ ആസ്ഥാനത്തും, സമുദായം വക എല്ലാ ട്രസ്റ്റുകളിലും, ചാരിറ്റബിൾ സൊസൈറ്റികൾ ഉൾപ്പെടെ എല്ലാ സൊസൈറ്റികളിലും ചുമതലക്കാരെ നിയമിക്കുകയും നീക്കുകയും ചെയ്യുക എന്നിവകൾ ക്നാനായ കമ്മറ്റിയുടെ പ്രധാന ചുമതലകളാകുന്നു.

5. ഈ ഭരണഘടനയിൽ കമ്മറ്റിക്കു പ്രത്യേകം നിശ്ചയിച്ചിരിക്കുന്ന ചുമതലകളെ നിർവ്വഹിക്കുക.

6. താഴെ 133-ാം വകുപ്പിൽ പറയുന്ന സബ് കമ്മറ്റികളെ തെരഞ്ഞെടുക്കുക, സമുദായ കണക്കുകൾ പരിശോധിക്കുന്നതിന് ഇന്റേണൽ ഓഡിറ്ററെ നിശ്ചയിക്കുക, ഓഡിറ്ററൻമാരുടെ റിപ്പോർട്ട് പരിഗണിക്കുക. സമുദായത്തിന്റെ പാദവാർഷിക(Quarterly), അർദ്ധവാർഷിക, വാർഷിക വരവുചെലവ് കണക്കുകൾ ചർച്ച ചെയ്ത് പാസ്സാക്കുകയും, വാർഷിക കണക്ക് അസോസിയേഷന്റെ അംഗീകാരത്തിനായി സമർപ്പിക്കുക, അസ്സോസിയേഷനും കമ്മറ്റിയും കൂടേണ്ട സ്ഥലം, സമയം, അജണ്ട മുതലായവ നിശ്ചയിക്കുക, സമുദായത്തിനുവേണ്ടി ട്രസ്റ്റികളുടെ പേരിൽ മാത്രം സ്ഥാവരജംഗമസ്വത്തുക്കൾ സമ്പാദിക്കുന്നതിനാവശ്യമായ നിശ്ചയങ്ങൾ ചെയ്യുക, സമുദായം വക സ്ഥാവര സ്വത്തുക്കളിൽ മെത്രാപ്പോലീത്തന്മാരുടെ ആസ്ഥാനം ഒഴികെയുള്ളവ കടപ്പെടുത്തുകയോ വിൽക്കുകയോ ചെയ്യുന്നതിനുള്ള തീരുമാനങ്ങൾ അസ്സോസിയേഷനിൽ അവതരിപ്പിച്ച് അനുവാദം വാങ്ങുക, ടി. വസ്തുക്കൾ മൂന്നുകൊല്ലത്തിൽ കവിയാത്ത കാലത്തേക്കു കൂലിക്കുകൊടുത്തോ, പാട്ടത്തിന് ഏല്പിച്ചോ, മറ്റു വിധത്തിലോ ആദായമെടുക്കുക, മെത്രാപ്പോലീത്ത ന്മാരുടെ അറിവോടുകൂടി സമുദായം വക ജംഗമസ്വത്തുക്കളിൽ മെത്രാപ്പോലീത്തന്മാരുടെ സ്ഥാനചിഹ്നമൊഴിച്ചുള്ളവ വിൽക്കുകയോ, കടപ്പെടുത്തുകയോ ചെയ്യുക, ധനാഗമനവിനിയോഗ നിശ്ചയങ്ങളെടുക്കുക, സമുദായം വക പൊതുസ്വത്തുക്കളുടെ ഭരണത്തിനും നടത്തിപ്പിനും ആവശ്യമായ തീരുമാനങ്ങൾ ചെയ്യുകയും അവയുടെ മേൽനോട്ടം വഹിക്കുകയും, അവയുടെ ഭരണത്തിന് അതാതിന്റെ ഭരണ ഘടനക്കനുസൃതമായി പ്രത്യേകം ചുമതലക്കാരെ നിയമിക്കുക, ആതുരാലയങ്ങൾ ആരോഗ്യനികേതനങ്ങൾ, ശുശ്രൂഷാലയങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വൃദ്ധസദനങ്ങൾ, ആശ്വാസാദായക കേന്ദ്രങ്ങൾ, മെഡിക്കൽ, പാരമെഡിക്കൽ, എഞ്ചിനീയറിംഗ് സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ മുതലായവ ആരംഭിക്കുക ഉള്ളവയുടെ നടത്തിപ്പിനാവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കുകയും മേൽ നോട്ടത്തിന് ആളുകളെ നിശ്ചയിക്കുകയും ചെയ്യുക. സമുദായത്തിന്റെ ഉന്നമനത്തിനാവശ്യമായ പ്രസിദ്ധീകരണങ്ങൾ തുടങ്ങുകയും അവയുടെ മേൽനോട്ടം വഹിക്കുകയും സമുദായം വക സ്ഥാപനങ്ങളിലും സമുദായ ആസ്ഥാനത്തും, സമുദായം വക എല്ലാ ട്രസ്റ്റുകളിലും, ചാരിറ്റബിൾ സൊസൈ

റ്റികൾ ഉൾപ്പെടെ എല്ലാ സൊസൈറ്റികളിലും അതാതിന്റെ ഭരണഘടനയ്ക്ക് വിധേയമായി ചുമതലക്കാരെ നിയമിക്കുകയും നീക്കുകയും ചെയ്യുക എന്നിവകൾ ക്നാനായ കമ്മറ്റിയുടെ പ്രധാന ചുമതലകളാകുന്നു.

**(സി)** ക്നാനായ അസോസിയേഷന്റേയും ക്നാനായ കമ്മറ്റിയുടേയും നടത്തിപ്പിൽ അസോസിയേഷൻ പ്രസിഡന്റോ/ സെക്രട്ടറിയോ/ ട്രസ്റ്റികളോ/ ക്നാനായ കമ്മറ്റി അംഗങ്ങളോ മനഃപൂർവ്വം സഹകരിച്ച് പ്രവർത്തിക്കാതെ വരുന്ന സാഹചര്യത്തിൽ ക്നാനായ കമ്മറ്റിയിലെ ഭൂരിപക്ഷം അംഗങ്ങളോ, ക്നാനായ അസോസിയേഷനിലെ 50 ൽ കുറയാതെയുള്ള അംഗങ്ങളോ രേഖാമൂലം സമുദായ മെത്രാപ്പോലീത്തായെ അറിയിക്കേണ്ടതും ഉത്തരവാദികളായ മുകൾപറഞ്ഞ ഔദ്യോഗീക ഭാരവാഹികളെ തൽസ്ഥാനത്തുനിന്ന് താൽക്കാലികമായി മാറ്റി പകരം വികാരി ജനറാളിനെ താൽക്കാലിക ഭരണ ചുമതല ഏല്പിക്കേണ്ടതാണ്. മാറ്റപ്പെടുന്ന പ്രസിഡന്റ്/ സെക്രട്ടറി/ട്രസ്റ്റിമാർ/ കമ്മറ്റിയംഗങ്ങൾ എന്നിവർ അവരുടെ പക്കലുള്ള എല്ലാ റെക്കാഡുകളും, പണവും വികാരി ജനറാളിനെ ഏല്പിച്ച് രസീത് വാങ്ങേണ്ടതാണ്. മൂന്നു മാസത്തിനകം സമുദായ മെത്രാപ്പൊലീത്ത നേരിട്ടോ സമുദായ സെക്രട്ടറി മുഖേനയോ ക്നാനായ അസോസിയേഷൻ ക്രമപ്രകാരം വിളിച്ചുകൂട്ടി യുകതമായ തീരുമാനം എടുക്കേണ്ടതാണ്. പ്രസ്തുത തീരുമാനത്തിന് കനാനായ അസോസിയേഷനിലെ ആകെയുള്ള അംഗങ്ങളുടെ **51%** ൽ കുറയാതെയുള്ളവരുടെ പിന്തുണ ലഭിച്ചിരിക്കേണ്ടതാണ്. മേൽ പറഞ്ഞ പ്രകാരം നീക്കം ചെയ്യപ്പെടേണ്ടവരുടെ കൂട്ടത്തിൽ അസോസിയേഷൻ പ്രസിഡന്റും ഉൾപ്പെട്ടിരുന്നാൽ ഇപ്രകാരം കൂടുന്ന യോഗത്തിൽ വികാരിജനറാൽ അദ്ധ്യക്ഷത വഹിക്കേണ്ടതാണ്.

**126.** അദ്ധ്യക്ഷൻ, വികാരി ജനറാൾ, ഭദ്രാസന സെക്രട്ടറി എന്നിവർ ഒഴികെയുള്ള കമ്മറ്റിയിലെ അംഗങ്ങളിൽ ന്യൂനപക്ഷത്തോളം വരുന്ന ഒഴിവുകൾക്ക് അസ്സോസിയേഷൻ അംഗങ്ങളിൽ നിന്ന് പകരം ആളുകളെ അടുത്ത അസ്സോസിയേഷൻ യോഗംവരെ ഉള്ള കാലത്തേയ്ക്ക് തെരഞ്ഞെ

**126. മാറ്റമില്ല**

ടുക്കുന്നതിന് ക്നാനായകമ്മറ്റിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. അടുത്ത അസ്സോസിയേഷൻ യോഗം അവരെ മുഴുവനായോ അംശമായോ സ്ഥിരപ്പെടുത്തുകയോ വേറെ ആളുകളെ നിയമിക്കുകയോ ചെയ്യേണ്ടതാകുന്നു.

**127.** അസ്സോസിയേഷൻ സെക്രട്ടറിയുടെ നോട്ടീസ് അനുസരിച്ച് മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ക്നാനായകമ്മറ്റികൂടേണ്ടതും കമ്മറ്റിയോഗത്തിലെ നടപടികൾ ഒരു പ്രത്യേക പുസ്തകത്തിൽ സെക്രട്ടറി അപ്പഴപ്പോൾ രേഖപ്പെടുത്തി പകർപ്പു മെത്രാപ്പോലീത്തായ്ക്കു അയച്ചുകൊള്ളേണ്ടതുമാകുന്നു.കമ്മറ്റിയോഗം സാധാരണയായി സെക്രട്ടറി വിളിച്ചു കൂട്ടേണ്ടതാണെങ്കിലും അതിനു സൗകര്യമില്ലാതെ വന്നാൽ ഏതു കമ്മറ്റി അംഗത്തിനും കമ്മറ്റിയോഗം വിളിച്ചുകൂട്ടാവുന്നതാണ്. കമ്മറ്റിയുടെ കോറം അനുദ്യോഗസ്ഥന്മാരായ ഏതെങ്കിലും രണ്ടംഗങ്ങൾ ഉൾപ്പെടെ അഞ്ച് അംഗങ്ങൾ ആയിരിക്കുന്നതാണ്. കമ്മറ്റിയുടെ നടത്തയെ ക്രമീകരിക്കുന്ന മറ്റു ചട്ടങ്ങൾ കമ്മറ്റി തന്നെ ഉണ്ടാക്കേണ്ടതാകുന്നു.

**128.** സമുദായത്തിന്റെ വരവിനും ചെലവിനും ഒരു ബഡ്ജറ്റ് ട്രസ്റ്റികൾ മെത്രാപ്പോലീത്തായുടെ അറിവോടുകൂടി തയ്യാറാക്കി കമ്മറ്റിയിൽ പാസ്സാക്കിയശേഷം അസ്സോസിയേഷൻ വിളിച്ചുകൂട്ടി അതിൽ അവതരിപ്പിക്കേണ്ടതാണ്. അസ്സോസിയേഷൻ പാസ്സാക്കിയ ബഡ്ജറ്റ് അനുസരിച്ച് മാത്രം സമുദായം വക പണം ട്രസ്റ്റികൾ ചെലവു ചെയ്യേണ്ടതാകുന്നു.എന്നാൽ അത്യാവശ്യ സന്ദർഭങ്ങളിൽ അസ്സോസിയേഷന്റെ അനുവാദത്തെ പ്രതീക്ഷിച്ച് ആണ്ടിൽ 50,000/- രൂപയിൽ കവിയാത്ത സംഖ്യ കമ്മറ്റിയുടെ ആലോചനയോടുകൂടി ചെലവു ചെയ്യുന്നതിനു ട്രസ്റ്റികൾക്ക് അധികാരമുള്ളതും വിവരം അടുത്ത അസ്സോസിയേഷനിൽ പ്രസ്താവിക്കേണ്ടതും ആകുന്നു.ബഡ്ജറ്റ് പാസ്സാക്കുന്ന യോഗത്തിൽ വച്ചു തന്നെ തന്നാണ്ടത്തെ

**127.** അസ്സോസിയേഷൻ സെക്രട്ടറിയുടെ നോട്ടീസ് അനുസരിച്ച് മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ക്നാനായകമ്മറ്റികൂടേണ്ടതാണ്. കമ്മറ്റിയോഗം സാധാരണയായി സെക്രട്ടറി വിളിച്ചു കൂട്ടേണ്ടതാണെങ്കിലും അതിനു സൗകര്യമില്ലാതെ വന്നാൽ ഏതു കമ്മറ്റി അംഗത്തിനും കമ്മറ്റിയോഗം വിളിച്ചു കൂട്ടാവുന്നതാണ്. കമ്മറ്റിയുടെ കോറം അനുദ്യോഗസ്ഥന്മാരായ ഏതെങ്കിലും രണ്ടംഗങ്ങൾ ഉൾപ്പെടെ അഞ്ച് അംഗങ്ങൾ ആയിരിക്കുന്നതാണ്. കമ്മറ്റിയുടെ സുഗമമായ നടത്തിപ്പിനാവശ്യമായ മറ്റ് ചട്ടങ്ങൾ കമ്മറ്റി തന്നെ ഉണ്ടാക്കേണ്ടതാകുന്നു.

**128. Transfered as 115 (C 5)**

ആഡിറ്ററെ തെരഞ്ഞെടുക്കേണ്ടതും പ്രതിഫലം നിശ്ചയിക്കേണ്ടതുമാകുന്നു.

**129.** പ്രതിവർഷം ഏപ്രിൽ മുതൽ സെപ്തംബർ വരെയുള്ള ആറുമാസത്തെ വരവുചിലവുക്കണക്കുകൾ തയ്യാറാക്കി സൂക്ഷിക്കുകയും അതിന്റെ ഒരു പ്രതി അടുത്ത നവംബർ 30 – നകം മെത്രാപ്പോലീത്തായ്ക്ക് അയച്ചുകൊടുക്കുകയും ചെയ്യേണ്ടതാകുന്നു.

**130.** എല്ലാ ആഗസ്റ്റു 31 നു മുമ്പ് അസ്സോസിയേഷൻ വിളിച്ചുകൂട്ടി തലേ ആണ്ടത്തെ സമുദായ കണക്കുകളും വരവ് ചെലവ് കണക്കുകളും, സാക്ഷിപത്രവും, ബാക്കിപത്രവും, റിപ്പോർട്ടും കമ്മറ്റിയിൽ നിന്നു തയ്യാറാക്കി കണക്കു പരിശോധകന്റെ സാക്ഷിയോടുകൂടി അവതരിപ്പിക്കേണ്ടതാണ്. ബാക്കിപത്രത്തിൽ ട്രസ്റ്റികളും, അസ്സോസിയേഷൻ സെക്രട്ടറിയും കൂടാതെ ഒരു കമ്മറ്റി അംഗം കൂടി ഒപ്പിടേണ്ടതും അസ്സോസിയേഷൻ യോഗത്തീയതിയക്ക് 21 ദിവസം മുമ്പ് ബാക്കിപത്രത്തിന്റെയും, വരവ് ചെലവ് സാക്ഷിപത്രത്തിന്റെയും, റിപ്പോർട്ടിന്റെയും, അച്ചടിച്ച ഓരോ പ്രതി അസ്സോസിയേഷൻ അംഗങ്ങൾക്ക് അയച്ചുകൊടുക്കേണ്ടതാകുന്നു.

**131.** അതതു ഗഡുക്കളിൽ സെക്രട്ടറി അസ്സോസിയേഷൻ വിളിച്ചുകൂട്ടാത്തപക്ഷം ക്നാനായക്കമ്മറ്റിയ്ക്കോ മെത്രാപ്പോലീത്തായ്ക്കോ വിളിച്ചുകൂട്ടാവുന്നതാണ്.

**132.** അസ്സോസിയേഷൻ അംഗങ്ങളിൽ ആർക്കെങ്കിലും നോട്ടീസ് കിട്ടിയില്ല എന്ന കാരണത്താലോ, അവരിൽ ആരുടെയെങ്കിലും നിയമനം അസാധുവാകുന്നു എന്നകാരണത്താലോ,അംഗത്തെ നിയമിക്കുവാൻ അവകാശമുള്ളവർ

**129.** സമുദായത്തിന്റെ വരവുചെലവ് കണക്കുകൾ ട്രസ്റ്റികൾഎല്ലാ മൂന്നു മാസത്തിലും തയ്യാറാക്കി കമ്മറ്റിയിൽ ചർച്ച ചെയ്ത് അംഗീകാരം നേടി അതിന്റെ ഒരു പ്രതി മെത്രാപ്പോലീത്തന്മാർക്കും, മറ്റൊരു പ്രതി ക്നാനായ കമ്മറ്റി അംഗങ്ങൾക്കും സെക്രട്ടറി അയച്ചുകൊടുക്കുകയും ചെയ്യേണ്ടതാകുന്നു.

**130.** എല്ലാ ജൂലൈ 31 നു മുമ്പ് അസ്സോസിയേഷൻ വിളിച്ചുകൂട്ടി തലേ ആണ്ടത്തെ സമുദായ കണക്കുകളും വരവ് ചെലവ് കണക്കുകളും, സാക്ഷിപത്രവും, ബാക്കിപത്രവും, റിപ്പോർട്ടും കമ്മറ്റിയിൽ നിന്നു തയ്യാറാക്കി കണക്കു പരിശോധകന്റെ **റിപ്പോർട്ടോടുകൂടി** അവതരിപ്പിക്കേണ്ടതാണ്. ബാക്കിപത്രത്തിൽ ട്രസ്റ്റികളും, അസ്സോസിയേഷൻ സെക്രട്ടറിയും കൂടാതെ ഒരു കമ്മറ്റി അംഗവും കൂടി ഒപ്പിടേണ്ടതും അസ്സോസിയേഷൻ യോഗത്തീയതിയക്ക് 21 ദിവസം മുമ്പ് ബാക്കിപത്രത്തിന്റെയും, വരവ് ചെലവ് കണക്കിന്റേയും, ഓഡിറ്റ് റിപ്പോർട്ടിന്റേയും, വാർഷിക റിപ്പോർട്ടിന്റേയും അച്ചടിച്ച ഓരോ പ്രതി അസ്സോസിയേഷൻ അംഗങ്ങൾക്കും മെത്രാപ്പോലീത്തന്മാർക്കും അയച്ചുകൊടുക്കേണ്ടതാകുന്നു.

**131.** മേൽ 120-ാം വകുപ്പിൻ പ്രകാരം അതതു ഗഡുക്കളിൽ സെക്രട്ടറി അസ്സോസിയേഷൻ വിളിച്ചുകൂട്ടാത്തപക്ഷം ക്നാനായക്കമ്മറ്റിയ്ക്കോ സമുദായ മെത്രാപ്പോലീത്തായ്ക്കോ അസോസിയേഷൻ യോഗം വിളിച്ചുകൂട്ടാവുന്നതാണ്.

**132.** **മാറ്റമില്ല**

നിയമിച്ചില്ലെന്ന കാരണത്താലോ അസ്സോസിയേഷൻ യോഗനടപടികൾ ഒന്നും തന്നെ അസാധുവായി വരുന്നതല്ല

**133.** ക്നാനായകമ്മറ്റിയുടെ കാര്യക്ഷമമായ. പ്രവർത്തനത്തിനും വിദഗ്ദോപദേശലബ്ദിക്കുമായി ധനകാര്യബോർഡ്, സുവിശേഷബോർഡ്, വിദ്യാഭ്യാസബോർഡ് ആദിയായി സബ്കമ്മറ്റികൾ ഏർപ്പെടുത്താവുന്നതും, ഓരോ സബ് കമ്മറ്റിയിലേക്കും അതതു വിഷയത്തിൽ നല്ല പരിജ്ഞാനമുള്ള മൂന്നംഗങ്ങളിൽ കുറയാത്ത ആളുകളെ കമ്മറ്റിയോ അസ്സോസിയേഷനോ തെരഞ്ഞെടുക്കേണ്ടതും, ബോർഡിന്റെ അഭിപ്രായം ഗ്രഹിച്ചതിനുശേഷം ക്നാനായകമ്മറ്റി വേണ്ട തീരുമാനം ചെയ്യേണ്ടതുമാകുന്നു.

**133.** ക്നാനായകമ്മറ്റിയുടെ കാര്യക്ഷമമായ. പ്രവർത്തനത്തിനും വിദഗ്ധോപദേശലബ്ധിക്കുമായി ധനകാര്യബോർഡ്, സുവിശേഷ ബോർഡ്, വിദ്യാഭ്യാസ ബോർഡ്, പ്ലാനിങ്ങ് ബോർഡ്, പരിസ്ഥിതി ബോർഡ് Ecuminical Affairs Board ആദിയായി സബ്കമ്മറ്റികൾ ഏർപ്പെടുത്താവുന്നതും, ഓരോ സബ് കമ്മറ്റിയിലേക്കും അതതു വിഷയത്തിൽ നല്ല പരിജ്ഞാനമുള്ള മൂന്നംഗങ്ങളിൽ കുറയാത്ത ആളുകളെ കമ്മറ്റി തെരഞ്ഞെടുക്കേണ്ടതും, ബോർഡിന്റെ അഭിപ്രായം ഗ്രഹിച്ചതിനുശേഷം ക്നാനായകമ്മറ്റി വേണ്ട തീരുമാനം ചെയ്യേണ്ടതുമാകുന്നു.

**134.** **(എ)** മെത്രാപ്പോലീത്തായുടെ അറിവോടുകൂടി സമുദായം വക ജംഗമസ്വത്തുക്കളിൽ മെത്രാപ്പോലീത്തായുടെ സ്ഥാനചിഹ്നങ്ങൾ ഒഴിച്ചുള്ളവ വിൽക്കുകയോ കടപ്പെടുത്തുകയോ ചെയ്യുന്നതിനും സ്ഥാവര വസ്തുക്കളിൽ മെത്രാപ്പോലീത്തായുടെ ആസ്ഥാനമാകുന്ന ചിങ്ങവനം മാർ അപ്രേം സെമിനാരിയും അതിരിക്കുന്ന പുരയിടവും ഒഴിച്ചുള്ളവ മൂന്നു കൊല്ലത്തിൽ കവിയാത്ത കാലത്തേക്കു കൂലിക്കു കൊടുത്തോ, പാട്ടത്തിനു ഏല്പിച്ചോ, മറ്റു വിധത്തിലോ ആദായം എടുക്കുന്നതിനും ക്നാനായകമ്മറ്റിയുടെ തീരുമാനപ്രകാരം ട്രസ്റ്റികൾക്ക് അധികാരമുള്ളതാകുന്നു.

**(ബി)** സ്ഥാവരവസ്തുക്കൾ വില്ക്കുകയോ, പണയപ്പെടുത്തുകയോ, മൂന്നു കൊല്ലത്തിൽ കവിഞ്ഞ കാലത്തേയ്ക്ക്കൂലിക്കോ, പാട്ടത്തിനോ ഏല്പിക്കുകയോ മറ്റുവിധത്തിൽ ബാദ്ധ്യതപ്പെടുത്തുകയോ ചെയ്യുന്നതിന് അസ്സോസിയേഷൻ നിശ്ചയം ഉണ്ടായിരിക്കേണ്ടതാണ്.

**134. Transferred as 115**

**135.** സമുദായംവക സ്ഥാവരജംഗമ സ്വത്തുക്കളുടെ വിവരമായ പട്ടിക അടങ്ങിയ ഒരു സ്റ്റോക്ക് രജിസ്റ്റർ മെത്രാപ്പോലീത്തായുടെ പക്കൽ

**C (7) 135. Modified and Transferred as 115 C (9)**

ഉണ്ടായിരിക്കുന്നതും ആയതിന്റെ ഒരു പകർപ്പ് ഒപ്പും മുദ്രയും വച്ച് മെത്രാപ്പോലീത്താ ട്രസ്റ്റികളെ ഏല്പിക്കുന്നതും അപ്പോൾ ട്രസ്റ്റികളുടെ പക്കൽ ഏല്പിച്ചിട്ടുള്ള സമുദായം വക സ്ഥാവരജംഗമസ്വത്തുക്കൾ കൈയ്പ്പറ്റിയിരിക്കുന്നതായി ഒരു രസീത് എഴുതി ഒപ്പിട്ട് ട്രസ്റ്റികൾ മെത്രാപ്പോലീത്തായെ ഏല്പിക്കേണ്ടതുമാകുന്നു. ട്രസ്റ്റികൾ മാറുമ്പോൾ പുതുതായി തെരഞ്ഞെടുക്കുന്ന ട്രസ്റ്റികളെ തങ്ങളുടെ പക്കലുള്ള രജിസ്റ്റർ അനുസരിച്ചുള്ള സാമാനങ്ങളും, ഇരുപ്പുപണവും, താക്കോലുകളും, റിക്കാർഡുകളും പഴയ ട്രസ്റ്റികൾ ഏല്പിച്ച് രസീത് വാങ്ങി മെത്രാപ്പോലീത്തായെ ഏല്പിച്ചുകൊള്ളുകയും ആദ്യ രസീത് തിരികെ വാങ്ങിച്ചുകൊള്ളുകയും ചെയ്യേണ്ടതാകുന്നു.

**136.** സമുദായം സംബന്ധിച്ചുള്ള വ്യവഹാരങ്ങളിൽ ട്രസ്റ്റികൾമാത്രം കക്ഷി ആയിരിക്കേണ്ടതാകുന്നു.

**136. Deleted ( Refer 115 (C)( 4)**

**137.** (എ) അസ്സോസിയേഷൻ യോഗങ്ങളിൽ ഹാജരാകുന്ന അംഗങ്ങളിൽ വൈദികരുൾപ്പെടെയുള്ള ഇടവകപ്രതിനിധികളുടെ യഥാർത്ഥമായ ചിലവ് അവരവരുടെ ബിൽ അനുസരിച്ച് ഇടവകപള്ളികളിലും ക്നാനായ കമ്മറ്റിക്കു ഹാജരാകുന്ന കമ്മറ്റി അംഗങ്ങളുടെ ചെലവ് സമുദായവും വഹിക്കേണ്ടതാകുന്നു.

(ബി) അനൗദ്യോഗിക പ്രമേയങ്ങൾ അവതരിപ്പിക്കുവാൻ ആഗ്രഹിക്കുന്ന അസ്സോസിയേഷൻ അംഗങ്ങൾ അസ്സോസിയേഷൻ യോഗത്തിന് ഇരുപത്തിനാല് മണിക്കൂർ മുമ്പ് പ്രമേയം അദ്ധ്യക്ഷനെയോ സെക്രട്ടറിയെയോ ഏല്പിക്കുന്ന പക്ഷം അദ്ധ്യക്ഷന്റെ വിവേചനയ്ക്കു വിധേയമായി ആ പ്രമേയങ്ങൾ ആലോചനയ്ക്ക് എടുക്കാവുന്നതാകുന്നു.

**137.** (എ) അസ്സോസിയേഷൻ യോഗങ്ങളിൽ ഹാജരാകുന്ന അംഗങ്ങളിൽ വൈദികരുൾപ്പെടെയുള്ള ഇടവകപ്രതിനിധികളുടെ യഥാർത്ഥമായ ചെലവ് അവരവരുടെ ബിൽ അനുസരിച്ച് ഇടവകപള്ളികളും ക്നാനായ കമ്മറ്റിക്കു ഹാജരാകുന്ന കമ്മറ്റി അംഗങ്ങളുടെ ചെലവ് സമുദായവും വഹിക്കേണ്ടതാകുന്നു.

(ബി) **മാറ്റമില്ല**

## അദ്ധ്യായം 7
## ധനകാര്യം, നിധികൾ

**138.** സമുദായത്തിനു താഴെപ്പറയുന്ന നിധികൾ ഉണ്ടായിരിക്കേണ്ടതാണ്.
(a) കേന്ദ്രനിധി, (b) ഭദ്രാസനനിധി, (c) സ്പർഹായെനിധി, (d) മാർ സേവേറിയോസ് വിദ്യാഭ്യാസനിധി, (e) സുവിശേഷനിധി, (f) പ്രോവിഡന്റ് ഫണ്ട്, (g) മെത്രാപ്പോലീത്തൻ ഫണ്ട്, (h) ഉറഹാ മാർ യൗസേഫ് നിധി, (i) സാധുജനസഹായനിധി, (j) വിധവാ സഹായനിധി, (k) ഭവനനിർമ്മാണ ഫണ്ട്.

**139.** ഈ നിധികളുടെ വിനിയോഗം ക്നാനായകമ്മറ്റി തീരുമാനിക്കുന്നതാണ്.

## അദ്ധ്യായം 7
## കേന്ദ്രധനകാര്യം, നിധികൾ

**138.** **മാറ്റമില്ല.**

(a) കേന്ദ്രനിധി, (b) ഭദ്രാസനനിധി, (c) മാർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റ് (d) സുവിശേഷനിധി, (e) പ്രോവിഡന്റ് ഫണ്ട്, (f) മെത്രാപ്പോലീത്തൻ ഫണ്ട്, (g) ഉറഹാ മാർ യൗസേഫ് നിധി, (h) ഭവനനിർമ്മാണ ഫണ്ട്.

**139.** ഈ നിധികളുടെ സമാഹരണവും വിനിയോഗവും ക്നാനായഅസ്സോസിയേഷന്റെ നിശ്ചയപ്രകാരം ക്നാനായ കമ്മറ്റി നിർവ്വഹക്കുന്നതാണ്.

**139.**(എ) സമുദായ കേന്ദ്രആഫീസിലേയ്ക്ക് അടയ്ക്കേണ്ടതായ വിഹിതങ്ങൾ ആറു മാസത്തിൽ കൂടുതൽ കുടിശിഖ വരുത്തുന്ന പള്ളികളിലെ ട്രസ്റ്റിയും സെക്രട്ടറിയും ഉൾപ്പെടെയുള്ള നിർവ്വാഹകസമിതിയെ ആ ഇടവകയുടെ ചുമതല വഹിക്കുന്ന മെത്രാപ്പോലീത്താ താല്ക്കാലികമായി രേഖാമൂലം പിരിച്ചുവിടുകയും പള്ളിയുടെ അത്യാവശ്യപ്പെട്ട ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് വികാരിയോട് ചേർന്ന് പ്രവർത്തിക്കുവാൻ ഇടവകാംഗങ്ങളിൽപ്പെട്ട ഒരാളെ റിസീവറായി നിയമിക്കേണ്ടതുമാണ്.

റിസീവർ ഭരണകാലത്ത് ദൈനംദിന ചിലവുകൾ കഴിഞ്ഞുള്ള സകലവരുമാനങ്ങളും കേന്ദ്ര ആഫീസിൽ അടയ്ക്കേണ്ടതും, കുടിശിഖ മുഴുവൻ അടച്ചുതീരുന്ന മുറയ്ക്ക് റിസീവർ ഭരണം ഒഴിവാക്കി നിർവാഹകസമിതിയെ പുനസ്ഥാപിച്ച് മെത്രാപ്പോലീത്ത കല്പന പുറപ്പെടുവിക്കേണ്ടതുമാണ്.

## കേന്ദ്രനിധി

**140.** 138 (b) മുതൽ (k) വരെയുള്ള നിധികൾ ഒഴികെയുള്ള സകല വരുമാനങ്ങളും കേന്ദ്രനിധിയിൽ പെടുന്നതാണ്. ഇതിൽ നിന്നുള്ള വരവുകൾ താഴെപറയുന്നവയ്ക്കായി ചെലവിടേണ്ടതാണ്.

**141.** **(എ)** സമുദായ ഓഫീസിലെയും, ഉദ്യോഗസ്ഥന്മാരുടെയും ചെലവുകൾ.

**(ബി)** അധികൃതാനുമതിയോടുകൂടി സമുദായ സേവനാർത്ഥം സെമിനാരിയിലോ അംഗീകൃത സ്ഥലത്തോ താമസിക്കുന്നവരുടെ ചെലവുകൾ.

**(സി)** വികാരി ജനറാൾ, വൈദിക കൗൺസിൽ അംഗങ്ങൾ, ക്നാനായകമ്മറ്റി അംഗങ്ങൾ എന്നിവർക്കുള്ള അലവൻസുകൾ.

**(ഡി)** വേണ്ടിവരുന്ന സന്ദർഭങ്ങളിൽ ഭദ്രാസനനിധിയിലേയ്ക്കുള്ള ഗ്രാന്റ്.

**(ഇ)** സമുദായ പുരോഗതിക്കുവേണ്ടി ക്നാനായകമ്മറ്റിയുടെ തീരുമാനപ്രകാരം വേണ്ട ചെലവുകൾ.

## കേന്ദ്രനിധി

**140.** 138 (b) മുതൽ (h) വരെയുള്ള നിധികൾ ഒഴികെയുള്ള സകല വരുമാനങ്ങളും 142-ാം വകുപ്പിൽ പറയുന്ന ഭദ്രാസന നിധിയുടെ 40% ഉം ഈ നിധിയിൽ ഉൾപ്പെടുന്നതാണ്. ഇതിൽ നിന്നുള്ള വരവുകൾ താഴെ പറയുന്നവയ്ക്കായി ചെലവിടേണ്ടതാണ്.

**141.** **(എ)** സമുദായ കേന്ദ്ര ഓഫീസിലെയും, ഉദ്യോഗസ്ഥന്മാരുടെയും ചെലവുകൾ.

(ബി) **മാറ്റമില്ല**

**(സി)** വൈദിക കൗൺസിൽ അംഗങ്ങൾ, ക്നാനായകമ്മറ്റി അംഗങ്ങൾ എന്നിവരുടെ റ്റി. എ. യും, വികാരി ജനറാൾ, ഭദ്രാസന സെക്രട്ടറി മിഷൻ ഡയറക്ടർ എന്നിവർക്കുള്ള അലവൻസ്.

(ഡി) **മാറ്റമില്ല**

**(ഇ)** സമുദായ പുരോഗതിക്കുവേണ്ടി അസോസിയേഷൻ അംഗീകാരം പ്രതീക്ഷിച്ചുകൊണ്ട് ക്നാനായകമ്മറ്റിയുടെ തീരുമാനപ്രകാരം വേണ്ടി വരുന്ന ചെലവുകൾ.

**(എഫ്)** സമുദായ ആസ്ഥാനത്ത് ഉണ്ടാകുന്ന ദൈനംദിന ചിലവുകൾ

(ജി) മെത്രാപ്പോലീത്തന്മാരുടെ ചികിത്സാ ചിലവുകൾ.

## ഭദ്രാസന നിധി

**141.** ഈ നിധി ശേഖരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ താഴെപ്പറയുന്നവ യാകുന്നു.

(1.) മൂന്നാമദ്ധ്യായത്തിൽ പറയുന്ന കൈമുത്ത്, കമ്മട്ടിപ്പണം, (2.) മേൽ 1-ാം ഉപവകുപ്പുകളിൽ പറയുന്ന ഇനങ്ങൾ, പ്രത്യേകാവശ്യങ്ങൾക്കുള്ള പിരിവുകൾ, വസ്തു ആദായം, സംഭാവനകൾ എന്നിവകൾ നീക്കി ഓരോ ഇടവക പള്ളികളിലെയും വരവിന്റെ പത്തുശതമാനം (3) ഈ നിധിയി ലേക്കു ലഭിക്കാവുന്ന സംഭാവനകൾ.

**142.** മേൽ 141-ാം വകുപ്പിൽ പറയുന്ന സംഖ്യകൾ ട്രസ്റ്റികളുടെ പേരിൽ നിക്ഷേപിക്കേണ്ടതും അപ്പോഴപ്പോൾ ക്നാനായകമ്മറ്റിയുടെ നിശ്ചയമനു സരിച്ചു 144-ാം വകുപ്പിൽ വിവരിക്കുന്ന സംഗതികൾക്കായി വിനിയോ ഗിക്കേണ്ടതാകുന്നു.

**143.** **(എ)** മെത്രാപ്പോലീത്താ, സഹായമെത്രാന്മാർ ഇവരുടെ ചെലവു കൾ, സെമിനാരി ചെലവുകൾ എന്നിവ ഭദ്രാസനനിധിയിൽ നിന്നും വഹി ക്കേണ്ടതും അതിനു പുറമെ മെത്രാപ്പോലീത്തായ്ക്ക് പ്രതിവർഷം ഭദ്രാ സനനിധിയുടെ പത്ത് ശതമാനവും, സഹായമെത്രാന്മാർക്ക് പ്രതിവർഷം ഭദ്രാസനനിധിയുടെ അഞ്ച് ശതമാനവും വീതം മെത്രാപ്പോലീത്താമാരുടെ അക്കൗണ്ടിലേക്കു നിക്ഷേപിക്കേണ്ടതാണ്. മെത്രാപ്പോലീത്താ, സഹായമെത്രാന്മാർ എന്നിവർക്ക് വേണ്ടിവരുന്ന ചെലവുകൾക്ക് പ്രഥമ പരിഗണന നല്കേണ്ടതാണ്.

## ഭദ്രാസന നിധി

**142.** (എ) ഈ നിധി ശേഖരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ താഴെപ്പറയുന്നവയാ കുന്നു.

(1.) മൂന്നാമദ്ധ്യായത്തിൽ പറയുന്ന ആണ്ടുവരി, റിശ്ശീസാ കൈമുത്ത്, കമ്മട്ടി പ്പണം, പ്രത്യേകാവശ്യങ്ങൾക്കുള്ള പിരിവുകൾ, എന്നിവകൾ നീക്കി ഓരോ ഇടവക പള്ളികളിലെയും ആകെ വരവിന്റെ 10% (2) ഈ നിധിയിലേക്കു ലഭി ക്കാവുന്ന സംഭാവനകൾ.

**142.** (ബി) മേൽ 140-ാം വകുപ്പിൽ പറയുന്ന സംഖ്യകൾ സമുദായത്തിനു വേണ്ടി ട്രസ്റ്റികളുടെ പേരിൽ ബാങ്കിൽ നിക്ഷേപിക്കേണ്ടതും അപ്പോഴപ്പോൾ ക്നാനായകമ്മറ്റിയുടെ നിശ്ചയമനുസരിച്ചു **143** മുതൽ **148** വരെയുള്ള വകു പ്പിൽ വിവരിക്കുന്ന സംഗതികൾക്കായി വിനിയോഗിക്കേണ്ടതാകുന്നു.

**143.** **(എ)** ഭദ്രാസന നിധിയുടെ **60%** ഇൻഡ്യയിലുള്ള മൂന്നു മെത്രാപ്പോ ലീത്തന്മാർക്കും തുല്യമായി കേന്ദ്ര ആഫീസിൽ നിന്നും വീതിച്ചുകൊടുക്കേണ്ട തും, അവരുടെ സർവ്വ ചിലവുകളും ഇതിൽ നിന്ന് നിർവഹിക്കേണ്ടതുമാണ്. എന്നാൽ നോർത്ത് അമേരിക്ക, യൂറോപ്പ് മേഖലയുടെ മെത്രാപ്പോലീത്തയുടെ ചിലവുകൾ താഴെ **167**-ഉം **174** ഉം വകുപ്പനുസരിച്ച് ആ മേഖലയിലുള്ള പള്ളി കളിൽ നിന്നും ലഭിക്കേണ്ട ഭദ്രാസന നിഥിയുടെ **70%** ത്തിൽ നിന്നും വഹിക്കേ ണ്ടതാകുന്നു. സമുദായമെത്രാപ്പോലീത്താ, മേഖലമെത്രാപ്പോലീത്തന്മാർ, സഹായമെത്രാന്മാർ എന്നിവർക്ക് വേണ്ടിവരുന്ന ചെലവുകൾക്ക് പ്രഥമപരിഗ ണന നല്കേണ്ടതാണ്.

**(ബി)** മെത്രാപ്പോലീത്താ വിദേശയാത്ര ചെയ്യുന്നത് ക്നാനായകമ്മറ്റിയുടെ അറിവോടും, പകരം സംവിധാനം ഏർപ്പെടുത്തിയും ആയിരിക്കേണ്ടതാണ്. സമുദായ ആവശ്യങ്ങൾക്കായുള്ള വിദേശയാത്രാ ചെലവുകൾ സമുദായം വഹിക്കേണ്ടതാണ്.

**144.** മേൽ 143-ാം വകുപ്പിൽ പറയുന്ന ചെലവുകൾ കൂടാതെ ഉറഹാ മാർ യൗസേഫ് ഫണ്ടിലേക്കുള്ള സംഭാവന, ദയറാക്കാരുടെ ചെലവ്, പട്ടക്കാർ, കപ്യാരന്മാർ എന്നിവരുടെ ശമ്പളച്ചെലവിലേക്കുള്ള സഹായധനം, പട്ടക്കാർക്കും കപ്യാരന്മാർക്കുമുള്ള പ്രോവിഡന്റ് ഫണ്ട്, സമുദായത്തിന് വസ്തുവകകൾ സമ്പാദിക്കുക, കെട്ടിടങ്ങൾ പണിയിക്കുക, അവയുടെ കേടുപാടുകൾ പോക്കുക, ക്നാനായപള്ളികൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ പള്ളികൾ പണിയുക, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, വിദ്യാഭ്യാസപരമായ ചെലവുകൾക്കും ചരിത്രപ്രാധാന്യമുള്ള പുരാവസ്തുക്കളുടെ സംരക്ഷണയ്ക്കും സമുദായത്തിൽ അധഃപതനം നേരിടുന്ന ഇടവകകൾക്കും സഹായധനം, ക്നാനായകമ്മറ്റി അതാതു കാലങ്ങളിൽ തീരുമാനിക്കുന്ന മറ്റത്യാവശ്യങ്ങൾക്കുമായി ഭദ്രാസനനിധി വിനിയോഗിക്കേണ്ടതാകുന്നു.

## പ്രൊവിഡന്റ് ഫണ്ട്

**145.** സമുദായത്തിൽപ്പെട്ട വൈദികർക്ക് പ്രൊവിഡന്റ് ഫണ്ട് കൊടുക്കുന്നതിന് വൈദികരുടെ ശമ്പളത്തിന്റെ 5% അവരും വേറെ 5% ഭദ്രാസനനിധിയിൽ നിന്നും കൊടുക്കേണ്ടതും ആയത് ഒരു പ്രൊവിഡന്റ് ഫണ്ട് ആയിരിക്കുന്നതും ആ ഫണ്ട് അതിനായി പ്രത്യേകം ഉണ്ടാക്കുന്ന നിയമപ്രകാരം ക്രമീകരിക്കപ്പെടുന്നതുമാകുന്നു.

**(ബി)** മെത്രാപ്പോലീത്തന്മാർ വിദേശയാത്ര ചെയ്യുന്നത് ക്നാനായകമ്മറ്റിയുടെയും മെത്രാപ്പോലീത്തൻ കൗൺസിലിന്റേയും അറിവോടും, പകരം സംവിധാനം രേഖാമൂലം ഏർപ്പെടുത്തിയും ആയിരിക്കേണ്ടതാണ്. അപ്രകാരം സമുദായ ആവശ്യങ്ങൾക്കായുള്ള വിദേശയാത്രാ ചെലവുകൾ ക്നാനായകമ്മറ്റിയുടെ തീരുമാനപ്രകാരം സമുദായം വഹിക്കേണ്ടതാണ്.

**144.** മേൽ 143-ാം വകുപ്പിൽ പറയുന്ന ചെലവുകൾ കൂടാതെ ഉറഹാ മാർ യൗസേഫ് ഫണ്ടിലേക്കുള്ള സംഭാവന, ദയറാക്കാരുടെ ചെലവ്, പട്ടക്കാരുടെ ശമ്പളച്ചെലവിലേക്കുള്ള ധനസഹായം പട്ടക്കാർക്കുള്ള പ്രോവിഡന്റ് ഫണ്ട്, സമുദായത്തിന് വസ്തുവകകൾ സമ്പാദിക്കുന്നതിനും, കെട്ടിടങ്ങൾ പണിയുന്നതിനും, അവയുടെ കേടുപാടുകൾ പോക്കുന്നതിനും, ക്നാനായപള്ളികൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ പള്ളികൾ പണിയിക്കുന്നതിനും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി നടത്തുന്നതിനും, വിദ്യാഭ്യാസപരമായ ചെലവുകൾക്കും, ചരിത്രപ്രാധാന്യമുള്ള പുരാവസ്തുക്കളുടെ സംരക്ഷണയ്ക്കും സമുദായത്തിൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഇടവകകൾക്ക് സഹായം നൽകുന്നതിനും ക്നാനായകമ്മറ്റി അതാതു കാലങ്ങളിൽ തീരുമാനിക്കുന്ന മറ്റത്യാവശ്യങ്ങൾക്കുമായി ഭദ്രാസനനിധി വിനിയോഗിക്കേണ്ടതാകുന്നു.

## പ്രൊവിഡന്റ് ഫണ്ട്

**145.** സമുദായത്തിൽപ്പെട്ട വൈദികർക്ക് പ്രൊവിഡന്റ് ഫണ്ട് കൊടുക്കുന്നതിന് വൈദികരുടെ ശമ്പളത്തിന്റെ 5% അവരും വേറെ 5% ഭദ്രാസനനിധിയിൽ നിന്നും കൊടുക്കേണ്ടതും ആയത് ഒരു പ്രൊവിഡന്റ് ഫണ്ട് ആയിരിക്കുന്നതും ആ ഫണ്ട് അതിനായി പ്രത്യേകം ഉണ്ടാക്കുന്ന നിയമപ്രകാരം ക്രമീകരിക്കപ്പെടുന്നതുമാകുന്നു.

(എ) പള്ളികളിലെ പ്രധാന ശുശ്രൂഷകർക്ക് പള്ളികളുടെ ചുമതലയിൽ ഒരു പ്രൊവിഡൻഫണ്ട് ക്രമീകരിക്കേണ്ടതും ആയതിലേയ്ക്ക് ശുശ്രൂഷകരുടെ ശമ്പളത്തിൽ നിന്ന് 5% അവരും, വേറെ 5% പള്ളികളിൽ നിന്നു

### സ്പർഹായെ നിധി

**146.** വിശ്വാസികളായി മരിച്ചുപോയിട്ടുള്ളവർക്കും ജീവനോടിരിക്കുന്നവർക്കും വേണ്ടി ശ്വാശ്വതമായി വി. കുർബ്ബാന അർപ്പിക്കുന്നതിലേയ്ക്കു സമുദായംവകയായി ഒരു സ്പർഹായെ നിധി ഏർപ്പെടുത്തിയിട്ടുള്ളതാകുന്നു. ഇത് വൈദിക കൗൺസിലിന്റെ ചുമതലയിൽ നടത്തപ്പെടേണ്ടതാണ്.

### മാർ സേവേറിയോസ് വിദ്യാഭ്യാസ നിധി

**147.** കാലം ചെയ്ത മാർ സേവേറിയോസ് ഗീവറുഗീസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ വിൽപ്പത്രപ്രകാരം ലഭിച്ചതും സമുദായാംഗങ്ങളിൽ നിന്ന് പിരിച്ചെടുത്തതുമായ പണം കൊണ്ട് സ്ഥാപിച്ചിട്ടുള്ളതുമായ ഈ നിധി വൈദികരുടേയും അൽമായക്കാരുടെയും വിദ്യാഭ്യാസാഭിവൃദ്ധിയെ ഉദ്ദേശിച്ച് 1097 -ാം മാണ്ട് മുതൽ പ്രവർത്തനം നടത്തിവരുന്നതും മേലാലുള്ള പ്രവർത്തനങ്ങൾ ക്നാനായ അസ്സോസിയേഷൻ നിശ്ചയിക്കുന്ന വ്യവസ്ഥ അനുസരിച്ച് നടത്തേണ്ടതുമാകുന്നു.

### സുവിശേഷ നിധി

**148.** കുറഞ്ഞപക്ഷം ഒരു ദയറായെങ്കിലും സ്ഥാപിച്ച് ഒരു സന്യാസിപ്പട്ടക്കാരന്റെ മേൽനോട്ടത്തിൽ ഒരു പ്രാർത്ഥനാസമാജസംഘടന രൂപീകരിച്ച് സമുദായം ഒട്ടുക്ക് സൺഡേസ്ക്കൂൾ, പ്രാർത്ഥനാസമാജം, വനിതാസമാജം മുതലായവ ഏർപ്പെടുത്തി വികാരിമാരുടെ സഹകരണത്തോടു

മായി അതാതുകാലത്തെ പള്ളി ട്രസ്റ്റികളുടെയും ശുശ്രൂഷകന്റെയും പേരിൽ ജോയിന്റ് അക്കൗണ്ടായി ബാങ്കിൽ നിക്ഷേപിക്കേണ്ടതുമാണ്. ശുശ്രൂഷകൻ സേവനത്തിൽ നിന്നു വിരമിക്കുന്ന മുറയ്ക്ക് പ്രസ്തുത അക്കൗണ്ടിലുള്ള മുഴുവൻ തുകയും ബാങ്കിൽ നിന്ന് പിൻവലിച്ച് ശുശ്രൂഷകന് നൽകേണ്ടതാണ്.

### സ്പർഹായെ നിധി

**146.** വിശ്വാസികളായി ജീവനോടിരിക്കുന്നവർക്കും വാങ്ങി പോയിട്ടുള്ളവർക്കും വേണ്ടി ശ്വാശ്വതമായി വി. കുർബ്ബാന അർപ്പിക്കുന്നതിലേയ്ക്കു സമുദായംവകയായി ഒരു സ്പർഹായെ നിധി ഏർപ്പെടുത്തിയിട്ടുള്ളതാകുന്നു. ഇത് വൈദിക കൗൺസിലിന്റെ ചുമതലയിൽ നടത്തപ്പെടേണ്ടതാണ്.

### മാർ സേവേറിയോസ് എജ്യുക്കേഷൻ ട്രസ്റ്റ്

**147.** ക്നാനായ ഭദ്രാസനത്തിലെ പ്രഥമ മെത്രാപ്പോലീത്തായായിരുന്ന കാലം ചെയ്ത മാർ സേവേറിയോസ് ഗീവറുഗീസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ വിൽപ്പത്രപ്രകാരം ലഭിച്ചതും സമുദായാംഗങ്ങളിൽ നിന്ന് പിരിച്ചെടുത്തതുമായ പണം കൊണ്ട് സ്ഥാപിച്ചിട്ടുള്ളതുമായ ഈ നിധി വൈദികരുടേയും അൽമായക്കാരുടെയും വിദ്യാഭ്യാസാഭിവൃദ്ധിയെഉദ്ദേശിച്ച് മലയാളവർഷം 1097 -ാം മാണ്ട് മുതൽ പ്രവർത്തനം നടത്തിവരുന്നതും മേലാലുള്ള പ്രവർത്തനങ്ങൾ ക്നാനായ അസ്സോസിയേഷൻ അംഗീകരിച്ച് നടപ്പിൽ വരുത്തിയിട്ടുള്ള ഭരണഘടന അനുസരിച്ച് പ്രവർത്തിച്ചു വരുന്നതാകുന്നു.

### സുവിശേഷ നിധി

**148.** കുറഞ്ഞപക്ഷം ഒരു ദയറായെങ്കിലും സ്ഥാപിച്ച് ദയറാധിപനായ ഒരു സന്യാസിപ്പട്ടക്കാരന്റെ മേൽനോട്ടത്തിൽ സമുദായത്തിലെ എല്ലാ ആത്മിക പ്രവർത്തനങ്ങളും ക്രോഡീകരിച്ച് മിഷൻ ഡയറക്ടറുടെയും ഇടവകവികാരിമാരുടെയും സഹകരണത്തോടുകൂടി നടത്തുന്നതിനും ഈ നിധി ഉപയോഗപ്പെടുത്തേണ്ടതാകുന്നു. സമുദായാംഗങ്ങളുടേയും മറ്റ് സുവിശേഷ തൽപരരുടേയും സംഭാവനകൾ സ്വീകരിച്ച് ഈ നിധി ശേഖരിക്കേണ്ടതാണ്.

കൂടി നടത്തുന്നതിനും ഇതര സുവിശേഷ പ്രവർത്തനങ്ങൾ ചെയ്യുന്ന തിനും ഈ നിധി ഉപയോഗപ്പെടുത്തേണ്ടതാകുന്നു. സമുദായാംഗങ്ങളു ടേയും ഇതരന്മാരുടേയും സംഭാവനകൾ സ്വീകരിച്ച് ഈ നിധി ശേഖരി ക്കേണ്ടതുമാണ്.

### മെത്രാപ്പോലീത്തൻ ഫണ്ട്

**149.** (എ) വിവാഹം, മാമ്മോദീസാ, പുരകൂദാശ മുതലായ കൂദാശ കൾക്ക് സമുദായാംഗങ്ങൾ മെത്രാപ്പോലീത്തായെ ക്ഷണിക്കുകയാണെ ങ്കിൽ ബന്ധപ്പെട്ടവർ അവരുടെ സാമ്പത്തിക നിലയനുസരിച്ച് 2000 രൂപയ്ക്ക് മേൽ ഉള്ള തുകകൾ സംഭാവനയായി സമുദായആഫീസിൽ ഏല്പിച്ചു രസീതു വാങ്ങേണ്ടതും ഇതുപ്രകാരം ലഭിക്കുന്ന തുകകൾ സാധുജന സംരക്ഷണത്തിന് ക്നാനായകമ്മറ്റിയുടെ ആലോചനപ്രകാരം വിനിയോഗിക്കേണ്ടതും ആകുന്നു. ചില പ്രത്യേക സാഹചര്യത്തിൽ ഇതിന് ഇളവുകൾ അനുവദിക്കുന്നതിന് മെത്രാപ്പോലീത്തായ്ക്ക് അധികാരം ഉണ്ടാ യിരിക്കുന്നതാണ്.

### ഉറഹാ മാർ യൗസേഫ് ഫണ്ട്

**(ബി)** സമുദായത്തിന് വിവിധ കാലഘട്ടങ്ങളിൽ നിസ്തുലസേവനം ചെയ്തിട്ടുള്ള നേതാക്കന്മാരെ യഥോചിതം അനുസ്മരിക്കുന്നതിനും അവ രുടെ നാമധേയങ്ങൾ ശ്വാശ്വതമായി നിലനിർത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമായി ഈ ഫണ്ട് വിനിയോഗിക്കുന്നതാ ണ്. ക്നാനായകമ്മറ്റിയുടെ നിയന്ത്രണത്തിൽ ഈ ഫണ്ട് ഉപയോഗിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാകുന്നു. സമുദായാംഗങ്ങളിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും സമുദായ ബഡ്ജറ്റിൽ വക കൊള്ളിച്ചും ഈ ഫണ്ട് രൂപീകരിക്കേണ്ടതാണ്.

### മെത്രാപ്പോലീത്തൻ ഫണ്ട്

**149.** (എ) വിവാഹം, മാമ്മോദീസാ, ഭവനവാഴ്വ്, സ്ഥാപനങ്ങളുടെ കൂദാശ, മൃതസംസ്ക്കാരം എന്നിവയ്ക്ക് സമുദായാംഗങ്ങൾ മെത്രാപ്പോലീത്തയെ/ മെത്രാപ്പോലീത്തൻമാരെ ക്ഷണിക്കുകയാണെങ്കിൽ ബന്ധപ്പെട്ടവർ ക്ഷണി ക്കപ്പെടുന്ന ഓരോ മെത്രാപ്പോലീത്തായുടെയും പേരിൽ മെത്രാപ്പോലീ ത്തൻ ഫണ്ടിലേയ്ക്ക് 5000 രൂപാ വീതം സംഭാവനയായി സമുദായ കേന്ദ്ര ആഫീസിൽ മാത്രം ഏല്പിച്ചു രസീതു വാങ്ങേണ്ടതതാണ്. പ്രസ്തുത തുക യഥാസമയം സമുദായ കേന്ദ്ര ആഫീസിൽ ലഭിച്ചു എന്ന് ബന്ധപ്പെട്ട മെത്രാ പ്പൊലീത്തമാർ രസീത് കണ്ട് ബോധ്യപ്പെടേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന തുക വിവാഹ ധനസഹായം, സാധുജന സംരക്ഷണം, ഭവന നിർമ്മാണ സഹായം എന്നിവയ്ക്ക് മാത്രം ക്നാനായ കമ്മറ്റിയുടെ തീരുമാനപ്രകാരം വിനി.യോഗിക്കേണ്ടതാകുന്നു. ചില പ്രത്യേക സാഹചര്യത്തിൽ ഇതിന് ഇളവുകൾ അനുവദിക്കുന്നതിന് മെത്രാപ്പോലീത്തൻമാർക്ക് അധികാരം ഉണ്ടാ യിരിക്കുന്നതാണ്.

### ഉറഹാ മാർ യൗസേഫ് ഫണ്ട്

**(ബി)** സമുദായത്തിന് വിവിധ കാലഘട്ടങ്ങളിൽ നിസ്തുലസേവനം ചെയ്തിട്ടുള്ള നേതാക്കന്മാരെ യഥോചിതം അനുസ്മരിക്കുന്നതിനും അവ രുടെ നാമധേയങ്ങൾ ശാശ്വതമായി നിലനിർത്തുന്നതിനും ആവശ്യമായ നട പടികൾ സ്വീകരിക്കുന്നതിനുമായി ഈ ഫണ്ട് വിനിയോഗിക്കുന്നതാണ്. ക്നാനായകമ്മറ്റിയുടെ നിയന്ത്രണത്തിൽ ഈ ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാകുന്നു. സമുദായാംഗങ്ങളിൽ നിന്ന് സംഭാ വനകൾ സ്വീകരിച്ച് ഈ ഫണ്ട് രൂപീകരിക്കേണ്ടതാണ്. ഇതിന്റെ വരവ്ചെ ലവ് സമുദായ കണക്കുകളിൽ ഉൾപ്പെടുത്തിയിരിക്കേണ്ടതാണ്.

## വെദികശമ്പളം

**150.** വികാരിമാർക്കും സഹായപട്ടക്കാർക്കും കാലാകാലങ്ങളിൽ ക്നാനായകമ്മറ്റി ചർച്ചചെയ്ത് അസ്സോസിയേഷൻ അംഗീകരിക്കുന്ന സേവനവേതന വ്യവസ്ഥകൾ നടപ്പിൽ വരുത്തേണ്ടതാണ്. അസ്സോസിയേഷൻ ഓരോ ഇടവകയ്ക്കും നിശ്ചയിക്കുന്ന വിഹിതം അതാതു പള്ളികളിൽ നിന്നും എല്ലാമാസവും 30 നു മുമ്പായി സമുദായ ആഫീസിൽ ഏല്പിച്ചു രസീതു വാങ്ങേണ്ടതാണ്.

**151.** സ്വയത്രാണന സാദ്ധ്യത ഇല്ലാത്ത പള്ളികൾക്ക് ഭദ്രാസന നിധിയിൽ നിന്ന് ക്നാനായകമ്മറ്റി നിശ്ചയിക്കുന്നതുപോലെ സഹായധനം കൊടുക്കേണ്ടതാണ്.

**152** ഓരോ പള്ളിയിൽ നിന്നും ക്നാനായകമ്മറ്റി നിശ്ചയിക്കുന്ന രീതിയിൽ മാസാന്ത്യക്കണക്കുംമേൽ 141( 1), (2) എന്നീ വകുപ്പുകളിൻ പ്രകാരമുള്ള പണവും പിറ്റേമാസം 10 -ാം തീയതിക്കുമുമ്പ് കിട്ടത്തക്കവണ്ണം ട്രസ്റ്റികൾ, സമുദായട്രസ്റ്റിയുടെ പേർക്ക് അയച്ചുകൊടുത്ത് രസീത് വാങ്ങേണ്ടതാണ്.

**153.** ഓരോ ഇടവകയിൽ നിന്നും സമുദായ ആഫീസിലേക്ക് അയച്ചു കൊടുക്കുന്ന തന്നാണ്ടത്തെ ബഡ്ജറ്റും, മുന്നാണ്ടത്തെ വരവുചിലവു കണക്കും, മിനിറ്റ്സ് ബുക്കു മുതലായവയും ഭദ്രാസന സെക്രട്ടറി മെത്രാപ്പോലീത്തായ്ക്കു സമർപ്പിക്കുകയും അദ്ദേഹം അതുവേണ്ട നിർദ്ദേശത്തോടുകൂടയോ അല്ലാതെയോ 20 ദിവസങ്ങൾക്കുള്ളിൽ തിരികെ അതാതു പള്ളി വികാരിമാർക്ക് അയച്ചുകൊടുക്കുകയും ചെയ്യുന്നതാകുന്നു.മെത്രാപ്പോലീത്തായുടെ ഇപ്രകാരമുള്ള അനുമതി ലഭിക്കാത്ത യാതൊരു പ്രവർത്തനങ്ങളും ഇടവകയിൽ നടത്താൻ പാടില്ലാത്തതാകുന്നു.

**154.** ഭദ്രാസന ആഫീസിലെ ജീവനക്കാരുടെ ശമ്പളം, വികാരി ജനറാൾ,

## വൈദികശമ്പളം

**150.** വൈദികർക്ക് കാലാകാലങ്ങളിൽ ക്നാനായകമ്മറ്റി ക്രോഡീകരിച്ച് അസ്സോസിയേഷൻ അംഗീകരിക്കുന്ന സേവനവേതന വ്യവസ്ഥകൾ സമുദായ മെത്രാപ്പോലീത്താ നടപ്പിൽ വരുത്തേണ്ടതാണ്. അസ്സോസിയേഷൻ ഓരോ ഇടവകയ്ക്കും വൈദിക ശമ്പളവിഹിതമായി നിശ്ചയിക്കുന്ന തുക അതാതു പള്ളികളിൽ നിന്നും എല്ലാമാസവും 30 നു മുമ്പായി സമുദായ ആഫീസിൽ ഏല്പിച്ചു രസീതു വാങ്ങേണ്ടതാണ്. വൈദികശമ്പളവിഹിതം നൽകുന്നതിന് പള്ളികൾ പ്രഥമ പരിഗണ നൽകേണ്ടതാണ്.

**151. Cancelled (Included in Cl. 144)**

**152 Cancelled (Included in Cl.6(12)**

**153. Modified and transferred to Cl. 36**

**154. Cancelled (Included in Cl. 141 A &C)**

ഭദ്രാസന സെക്രട്ടറി, വൈദിക കൗൺസിൽ അംഗങ്ങൾ ആദിയായവർക്കുള്ള അലവൻസ് മുതലായവ ക്നാനായകമ്മറ്റിയുടെ നിശ്ചയപ്രകാരം ട്രസ്റ്റികൾ അതാതു കക്ഷികൾക്കു കൊടുക്കേണ്ടതാകുന്നു.

## അദ്ധ്യായം 8
## പലവക

**155.** ഈ ഘടനയിൽ ഒരു സ്ഥപനം എത്ര കാലത്തേയ്ക്ക് ക്ലിപ്തപ്പെടുത്തിയിരുന്നാലും പ്രത്യേകം വ്യവസ്ഥയൊന്നും ഇല്ലാത്തപക്ഷം അടുത്ത സ്ഥാപനം നിർമ്മിക്കുന്നതുവരെയ്ക്കും ആ സ്ഥാപനം വ്യാപാരിക്കുന്നതുമാകുന്നു.

**156.** ഏതെങ്കിലും സമിതിയുടെ കോറം ഇതിൽ പ്രത്യേകം ക്ലിപ്തപ്പെടുത്തിയിട്ടില്ലാത്തപക്ഷം ആ സമിതി അതിന്റെ കോറം നിശ്ചയിച്ചുകൊള്ളേണ്ടതാകുന്നു.

**157.** (എ) എല്ലാ യോഗങ്ങളിലും ഭൂരിപക്ഷാഭിപ്രായം പ്രബലപ്പെടുത്തേണ്ടതും വോട്ടുകൾ തുല്യമായി വരുന്ന പക്ഷം അദ്ധ്യക്ഷന് ഒരു വോട്ട് കൂടുതൽ ഉണ്ടായിരിക്കുന്നതും അപ്പോൾ അദ്ധ്യക്ഷൻ ചേരുന്ന ഭാഗത്തിന് പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്.

**(ബി)** ഏതെങ്കിലും ഒരു യോഗത്തിൽ പോൾ എടുക്കണമെന്ന് ഒരംഗം അഭിപ്രായപ്പെടുകയും വേറൊരാൾ അതിനെ പിൻതാങ്ങുകയും ചെയ്താൽ പോൾ എടുക്കേണ്ടതും അതിന്റെ രീതി അദ്ധ്യക്ഷൻ തീരുമാനിക്കുന്നതുമാണ്. എന്നാൽ തെരഞ്ഞെടുപ്പ് യോഗങ്ങളിൽ രഹസ്യവോട്ടായിരിക്കണമെന്ന് ഒരംഗം ആവശ്യപ്പെടുകയും മറ്റൊരാൾ പിൻതാങ്ങുകും ചെയ്താൽ അങ്ങനെ തെരഞ്ഞെടുപ്പ് അദ്ധ്യക്ഷൻ നടത്തേണ്ടതാകുന്നു.

## അദ്ധ്യായം 8

## പലവക

**155.** ഈ ഘടനയിൽ ഒരു സമതി എത്ര കാലത്തേയ്ക്ക് ക്ലിപ്തപ്പെടുത്തിയിരുന്നാലും പ്രത്യേകം വ്യവസ്ഥയൊന്നും ഇല്ലാത്തപക്ഷം അടുത്ത സമതി രൂപീകരിക്കപ്പെടുന്നതുവരെയ്ക്കും ആ സമതി തുടരുന്നതാകുന്നു.

**156. മാറ്റമില്ല**

**157.** (എ) എല്ലാ യോഗങ്ങളിലും ഭൂരിപക്ഷാഭിപ്രായം പ്രബലപ്പെടുത്തേണ്ടതും വോട്ടുകൾ തുല്യമായി വരുന്ന പക്ഷം അദ്ധ്യക്ഷന് ഒരു വോട്ട് കൂടുതലായി ഉണ്ടായിരിക്കുന്നതുമാണ്.

**(ബി) മാറ്റമില്ല**

(സി) എല്ലാ യോഗങ്ങളിലേയും നടപടി രേഖപ്പെടുത്തുന്നതിന് ഒരു പുസ്തകം ഉണ്ടായിരിക്കേണ്ടതും അതിൽ നടപടികൾ എഴുതി സെക്രട്ടറിയും അദ്ധ്യക്ഷനും ഒരു അനൗദ്യോഗിക അംഗവും ഒപ്പടേണ്ടതും ആകുന്നു. ഒരു യോഗത്തിലെ നടപടികൾ ആ യോഗത്തിൽ വച്ചു തന്നെ എഴുതി യോഗസമ്മതപ്രകാരം ഒപ്പിടേണ്ടതാകുന്നു. അതിനു സാധിക്കാത്തപക്ഷം അടുത്ത യോഗത്തിൽ വായിച്ചു

**(സി)** എല്ലാ യോഗങ്ങളിലെയും നടപടി രേഖപ്പെടുത്തുന്നതിന് ഒരു പുസ്തകം ഉണ്ടായിരിക്കേണ്ടതും അതിൽ നടപടികൾ എഴുതി സെക്രട്ടറിയും അദ്ധ്യക്ഷനും ഒപ്പിടേണ്ടതുമാകുന്നു. ഒരു യോഗത്തിലെ നടപടികൾ ആ യോഗത്തിൽ വച്ചുതന്നെ എഴുതി യോഗസമ്മതപ്രകാരം ഒപ്പിടേണ്ടതാകുന്നു. അതിന് സാധിക്കാത്തപക്ഷം അടുത്ത യോഗത്തിൽ വായിച്ചു കേൾപ്പിച്ചു യോഗസമ്മതപ്രകാരം ആ യോഗത്തിലെ അദ്ധ്യക്ഷനെയും സെക്രട്ടറിയേയും കൊണ്ട് ഒപ്പിടുവിച്ചാലും മതിയാകുന്നതാകുന്നു.

**158.** ഏതെങ്കിലും ഒരു സമിതിയിലെ അംഗങ്ങൾ മതിയായ കാരണം കൂടാതെ തുടർച്ചയായി മൂന്നു യോഗങ്ങളിൽ ഹാജരാകാതിരുന്നാൽ അവരുടെ അംഗത്വം നഷ്ടപ്പെട്ടുപോകുന്നതാണ്. കാരണം മതിയായതോ എന്നു തീർച്ചപ്പെടുത്തുന്നതിനുള്ള അധികാരം അതാതു സമിതികൾക്കുള്ളതാകുന്നു.

**(എ)** സമുദായം വക ഒരു സന്യാസിനി സമൂഹം ഉണ്ടായിരിക്കുന്നതും അവരുടെ ഭരണക്രമം അതിനായി അസ്സോസിയേഷൻ പാസ്സാക്കുന്ന നിയമാവലി പ്രകാരവും ആയിരിക്കും.

**(ബി)** സമുദായത്തിൽ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ക്നാനായ സ്റ്റുഡന്റ് അസ്സോസിയേഷൻ എന്ന ഒരു സംഘടന ഉണ്ടായിരിക്കുന്നതും അതിന്റെ ഭരണഘടന അനുസരിച്ച് ആ സംഘടനാപ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

**(സി)** മർത്തമറിയം വനിതാസമാജം എന്ന പേരിൽ ഒരു ഭക്തസംഘടന ഉണ്ടായിരിക്കുന്നതും അതിന്റെ പ്രവർത്തനങ്ങൾക്ക് പ്രത്യേകഭരണഘടന ഉണ്ടായിരിക്കുന്നതാണ്.

കേൾപ്പിച്ച് ആ യോഗസമ്മതപ്രകാരം ആ യോഗത്തില അദ്ധ്യക്ഷനെയും സെക്രട്ടറിയേയും കൊണ്ട് ഒപ്പിടുവിച്ചാലും മതിയാകുന്നതാകുന്നു.

**158.** ഏതെങ്കിലും ഒരു സമിതിയിലെ അംഗങ്ങൾ മതിയായ കാരണം രേഖാമൂലം മുൻകൂട്ടി അറിയിക്കാതെ തുടർച്ചയായി മൂന്നു യോഗങ്ങളിൽ ഹാജരാകാതിരുന്നാൽ അവരുടെ അംഗത്വം സ്വയം നഷ്ടപ്പെട്ടുപോകുന്നതാണ്. കാരണം മതിയായതോ എന്നു തീർച്ചപ്പെടുത്തുന്നതിനുള്ള അധികാരം അതാതു സമിതികൾക്കുള്ളതാകുന്നു.

**(എ)** സമുദായം വക ഒരു സന്യാസിനി സമൂഹം ഉണ്ടായിരിക്കുന്നതും അതിന്റെ ഭരണക്രമം അതിനായി അസ്സോസിയേഷൻ പാസ്സാക്കിയിട്ടുള്ള നിയമാവലി പ്രകാരവും ആയിരിക്കും.

**(ബി)** സമുദായത്തിൽ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ക്നാനായ സ്റ്റുഡന്റ് അസ്സോസിയേഷൻ എന്ന ഒരു സംഘടന ഉണ്ടായിരിക്കുന്നതും ക്നാനായ അസോസിയേഷൻ അംഗീകരിച്ചിട്ടുള്ള ഭരണഘടന അനുസരിച്ച് ആ സംഘടനാപ്രവർത്തനങ്ങൾ നടത്തപ്പെടേണ്ടതുമാണ്.

**(സി)** മർത്തമറിയം വനിതാസമാജം എന്ന പേരിൽ ഒരു ഭക്തസംഘടന ഉണ്ടായിരിക്കുന്നതും അതിന്റെ പ്രവർത്തനങ്ങൾക്ക് ക്നാനായ അസോസിയേഷൻ അംഗീകരിച്ചിട്ടുള്ള ഭരണഘടന പ്രകാരം നടത്തപ്പെടേണ്ടതാണ്.

**(ഡി)** ക്നാനായ സമുദായത്തിലെ എല്ലാ സംഘടനകൾക്കും, ട്രസ്റ്റു കൾക്കും, സ്ഥാപനങ്ങൾക്കും, സൊസൈറ്റികൾക്കും, പ്രത്യേകം ഭരണ ഘടനകൾ ഉണ്ടായിരിക്കുന്നതും ക്നാനായ അസ്സോസിയേഷന് വിധേയ മായിട്ടും ക്നാനായകമ്മറ്റിയുടെ നിർദ്ദേശമനുസരിച്ചും പ്രവർത്തിക്കേണ്ട തുമാണ്. മേൽപ്പറഞ്ഞ എല്ലാ ഭരണഘടനകളും ക്നാനായകമ്മറ്റിയിൽ പാസ്സാക്കി അസ്സോസിയേഷന്റെ അംഗീകാരം വാങ്ങിയിരിക്കേണ്ടതുമാ ണ്.

**(ഇ)** കേരളത്തിനു വെളിയിൽ പള്ളികൾ ട്രസ്റ്റായി രജിസ്റ്റർ ചെയ്ത് ഇടവകകളായി നടക്കുന്നുണ്ടെങ്കിലും ക്നാനായ അസ്സോസിയേഷൻ അംഗീകരിക്കുന്ന ട്രസ്റ്റ് പള്ളികളുടെ ഭരണസംവിധാനം സമുദായ ഭരണ ഘടന അനുസരിച്ചും ഇടവക മെത്രാപ്പോലീത്തായുടെ അധികാരത്തിൻ കീഴിലുമായിരിക്കും.

(ഡി) ക്നാനായ സമുദായത്തിലെ എല്ലാ ആത്മിക പ്രവർത്തനങ്ങളും സുവി ശേഷീകരണവും ഫലപ്രദമായി നടത്തുന്നതിന് **ക്നാനായ സുവിശേഷസമാജം** എന്നൊരു സംഘടന ഉണ്ടായിരിക്കുന്നതും അതിന്റെ പ്രവർത്തനങ്ങൾ ക്നാനായ അസോസിയേഷൻ അംഗീകരിച്ചിട്ടുള്ള ഭരണഘടന പ്രകാരം നടത്തപ്പെടേണ്ട തമാണ്.

**(ഇ)** ക്നാനായ സമുദായത്തിലെ എല്ലാ പ്രസ്ഥാനങ്ങൾക്കും, സംഘടന കൾക്കും, ട്രസ്റ്റുകൾക്കും, സ്ഥാപനങ്ങൾക്കും, സൊസൈറ്റികൾക്കും ക്നാനായ അസ്സോസിയേഷൻ അംഗീകരിച്ച പ്രത്യേകം ഭരണഘടനകൾ ഉണ്ടായിരിക്കു ന്നതും അവയുടെ പ്രവർത്തനങ്ങൾ ക്നാനായ അസ്സോസിയേഷന് വിധേയമാ യിട്ടും ക്നാനായകമ്മറ്റിയുടെ നിർദ്ദേശമനുസരിച്ചും പ്രവർത്തിക്കേണ്ടതുമാണ്. മേൽപ്പറഞ്ഞ എല്ലാ ഭരണഘടനകളും ക്നാനായകമ്മറ്റിയിൽ പാസ്സാക്കി അസ്സോ സിയേഷന്റെ അംഗീകാരം വാങ്ങിയിരിക്കേണ്ടതുമാണ്.

**(എഫ്)** സമുദായത്തിലെ എല്ലാ പ്രസ്ഥാനങ്ങളിലെയും സംഘടനകളുടെയും വാർഷിക റിപ്പോർട്ടും വരവുചെലവു കണക്കും, ബാക്കിപത്രവും സമുദായ ത്തിന്റെ വാർഷിക റിപ്പോർട്ടിൽ ഉൾപ്പെടുത്തുവാൻ തക്കവണ്ണം യഥാകാലം ക്നാനായ കമ്മറ്റിയിൽ സമർപ്പിച്ചിരിക്കേണ്ടതാണ്.

**(ജി)** കേരളത്തിനു വെളിയിൽ പള്ളികൾ ട്രസ്റ്റായി രജിസ്റ്റർ ചെയ്ത് ഇടവക കളായി നടക്കുന്നുണ്ടെങ്കിലും ക്നാനായ അസ്സോസിയേഷൻ അംഗീകരിക്കുന്ന ട്രസ്റ്റ് പള്ളികളുടെ ഭരണസംവിധാനം ക്നാനായ സമുദായ ഭരണഘടനയ്ക്ക് വിധേയമായിരിക്കും.

(എച്ച്) ക്നാനായ സമുദായത്തെ പൊതുവായോ, മേഖലകളെ പ്രത്യേകമായോ ബാധിക്കുന്ന വിഷയങ്ങളെ സംബന്ധിച്ച് പ. പാത്രിയർക്കീസ് ബാവാ പുറപ്പെടു വിക്കുന്ന എല്ലാ കല്പനകളും സമുദായമെത്രാപ്പോലീത്തയിലൂടെ മാത്രം ആയി രിക്കേണ്ടതാണ്. അപ്രകാരമുള്ള കല്പനകൾ ക്നാനായസമുദായഭര

ണഘടനയ്ക്ക് അനുസൃതം ആയിരിക്കും.

(ഐ) വിശ്വാസപരമായോ, ഭരണപരമായോ, സാമ്പത്തീകമായോ, സാന്മാർഗ്ഗീകപരമായോ ഉള്ള കാര്യങ്ങളിൽ മെത്രാപ്പോലീത്താ/ മെത്രാപ്പോലീത്തന്മാർ വീഴ്ചവരുത്തിയെന്ന് വ്യക്തമായ തെളിവുകൾ സഹിതം ക്നാനായകമ്മറ്റിയ്ക്ക് ബോദ്ധ്യപ്പെടുകയോ അപ്രകാരം പരാതി ലഭിക്കുകയോ ചെയ്യുന്ന പക്ഷം ആവശ്യമായ തെളിവെടുപ്പ് നടത്തി ആരോപണത്തിൽ കഴമ്പുണ്ടെന്ന് കമ്മറ്റിയ്ക്ക ബോദ്ധ്യപ്പെടുകയോ ചെയ്യുന്ന പക്ഷം 30 ദിവസങ്ങൾക്കുള്ളിൽ ക്നാനായ അസ്സോസിയേഷൻ വിളിച്ചുകൂട്ടി, ആരോപണവിധേയരായവരെ ഭരണചുമതലയിൽ നിന്ന് വിടർത്തുന്നത് ഉൾപ്പെടെയുള്ള ഉചിതമായ തീരുമാനങ്ങൾ എടുക്കേണ്ടതാണ്. മേഖലാ മെത്രാപ്പോലീത്താമാരെ സംബന്ധിക്കുന്ന കാര്യങ്ങളിന്മേൽ നടപടി എടുക്കുന്നതിന് സമുദായ മെത്രാപ്പോലീത്തായോടും, സമുദായമെത്രാപ്പോലീത്തായെ സംബന്ധിക്കുന്ന കാര്യങ്ങളിന്മേൽ നടപടി എടുക്കുന്നതിന് പ. പാത്രിയർക്കീസ് ബാവായോട് ശുപാർശചെയ്യുവാൻ ക്നാനായ അസ്സോസിയേഷന് അധികാരം ഉണ്ടായിരിക്കും. മേൽ പറഞ്ഞ പ്രകാരം എടുക്കുന്ന തീരുമാനങ്ങൾക്ക് ക്നാനായ അസ്സോസിയേഷനിലെ ആകെയുള്ള അംഗങ്ങളുടെ 51% ത്തിൽ കുറയാത്ത ഭൂരിപക്ഷം ഉണ്ടായിരിക്കേണ്ടതാണ്.

ഇപ്രകാരമുള്ള തീരുമാനത്തിന് ഭരണഘടനയുടെ **98** (1 ) ഉം (3) ഉം വകുപ്പുകൾ ബാധകമായിരിക്കുന്നതല്ല.

**(ജെ)** സമുദായ കേന്ദ്രആഫീസിലേയ്ക്ക് അടയ്ക്കേണ്ട ഭദ്രാസനനിധി, വൈദികശമ്പളവിഹിതം എന്നിവ ഈ ഭരണഘടനയിലെ വകുപ്പ് 6 (10) അനുസരിച്ച് യഥാസമയം അടച്ചിരിക്കേണ്ടതാണ്. വീഴ്ച വരുത്തുന്ന ഇടവകകളിൽ നിന്നും ഒരു ശതമാനം പിഴ വർഷം തോറും ഈടാക്കുന്നതാണ്.

**(കെ)** സമുദായത്തിന്റെ സാമ്പത്തീക ഇടപാടുകൾക്ക് കോർ ബാങ്കിംഗ് സംവിധാനം ഉപയോഗപ്പെടുത്തേണ്ടതാണ്.

## സമുദായ അനുരജ്ഞന കോടതി

**(എൽ)** സമുദായാംഗങ്ങളുടെ ഇടയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾക്കും, കുടുംബ സംവിധാനത്തിൽ രൂപപ്പെടുന്ന അസ്വസ്ഥതകൾക്കും ഇടവകകളിൽ ഉണ്ടാകുന്ന തർക്കങ്ങൾക്കും പ്രത്യേകിച്ചും വിവാഹിതർക്കിടയിലുണ്ടാകുന്ന പ്രശ്നങ്ങൾക്കും, ക്രിസ്തീയമായ അന്തരീക്ഷത്തിൽ പരിഹാരം കണ്ടെത്തുന്നതിനും വ്യവഹാരങ്ങളും വിവാഹമോചനവും കഴിവതും ഒഴിവാക്കുന്നതിനും വേണ്ടി അതിഭദ്രാസനകേന്ദ്രത്തിൽ ഒരു അനുരജ്ഞന കോടതി ഉണ്ടായിരിക്കും.

മെത്രാപ്പോലീത്തൻ കൗൺസിൽ കൂടി അവരിൽ നിന്നുതന്നെ ഒരാളെ അതിന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കേണ്ടതാണ്.  വൈദീക കൗൺസിലിന്റെ പ്രസിഡന്റ്, ക്നാനായ ഫാമിലി ഡയറക്ടറേറ്റിന്റെ ഡയറക്ടർ, ക്നാനായ മിഷൻ ഡയറക്ടർ, വൈദീകയോഗം സെക്രട്ടറി, കൗൺസിലിംഗിൽ ബിരുദം നേടിയ ഒരു വ്യക്തി, ഒരു മനശാസ്ത്രജ്ഞൻ, സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു വനിത, ഒരു നിയമജ്ഞൻ/ നിയമജ്ഞ എന്നിവരെ അനുരജ്ഞന കോടതി അംഗങ്ങളായി സമുദായ മെത്രാപ്പോലീത്താ നിയമിക്കേണ്ടതാണ്. ആവശ്യാനുസരണം പ്രസക്തവിഷയങ്ങളിൽ പ്രാവീണ്യമുള്ള വ്യക്തികളെ കോ ഓപ്റ്റു ചെയ്യുന്നതിനു കമ്മറ്റിയ്ക്ക് അധികാരം ഉണ്ടായിരിക്കും. കോടതിയുടെ കോറം അഞ്ച് ആയരിക്കും.

ഫാമിലി ഡയറക്ടറേറ്റിന്റെ ഡയറക്ടർ സമുദായ അനുരജ്ഞന കോടതിയുടെ കൺവീനർ ആയിരിക്കും. കോടതിയുടെ കാലാവധി മൂന്നുവർഷം ആയിരിക്കും

അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് കൺവീനർ അവയുടെ പകർപ്പുകൾ കോടതി അംഗങ്ങൾക്ക് അയച്ചുകൊടുക്കണം. അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം കോടതി വിളിച്ചുകൂട്ടി ആവശ്യമായ അന്വേഷണങ്ങളും തെളിവെടുപ്പും നടത്തിയുക്തമെന്നു കോടതിക്കു ബോദ്ധ്യപ്പെടുന്ന പക്ഷം ബന്ധപ്പെട്ട കക്ഷികളെ ചോദ്യം ചെയ്തും പ്രാവീണ്യം ലഭിച്ചിട്ടുള്ളവരുടെ ഉപദേശം, തീരുമാനം എടുക്കുന്നതിന് അനിവാര്യമെന്ന് കോടതിക്കു ബോദ്ധ്യപ്പെടുന്ന പക്ഷം, അതിനു വേണ്ടി കോടതിക്കു പുറത്തുള്ളവരുടെ സേവനം നേടിയും കൈക്കൊള്ളുന്ന യുക്തമായ ശുപാർശ കോടതിയുടെ പ്രസിഡന്റു വഴി മെത്രാപ്പോലീത്തൻ

കൗൺസിലിനു സമർപ്പിക്കേണ്ടതാണ്. കോടതി ശുപാർശ ലഭിച്ച് 30 ദിവസത്തിനകം മെത്രാപ്പോലീത്തൻ കൗൺസിൽ കൂടി അന്തിമ തീരുമാനം കൈക്കൊണ്ട് ബന്ധപ്പെട്ട കക്ഷികളെ രേഖാമൂലം അറിയിക്കേണ്ടതാണ്.

സമുദായ അനുരഞ്ജന കോടതിയുടെ ശുപാർശകൂടാതെ വിവാഹ മോചനത്തിനോ പുനർവിവാഹത്തിനോ മെത്രാപ്പോലീത്തന്മാർ സ്വയമായി അനുവാദം കൊടുക്കുവാൻ പാടില്ല.

**159.** അമേരിക്കയിലെ പ്രത്യേക സാഹചര്യത്തിൽ നിലവിലുള്ള ഭരണ സംവിധാനം തുടരാവുന്നതാണ്. എന്നാൽ ഈ ഘടനയിലെ നിബന്ധനകളോടു ചേർച്ചയോ ആനുകൂല്യമോ ഇല്ലാത്തതും വിപരീതമുള്ളതുമായി സമുദായത്തിലും ഇടവകയിലുമായി സ്വദേശത്തും വിദേശത്തും ഉണ്ടെങ്കിൽ, പ്രസ്തുത എല്ലാ നിയമങ്ങളും ഉടമ്പടികളും ഉദ്യോഗങ്ങളും, നടപ്പുകളും ഇതിനാൽ ദുർബലപ്പെടുത്തി റദ്ദാക്കിയിരിക്കുന്നു.

**159.** നോർത്ത് അമേരിക്ക, യൂറോപ്പ് മേഖലയുടെ ഭരണക്രമം അവിടുത്തെ പ്രത്യേക സാഹചര്യത്തിൽ ക്നാനയ അസോസിയേഷന്റെ നിശ്ചയപ്രകാരം സമുദായ മെത്രാപ്പോലീത്ത നൽകുന്ന കല്പന അനുസരിച്ച് ക്നാനായ സമുദായ ഭരണഘടനയ്ക്ക് വിധേയമായും ആ മേഖലയുടെ ഭരണചുമതലയുള്ള മെത്രാപ്പോലീത്തായിൽ നിക്ഷിപ്തമായിരിക്കും. എന്നാൽ ക്നാനായ സമുദായഭരണഘടനയ്ക്ക് അനുസൃതമായും അതാത് രാജ്യങ്ങളിലെ നിയമങ്ങൾക്ക് വിധേയമായും അവിടെയുള്ള ക്നാനായ സമുദായത്തിൽപ്പെട്ട പള്ളികളുടെ ഭരണത്തിനായി ഒരു നിയമാവലി ക്രോഡീകരിച്ച് ക്നാനായ കമ്മറ്റി പാസ്സാക്കി, ക്നാനായ അസോസിയേഷൻ അംഗീകരിക്കുന്ന മുറയ്ക്ക് നടപ്പാക്കുന്നതാണ്.

(എ) ഈ ഘടനയിലെ നിബന്ധനകളോടു ചേർച്ചയോ ആനുകൂല്യമോ ഇല്ലാത്തതും വൈപരീതമുള്ളതുമായി സമുദായത്തിലും ഇടവകയിലുമായി സ്വദേശത്തും വിദേശത്തും എന്തെങ്കിലും വ്യവസ്ഥകൾ ഉണ്ടെങ്കിൽ, പ്രസ്തുത എല്ലാ നിയമങ്ങളും ഉടമ്പടികളും ഉദ്യോഗങ്ങളും, നടപ്പുകളും ഇതിനാൽ ദുർബലപ്പെടുത്തി റദ്ദാക്കിയിരിക്കുന്നു.

**160.** ഈ ഘടനയിലെ ഏതെങ്കിലും വകുപ്പുകളോട് എന്തെങ്കിലും ചേർക്കുകയോ വല്ല വകുപ്പുകളിലും ഭേദഗതി ചെയ്യുകയോ ചെയ്യണമെന്നിരുന്നാൽ അതിനായി കൂടുന്ന അസ്സോസിയേഷൻ യോഗത്തിൽ സമുദായത്തലെ ആകെ അസ്സോസിയേഷൻ അംഗങ്ങളുടെ 51% വോട്ടുകൾക്ക് നിശ്ചയം പാസ്സാക്കി മെത്രാപ്പോലീത്തായുടെ മുമ്പാകെ സമർപ്പിക്കേണ്ടതും മെത്രാപ്പോലീത്താ ആയത് അംഗീകരിച്ച് നടപ്പാക്കേണ്ടതുമാണ്.

**160.** ഈ ഘടനയിലെ ഏതെങ്കിലും വകുപ്പുകളോട് എന്തെങ്കിലും ചേർക്കുകയോ വല്ല വകുപ്പുകളിലും ഭേദഗതി ചെയ്യുകയോ ചെയ്യണമെന്നിരുന്നാൽ അതിനായി കൂടുന്ന അസ്സോസിയേഷൻ യോഗത്തിൽ ആകെ അസ്സോസിയേഷൻ അംഗങ്ങളുടെ 51% എങ്കിലും അനുകൂലിച്ച് വോട്ടുരേഖപ്പെടുത്തി നിശ്ചയം പാസ്സാക്കി സമുദായ മെത്രാപ്പോലീത്തായുടെ മുമ്പാകെ സമർപ്പിക്കേണ്ടതും അദ്ദേഹം ആയത് അംഗീകരിച്ച് നടപ്പാക്കേണ്ടതുമാണ്.

**161.** ഈ ഘടനയിലെ ഏതെങ്കിലും വകുപ്പിന്റെ വ്യാഖ്യാനത്തെപ്പറ്റിസമുദായത്തിലെ ഏതെങ്കിലും സമിതികൾക്കോ, പൊതു ഉദ്യോഗവാഹികൾക്കോ, സംശയം നേരിട്ടാൽ അവർ വിവരം ക്നാനായ അസ്സോസിയേഷൻ സെക്രട്ടറിയെ അറിയിക്കേണ്ടതും അദ്ദേഹം നിയമവിദഗ്ധരുടെ ഉപദേശം തേടി ക്നാനായ അസ്സോസിയേഷനിൽ ചർച്ച ചെയ്ത ശേഷം എടുക്കുന്ന തീരുമാനങ്ങൾ മെത്രാപ്പോലീത്തായെ അറിയിക്കേണ്ടതും അദ്ദേഹം അത് ബന്ധപ്പെട്ട കക്ഷികളെ അറിയിക്കുന്നതുമാണ്.

* * * * * * * * * *

**161.** ഈ ഘടനയിലെ ഏതെങ്കിലും വകുപ്പിന്റെ വ്യാഖ്യാനത്തെപ്പറ്റി സമുദായത്തിലെ ഏതെങ്കിലും സമിതികൾക്കോ, പൊതു ഉദ്യോഗവാഹികൾക്കോ, സംശയം നേരിട്ടാൽ അവർവിവരം ക്നാനായ അസ്സോസിയേഷൻ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതും അദ്ദേഹം നിയമവിദഗ്ധരുടെ ഉപദേശം തേടി ഒരു മാസത്തിനള്ളിൽ ക്നാനായ കമ്മറ്റിയിൽ ചർച്ച ചെയ്ത ശേഷം എടുക്കുന്ന തീരുമാനങ്ങൾ സമുദായ മെത്രാപ്പോലീത്തായുടെ അറിവോടുകൂടി സമുദായ സെക്രട്ടറി ബന്ധപ്പെട്ട കക്ഷികളെ അറിയിക്കേണ്ടതാണ്. പ്രസ്തുത തീരുമാനങ്ങളുടെ പകർപ്പ് എല്ലാ മേഖലാമെത്രാപ്പോലീത്തൻന്മാർക്കും അയച്ചുകൊടുക്കേണ്ടതാണ്

**161(എ)** ക്നാനായ സമുദായത്തെ സംബന്ധിക്കുന്ന എല്ലാ വ്യവഹാരങ്ങളും കോട്ടയം കോടതികളുടെ മാത്രം അധികാര പരിധിയിൽപ്പെടുന്നതാകുന്നു

# അദ്ധ്യായം 9

## നേർത്ത് അമേരിക്ക & യൂറോപ്പ് മേഖല

**ഇൻഡ്യയിലേയും, നോർത്ത് അമേരിക്ക & യൂറോപ്പിലേയും പ്രാദേശിക നിയമങ്ങൾ വ്യത്യസ്ഥമാകയാൽ അവിടുത്തെ ക്നാനായപള്ളികളുടെ ഭരണക്രമം ക്നാനായ ഭരണഘടനയ്ക്കും അതാത് രാജ്യങ്ങളിലെ പ്രാദേശിക നിയമങ്ങൾക്കും വിധേയമായി നിയമാവലി കോഡീകരിച്ച് നടപ്പാക്കേണ്ടതിനാൽ, ഇപ്രകാരം ഒരുഅദ്ധ്യായം ചേർത്തിട്ടുള്ളതാകുന്നു.**

## A) നേർത്ത് അമേരിക്കൻ ക്നാനായ കമ്മ്യൂണിറ്റി

**162.** "നോർത്ത് അമേരിക്കൻ ക്നാനായ കമ്മ്യൂണിറ്റി" എന്നത് നോർത്ത് അമേരിക്കയിലെ ക്നാനായ ദേവാലയങ്ങളുടെ പ്രാദേശികമായ ഭരണത്തിനും, വളർച്ചയ്ക്കും, സഹകരണത്തിനും മാതൃഅതിഭദ്രാസനത്തിന്റെ വളർച്ചക്കും വേണ്ടിയുള്ള ഏകീകൃത പ്രവർത്തനങ്ങൾക്കുമായി നോർത്ത് അമേരിക്ക & യൂറോപ്പ് മേഖല മെത്രാപ്പോലീത്താ, വൈദിക കൗൺസിൽ, വികാരി ജനറാൾ, അസോസിയേഷൻ, കമ്മറ്റി എന്നീ നോർത്ത് അമേരിക്കൻ ക്നാനായ ഭരണഘടന അനുസരിച്ചുള്ള സംവിധാനങ്ങൾ ഉൾകൊള്ളുന്ന മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിലെ നോർത്ത് അമേരിക്ക& യൂറോപ്പ് മേഖലയുടെ ഒരു പ്രാദേശിക അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റ് ആയിരിക്കും.

**163.** മലങ്കരസുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഭരണഘടനാപരമായ എല്ലാ പൊതു അധികാരങ്ങൾക്കും വിധേയമായി നോർത്ത് അമേരിക്ക & യൂറോപ്പ് മേഖലയിലെ അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റ് ആയ "നോർത്ത് അമേരിക്കൻ ക്നാനായ കമ്മ്യൂണിറ്റി"യുടെ പാർട്ട് **1** ഉം പാർട്ട് **11** ഉം ഉൾപ്പെടെയുള്ള ഭരണഘടനയ്ക്കു വിധേയമായും അമേരിക്കയുടേയും കാനഡായുടേയും പ്രാദേശിക നിയമങ്ങളും, സംസ്ഥാന നിയമങ്ങളും ഫെഡറൽ നിയമങ്ങളും പാലിച്ചും മലങ്കരസുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ വലിയമെത്രാപ്പോലീത്തായുടെ അംഗീകാരം നേരിയിട്ടുള്ളതും ഇനി അതുപോലെ അവിടെ ഉണ്ടാകുന്നതുമായ എല്ലാ ക്നാനായ ദേവാലയങ്ങളും മലങ്കരസുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ കീഴിലുള്ള പൂർണ്ണ ഇടവക ദേവാലയങ്ങളായി തുടരുന്നതാണ്.

ഈ ദേവാലയങ്ങളിൽ അംഗത്വം നൽകുന്നത് മേൽ 51-ാം വകുപ്പിന് വിധേയമായിട്ടായിരിക്കും.

**164.** മലങ്കരസുറിയാനി ക്നാനായ അതിഭദ്രാസനത്തെ പൊതുവായി ബാധിക്കുന്ന മലങ്കരസുറിയാനി ക്നാനായ അസോസിയേഷന്റെയും ക്നാനായ കമ്മറ്റിയുടെയും, എല്ലാ തീരുമാനങ്ങളും നോർത്ത് അമേരിക്കയിലെ ദേവാലയങ്ങൾക്കും ബാധകമായിരിക്കും. എന്നാൽ നോർത്ത് അമേരിക്കൻ ക്നാനായ കമ്മ്യൂണിറ്റിയേയും അതിന്റെ ദേവാലയങ്ങളും പ്രാദേശികമായി മാത്രം ബാധിക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുമ്പോൾ ക്നാനായ അസ്സോസിയേഷൻ നോർത്ത് അമേരിക്കൻ ക്നാനായ കമ്മറ്റിയുമായി മുൻകൂട്ടിആലോചിച്ചിരിക്കണം.

**165.** മലങ്കരസുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ദേവാലയങ്ങൾ എന്ന നിലയിൽ പൊതുഭരണകാര്യങ്ങളിൽ നോർത്ത് അമേരിക്കൻ ദേവാലയങ്ങളുടെമേൽ മലങ്കരസുറിയാനി ക്നാനായ സമുദായ ഭരണഘടന പരമായ അധികാര അവകാശങ്ങൾ ആ രാജ്യങ്ങളുടെ നിയമങ്ങൾക്ക് അനുസൃതമായിരിക്കും.

**166.** മലങ്കരസുറിയാനി ക്നാനായ അസ്സോസിയേഷൻ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ആണ്ടുവരി എല്ലാ നോർത്ത് അമേരിക്ക ക്നാനായ ദേവാലയങ്ങളും എല്ലാവർഷവും 36-ാം ഞായറാഴ്ച പിരിച്ചെടുത്ത് അതിന്റെ നോർത്ത് അമേരിക്കൻ ക്നാനായ കമ്മ്യൂണിറ്റി ട്രസ്റ്റിയിലൂടെ മലങ്കരസുറിയാനി ക്നാനായ അതിഭദ്രാസന ആഫീസിൽ എത്തിക്കണം.

**167.** NAKC യിൽ ഉൾപ്പെട്ട എല്ലാ പള്ളികളും ആണ്ടുവരി, കമ്മട്ടി, കൈമുത്ത്, റിശ്ശീസാ പ്രത്യേക ആവശ്യങ്ങൾക്കുള്ള പിരിവുകൾ എന്നിവ ഒഴികെയുള്ള മൊത്തം വരുമാനത്തിന്റെ 10% ഭദ്രാസനനിധിയായി നൽകേണ്ടതാണ്. പ്രസ്തുത തുകയുടെ 30% കേന്ദ്രഭദ്രാസന നിധിയിലേക്ക് വർഷം തോറും ജൂൺ, ഡിസംബർ മാസങ്ങളിൽ NAKC ട്രസ്റ്റി സമുദായ കേന്ദ്ര ആഫീസിൽ അടച്ചിരിക്കേണ്ടതാണ്. ബാക്കിയുള്ള 70% നോർത്ത് അമേരിക്ക & യൂറോപ്പ് മേഖലയുടെ വികസന പ്രവർത്തനങ്ങൾക്കും ആ മേഖലയിലെ മെത്രാപ്പോലീത്തയുടെ ആവശ്യങ്ങൾക്കുമായി വിനിയോഗിക്കാവുന്നതാണ്.

**168.** നോർത്ത് അമേരിക്കൻ ക്നാനായ ദേവാലയങ്ങളിൽ അംഗങ്ങളായുള്ള 21 വയസ്സും അതിനു മുകളിലും പ്രായമുള്ള ഓരോ പുരുഷന്മാരിൽ നിന്നും

വർഷം തോറും 5 ഡോളർ വീതം പ. അന്ത്യോഖ്യാസിംഹാസനത്തിലേയ്ക്കുള്ള റിശ്ശിസായായി 36-ാം ഞായറാഴ്ച പിരിച്ചെടുത്ത് നോർത്ത് അമേരിക്കൻ ക്നാനായ കമ്മ്യൂണിറ്റി ട്രസ്റ്റിയിലൂടെ പുതുഞായറാഴ്ചയ്ക്കുമുമ്പായി ക്നാനായ സമുദായകേന്ദ്ര ആഫീസിൽ എത്തിക്കണം.

**169.** നോർത്ത് അമേരിക്കയിലെ ക്നാനായ ദേവാലയങ്ങളിലെ വൈദികരുടെ Honorarium ഉും മറ്റ് ആനുകൂല്യങ്ങളും ഉൾപ്പെടുന്ന പണസംബന്ധമായ എല്ലാ കാര്യങ്ങളും മേഖല മെത്രാപ്പോലീത്തായുമായി ആലോചിച്ച് ഒരോ ഇടവകയുടേയും നേരിട്ടുള്ള ചുമതലയിൽ നിർവ്വഹിക്കേണ്ടതാണ്. നോർത്ത് അമേരിക്കൻ പള്ളികളിൽ ശുശ്രൂഷ ചെയ്യുന്ന വൈദീകർ ക്നാനായ അതിഭദ്രാസനത്തിലെ സേവന വ്യവസ്ഥകൾക്ക് വിധേയരായിരിക്കും.

**170.** നോർത്ത് അമേരിക്കയിലെ ക്നാനായ ദേവാലയങ്ങളിൽ നിന്നും മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഭരണഘടന അനുസൃതമായുള്ള എല്ലാ രജിസ്റ്ററുകളും, ക്നാനായ അതിഭദ്രാസനത്തിന്റെ ഭരണഘടന അനുസരിച്ചുള്ള പൊതുയോഗ നടപടിക്രമങ്ങളും പാലിച്ചു മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷനിലേക്കു പ്രതിനിധികളെ തിരഞ്ഞെടുക്കാവുന്നതാണ്

**171.** നോർത്ത് അമേരിക്കയിലെ ക്നാനായ ദേവാലയങ്ങളിൽ നിന്നുള്ള മലങ്കരസുറിയാനി ക്നാനായ അസ്സോസിയേഷൻ അംഗങ്ങൾക്ക് NAKA പ്രസിഡന്റ് നേതൃത്വം നൽകി ക്രമീകരിക്കുന്ന ആധുനിക സൗകര്യങ്ങളുപയോഗിച്ച് മലങ്കരസുറിയാനി ക്നാനായ അസ്സോസിയേഷൻ യോഗങ്ങളിൽ തത്സമയം സംബന്ധിക്കാവുന്നതാണ്.

**172.** നോർത്ത് അമേരിക്കയിൽ സ്ഥിരമായി താമസിക്കുന്ന ക്നാനായക്കാർ അവരുടെ മാതൃ ദേവാലയങ്ങളിൽ ഉള്ള അംഗത്വം മലങ്കരസുറിയാനി ക്നാനായ സമുദായ ഭരണഘടന 48-ാം വകുപ്പ് അനുസരിച്ച് അവിടേയ്ക്ക് ഇടവക മാറാവുന്നതോ അല്ലാത്തപക്ഷം മലങ്കര സുറിയാനി ക്നാനായ സമുദായ ഭരണഘടാ 49 - എ വകുപ്പ് അനുസരിച്ച് അവിടെയുള്ള ദേവാലയങ്ങളിൽ ചേർന്നു പോകാവുന്നതോ ആണ്.

**(എ)** നോർത്ത് അമേരിക്കയിലെ ക്നാനായ ദേവാലയങ്ങളിൽ അംഗത്വമുള്ളവർക്ക് ഏതെങ്കിലും സാഹചര്യത്തിൽ ക്നാനായ അതിഭദ്രാസനത്തിലെ ഏതെങ്കിലും ദേവാലയ സെമിത്തേരിയിൽ മൃതസംസ്ക്കാരം ആവശ്യമായാൽ, സംസ്ക്കരിക്കപ്പെടേണ്ട ദേവാലയത്തിലെ കമ്മറ്റിയുമായി ആലോചിച്ച് ബന്ധപ്പെട്ട മെത്രാപ്പോലീത്തായുടെ അനുമതിയോടുകൂടി സൗകര്യപ്രദമായ സെമിത്തേരിയിൽ മൃതസംസ്ക്കാരം നടത്തി കൊടുക്കണം. എന്നാൽ തന്റെ മാതൃ ദേവാലയത്തിലെ അംഗത്വം സജ്ജീവമായിരിക്കുന്ന ആൾക്ക് തന്റെ മാതൃദേവാലയത്തിൽ മൃതസംസ്ക്കാരം നടത്തിക്കിട്ടുന്നതിന് യാതൊരു അനുമതിയുടെയും ആവശ്യം ഇല്ല. എന്നാൽ ഇങ്ങനെയുള്ള മൃതസംസ്ക്കാരത്തിനു ശേഷം 10 ദിവസത്തിനുള്ളിൽ ഈ വിവരം മൃതസംസ്ക്കാരം നടത്തിയ ദേവാലയത്തിലെ വികാരി രേഖാമൂലം അവരുടെ നോർത്ത് അമേരിക്കയിലെ ദേവാലയ വികാരിയെ അറിയിച്ചിരിക്കേണ്ടതാണ്.

**(ബി)** മലങ്കരസുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഭരണഘടനാ 51-ാം വകുപ്പ് അനുസരിച്ച നോർത്ത് അമേരിക്കയിലെ ദേവാലയങ്ങളിൽ ചേർന്നു പോകുന്നവർക്ക് മലങ്കരസുറിയാനി ക്നാനായ അസ്സോസിയേഷനിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ അവിടെ വോട്ടവകാശം ഉണ്ടായിരിക്കുമെങ്കിലും, ഈ കാലയളവിൽ അവരുടെ മാതൃ ദേവാലയത്തിൽ വോട്ടവകാശം ഉണ്ടായിരിക്കുകയില്ല. ഈ കാലയളവിൽ നോർത്ത് അമേരിക്കയിലെ ദേവാലയങ്ങളിൽ കൊടുക്കേണ്ട എല്ലാ സാമ്പത്തീക വിഹിതങ്ങളും കൊടുത്തിരിക്കണം. അവരുടെ മാതൃദേവാലയത്തിൽ അംഗത്വം ഈ കാലയളവിൽ നിർജ്ജീവമായിരിക്കേണ്ടതും, നോർത്ത് അമേരിക്കയിലെ അവരുടെ ദേവാലയത്തിലെ വികാരിയുടെ എഴുത്തുമായി മാതൃ ദേവാലയത്തിൽ സ്ഥിരമായി തിരികെ എത്തുമ്പോൾ ആ തീയതി മുതൽ അവരുടെ ഇൻഡ്യയിലെ മാതൃ ഇടവകയിൽ ഇടവാകാംഗത്വം സജീവമാക്കേണ്ടതുമാണ്.

**(സി.** മലങ്കരസുറിയാനി ക്നാനായ സമുദായത്തിന്റെ ഭരണഘടന 49-ാം വകുപ്പ് അനുസരിച്ച് നോർത്ത് അമേരിക്കയിലുള്ള ഏതെങ്കിലും സുറിയാനി ക്നാനായ ദേവാലയങ്ങളിൽ അംഗത്വം നേടിയിട്ടില്ലാത്തവർക്ക് മലങ്കരസുറിയാനി ക്നാനായ അസ്സോസിയേഷനിലേക്കുള്ള തിരഞ്ഞെടുപ്പിൽ അവിടെ വോട്ടവകാശം ഉണ്ടായിരിക്കുകയില്ല

**173.** ആറു മാസത്തിനമേൽ നോർത്ത് അമേരിക്കയിൽ താമസമാക്കിയിട്ടുള്ള ക്നാനായക്കാർ അവരുടെ താമസസ്ഥലത്തിന് അടുത്തുള്ള ക്നാനായ സുറിയാനി ദേവാലയത്തിൽ അംഗത്വം എടുക്കേണ്ടതും, ദേവാലയങ്ങളുടെ പ്രാഥമിക ചിലവുകൾക്കായി, ഓരോ ദേവാലയങ്ങളുടയും പൊതുയോഗം നിശ്ചയിക്കുന്ന ഒരു വിഹിതം അവർ എല്ലാ മാസവും കൊടുക്കേണ്ടതുമാണ്.

## B) യൂറോപ്പ് സബ് ഡിവിഷൻ

**174** നോർത്ത് അമേരിക്ക & യൂറോപ്പ് മേഖലയിൽപ്പെട്ട യൂറോപ്പിലുള്ള പള്ളികൾ ആ മേഖലയിലെ മെത്രാപ്പോലീത്തയുമായി ആലോചിച്ച് അതാത് രാജ്യങ്ങളിലെ നിയമങ്ങൾക്കും ക്നാനായ സമുദായ ഭരണഘടനയ്ക്കും യോജിച്ച വിധത്തിലുള്ള ഒരു ഭരണ സംവിധാനവും ഭരണ വ്യവസ്ഥകളും ക്രോഡീകരിച്ച് ക്നാനായ കമ്മറ്റിയിൽ സമർപ്പിച്ച് , കമ്മറ്റിയുടെ ശുപാർശയോടെ ക്നാനായ അസോസിയേഷന്റെ അംഗീകാരം നേടേണ്ടതാണ്. എന്നാൽ ഇപ്പോൾ മുതലേ ആ മേഖലയിലുള്ള പള്ളികളിൽ നിന്നും, ആണ്ടുവരി, റിശ്ശീസാ, ഭദ്രാസനനിധി മുതലായവ സമുദായ ഭരണഘടനാനുസൃതം പിരിച്ചെടുക്കേണ്ടതും അതിൽ ഭദ്രാസന നിധിയുടെ 70% ആ മേഖലയുടെ വികസനപ്രവർത്തനങ്ങൾക്കും, ആ മേഖലയിലെ മെത്രാപ്പോലീത്തയുടെ ആവശ്യങ്ങൾക്കുമായി ആ മേഖലയുടെ ട്രസ്റ്റിൽ അടയ്ക്കേണ്ടതും, ശേഷിച്ച തുകയും, ആണ്ടുവരിയും, റിശ്ശീസയും സമുദായ കേന്ദ്ര ആഫീസിൽ അടയ്ക്കേണ്ടതുമാണ്.

എന്നാൽ ആ മേഖലയിൽ ശുശ്രൂഷ ചെയ്യുന്ന വൈദികരുടെ Honorarium അതാത് പള്ളികളുടെ ചുമതലയിലായിരിക്കും.

# അനുബന്ധം A

## ഓരാൾ സമുദായമെത്രാപ്പോലീത്തയായി/സഹായമെത്രാപ്പോലീത്തയായി തെരഞ്ഞെടുക്കപ്പെട്ടശേഷം ക്നാനായ അസോസിയേഷൻ മുൻപാകെ സമർപ്പിക്കേണ്ട സമ്മതപത്രം/പ്രതിജ്ഞ

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിലെ മേല്പട്ടസ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ..................................................................................................

ആയ ഞാൻ, സമുദായമെത്രാപ്പോലീത്ത/സഹായ മെത്രാപ്പോലീത്ത സ്ഥാനത്തേക്കുള്ള എന്റെ തെരഞ്ഞെടുപ്പിനെ പരിപൂർണ്ണ മനസ്സോടെ വിനയപൂർവ്വം സമ്മതിക്കയും ഇത് ദൈവവിളിയായി സ്വീകരിക്കുകയും ചെയ്യുന്നതോടൊപ്പം സുറിയാനി ഓർത്തഡോക്സ് സഭ പാലിച്ചുപോരുന്ന പരിശുദ്ധ ത്രിത്വത്തിലുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കുകയും അന്ത്യോഖ്യയിലെ പരിശുദ്ധ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് അദ്ധ്യക്ഷനായുള്ള സുറിയാനിഓർത്തഡോക്സ് സഭ പാലിച്ചുപോരുന്ന വിശ്വാസത്തിലും സഭയുടെ പാരമ്പര്യത്തിലും ഉറച്ചുനിന്നുകൊണ്ട് ദൈവവിളിക്കനുസരിച്ചുള്ള ജീവിതത്തിൽ ധാർമ്മിക ബോധത്തോടും, സാമ്പത്തീക സുതാര്യതയോടും ആത്മാർത്ഥതയോടും ഭയഭക്തിയോടുകൂടെയും ഉറച്ചു നിൽക്കുമെന്ന് പൂർണ്ണമായി സമ്മതിച്ചു കൊള്ളുന്നു.

വി. വേദപുസ്തകത്തിലെ ഉപദേശങ്ങൾക്കോ, പരി. പിതാക്കന്മാരുടെ പഠിപ്പിക്കലുകൾക്കോ സഭയ്ക്കോ ചേരാത്തതായ യാതൊരു കാര്യത്തിലും ഞാൻ ഇടപെടുകയോ, അവ സ്വീകരിക്കുകയോ, ഉപദേശിക്കയോ, പഠിപ്പിക്കുകയോ ചെയ്യുന്നതല്ല. പരിശുദ്ധ സുറിയാനി ഓർത്തഡോക്സ് സഭയുടെ എല്ലാ ഉപദേശങ്ങളും വിശ്വാസപ്രമാണങ്ങളും ഞാൻ ഏറ്റു പറയുകയും അതിലെ എല്ലാ നിബന്ധനകൾക്കും നടപടികൾക്കും, ക്നാനായ സമുദായഭരണഘടനയ്ക്കും,ക്നാനായ അസ്സോസിയേഷനും ക്നാനായ പാരമ്പര്യങ്ങൾക്കും വിധേയനായിരുന്നു കൊള്ളുമെന്നു പ്രതിജ്ഞ ചെയ്യുന്നു.

എന്റെ സ്ഥാനമാനങ്ങളോ അതുമൂലം ലഭിക്കാവുന്ന ബഹുമാനങ്ങളോ, അധികാരമോ, സ്വാധീനമോ, സമ്പത്തോ, ഒന്നും തന്നെയും എന്റെ സ്വാർത്ഥതക്കുവേണ്ടി ഉപയോഗിക്കാതെ എല്ലാം ദൈവനാമ മഹത്വത്തിനും സഭയുടെ ആത്മീകവും ഭൗതീകവുമായ വളർച്ചക്കും വേണ്ടി മാത്രം ഉപയോഗിക്കുമെന്നും അതിലേയ്ക്ക് പൂർണ്ണ മനസ്സോടെ ത്യാഗം സഹിക്കുന്നതിനുള്ള സമർപ്പണബോധത്തോടും പ്രവർത്തിക്കുമെന്നും പ്രതിജ്ഞ ചെയ്യുന്നു.

എനിക്ക് ലഭിച്ചിട്ടുള്ളതും, ലഭിച്ചേക്കാവുന്നതുമായ പിതൃസ്വത്തു ഉൾപ്പെടെ എന്റെ പേരിലുള്ളതും ഉണ്ടായേക്കാവുന്നതുമായ എല്ലാ സ്ഥാവരജംഗമ സ്വത്തുക്കളും, ബാങ്ക് ഡിപ്പോസിറ്റുകളും, നിക്ഷേപങ്ങളും ഈ സ്ഥാനം ഏറ്റശേഷം എനിക്കു ലഭിക്കുന്ന സകലസ്വത്തുക്കളും നിക്ഷേപങ്ങളും മലങ്കരസുറിയാനി ക്നാനായ സമുദായത്തിനുള്ളതായിരിക്കുന്നതാണ്.

ഞാൻ ഈ സമുദായത്തോടും സമുദായഭരണഘടനയോടും ക്നാനായ അസോസിയേഷനോടും വിശ്വസ്തതയും, വിധേയത്വവും ഉള്ളവനായിരിക്കും.

(സഹായമെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്ക് എങ്കിൽ : ഞാൻ ഈ സമുദായത്തോടും സമുദായ മെത്രാപ്പോലീത്തയോടും സമുദായത്തിലെ മറ്റ് മെത്രാപ്പോലീത്തൻമ്മാരോടും അവരിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരത്തോടുംക്നാനായ സമുദായഭരണഘടനയോടും ക്നാനായ അസ്സോസിയേഷനോടും വിശ്വസ്തതയും ഭക്തിയും അനുസരണവുമുള്ളവനായിരിക്കും) എനിക്കുള്ള സർവ്വശക്തിയും ഉപയോഗിച്ച് സുറിയാനിസഭയുടെ ഉപദേശങ്ങൾ, ആരാധന,ശിക്ഷാക്രമം, ഭരണ സമ്പ്രദായം എന്നിവയെ അനുകൂലിക്കയും സർവ്വവിധമായ വേദവിപരീതങ്ങൾക്കും ദുരുപദേശങ്ങൾക്കും എതിരായി ഞാൻ സഭയെയും സമുദായത്തെയും സംരക്ഷിക്കുകയും പിൻതാങ്ങുകയും ചെയ്തുകൊള്ളാമെന്നും പ്രതിജ്ഞ ചെയ്യുന്നു.

സഭയുടെയും സമുദായത്തിന്റെയും നിബന്ധനകൾക്കോ തത്വങ്ങൾക്കോ, പാരമ്പര്യങ്ങൾക്കോ എതിരായി ഞാൻ എപ്പോഴെങ്കിലും പ്രവർത്തിക്കുന്നതിന് ഇടയായാൽ എനിക്ക് സഭയിലും സമുദായത്തിലുമുള്ള അധികാരങ്ങളിൽ നിന്നും പദവികളിൽ നിന്നും കർത്തവ്യങ്ങളിൽ നിന്നും, ദൈവമുമ്പാകെയും സഭയുടെയും സമുദായത്തിന്റെയും മുമ്പാകെയും ഞാൻ നീക്കപ്പെട്ടവനായി പരിഗണിക്കപ്പെടുന്നതാണ് എന്ന് സർവ്വശക്തനായ ദൈവത്തിന്റെ മുമ്പാകെയും എന്നെ സമുദായമെത്രാപ്പോലീത്താ/സഹായ മെത്രാപ്പോലീത്ത സ്ഥാനത്തേക്കു തെരഞ്ഞെടുത്ത ക്നാനായ അസ്സോസിയേഷന്റെ മുമ്പാകെയും ഞാൻ പ്രതിജ്ഞ ചെയ്യുന്നു. എന്റെ ആയുഷ്ക്കാലം മുഴുവൻ ഈ പ്രതിജ്ഞയിൽ നിലനിൽക്കുന്നതിന് ദൈവം എന്നെ സഹായിക്കുമാറാകട്ടെ.

**(ഈ പ്രതിജ്ഞ തിരഞ്ഞെടുപ്പു നടക്കുന്ന അസോസിയേഷൻ യോഗത്തിൽ വച്ചുതന്നെ വായിച്ച് ക്നാനായ അസോസിയേഷൻ പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ സാക്ഷിനിർത്തി ഒപ്പുവച്ച് അസോസിയേഷൻ പ്രസിഡന്റിനെ ഏല്പിക്കേണ്ടതാകുന്നു.)**

# അനുബന്ധം B

**ക്നാനായ അതിഭദ്രാസനത്തെ ഭരണ സൗകര്യാർത്ഥം താഴെപ്പറയുന്ന 3 മേഖലകളും ഒരു കേന്ദ്രഭരണപ്രദേശവും ആയി തിരിച്ചിരിക്കുന്നു.**

**ക്നാനായ അതിഭദ്രാസനത്തിന്മേലും അതിലെ ഇപ്പോൾ ഉള്ളതും മേലാൽ ഉാകുന്നതുമായ എല്ലാ ദേവാലയങ്ങളിന്മേലും പരി. പാത്രിയർക്കീസ് ബാവായ്ക്ക് എല്ലാ ആത്മിക അധികാരങ്ങളും ഉായിരിക്കും.എന്നാൽ ക്നാനായ അതിഭദ്രാസനത്തിൻ കീഴിൽ ഉള്ള എല്ലാ പള്ളികളുടേയും പ്രസ്ഥാനങ്ങളുടേയും ഭരണപരമായ അധികാരം ക്നാനായ സമുദായ ഭരണഘടനയ്ക്കും ക്നാനായ അസോസിയേഷൻ നിശ്ചയങ്ങൾക്കും അനുസൃതമായി സമുദായ മെത്രാപ്പോലീത്തായിലും അദ്ദേഹം ഭരമേല്പി ക്കുന്നതനുസരിച്ച് മേഖല മെത്രാപ്പോലീത്തൻമ്മാരിലും നിക്ഷിപ്തമായി രിക്കും.**

## 1. കല്ലിശ്ശേരി, മലബാർ മേഖല

**തുരുത്തിക്കാട് മുതൽ ആനപ്രമ്പാൽവരേയും പെരുന്തുരുത്തി മുതൽ തെക്കോട്ടു തിരുവനന്തപുരം വരേയുള്ള 26 പള്ളികളും ഈ മേഖലയിൽ ഭാവി യിൽ ഉാകാവുന്നതുമായ പള്ളികളും.**

1) തിരുവനന്തപുരം സെന്റ് ഇഗ്നാത്തിയോസ് പള്ളി , 2) തുരുത്തിക്കാട് സെന്റ് ജോൺസ് പള്ളി, 3) ഇരവിപേരൂർ സെന്റ് മേരീസ് പള്ളി 4) കറ്റോട് സെന്റ് മേരീസ് പള്ളി, 5) എണ്ണിക്കാട് മാർ യൂഹാനോൻ മാംദോനോ പള്ളി, 6) വള്ളം കുളം സെന്റ് ജോർജ് പള്ളി, 7) വള്ളംകുളം സെന്റ് മേരീസ് ബഥേൽ പള്ളി, 8) കുറ്റൂർ സെന്റ് മേരീസ് ഊർശ്ലേം പള്ളി, 9) മഴുക്കീർ സെന്റ് മേരീസ് പള്ളി, 10) തെങ്ങേലി സെന്റ് മേരീസ് പള്ളി, 11) വെൺപാല സെന്റ് ജോർജ്ജ് പള്ളി 12) ആനപ്രാമ്പാൽ സെന്റ് മേരീസ് പള്ളി, 13) മാന്നാർ സെന്റ് മേരീസ്പള്ളി 14) പാവൂക്കര സെന്റ് മേരീസ് പള്ളി, 15) പടിഞ്ഞാറ്റോതറ സെന്റ് മേരീസ് പള്ളി, 16) പടിഞ്ഞാറ്റോതറ സെന്റ് ഗ്രീഗോറിയോസ് പള്ളി, 17) തിരുവൻവൂർ സെന്റ് മേരീസ് പള്ളി, 18) കല്ലിശ്ശേരി സെന്റ് മേരീസ് വലിയപള്ളി 19) ഓതറ നസ്രേത്ത് ആശ്രമം ചാപ്പൽ.

## മലബാർ

**1) നെന്മാറ സെന്റ് മേരീസ് പള്ളി, 2) ഷൊർണ്ണൂർ** സെന്റ് ഗ്രീഗോറിയോസ് **പള്ളി, 3) വടപുറം സെന്റ് ജോൺസ് പള്ളി, 4) മുട്ടിക്കടവ് സെന്റ് മേരീസ് പ ള്ളി, 5) ചുള്ളിയോട് സെന്റ് മേരീസ് പള്ളി, 6) പ്രാപ്പോയിൽ സെന്റ് മേരീസ് പള്ളി, 7) മുതുവം സെന്റ് ജോൺസ് പള്ളി.**

## 2. റാന്നി ബാഹ്യകേരള മേഖല

**റാന്നി കുമളി, പുറ്റടി, കട്ടപ്പന എന്നീ പ്രദേശങ്ങളിലെ പള്ളികളും ബാഹ്യകേ രളത്തിലുള്ള ബാംഗ്ലൂർ, ബോംബെ, ഡൽഹി, മദ്രാസ് എന്നിവിടങ്ങളിലുള്ള പള്ളി കൾ ഉൾപ്പെടെ ആകെ 25 പള്ളികളും ഈ മേഖലയിൽ ഭാവിയിൽ ഉാകുന്ന പള്ളികളും.**

1) റാന്നി സെന്റ് തോമസ് വലിയപള്ളി, 2) മന്ദമരുതി സെന്റ് തോമസ് കുരിശു പള്ളി , 3) ഇടക്കുളം സെന്റ് തോമസ് കുരിശുപള്ളി, 4) ഉഴവുംപാറ സെന്റ് ജോർജ് കുരിശുപള്ളി, 5) തോണിക്കടവ് സെന്റ് മേരീസ് കുരിശുപള്ളി, 6) മട ന്തമൺ സെന്റ് ജോർജ് കുരിശുപള്ളി, 7) വൈക്കം സെന്റ മേരീസ് കുരിശുപ ള്ളി, 8) ഇട്ടിയപ്പാറ സെന്റ് മേരീസ് കുരിശുപള്ളി, 9) ഐത്തല സെന്റ് കുറിയാക്കോസ് പള്ളി, 10) അഞ്ചാനി സെന്റ് ജോർജ് പള്ളി, 11) ചെറുകുളഞ്ഞി സെന്റ് മേരീസ് പള്ളി, 12) സീതത്തോട് സെന്റ് ജോർജ് പള്ളി 13) ഗുരുനാഥൻ മണ്ണ് സെന്റ് ജോർജ് പള്ളി 14) കണമല സെന്റ് ജോർജ് പള്ളി, 15) കൊല്ലമുള സെന്റ് മേരീസ് പള്ളി, 16) വെച്ചൂച്ചിറ സെന്റ് മേരീസ് പള്ളി, 17) കട്ടപ്പന സെന്റ് മേരീസ്പള്ളി, 18) കുമളി മാർത്തോമ്മൻ പള്ളി, 19) പുറ്റടി സെന്റ് മേരീസ് പ ള്ളി, 20) പുനലൂർ സെന്റ് മേരീസ് പള്ളി, 21) ബോംബെ സെന്റ് മേരീസ് പ ള്ളി, 22) ഡൽഹി സെന്റ് മേരീസ് പള്ളി, 23) ബാംഗ്ലൂർ സെന്റ് ജോർജ് സിറ്റി പള്ളി (ഡൊംലൂർ), 24) സെന്റ് മേരീസ് ക്നാനായ ചർച്ച് , ഹെന്നൂർ ( ബാംഗ്ലൂർ) **25) മദ്രാസ് സെന്റ് മേരീസ് പള്ളി.**

## 3. നോർത്ത് അമേരിക്ക & യൂറോപ്പ്

1) St. Joseph's Knanaya Church, Long Island 2) St. Mary's Knanaya Church, Philadelphia, 3) St. Mary's Knanaya Church, Hartford, 4) St. Mary's Knanaya Church,Tampa Florida 5) St. Thomas Knanaya Church, Clifton, 6) St. Peter's Knanaya Church, Yonkers, 7) St. John's Knanaya Church,

Houston, 7) St. Thomas Knanaya Church, Dallas, 8) St. Mary's Knanaya Church, Chicago, 9) St. Stephen's Knanaya Church, Boston, 10) St. Thomas Knanaya Church, Edmonton, Canada, 11) St. Ignatius Knanaya Church, Toronto, Canada, 12) St. Mary's Knanaya Church, Congregation, Miami. 1) St. Simon's Church Birmingham, 2) St. Stephen's Church Bristol, 3) St. John's Syrian Knanaya Church Cardiff, 4) St. Peters & St. John's Church London, 5) St. George Knanaya Church Manchester, 6) St. Mary's Knanaya Syrian Church Italy 7) St. Ignatius Church Rome, 8) St Mary's Knanya Syrian Orthodox Church, Ireland.

### 4. കേന്ദ്രഭരണപ്രദേശം:

മുകൾപറഞ്ഞ മൂന്നു മേഖലകളിലും ഉൾപ്പെടാത്ത എല്ലാപള്ളികളും സമുദായ മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിൽ ഉള്ള കേന്ദ്രഭരണപ്രദേശത്തിൻ ഉൾപ്പെട്ടിരിക്കും.

മാമംഗലം, രാമമംഗലം മുതൽ മാമ്പുഴക്കരി വരെയുള്ള പള്ളികളും ഗൾഫിലുള്ള പള്ളികളും ഉൾപ്പെടെ 26 പള്ളികൾ.

1) രാമമംഗലം സെന്റ് ജേക്കബ്സ് വലിയപള്ളി, 2)മാമംഗലംസെന്റ് മേരീസ് പള്ളി, 3) ചെങ്ങളം സെന്റ്മേരീസ് സെഹിയോൻപള്ളി, 4) കോട്ടയം സെന്റ് മേരീസ് വലിയപള്ളി, 5) പുല്ലരിക്കുന്ന് സെന്റ് ജോർജ് ചാപ്പൽ, 6) ഇറഞ്ഞാൽ സെന്റ് മേരീസ് പള്ളി, 7) ചാന്നാനിക്കാട് സെന്റ് മേരീസ് പള്ളി, 8) വെള്ളൂത്തുരുത്തി സെന്റ് മേരീസ് പള്ളി, 9) വാകത്താനം സെന്റ് സൈമൺസ്പള്ളി, 10) ചിങ്ങവനം സെന്റ് മേരീസ് ശാലേംപള്ളി, 11) ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളി, 12) ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളി, 13) മന്ദിരംസെൻർ മേരീസ് ചാപ്പൽ, 14) കുറിച്ചി മാർ ഇഗ്നാത്തിയോസ് പള്ളി, 15) മുളയ്ക്കാംതുരുത്തി സെന്റ് ജോർജ് പള്ളി, 16) നീലംപേരൂർ സെന്റ് ജോർജ് വലിയപള്ളി, 17) ഈര സെന്റ് മേരീസ് പള്ളി, 18) കാവാലം സെന്റ് ജോർജ് പള്ളി, 19) വെളിയനാട് സ്തേഫാനോസ് വലിയപള്ളി, 20) വെളിയനാട് മിഷൻപള്ളി, 21) വെളിയനാട് സെന്റ് മേരീസ് ബേത്‌ലഹേംപള്ളി, 22) മാമ്പുഴക്കരി സെന്റ് ജോർജ് പള്ളി. **23) ദോഹ സെന്റ് പീറ്റേഴ്സ് ക്നാനായപള്ളി, 24) അബുദബി മോർ ഗ്രീഗോറിയോസ് ക്നാനായപള്ളി, 25) കുവൈറ്റ് സെന്റ് പീറ്റേഴ്സ്പള്ളി, 26) ഷാർജ്ജ സെന്റ് മേരീസ് പള്ളി.**

## അനുബന്ധം C
## വൈദീക സ്ഥാനത്തേയ്ക്ക് വരുവാൻ ആഗ്രഹിക്കുന്നവർ സമർപ്പിക്കേണ്ട അപേക്ഷ

i സ്ഥാനാർത്ഥിയുടെ പേര്:

ii മേൽവിലാസം:

ടെലഫോൺനമ്പർ & E- mail Id

iii പിതാവിന്റെ പേര്

iv മാതാവിന്റെ പേര്

v കുടംബത്തിലെ മറ്റംഗങ്ങൾ

vi ജന്മദിനം:

vii **മാതൃഇടവക:**

viii പൂർത്തിയാക്കിയ വിദ്യാഭ്യാസം

ix പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസസ്ഥാപനം

x സൺഡേസ്ക്കൂൾ വിദ്യാഭ്യാസം

xi കുടുംബത്തിന്റെ വാർഷിക വരുമാനം

xii. ഇടവക/ സമുദായ തലത്തിൽ നടത്തിയതോ പങ്കെടുത്തതോ ആയ പ്രധാന പരിപാടികൾ:-

xiii അടുത്ത കാലത്തു വായിച്ച രണ്ടു പുസ്തകങ്ങൾ

xiv ഹോബികൾ

xv ഒരു വൈദികൻ ആകാൻ ആഗ്രഹിക്കുന്നതിന്റെ ഉദ്ദേശ ത്തെക്കുറിച്ച്. ഒരു പേജിൽ വിവരിക്കുക:-

xvi അപേക്ഷകനെക്കുറിച്ച് റഫറൻസ് നൽകാൻ കഴിവുള്ള ഒരു അദ്ധ്യാപകൻ, ഇടവക വികാരി, സൺഡേസ്ക്കൂൾ അദ്ധ്യാപകൻ എന്നിവരുടെ പേരും മേൽവിലാസവും

xvii സമർപ്പിക്കേണ്ട രേഖകൾ:

1) സർട്ടിഫിക്കേറ്റുകളും സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികളും

2) മാമോദീസാ സർട്ടിഫിക്കേറ്റ്

3) ജനന സർട്ടിഫിക്കേറ്റ്

4) ഒരു രജിസ്റ്റേർഡ് മെഡിക്കൽ ആഫീസറിൽ നിന്നും ലഭിച്ച ഹെൽത്ത് സർട്ടിഫിക്കേറ്റ്

സ്ഥലം:
തീയതി:

ഒപ്പ്

## അനുബന്ധം 'D'

**വൈദികപട്ടം സ്വീകരിക്കുന്ന ആൾ എഴുതി കൊടുക്കുന്ന ഉടമ്പടി**

...................... ാം മാണ്ട് .......................... മാസം..........................

............... തീയതി മലങ്കര സുറിയാനി ക്നാനായ സമുദായ മെത്രാപ്പോലീത്താനി. വ. ദി. ശ്രീ ............................................ തിരുമനസ്സിലെ സാമക്ഷം..................................................................

താലൂക്കിൽ...................................... പകതിയിൽ................................ കരയിൽ ..................................................വീട്ടിൽ ........................................ മകൻ വൈദികശുശ്രൂഷ ...................... വയസ്സുള്ള ............................................എഴുതി വച്ച ഉടമ്പടി.

ഞാൻ മലങ്കര സുറിയാനി ക്നാനായ സമുദായത്തിൽ ജനിച്ച് വളർന്നവനും ക്നാനായ ഭദ്രാസന ഇടവകയിൽപ്പെട്ട ആളും പൂർവ്വിക സുറിയാനിസഭയിലെ വിശ്വാസാചാരങ്ങളിലും വേദോപദേശങ്ങിലും അടിയുറച്ച് വിശ്വസിക്കുന്നവനുമാകുന്നു.

ക്നാനായ സമുദായത്തിൽ ഒരു കശ്ശീശായായിരിപ്പാൻ ............................. ആണ്ട് ................................ മാസം.................... തീയതി..........................................................................................

............................. പള്ളിയിൽ വച്ച് കശ്ശീശാ സ്ഥാനം ഏല്ക്കുന്നതുകൊണ്ട് സഭാനിയമം അനുസരിച്ച് എന്റെ വിശ്വാസരീതികളെയും മേലദ്ധ്യക്ഷാനുസരണത്തെയും സഭാ നിയമങ്ങളെയും "മലങ്കര സുറിയാനി ക്നാനായ സമുദായ ഭരണഘടന" അനുസരിക്കുന്നതിനേയും വ്യക്തമാക്കുന്ന ഒരു ഉടമ്പടി എഴുതി വയ്ക്കേണ്ടത് ആവശ്യമാകയാൽ താഴെ വിവരിക്കും പ്രകാരം ഞാൻ സമ്മതിച്ച് പ്രതിജ്ഞ ചെയ്തുകൊള്ളുന്നു.

പരി. അന്ത്യോഖ്യാ സിംഹാസനത്താൽ പരിപാലിച്ചു പോരുന്ന പൂർവ്വീക സുറിയാനി സഭയുടെ എല്ലാ പരിശുദ്ധ വിശ്വാസാചാരങ്ങളേയും ആരാധനാരീതികളേയും വി. കർമ്മങ്ങളേയും സഭാ നിയമങ്ങളേയും ഞാൻ സ്വമനസ്സാലെ സ്വീകരിക്കുകയും വിശ്വസിക്കുകയും അതിൻപ്രകാരം ജീവിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതാണെന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

വിശുദ്ധ ത്രത്വത്തിന്റെ ദൈവത്വം, പുത്രന്റെ മനുഷ്യാവതാരം, പരിശുദ്ധാത്മാവിന്റെ പുറപ്പാട്, കാതോലികവും, ശ്ലൈഹീകവും ഏകവും ആയ വി. സഭ എന്നിവയിലും, പരിശുദ്ധ മൂന്ന് പൊതു സുന്നഹദോസുകളിലും അവയിലൂടെ ക്രോഡീകരിക്കപ്പെട്ട നിഖ്യാ വിശ്വാസപ്രമാണം, വി. പാരമ്പര്യങ്ങളുടെ ദൈവ നിശ്വാസിയത, ദൈവമാതാവിന്റെയും ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുയേയും മദ്ധ്യസ്ഥത, വാങ്ങിപ്പോയവരുടെ ഓർമ്മ, ഏഴു കൂദാശകളുടെ പരി. കർമ്മങ്ങൾ, നോമ്പ് , ഉപവാസം മുതലായ നിയമാനുസരണമുള്ള അനുഷ്ഠാനങ്ങൾ എന്നിവയിലും വി. ഗ്രന്ഥത്തിലും, വി. തക്സായിലും, ആരാധനാക്രമങ്ങളിലും, കാനോനീക പ്രാർത്ഥനകളിലും അടങ്ങിയിരിക്കുന്ന ഉപദേശങ്ങളിലും ഞാൻ വിശ്വസിക്കുന്നു. മേൽ വിവരിച്ച പ്രകാരവും മറ്റുമുള്ള പൂർവ്വിക സുറിയാനി സഭയുടെ വിശ്വാസരീതികളും ആചാരമര്യാദകളും അനുസരിച്ചും അങ്ങനെ മാത്രവും ആരാധനകളും, പ്രാർത്ഥനകളും,

കൂദാശകളുടെ പരികർമ്മവും ഞാൻ നടത്തുന്നതാകുന്നു.

പരി. സുറിയാനിസഭയുടെ പരമാധികാരം വഹിക്കുന്ന അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും വി. പത്രോസിന്റെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്മേൽ അതാതുകാലം വാഴുന്ന പരി. പാത്രിയർക്കീസന്മാരുടെയും ആ സിംഹാസനത്തിൽ നിന്നോ അവിടുത്തേ കല്പനപ്രകാരമോ കാനോനികമായി " മലങ്കര സുറിയാനി ക്നാനായ സമുദായഭരണഘടന" പ്രകാരം വാഴിക്കപ്പെടുന്ന മെത്രാപ്പോലീത്തന്മാരുടെയും മേലധികാരം അംഗീകരിച്ചും അവരുടെ കല്പനകൾ അനുസരിച്ചും ഞാൻ നടന്നുകൊള്ളാം.

അന്ത്യോഖ്യായുടെ സിംഹാസനം സ്വീകരിക്കുന്ന ബാർ എബ്രായ ക്രോഡീകരിച്ച ഹൂദായകനോനും മറ്റ് സഭാനിയമങ്ങളും ഇപ്പോൾ സമുദായത്തിൽ നിലവിലുള്ള " മലങ്കര സുറിയാനി ക്നാനായ സമുദായ ഭരണഘടനയും" സമുദായ ചട്ടങ്ങളും ആചാരമര്യാദകളും നടപ്പുകളും പാരമ്പര്യങ്ങളും ഞാൻ സമ്മതിക്കുകയും അവ ഇപ്പോൾ നടപ്പിലിരിക്കുന്ന രീതിയിലും നിയമാനുസരണം ഭേദഗതി ചെയ്യപ്പെടുമ്പോൾ ആ രൂപത്തിലും ഞാൻ അനുസരിച്ച് നടന്നുകൊള്ളുന്നതാകുന്നു. മെത്രാപ്പോലീത്തന്മാരുടെ കല്പനപ്രകാരം എന്നെ നിയമിക്കുന്ന പള്ളികളിലെ വൈദികസ്ഥാനത്തിനടുത്ത ശുശ്രൂഷകളും സഭാസംബന്ധമായി എനിക്ക് നൽകുന്ന ഇതര ജോലികളും വിശ്വസ്തതയോടും ഉത്തരവാദിത്വത്തോടും, ദൈവം ശക്തിപ്പെടുത്തുന്നതനുസരിച്ചും ഞാൻ നിർവഹിച്ചുകൊള്ളുന്നതുമാണ്. പരിശുദ്ധ പാത്രിയർക്കീസ് ബാവാ തിരുമനസ്സിലേക്കും ഇടവക മെത്രാപ്പോലീത്താ തിരുമനസ്സിലേക്കും സമുദായത്തിലേക്കും ലഭിക്കേണ്ട നിയമാനുസൃതമായ വിഹിതങ്ങൾ എന്നെ നിയമിച്ചാക്കുന്ന പള്ളിയിൽ നിന്നും വീഴ്ച കൂടാതെ ശേഖരിച്ച് ഏല്പിക്കുന്നതിലും ഇപ്പോൾ പള്ളികളിൽ നിന്ന് അവർക്ക് കൊടുത്തുകൊണ്ടിരിക്കുന്ന വിഹിതങ്ങൾ നിയമാനുസരണം വ്യത്യാസപ്പെടുത്തത്തടത്തോളം അതേ രീതിയിൽ തുടർന്നു നടപ്പാക്കുന്നതിലും ഞാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. മേൽ പറഞ്ഞ വിധം എന്നെ ഏല്പിച്ചതോ ഏല്പിക്കുന്നതോ ആയ ശുശ്രൂഷകളിൽ നിന്ന് എന്റെ ഇഷ്ടാനിഷ്ഠങ്ങൾ നോക്കാതെ എന്നെ വിടുർത്തുന്നതിന് മേലധികാരത്തിലേയ്ക്ക് അധികാരം ഉള്ളതാകുന്നു. എന്റെ ശുഷ്രൂഷയും ശുശ്രൂഷാ സ്ഥലവും നിശ്ചയിക്കുന്നതിനും മാറ്റുന്നതിനും മേലധികാരത്തിലേക്ക് പൂർണ്ണ അധികാരമുള്ളതാകുന്നു. എന്റെ പേരിൽ വല്ല പരാതികളുമുണ്ടായാൽ നിയമാനുസരണമുള്ള വിസ്താരത്തിനുശേഷം സമുദായ മെത്രാപ്പോലീത്തായോ, മേഖലാ മെത്രാപ്പോലീത്തായോ കല്പിക്കുന്ന ശിക്ഷ അനുഭവിക്കുന്നതിന് ഞാൻ ബാദ്ധ്യസ്ഥനാണെന്നും അപ്രകാരം അനുഭവിച്ചുകൊള്ളാമെന്നും ഞാൻ ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

ആചാര്യത്വപദവിയിൽ കൂടി എനിക്ക് ലഭിക്കുന്ന നൾവരമോ അധികാരമോ സ്വാധീനമോ ഞാൻ ഒരിക്കലും സഭയ്ക്കോ, ക്നാനായ സമുദായത്തിനോ അപ്പോസ്തോലിക പിൻതുടർച്ചയ്ക്കോ മേലദ്ധ്യക്ഷതയ്ക്കോ ക്നാനായസമുദായ്തതിന്റെ വംശീയ പ്രത്യേകതകൾക്കോ പാരമ്പര്യങ്ങൾക്കോ ക്ഷതമോ ബലഹീനതയോ ഉണ്ടാകത്തക്കവിധത്തിൽ ഉപയോഗിക്കുന്നതല്ല. ഞാൻ സഭയോടും സമുദായത്തോടും അതിന്റെകാനോനികമായി നിയമിക്കപ്പെട്ട മെത്രാപ്പോലീത്തന്മാരോടും അവരുടെ അധികാരത്തോടും വിശ്വസ്ഥതയും ഭക്തിയും അനുസരണവും ഉള്ളവനായിരിക്കും. ക്നാനായ സമുദായത്തിന്റെ പ്രത്യേക സ്വഭാവത്തെയും കീഴ്നടപടികളേയും പാരമ്പര്യങ്ങളെയും ഭരണഘടനയേയും നിലനിർത്തുന്നതിന് ഞാൻ സർവ്വാത്മനാ പരിശ്രമിക്കും.

ക്രിസ്താബ്ദം 345 ൽ എഡേസ (ഉറഹാ) യിൽ നിന്ന് മലങ്കരയിൽ കുടിയേറിപ്പാർത്ത അനുഗ്രഹീത തെക്കുംഭാഗ സുറിയാനി ക്നാനായസമുദായത്തിലെ ഒരു പട്ടക്കാരൻ എന്ന നിലയിൽ സഭയുടെയും സമുദായത്തിന്റെയും ഉപദേശ

ങ്ങൾക്കോ നിബന്ധനകൾക്കോ ഭരണഘടനയ്ക്കോ മേലദ്ധ്യക്ഷതയ്ക്കോ മെത്രാപ്പോലീത്തന്മാരുടെ കല്പനകൾക്കോ, എന്റെ ഉടമ്പടിക്കോ എതിരായി ഞാൻ എപ്പോഴെങ്കിലും പ്രവർത്തിക്കുന്നതിന് ഇടയാകുന്ന പക്ഷം അപ്പോൾ ഈ സഭയിലും സമുദായത്തിലും എനിക്കുള്ള സഭാസംബന്ധവും ഭൗതീകവും ആയ അധികാരങ്ങൾ, പദവികൾ, കർത്തവ്യങ്ങൾ, എന്നിവയിൽ നിന്നും ഈ വിശുദ്ധ സഭയിൽ നിന്നും ക്നാനായ സമുദായത്തിലെ പള്ളികളിൽ നിന്നും ഞാൻ സ്വയം നീക്കം ചെയ്യപ്പെടുകയും അങ്ങനെ നീക്കം ചെയ്യപ്പെട്ടവനായി പരിഗണിക്കപ്പെടുകയും ചെയ്യുന്നതാണ്.

സർവ്വശക്തനായ ദൈവത്തിന്റെ മുമ്പാകെ സമുദായ മെത്രാപ്പോലീത്തായുടെയും, മറ്റ് മെത്രാപ്പോലീത്തന്മാരുടെയും സാന്നിദ്ധ്യത്തിൽ ഞാൻ ഈ പ്രതിജ്ഞ ചെയ്യുന്നു. അതിനെ ആയുഷ്ക്കാലം മുഴുവനും ദൃഢമായി പരിപാലിക്കുമെന്നും ഒന്നാകെയും ഭാഗികമായും നിർവ്വഹിക്കുമെന്നും വാഗ്ദത്തം ചെയ്തുകൊള്ളുന്നു. അതിന് ദൈവം എന്നെ സഹായിക്കട്ടെ.

ഇപ്രകാരം സമ്മതിച്ച് ഈ പ്രതിജ്ഞ എഴുതിക്കൊടുത്ത.........................................................................................................

.........................................................................................................

സാക്ഷി .........................................................................................

.....................................................

## അനുബന്ധം E

## Malankara Syrian Knanaya Archdiocese

**MOR EPHRAIM SEMINARY**

**CHINGAVANAM, KOTTAYAM, KERALA, INDIA**

This is to certify that Deacon................................. Son of Mr...........................................................and Mrs...........................................................of .........................................................................................

having successfully completed all the constitutional and ecclesiastical requirements for ordination to priesthood, has been ordained by me as a priest of the Malankara Knanaya Syrian Orthodox Church with the assistance of Mor ........................................................................ on..............................at ...................................................

according to the order, customs, and traditions of the Syrian Orthodox Church.

Based on the authority vested on me by His HolinessMoran Mor Ignatius Zakka 1 Iwas, the Patriarch of Antioch and All the East, I do confer upon Fr.........................................................................................

all the rights and Privileges of a Priest of the Syrian Orthodox Church, including but not limited to celebrating all the seven sacraments,preaching and teachings and binding and loosing sinners.

May you be a faithful and dedicated servant of our Lord Jesus Christ and a good shepherd to the faithful you will be called to serve.

With blessings and best wishes

Sd/-
(Name)

Place..........................
Date...........................

Seal

## അനുബന്ധം F

**മെത്രാപ്പോലീത്തന്മാർക്ക് അവരവരുടെ മേഖലകളിൽ ശുശ്രൂഷ ചെയ്യുന്ന വൈദീകരുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള മാനദണ്ഡം**

**വൈദീകർ ഈ ഫോം പൂരിപ്പിച്ച് മാസംതോറും മെത്രാപ്പോലീത്തായ്ക്കു നൽകണം. ഇതിന്റെ അടിസ്ഥാനത്തിലും ജനങ്ങളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടിന്റെ വെളിച്ചത്തിലും വർഷാവസാനത്തിൽ മെത്രാപ്പോലീത്ത വൈദീകനുമായി മുഖാമുഖവും അവലോകനവും നടത്തി വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതാണ്.**

i. വൈദീക പേര് ..............................................................................

ശുശ്രൂഷ ചെയ്യുന്ന പള്ളിയുടെ പേര് ........................................

.......................................................................................................................

ഇടവകകളിൽ എത്ര ഭവനങ്ങൾ ഉണ്ട്. ..........................................

ii ശുശ്രൂഷ ചെയ്യുന്ന പള്ളിയിൽ ഞായറാഴ്ചകളിലും മോറോനോയ പെരുന്നാളുകളിലും വി. കുർബ്ബാനയും മറ്റു ശുശ്രൂഷകളും മുടക്കം കൂടാതെ കൃത്യമായി നടത്തുകയോ നടത്തിക്കുകയോ ചെയ്തോ?

Yes ☐ No ☐

**കമന്റ്**

iii എല്ലാ ഞായറാഴ്ചയും വി. കുർബ്ബാന മദ്ധ്യേ വചനശുശ്രൂഷ നടത്തുകയോ നടത്തിക്കുകയോ ചെയ്തോ? Yes ☐ No ☐

**കമന്റ്**

iv വചനശുശ്രൂഷയെക്കുറിച്ചു ജനങ്ങളുടെ പ്രതികരണം പ്രോത്സാഹനജനകമാണോ?

Yes ☐ No ☐

കമന്റ്

v ഇടവകയിലുള്ള ഭക്തസംഘടനകളുടെ പ്രവർത്തനങ്ങൾക്ക് വേണ്ട നേതൃത്വം ക്രമമായി നല്കിയിട്ടുണ്ടോ?

Yes ☐ No ☐

കമന്റ്

vi ഇടവകാംഗങ്ങൾ ക്രമമായി ആരാധനയിൽ സംബന്ധിക്കാറുണ്ടോ? സംബന്ധിക്കാത്തവരെ സന്ദർശിച്ചു ബോധവല്ക്കരിക്കാറുണ്ടോ?

Yes ☐ No ☐

കമന്റ്

vii വിശ്വാസികൾ ക്രമമായി വി. കുർബ്ബാന അനുഭവിക്കാറുണ്ടോ? ഒരു ഞായറാഴ്ച ശരാശരി എത്രപേർ വി. കുർബ്ബാന സ്വീകരിക്കാറുണ്ട്?

Yes ☐ No ☐

കമന്റ്

viii വിശ്വാസികൾ ക്രമമായി വി. കുർബ്ബാന അനുഭവിക്കുന്നതിന് അവരെ ഉത്തേജിപ്പിക്കാറുണ്ടോ?

Yes ☐ No ☐

കമന്റ്

ix ഇടവകയിൽ കുടുംബ കൂട്ടായ്മകൾക്ക് രൂപം നൽകി അവയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നുണ്ടോ? ഇടവകയിൽ എത്ര കൂട്ടായ്മകൾ ഉണ്ട്.?

Yes ☐ No ☐

കമന്റ്

x സൺഡേസ്ക്കൂൾ പ്രവർത്തനം ഭംഗിയായി നടത്തുന്നതിന് നേതൃത്വം നല്കുന്നുണ്ടോ?

Yes ☐ No ☐

അദ്ധ്യാപകർ എത്ര?

കുട്ടികൾ എത്ര?

കമന്റ്

xi ഭവനസന്ദർശനം ക്രമമായി നടത്തുന്നുണ്ടോ?

Yes ☐ No ☐

ഒരു വർഷത്തിൽ എത്ര പ്രാവശ്യം ഓരോ ഭവനങ്ങൾ സന്ദർശിച്ചു?

കമന്റ്

xii വിവാഹിതരാകുന്നവർക്ക് കൗൺസിലിംഗ് നല്കാറുണ്ടോ? അവർക്ക് പ്രാർത്ഥനകളും, അടിസ്ഥാനവിശ്വാസവും അറിയാമൊ എന്ന് വിവാഹത്തിനു മുമ്പ് പരിശോധിക്കാറുണ്ടോ?

Yes ☐ No ☐

കമന്റ്

xiii മരണദുഃഖത്തിലിരിക്കുന്ന ഭവനങ്ങളിൽ എത്തി അവരെ ആശ്വസിപ്പിക്കയും അവരും ഒത്തു പ്രാർത്ഥിക്കയും ചെയ്യാറുണ്ടോ?

Yes ☐ No ☐

കമന്റ്

xiv ഇടവകയിലേക്കു നിയോഗിച്ചിട്ടുള്ള സുവിശേഷകനോടു ചേർന്ന് ഇടവകയുടെ വിവിധഭാഗങ്ങളിൽ പ്രാർത്ഥനായോഗങ്ങൾ ക്രമമായി നടത്താറുണ്ടോ?

Yes ☐ No ☐

ഏതെല്ലാം ദിവസങ്ങളിൽ?

**കമന്റ്**

xv ഇടവകയുടെ ആഭിമുഖ്യത്തിൽ സാധുജനസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ? ഉണ്ടെങ്കിൽ എന്തെല്ലാം?

Yes ☐ No ☐

അതിനുള്ള ധനാഗമനമാർഗ്ഗങ്ങൾ എന്തെല്ലാം?

**കമന്റ്**

xvi ഇടവകയുടെ ആത്മീകവും, സാമ്പത്തീകവും സന്മാർഗ്ഗപരവും, സാമൂഹ്യവുമായ വളർച്ചയ്ക്ക് വേണ്ട ഹൃസ്വകാല, ദീർഘകാലപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ? ചുരുക്കിപ്പറയുക?

Yes ☐ No ☐

**കമന്റ്**

xvii സാമൂഹ്യതിന്മകൾക്ക് അധീനരായിട്ടുള്ളവരെ സന്ദർശിച്ച് കൗൺസിലിംഗ് നടത്താറുണ്ടോ?

Yes ☐ No ☐

അവരുടെ വിടുതലിനുവേണ്ടി എന്തെല്ലാം ചെയ്യുന്നു?

**കമന്റ്**

xviiii വിവാഹിതരുടെ ഇടയിലും കുടുംബങ്ങളിലും ഉള്ള പ്രശ്നങ്ങൾ മനസ്സിലാക്കി അവർക്ക് കൗൺസിലിംഗ് നല്കാറുണ്ടോ? സ്വന്തം കഴിവിനപ്പുറമുള്ള സേവനം ആവശ്യമുള്ളവർക്ക് അത് കണ്ടുപിടിച്ചു കൊടുക്കുന്നതിനു ശ്രമിക്കാറുണ്ടോ?

Yes ☐ No ☐

**കമന്റ്**

xix നൂതനസഭകളുടെ പ്രവർത്തനങ്ങൾ ഇടവകയുടെ പരിധിയിൽ ശക്തമായിട്ടുണ്ടോ? അതുള്ള പക്ഷം എങ്ങനെ നിരുത്സാഹപ്പെടുത്തുന്നു?

Yes ☐ No ☐

**കമന്റ്**

xx. ആ ഇടവകയിൽ നിന്നും മറ്റു സഭകളിലേക്ക് ഇപ്പോൾ ആളുകൾ പോകാറുണ്ടോ? അങ്ങനെ പോയിട്ടുള്ളവർ എത്ര? അവരെ തിരികെ കൊണ്ടുവരുന്നതിനുവേണ്ടി പ്രവർത്തിക്കാറുണ്ടോ?

Yes ☐ No ☐

**കമന്റ്**

xxi യുവജനങ്ങൾക്ക് സഭയിലും തിരുവചനത്തിലും താല്പര്യവും വിശ്വാസവും വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും ചെയ്യുന്നുണ്ടോ?

Yes ☐ No ☐

**കമന്റ്**

xxii പ്രവർത്തന ഡയറി എഴുതി സൂക്ഷിക്കുന്നുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട്?

Yes ☐ No ☐

**കമന്റ്**

xxiii ഇടവകശുശ്രൂഷയിൽ സംതൃപ്തനാണോ? ഏറ്റവും അധികം സംതൃപ്തി നല്കുന്നതെന്തെല്ലാം?

Yes ☐ No ☐

**കമന്റ്**

xiv ശുശ്രൂഷാജീവിതത്തിൽ പ്രയാസങ്ങൾ നേരിടാറുണ്ടോ? ഉണ്ടെങ്കിൽ എന്തെല്ലാം?

Yes ☐ No ☐

**കമന്റ്**

xxv ശുശ്രൂഷാജീവിതത്തിൽ പ്രതിസന്ധികൾ നേരിടുമ്പോൾ അവ ആരോടെങ്കിലും പങ്കുവയ്ക്കാറുണ്ടോ? അവ അവതരണം ചെയ്യുന്നതെങ്ങനെ?

Yes ☐ No ☐

**കമന്റ്**

xxvi കുടുംബമായി താമസിപ്പാൻതക്ക പാഴ്സണേജില്ലാത്തതിനാൽ ഇടവകശുശ്രൂഷനിറപടിയായി നടത്തുന്നതിനു ബുദ്ധിമുട്ടുണ്ടോ?

Yes ☐ No ☐

**കമന്റ്**

xxvii കുടുംബമായി താമസിപ്പാൻ തക്ക പാഴ്സണേജ് ഉണ്ടെങ്കിൽ അവിടെ താമസിച്ചുകൊണ്ട് ഇടവകശുശ്രൂഷ നടത്തുമോ?

Yes ☐ No ☐

**കമന്റ്**

xxviii ഇടവകയുടെ വലിപ്പം/ വലിപ്പക്കുറവ് വികാരിയുടെ കഴിവുകൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനു തടസ്സമാകുന്നുണ്ടോ?

Yes ☐ No ☐

**കമന്റ്**

xxix അച്ചന്റെ ശുശ്രൂഷ കൂടുതൽ ഫലപ്രദമായി നടത്തുന്നതിന് സഹായകരമായി മെത്രാപ്പോലീത്തായിൽ നിന്ന് എന്തെങ്കിലും പ്രതീക്ഷിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എന്തെല്ലാം?

Yes ☐ No ☐

**കമന്റ്**

---

## For Office Use Only

**വൈദികനെ സംബന്ധിച്ചുള്ള മെത്രാപ്പോലീത്തയുടെ വിലയിരുത്തൽ**

# അനുബന്ധം G

ഇടവക ജനങ്ങൾക്ക് വികാരിമാരുടെ ഇടവക ശുശ്രൂഷ വിലയിരുന്നതിനുള്ള മാനദണ്ഡങ്ങൾ.

**വർഷാവസാനത്തിൽ താല്പര്യമുള്ള ഇടവകാംഗങ്ങൾ പരിപൂർണ്ണ രഹസ്യ സ്വഭാവമുള്ള ഈ ഫോം പൂരിപ്പിച്ച് പേരുവെളിപ്പെടുത്താതെ, ഇടവകപ്പള്ളിയിൽ ഇതിനായി വച്ചിരിക്കുന്ന പെട്ടിയിൽ നിക്ഷേപിക്കുകയും ഡിസംബർ അവസാനത്തോടുകൂടി പള്ളി സെക്രട്ടറി ഇവ ശേഖരിച്ച് സീൽ ചെയ്ത കവറിൽ അതാത് മേഖല മെത്രാപ്പോലീത്തൻമാരെ എൽപ്പിക്കേണ്ടതാണ്. മെത്രാപ്പോലീത്തന്മാർക്ക് വികാരിമാരുടെ പ്രവർത്തനം വിലയിരുത്തുന്നതിനും അവർക്കു വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുന്നതിനുവേണ്ടി മാത്രം ഇവ ഉപയോഗിക്കുക.**

പള്ളിയുടെ
ആഫീസ് സീൽ

i. എല്ലാ ഞായറാഴ്ചകളിലും പെരുന്നാൾ ദിവസങ്ങളിലും കൃത്യസമയത്തു വി. കുർബ്ബാന ആരംഭിക്കയും അവസാനിപ്പിക്കയും ചെയ്യാറുണ്ടോ?

Yes ☐ No ☐

ii ഞായറാഴ്ചകളിൽ വി. കുർബ്ബാന മദ്ധ്യേ വചന ശുശ്രൂഷ 10–15 മിനിട്ടിൽ കവിയാതെ നടത്താറുണ്ടോ?

Yes ☐ No ☐

iii പ്രസംഗങ്ങൾ തിരുവചനാധിഷ്ഠിതവും കാലീകവും ഹൃദ്യവും വിജ്ഞാനപ്രദവും വിശ്വാസം ഉറപ്പിക്കുന്നതിനു സഹായകരവുമാണോ?

Yes ☐ No ☐

iv തിരുവചനം, സഭാവിശ്വാസം, കാലീക പ്രശ്നങ്ങൾ, സന്മാർഗ്ഗവിഷയങ്ങൾ എന്നിവയെക്കുറിച്ച് വിവിധ പ്രായത്തിലുള്ളവർക്ക് ക്ലാസ്സുകൾ എടുക്കാറുണ്ടോ?

Yes ☐ No ☐

v ഇടവകയിലെ ഭക്തസംഘടനകളുടെ പ്രവർത്തനത്തിന് ഇടവകയിൽ ശുശ്രൂഷിക്കുന്ന സുവിശേഷകനോടു ചേർന്ന് നേതൃത്വം നല്കുന്നുണ്ടോ?

Yes ☐ No ☐

vi ഇടവകയിലെ ഭവനങ്ങൾ ക്രമമായി സന്ദർശിക്കാറുണ്ടോ? സന്ദർശനവേളയിൽ ഇടവകജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹരിക്കുന്നതിനു ശ്രമിക്കാറുണ്ടോ?

Yes ☐ No ☐

vii വിവാഹിതരാകുവാൻ ഒരുങ്ങുന്നവർക്ക് കൗൺസിലിംഗ് നല്കുകയും അവർക്ക് സഭയുടെ അടിസ്ഥാനവിശ്വാസങ്ങളും, പ്രാർത്ഥനകളും അറിയാമോ എന്നു അന്വേഷിക്കയും ചെയ്തതായിട്ടറിയാമോ?

Yes ☐ No ☐

viii മരണദുഃഖത്തിലും മറ്റു ക്ലേശങ്ങളിലും ഇരിക്കുന്നവരെ സന്ദർശിച്ച് ആശ്വസിപ്പിക്കാറുണ്ടോ?

Yes ☐ No ☐

ix വികാരി ഇടവകതലത്തിൽ താമസിക്കുന്നപക്ഷം ശുശ്രൂഷകൂടുതൽ ഫലപ്രദമാകുമെന്നു കരുതുന്നുണ്ടോ?

Yes ☐ No ☐

x ഇടവകജനങ്ങളെ ഏകോപിപ്പിച്ച് ക്രിയാത്മക പ്രവർത്തനങ്ങൾക്ക് പ്രേരിപ്പിക്കുന്നുണ്ടോ?

Yes ☐ No ☐

xi പള്ളിയും പള്ളിപ്പരിസരവും വൃത്തിയായും മനോഹരമായും സൂക്ഷിക്കുന്നതിന് വികാരി ശ്രദ്ധിക്കുന്നുണ്ടോ?

Yes ☐ No ☐

xii വികാരിക്കു ലഭിക്കുന്ന ശമ്പളം തൃപ്തികരമെന്നു തോന്നുന്നുണ്ടോ?

Yes ☐ No ☐

---

**xiiii വികാരിയുടെ പ്രവർത്തനങ്ങളെ പൊതുവായി വിലയിരുത്തുമ്പോഴുള്ള അനുഭവം**

**തികച്ചും തൃപ്തികരം** ☐ **സാമാന്യം തൃപ്തികരം** ☐

**പോരായ്മകളുണ്ട്** ☐ **അസതൃപ്തം** ☐

# അനുബന്ധം H

**Malankara Syrian Knanaya Archdiocese**
**Mor Ephraim Seminary, Chingavanam, Kerala.**

## NOMINATION FORM

Date : ..................

Name Of Post ( in capital letters ) .............................
...................................................................................

To

The Returning Officer ,
Election ...................... (year )
Mor Ephraim Seminary, Chingavanam.

1) I Propose Rev.Fr/Mr. ....................................
.........................................................( In capital Letters )

SI .No ........................... (as per final voters list).

(Address) .........................................................
...................................................................................

as a candidate for the above shown position in the election to be held on ..................................(date)

Name of proposer ( In capital letters ): ................
...................................................................................

SI.N o. .........................(as per final voters list)

(Address): ........................................................
...................................................................................

Signature of the proposer

2) I second the above proposal .

Name of seconder ( In capital letters ): ............
.......................................................................................

Sl.N o. .........................(as per final voters list)

(Address): ..........................................................

.......................................................................................

Signature of the Seconder

**DECLARATION OF THE CANDIDATE**

I hereby express my willingness to contest in the election for the above position.

Name of Candidate (In capital letters) .........................
.......................................................................................................

Sl.N o. .........................(as per final voters list)

(Address):................................................................................

.......................................................................................

Signature of the candidate

---

**FOR OFFICE USE**

Received from Rev.Fr./Mr......................................
............................................on .................. (date) at.................... hrs

Signature of Returning Officer

## അനുബന്ധം I

**Malankara Syrian Knanaya Archdiocese**
**Mor Ephraim Seminary, Chingavanam, Kerala.**
**WITHDRAWAL FORM**

Date : ..................

To

The Returning Officer,
Election.........................(Year)
Mor Ephraim Seminarry, Chingavanam

I hereby withdraw my nomination to the post of ............................................................ ( In capital letter) in the

Election to be held on ........................ (date).

Name of Candidate (In capital letters) ..............
.......................................................................................

Sl.N o. .........................(as per final voters list)

(Address): .........................................................

.......................................................................................

Signature of the candidate

---

**FOR OFFICE USE**

Received from Rev.Fr./Mr......................................
............................................on .................. (date) at.................... hrs

Signature of Returning Officer